1296
MUMAVIRUL ISLAM HIGH SCHOOL
ERNAKULAM.
1296
28-6-50
Date 1296

ശ്രീ ചിത്രാ

# മലയാള പാഠാവലി

## ഒന്നാം പുസ്തകം

(ഒന്നാം ഫാറത്തിലേക്കു്)

ഗവൎമ്മെന്റിൽ നിന്നു നിയമിച്ച കമ്മിററി
തയാറാക്കിയതു്.

പകൎപ്പവകാശം ഗവൎമ്മെന്റിനു്.

കേരളാ പ്രസ്സ്,
തിരുവനന്തപുരം.

൧൧൨൨.

# പാഠവിവരം


| | | |
|---|---|---|
| 1 | ബാലലീല (പദ്യം) | 1 |
| 2 | അശോക ചക്രവർത്തി | 4 |
| 3 | സംഭാഷണം | 10 |
| 4 | ഒരു പ്രാവിന്റെ ആത്മകഥ | 16 |
| 5 | ദുർജ്ജന സ്വഭാവം (പദ്യം) | 22 |
| 6 | നമ്മുടെ നാട്ടിലെ പക്ഷികൾ | 24 |
| 7 | വൃക്ഷദേവത | 32 |
| 8 | സംസർഗ്ഗഗുണം (പദ്യം) | 38 |
| 9 | ഗുണവാനായ സമരിയാക്കാരൻ | 40 |
| 10 | ഗൗരീശങ്കരം | 42 |
| 11 | ശ്രീരാമന്റെ വനയാത്ര (പദ്യം) | 47 |
| 12 | ഭഗീരഥൻ | 50 |
| 13 | കൃഷിയും ജന്തുശാസ്ത്രവും | 56 |
| 14 | ശ്രീരാമനും പൊന്മാനും (പദ്യം) | 60 |

| | | |
|---|---|---|
| 15 | റിപ് വാൻ വിങ്കിൾ .... .... .... | 62 |
| 16 | ചലച്ചിത്രം .... .... .... | 70 |
| 17 | പാഞ്ചാലീസ്വയംവരം (പദ്യം) .... .... .... | 75 |
| 18 | ഒരു എഴുത്ത് .... .... .... | 78 |
| 19 | പുത്തരിയങ്കം .... .... .... | 86 |
| 20 | ഒരു കോഴിപ്പോര് (പദ്യം) .... .... .... | 94 |
| 21 | ഭഗവദ്ദൂത് .... .... .... | 98 |
| 22 | വൈകുണ്ഠദർശനം (പദ്യം) .... .... .... | 115 |
| 23 | ഒരു മഹാത്യാഗി .... .... .... | 118 |
| 24 | ഉത്തര ധ്രുവ വിജയം .... .... .... | 133 |
| 25 | കുചേല പ്രാഭൃതം (പദ്യം) 13.4 .... .... .... | 140 |
| 26 | അതിഥി .... .... .... | 143 |
| 27 | അററ്ലാൻറാ .... .... .... | 161 |
| 28 | രാവണൻെറ അഹമ്മതി (പദ്യം) .... .... .... | 167 |
| 29 | സോക്രതീസ് .... .... .... | 171 |

MUNAVVIRUL ISLAM HIGH SCHOOL
Date 28-6-50
1296.
ERNAKULAM.

# ശ്രീചിത്രാ

# മലയാളപാഠാവലി.

## ഒന്നാം പുസ്തകം.

---

### പാഠം ൧.

### ബാലലീല

വല്ലവിമാരുടെ കണ്ണുകൾക്കീടുന്ന
പുണ്യങ്ങളായുള്ള ബാലകന്മാർ ൧

അങ്കണംതന്നിൽ നടന്നുതുടങ്ങിനാർ
കിങ്കിണിതന്നൊലിപൊങ്ങപ്പിന്നെ ൨

ആസ്ഥയിൽനിന്നുള്ള ചങ്ങാതിമാരുമ-
മ്മൂത്തവനായുള്ള രാമനുമായ് ൩

ചാലെക്കളിച്ചുപുളച്ചുതുടങ്ങിനാൻ
നീലക്കാർവർണ്ണനമ്മന്ദിരത്തിൽ. ൪

"വെണ്ണകാണുണ്ണീ നിനക്കെ"ന്നു ചൊല്ലുമ്പോൾ
പെണ്ണുങ്ങൾ ചാരത്തു തിണ്ണം ചെല്ലും. ൫

വാഴപ്പഴത്തിന്റെ വാർത്തയെക്കേൾക്കുമ്പോൾ
വായുംപിളൎന്നവൻ മുന്നിൽചെല്ലും ൧൨

പാല്ച്ചോറുകേൾക്കുമ്പോഴാച്ചിമാർ പിന്നാലെ
പാച്ചിൽ തുടങ്ങിടും പാരംപിന്നെ ൧൪

വെള്ളമെന്നിങ്ങനെ ചൊല്ലിനിന്നീടിലോ
വെള്ളമുറന്നൊഴും വായിലപ്പോൾ; ൧൬

മാധുൎയ്യസാരത്തിൽച്ചെന്നുതുടങ്ങീതു
മാനസമിങ്ങനെ നാളിൽനാളിൽ ൧൮

ആനന്ദമാനിനിമാരുടെ മാനസം
മാനിച്ചുവൻതങ്കലെന്നപോലെ. ൨൦

വെണ്ണയും പാലുംതൊട്ടുള്ളൊരു വൻകൊതി
തിണ്ണമെഴുന്നു തുടങ്ങുകയാൽ ൨൨

ആച്ചിമാരോരോരോ വേലയ്ക്കു പോകുമ്പോൾ
ഓൎച്ചു തുടങ്ങീതു മെല്ലെ മെല്ലെ ൨൪

പാൽവെണ്ണചേൎന്നുള്ള ഭാജനമോരോന്നിൽ
പാഞ്ഞുതുടങ്ങീതക്കണ്ണിണയും ൨൬

കണ്ണിണ ചെല്ലുന്ന നൽവഴി കണ്ടിട്ടു
കൈകളും ചെന്നു തുടങ്ങിമെല്ലേ. ൨൮

പാൽവെണ്ണതന്നിലക്കൈകൾപോയ്ച്ചെല്കയാൽ
നാവിന്നമാനന്ദമായ്ത്തുടങ്ങി ൩൬

ഉണ്ണിവയററിന്നു കിഞ്ചനപൊങ്ങുവാൻ
ഉള്ളൊരു ഹേതുവുമുണ്ടായപ്പോൾ: ൩൭

ഇങ്ങനെയോരോരോ മന്ദിരന്തോറുമ-
മ്മംഗലപ്പൈതൽ നടന്നു നേരേ ൩൮

ചഞ്ചലലോചനമാരുടെ വെണ്ണയും
നെഞ്ചകംതന്നെയുമഞ്ചിടാതെ ൩൯

കൈകളെക്കൊണ്ടുമപ്പുഞ്ചിരിത്തൂമയെ-
ക്കൈത്തുടർന്നീടുമക്കണ്ണുകൊണ്ടും ൩൯

ചാലക്കവൎന്നു കളിച്ചു തുടങ്ങിനാൻ
ഓലക്കമൊള്ളുന്ന ബാലരുമായ്. ൪൦

ചെറുശ്ശേരി] [കൃഷ്ണഗാഥ

പാഠം ൨.

# അശോക ചക്രവർത്തി

രണ്ടായിരത്തിമുന്നൂറു സംവത്സരങ്ങൾക്കു മുമ്പ് കിഴക്കേ ഇൻഡ്യയിൽ മഗധം എന്നൊരു മഹാരാജ്യം ഉണ്ടായിരുന്നു. ഗംഗയുടെയും ശോണയുടെയും സംഗമസ്ഥലത്ത് ഇപ്പോൾ പട്നാ എന്നു പറയുന്ന പട്ടണത്തിന്റെ സ്ഥാനത്തു പാടലീപുത്രം എന്ന നഗരം ശോഭിച്ചു. അതു മഗധരാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരുടെ രാജധാനി ആയിരുന്നു. മൗര്യവംശത്തിൽ ജനിച്ച ചന്ദ്രഗുപ്തൻ എന്ന മഹാനായ യോദ്ധാവ് അന്നത്തെ നന്ദരാജവംശത്തെ നശിപ്പിച്ച് ക്രി. മു. ൩൨൩-ൽ രാജ്യാധികാരം കൈയ്ക്കലാക്കി. അദ്ദേഹം യുദ്ധം ചെയ്തു അയൽ രാജ്യങ്ങൾ പിടിച്ചടക്കി രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചു. തെക്കെ അററത്തുള്ള കേരളവും പാണ്ടിയും ചോളദേശവും കലിംഗവും (ഇപ്പോഴത്തെ ഒറീസാ) ഒഴികെയുള്ള ഇൻഡ്യാ രാജ്യം മുഴുവൻ അദ്ദേഹത്തിന്റെ ഭരണത്തിൽ ഉൾപ്പെട്ടു. ഇന്നു ഇൻഡ്യയിൽ ഉൾപ്പെടാത്ത അഫ്ഗാനിസ്ഥാനും ബലൂചിസ്ഥാനും കൂടി അന്ന് ചന്ദ്രഗുപ്തന്റെ സാമ്രാജ്യത്തിൽ അടങ്ങിയിരുന്നു.

ചന്ദ്രഗുപ്തന്റെ പൗത്രനായ അശോകൻ ക്രി. മു. ൨൭൩-ൽ രാജ്യഭാരം കൈയ്യേററു. ഭരണാധികാരം ഏററപ്പോൾ പിതാമഹനെപ്പോലെ രാജ്യത്തിന്റെ വിസ്താരം വർദ്ധിപ്പിക്കാനാണ് അശോകൻ ആദ്യമായി ആഗ്രഹിച്ചതു്. ഇൻഡ്യയുടെ കിഴക്കേ കടൽത്തീരത്തു് മഹാനദിക്കും കൃഷ്ണയ്ക്കും ഇടയ്ക്കുള്ള കലിംഗരാജ്യം പിടിച്ചടക്കാനാണ് അദ്ദേഹം ആദ്യം മുതിൎന്നതു്. ആന, കുതിര, തേരു്, കാലാൾ എന്ന ചതുരംഗത്തോടുകൂടിയ അദ്ദേഹത്തിന്റെ സൈന്യത്തിൽ ആറു ലക്ഷം ഭടന്മാർ ഉണ്ടായിരുന്നു. ഇരുമ്പുകൊണ്ടുള്ള പരിചയെ അമ്പു് എയ്തു് തുളയ്ക്കാൻ കെല്പും കരുത്തും ഉള്ള വില്ലാളികൾ ആ സൈന്യത്തിൽ ഉൾപ്പെട്ടിരുന്നു. വലിയ സന്നാഹത്തോടുകൂടി ക്രി. മു. ൨൬൧-ൽ അദ്ദേഹം കലിംഗരാജ്യം ആക്രമിച്ചു. ഭയങ്കരമായ ഒരു യുദ്ധം നടന്നു. ലക്ഷത്തി അമ്പതിനായിരംപേരെ അന്നു തടവുകാരായി പിടിച്ചു. ലക്ഷം പേരെ കൊലചെയ്തു. അതിലും പതിന്മടങ്ങു് ആളുകൾ വീടും കുടിയും നശിച്ചു് ദുരിതമനുഭവിച്ചു മരിച്ചു.

യുദ്ധത്തിൽ ജയം നേടിയെങ്കിലും അശോകനു സംതൃപ്തി ഉണ്ടായില്ല. അദ്ദേഹത്തിന്റെ ഹൃദയം അനുകമ്പകൊണ്ടു് അലിഞ്ഞു. മനസ്സിൽ മങ്ങിയിരുന്ന ചില കാൎയ്യങ്ങൾ അവിടത്തേക്കു ഓൎമ്മ വന്നു. ഗൗതമബുദ്ധൻ എന്ന മഹാനായ ലോകഗുരുവിന്റെ ഉപദേശങ്ങൾ അവിടന്നു് കുട്ടിക്കാലത്തു് കേട്ടിരുന്നു. പ്രാണിഹിംസയുടെ ദോഷങ്ങളും ഭൂതദയയുടെ മാഹാത്മ്യവും അവിടന്നു ഓൎമ്മിച്ചു. ബുദ്ധന്റെ സിദ്ധാന്തങ്ങൾ ഉപദേശിക്കാൻ

അറിവുള്ള ഉപഗുപ്തൻ എന്ന സന്ന്യാസിയെ വരുത്തി. ഉപഗുപ്തന്റെ ഉപദേശങ്ങൾ അദ്ദേഹത്തിന് ഉണർവ്വ് ഉണ്ടാക്കി. അഹിംസാതത്വം അദ്ദേഹത്തെ ആകർഷിച്ചു. അദ്ദേഹത്തിനു പുതിയ ഒരു ജീവിതത്തിന്റെ ആരംഭമായി. ഇനി ഒരിക്കലും യുദ്ധത്തിന് ഒരുങ്ങുകയില്ല; മേൽ രണപടഹം എന്റെ നാട്ടിൽ മുഴങ്ങുകയില്ല; എന്ന് അവിടന്ന് ശപഥം ചെയ്തു. ധർമ്മത്തിന്റെ പെരുമ്പറയാണ് ഇനിമേൽ മുഴക്കേണ്ടത്. അന്ന് കൊലയോ തടവോ മരണമോ പററിയവരിൽ നൂററിലൊരംശമോ ആയിരത്തിൽ ഒരംശമോ ആളുകൾക്ക് ഇനിമേലിൽ അങ്ങനെ പററുകയാണെങ്കിൽ തിരുമനസ്സുകൊണ്ടു ദുഃഖിക്കും എന്നു വിളംബരംചെയ്തു. പുതിയ ഒരു ഭരണസമ്പ്രദായം നടപ്പിൽ വരുത്തി. അവിടന്ന് നടപ്പാക്കിയ നൂതനങ്ങളായ സിദ്ധാന്തങ്ങൾ ഏതെല്ലാം എന്ന് ഇന്നു നാം എങ്ങനെ അറിയുന്നു? അതിന് ഒരു സൗകര്യം ഉണ്ട്. ആ സിദ്ധാന്തങ്ങൾ എല്ലാം കൽത്തൂണുകളിലും കൽത്തറകളിലും കൊത്തിച്ചു. അവ സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചു. എന്തിന്? അദ്ദേഹത്തിന്റെ പ്രജകൾക്കു വായിക്കാനും അറിയാനും ആചരിക്കാനും. ഈ കല്ലെഴുത്തുകളെയാണ് അശോകന്റെ ശിലാശാസനങ്ങൾ എന്നു പറയുന്നത്. ഈ ശാസനങ്ങൾ അദ്ദേഹത്തിന്റെ പ്രജകളിൽ അധികംപേരും സംസാരിച്ചിരുന്ന പാലി ഭാഷയിലാണ്. എത്ര മഹാനായ ഒരു രാജാവായിരുന്നു അശോകൻ എന്ന് ഈ ശാസനങ്ങൾ തെളിയിക്കുന്നു. അവിടന്ന് യഥാർത്ഥത്തിൽ പ്രജകളുടെ പിതാവായിരുന്നു. "രാജാവ് നമുക്ക് പിതാവുപോലെയാണ്.

നമ്മെ തന്നെപ്പോലെതന്നെ അവിടന്നു് സ്നേഹിക്കുന്നു. അവിടത്തേക്കു് നാം സ്വന്തം സന്താനങ്ങളെപ്പോലെയാണു്: എന്നു് ജനങ്ങളെ മനസ്സിലാക്കണം. അവർ എന്നെ വിശ്വസിക്കണം. അങ്ങനെ പ്രവത്തിക്കുകയാണു നിങ്ങളുടെ കടമ." എന്നു് ഒരു ശാസനത്തിൽ അദ്ദേഹം ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്നു.

കാലം കഴിയുന്തോറും ധമ്മത്തിലുള്ള അദ്ദേഹത്തിന്റെ നിഷ്ഠ വർദ്ധിച്ചുവന്നു. അദ്ദേഹം ചക്രവത്തിയായിവാണരുളി. എങ്കിലും ബുദ്ധഭിക്ഷുവിന്റെ മഞ്ഞ വസ്ത്രങ്ങളാണു് അണിഞ്ഞതു്. ചക്രവത്തി പ്രജകൾക്കു് ഉപദേശിച്ച ധമ്മം എല്ലാവക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നു. നാലു പ്രധാന നിയമങ്ങൾ അനുസരിക്കുന്നതാണു് ശരിയായ ധമ്മം, ശരിയായ മതം എന്നു് അദ്ദേഹം പ്രസ്താവിച്ചു. എന്താണു് ആ നിയമങ്ങൾ? മാതാപിതാക്കന്മാരെ ആദരിക്കുക. ബന്ധുക്കൾക്കും മിത്രങ്ങൾക്കും ഗുരുക്കന്മാക്കും സാധുക്കൾക്കും ഉപകരിക്കുക. യാതൊരു പ്രാണിയെയും നിഗ്രഹിക്കാതിരിക്കുക; ഭൃത്യരോടും ആശ്രിതരോടും കരുണ കാണിക്കുക. എന്താണു് ധമ്മം? എന്നു് അദ്ദേഹം ചോദിക്കുന്നു. "സത്കമ്മം, കാരുണ്യം, ഔദാര്യം, സത്യം, ശുചിത്വം ഇവയെല്ലാം ശീലിക്കുകയാണു് ധമ്മം. എല്ലാററിനും മീതേ മതത്തിന്റെ കാര്യത്തിൽ മനുഷ്യക്കു തികഞ്ഞ സഹിഷ്ണുത വേണം. ഒരുവൻ സ്വന്തം മതത്തെ ആദരിക്കുന്നതുകൊണ്ടു് അന്യന്റെ മതത്തെ ധിക്കരിക്കരുതു്. ഓരോ മതവും ഓരോ വിധത്തിൽ ബഹുമാനം അർഹിക്കുന്നുണ്ടു്.

ഒരു സാധാരണ ബുദ്ധഭിക്ഷുവിന്റെ ജീവിതചര്യയാണു് അവിടന്നു് സ്വീകരിച്ചതു്. കൊട്ടാരത്തിലെ വിഭവങ്ങളും ആഡംബരങ്ങളും ഉപേക്ഷിച്ചു. ഒററ മഞ്ഞമുണ്ടു്, അതു കീറിയാൽ തുന്നാനുള്ള സൂചി, ശിരസ്സു മുണ്ഡനം ചെയ്യാനുള്ള ഒരു കത്തി, കടന്നുകൂടാവുന്ന ചെറു പ്രാണികൾക്കു ജീവഹാനി വരാതെ വെള്ളം അരിച്ചു കുടിക്കുവാനുള്ള ഒരു അരിപ്പു്, ഒരു ഭിക്ഷാപാത്രം, ഇവ മാത്രമായിരുന്നു അവിടത്തെ ആവശ്യത്തിനുള്ള ഉപകരണങ്ങൾ. ഭരണം തുടങ്ങി പതിനൊന്നാം വർഷത്തിൽ അവിടന്നു് മൃഗയാവിനോദം നിറുത്തിവച്ചു. ദേവപ്രീതിക്കുള്ള കുരുതികളും നിറുത്തൽ ചെയ്തു. അവിടന്നു വിശ്രമം കൂടാതെ പ്രയത്നിച്ചു. "പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഞാൻ പരിശ്രമിക്കും" എന്നു കല്പിച്ചു. "ഞാൻ എന്തിനു പണിപ്പെടുന്നു? എല്ലാ ജീവജാലങ്ങളോടുമുള്ള എന്റെ കടമ നിറവേററാൻ. ഈ ലോകത്തും പരലോകത്തും അവർക്കു സുഖം കൈവരുത്താൻ" എന്നു സമാധാനം അരുളി. രാജപഥത്തിന്റെ ഇരുവശത്തും സാലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. വഴിക്കിണറുകൾ കുഴിപ്പിച്ചു. മനുഷ്യർക്കും ജന്തുക്കൾക്കും വിശ്രമാലയങ്ങളും ആതുരാലയങ്ങളും ഉണ്ടാക്കി. ജനങ്ങളുടെ വിദ്യാഭ്യാസത്തിനു ബുദ്ധവിഹാരങ്ങൾ പണിചെയ്തു. ചണ്ഡാലരെന്നു ഹിന്ദുക്കൾ കരുതിയിരുന്ന കാട്ടുജാതിക്കാരെ സഹായിക്കാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്തു. തടവുപുള്ളികളോടുള്ള പെരുമാററത്തിൽ സൗമ്യത വരുത്താൻ അവിടന്നു നിബന്ധന ചെയ്തു.

സ്വന്തം രാജ്യത്തു മാത്രം ധർമ്മം ഉപദേശിച്ചതുകൊണ്ടു അവിടത്തേക്കു തൃപ്തി വന്നില്ല. ലോകത്തെല്ലാം ധർമ്മം പരത്തുവാൻ തീർച്ചപ്പെടുത്തി. ധർമ്മദൂതരായ ബുദ്ധസന്ന്യാസിമാരെ ഇന്ത്യയിൽ എല്ലായിടത്തും നിയോഗിച്ചു. പടിഞ്ഞാറു ഗ്രീസു മുതലായ രാജ്യങ്ങളിലും, കിഴക്കു ചീനരാജ്യത്തും ദൂതന്മാരെ അയച്ചു. അവിടത്തെ പുത്രൻ മഹേന്ദ്രനും, പുത്രി സംഘമിത്രയും തെക്കുസിംഹളദ്വീപിൽ (സിലോൺ) ധർമ്മം ഉപദേശിച്ചു.

അശോകൻെറ കാലത്തിനു മുമ്പ് ഇൻഡ്യയിൽ ഗൃഹനിർമ്മാണത്തിനു തടി മാത്രം ഉപയോഗിക്കുകയായിരുന്നു പതിവ്. വീടു വയ്ക്കാൻ കല്ല് ഉപയോഗിച്ചു തുടങ്ങിയതു് അശോകനാണ്. കല്ലിൽ വിചിത്രമായ കൊത്തുപണികൾ ചെയ്യാനും അന്നാണ് ആദ്യമായി അഭ്യസിച്ചതു്.

അശോകൻ ഒടുവിൽ രാജ്യഭാരം രണ്ടു പൗത്രന്മാരെ ഏല്പിച്ചു. ക്രി. മു. ൨൩൨-ൽ ചരമം പ്രാപിച്ചു. ലോകചരിത്രത്തിലെ ഏററവും മഹനീയമായ സംഭവമാണ് അവിടത്തെ രാജ്യഭാരം. അദ്ദേഹത്തിൻെറ കാലം കഴിഞ്ഞു രണ്ടായിരത്തി ഒരുനൂറു സംവത്സരം കടന്നുപോയി. യുദ്ധവും ദ്രോഹവും ഹിംസയും ഇന്നും നിലനില്ക്കുന്നു. സൈന്യശക്തി കൂടാതെ അദ്ദേഹം ഒരു മഹാസാമ്രാജ്യം ഭരിച്ചു. അങ്ങനെ ലോകത്തു് ഇന്നുവരെ ഉണ്ടായിട്ടുള്ളവരിൽ ഏററവും മഹാനായ ചക്രവർത്തി അശോകനാണ്.

പാഠം ൩.

# സംഭാഷണം

മനുഷ്യനു മൃഗത്തിൽനിന്നു് ഉള്ള പ്രധാനമായ ഒരു വ്യത്യാസം സംസാരിക്കാൻ കഴിയും എന്നുള്ളതാണു്. ഇതിൽനിന്നു സംഭാഷണത്തിന്റെ മഹത്വം മനസ്സിലാക്കാമല്ലോ. സംഭാഷണത്തിന്റെ ചാതുര്യം ജീവിതവിജയത്തിനു തന്നെയും പ്രയോജനപ്പെടുന്നു. അതുകൊണ്ടു സംഭാഷണത്തെപ്പറ്റി നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുള്ളതു്.

ഏതു ഭാഷയിലും ബഹുമാനം കാണിക്കുന്നതിനു പ്രത്യേകം പദങ്ങൾ ഉണ്ടു്. വേണ്ടിടത്തോളം ബഹുമാനം ഇല്ലാത്ത വാക്കു് ഉപയോഗിച്ചാൽ കേൾക്കുന്നവർക്കു മുഷിച്ചിൽ തോന്നും. സംസാരിക്കുന്ന ആളിനു് ഒരാളിനെ അവമാനിക്കണം എന്നു് ഉദ്ദേശം ഇല്ലെങ്കിലും ബഹുമാനം കുറഞ്ഞ വാക്കുകൾ നിന്ദയെ സൂചിപ്പിക്കുന്നതായിത്തന്നെ കേൾക്കുന്നവർ കരുതും. നീ, നിങ്ങൾ, അങ്ങു്, അങ്ങുന്നു്, അവിടന്നു്, താൻ, താങ്കൾ എന്നിങ്ങനെ മദ്ധ്യമപുരുഷനെ സൂചിപ്പിക്കുന്ന പല വാക്കുകളും നമ്മുടെ ഭാഷയിൽ ഉണ്ടല്ലോ. ഇതിനു് ഓരോന്നിനും ഓരോ തരത്തിലാണു് അർത്ഥം. നീ എന്നു പറഞ്ഞാൽ പലർക്കും കേൾക്കാൻ അസുഖം തോന്നും. നിങ്ങൾ എന്ന പദം കുറേക്കൂടി മര്യാദ സൂചിപ്പിക്കുന്നു. എന്നാൽ വളരെ

ഉയൎന്ന നിലയിൽ ഉള്ളവരോടു നിങ്ങൾ എന്നു പറയു ന്നതും മൎയ്യാദയല്ല. അവരോടു സംസാരിക്കുമ്പോൾ "അവിടുന്നു" മുതലായ വാക്കുകൾ ആണു് ഉപയോഗിക്കേണ്ടതു്.

ബഹുമാനമുള്ള വാക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടു മാത്രം സംഭാഷണത്തിനു വേണ്ട മൎയ്യാദ സിദ്ധിക്കുകയില്ല. പ്രായംകൊണ്ടു മുതിൎന്നവരോടും സ്ഥാനമഹത്വം ഉള്ളവരോടും സംസാരിക്കുമ്പോൾ പ്രത്യേകം സൂക്ഷിക്കണം. ആവശ്യമുള്ള കാൎയ്യങ്ങൾ മാത്രമേ പറയാവൂ. അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാൻ നിവൃത്തിയില്ലെങ്കിലും അവ തെററാണു് എന്നു പറയുന്നതു മൎയ്യാദ അല്ല. വിനയത്തോടുകൂടി നമുക്കു പറയാനുള്ളതു് അറിയിച്ചു വിരമിക്കുന്നതായിരിക്കും നല്ലതു്. പറയുന്നതു തെററാണെന്നു് സ്പഷ്ടമായി പറഞ്ഞാൽ ആൎക്കും രസമാകയില്ല. 'മുഖത്തല പറയുക' എന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. മററു് ഏതു കാൎയ്യത്തിൽ തോററാലും, സംഭാഷണത്തിൽ തോല്ക്കാൻ ആൎക്കും ഇഷ്ടം ഇല്ല. അതുകൊണ്ടു് തോല്പിച്ചു എന്നു വരുത്താതെ പറഞ്ഞു കാൎയ്യം നേടുകയാണു് വേണ്ടതു്.

"ഞാൻ പിടിച്ച മുയലിനു കൊമ്പു മൂന്നു്" എന്ന വിധത്തിൽ സംഭാഷണം ചെയ്യുന്നവർ പലരും ഉണ്ടു്. മറെറാരാളിന്റെ യുക്തി കേൾക്കാൻ അവൎക്കു ക്ഷമ ഇല്ല. അവർ ധരിച്ചിട്ടുള്ള ഏതെങ്കിലും കാൎയ്യം തെററായിരിക്കാം എന്നു് അവൎക്കു് ബോധവും ഇല്ല. ആരെപ്പററിയും എന്തിനെപ്പററിയും സൂക്ഷ്മമായി അറിയാതെ അവർ അഭി

പ്രായങ്ങൾ തട്ടിമൂളിക്കും. അതു് അങ്ങനെയല്ല എന്നു തെളിയിച്ചാലും അവർ വാദിക്കും. കുതക്കം പറയുന്നതിൽ ആണു് അവക്കു രസം. വെയിൽ കൊള്ളുന്നതു ചീത്തയാണെന്നു് നിങ്ങൾ പറയുക. അതിൽ അഭിപ്രായഭേദത്തിനു വക എന്താണു്? എങ്കിലും കുതക്കക്കാരൻ വിടുകയില്ല. അയാൾ പറയും:— "ഹേ! ശരിയല്ല, വെയിലിൻെറ ഗുണത്തെപ്പററി നിങ്ങൾ എന്തു് അറിഞ്ഞു? സൂര്യൻെറ രശ്മികൊണ്ടാണു സകല രോഗങ്ങളുടേയും അണുക്കൾ നശിക്കുന്നതു്. അതിനാൽ ആരോഗ്യം വേണ്ടവർ നിശ്ചയമായും വെയിൽ കൊള്ളണം". ഈ വിധത്തിൽ സംസാരിക്കുന്നവരെ ആരും വെറുത്തുപോകും.

ചിലർ സംസാരിക്കാൻ തുടങ്ങിയാൽ എളുപ്പത്തിൽ നിറുത്തുകയില്ല. നാം ഇടയ്ക്കു വല്ലതും പറയാൻ ഭാവിച്ചാലും അവർ തടഞ്ഞുകൊണ്ടു് പറഞ്ഞുതുടങ്ങും. നമുക്കു കേൾക്കാൻ ഇഷ്ടമില്ലാത്ത കാര്യങ്ങൾ ആയിരിക്കും അവർ പറയുന്നതു്. കേൾക്കുന്നവരെ ഇങ്ങനെയുള്ള സംസാരം ശ്വാസം മുട്ടിക്കും. ഇരിക്കാനും പോകാനും വയ്യാതെ വിഷമിക്കും. പിന്നെ മുഖം കറുപ്പിക്കും. കോട്ടുവാവിടും. പറയുന്നതു ശ്രദ്ധിക്കാതെ ചുററുപാടും നോക്കും. തീരെ നിവൃത്തിയില്ലെങ്കിൽ ഒടുവിൽ സംഭാഷണം നിറുത്തണമെന്നു ദയനീയമായി അപേക്ഷിക്കും.

നിറുത്താതെ ഇങ്ങനെ സംഭാഷണം ചെയ്യുന്ന ഒരാളിൻെറ പിടിയിൽ ഫലിതപ്രിയനായ ഒരാൾ അകപ്പെട്ടു. ഒരു മണിക്കൂറോളം കഴിഞ്ഞപ്പോൾ അയാൾ പോകാ

നായി എഴുന്നേററു. കാപ്പി കുടിച്ചിട്ടേ പോകാവൂ എന്നു പറഞ്ഞു മറേറ ആൾ തടഞ്ഞു. ആകട്ടെ എന്നു സമ്മതിച്ച് അയാൾ ഇരുന്നു. കാപ്പി കഴിഞ്ഞു. കഥകൾ തുടൻ്റു. നിറുത്തുന്ന മട്ടു കണ്ടില്ല. രണ്ടുമൂന്നു വട്ടം പോകാനായി എഴുന്നേററിട്ടും പോകാൻ അനുവദിച്ചില്ല. നിവൃത്തി കാണാതെ അതിഥി പേനാക്കത്തി എടുത്തു നിവർത്തു്, സംസാരംകൊണ്ടു കുഴക്കുന്ന ആളിൻെറ കൈയിൽ കൊടുത്തു. "വേണമെങ്കിൽ ഈ കത്തി കൊണ്ടു കൊന്നുകൊള്ളണം. നിങ്ങളുടെ നാക്കുകൊണ്ടു കൊല്ലുന്നതു വളരെ ഭയങ്കരമാണു്" എന്നു പറഞ്ഞു. അങ്ങനെ അയാൾ രക്ഷപ്പെട്ടു. ഈ വിധമുള്ള സംസാരവും ബുദ്ധിമുട്ടിപ്പും കൂടാതെ കഴിക്കാൻ ശ്രമിക്കേണ്ടതാണു്.

മറെറല്ലാ കാര്യങ്ങളിലും എന്നപോലെ സംഭാഷണത്തിലും ഔചിത്യമാണു പ്രധാനമായി നോക്കാൻ ഉള്ളതു്. ചോദിക്കാതെ പറയുക, സന്ദർഭം നോക്കാതെസംസാരിക്കുക, കേൾക്കുന്നവരുടെ മനോഭാവം ഗണിക്കാതെ സംഭാഷണം ചെയ്യുക എന്നിവയെല്ലാം ഔചിത്യമില്ലായ്മ ആണു്. 'തന്നോടുചോദിയാതെ താനേറിപ്പറയൊല്ല' എന്ന പഴമൊഴി ഒരു മന്ത്രംപോലെ ആരും ദിവസവും ഉരുക്കഴിക്കണം. ആവശ്യമില്ലാത്ത കാര്യങ്ങളാണു് പലരും പലപ്പോഴും പറയുന്നതു്. ഇതുകൊണ്ടു് പറയുന്നവർക്കും മററു പലർക്കും ഉപദ്രവങ്ങൾ ഉണ്ടാകും. സന്ദർഭം നോക്കാതെ പറഞ്ഞാൽ കാര്യം അവതാളത്തിൽ ആകും. വളരെ തിടുക്കത്തിൽ എന്തെങ്കിലും ചെയ്യാൻ ഒരു ആൾ പോകുമ്പോൾ അത്യാവശ്യമായി അയാളോടു് ഒരു കാര്യം പറ

യാൻ തുടങ്ങുന്നു എന്നിരിക്കട്ടെ. ഫലം നിങ്ങൾക്കു ഊഹിക്കാമല്ലോ. മീശയ്ക്കു തീ പിടിച്ച് ഓടുമ്പോൾ പിടിച്ചു നിറുത്തി ചുരുട്ടു കത്തിക്കാൻ ശ്രമിക്കുന്നതുപോലെ ആണ് ഇതു്.

വാക്കുകൾക്കു സന്ദർഭം അനുസരിച്ച് അർത്ഥവും പ്രയോജനവും മാറിമാറി വരും. പറഞ്ഞതു തെററിപ്പോയി, പറയേണ്ടിയില്ലായിരുന്നു എന്നും മററും പലരും പശ്ചാത്തപിക്കുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലോ. ഇവരെപ്പററിയാണ് 'പിന്നീടു ബുദ്ധി ഉദിക്കുന്നവർ' എന്നു പറയുന്നതു്. സംസാരത്തിൽ ഇങ്ങനെയുള്ള വീഴ്ചകൾ പല വിധത്തിൽ വരാം. വിഡ്ഢിയായ ഒരു ശിഷ്യൻെറ കഥ ഈ സന്ദർഭത്തിൽ ഓർമ്മ വരുന്നു. ഒരു രാജ്യത്തിൽ ഒരിക്കൽ വലുതായ ക്ഷാമബാധ നേരിട്ടു. ധനവാന്മാർക്കുപോലും ആഹാരത്തിനു വക ഇല്ലാതെയായി. ചോളം മാത്രം കൊണ്ടു കഴിക്കേണ്ടി വന്നു. നാട്ടിലെ ഒരു പ്രഭുവും മററു ചിലരും കൂടി ഇരിക്കുമ്പോൾ അടുക്കളക്കാരൻ ചെന്ന് "ചോളക്കഞ്ഞി കാലമായി" എന്നു ഉച്ചത്തിൽ അറിയിച്ചു. പ്രഭു കോപിച്ച് അവനെ ശാസിച്ചു. ഇനിയും ഇമ്മാതിരി കാര്യങ്ങൾ വിളിച്ചുപറയരുതെന്നു മുന്നറിവു കൊടുത്തു. പിന്നെ ഒരിക്കൽ പ്രഭുവിൻെറ അടുക്കളയ്ക്കു തീ പിടിച്ചു. അപ്പോൾ പ്രഭു മററു ചിലരോടു സംസാരിച്ചുകൊണ്ടു് ഇരിക്കയായിരുന്നു. അടുക്കളക്കാരൻ അവിടെ ചെന്നു പതുങ്ങി നിന്നു. മററുള്ളവർ പോയിട്ടു കാര്യം പറയാം എന്നു അവൻ വിചാരിച്ചു. അവൻെറ നില കണ്ടു സംശയിച്ചു പ്രഭു വിവരം ചോദിച്ചു. അവൻ ശബ്ദം

പുറത്തു കേൾപ്പിക്കാതെ കാര്യം പറഞ്ഞു. വീണ്ടും വീണ്ടും ചോദിച്ചിട്ടേ കഥ മനസ്സിലാക്കാൻ സാധിച്ചുള്ളു. അപ്പോഴേക്കും വിട്ട പകുതി വെന്തുകഴിഞ്ഞു. ഔചിത്യമില്ലായ്മയുടെ ഫലം നോക്കണേ!

സംഭാഷണത്തിൽ ശ്രദ്ധിക്കേണ്ടുന്ന പല കാൎയ്യങ്ങളും ഇനിയും പറയാൻ ഉണ്ടു്. സത്യം പറയണം എന്നതു നിശ്ചയമാണു്. എന്നാൽ അപ്രിയം പറയരുതു് എന്നു് ഉള്ളതും ധരിക്കണം. സത്യം എല്ലാം പറഞ്ഞുകൊള്ളണം എന്നു് ഒരു നിയമവും ഇല്ല. ഒരു ആളിനെപ്പററി സത്യമായ ഒരു അപവാദം നമുക്കു് അറിയാം എന്നിരിക്കട്ടെ. അതു പറഞ്ഞാൽ അയാൾ നമ്മുടെ നിത്യശത്രു ആകും. കേൾക്കുന്നവരുടെ രസം അനുസരിച്ചു പറയുന്നതാണു വിജയത്തിനു കാരണം. എന്നാൽ കുരള പറഞ്ഞാൽ വിഷമത്തിൽ അകപ്പെടും. അതു തൽക്കാലം രസമാകും. എങ്കിലും പിന്നീടു നാം പറയുന്നതിനു വില ഇല്ലാതെ വരും. ഏഷണിയും അപവാദവും പറയുന്നവരെ എല്ലാവരും വെറുക്കും. വമ്പു പറയുന്നതും മററുള്ളവരെ ദുഷിക്കുന്നതും ഒരുപോലെ, ഉപേക്ഷിക്കേണ്ടതാകുന്നു. കുത്തുവാക്കു പറയുന്നതുപോലെ കേൾക്കുന്നവൎക്കു വിരോധം ഉണ്ടാകുന്ന കാൎയ്യം വേറെ ഇല്ല. ഈ ഉപായം ചിലപ്പോൾ എതിരാളിയെ തോല്പിക്കാൻ കൊള്ളാം. നമ്പൂരി രണ്ടു രസികന്മാരെ കൊമ്പുകുത്തിച്ച കഥ പ്രസിദ്ധമാണല്ലോ. റയിൽവണ്ടിയുടെ ഒരു മുറിയിൽ രണ്ടുപേർ മാത്രം രണ്ടററത്തായി ഇരിക്കുകയായിരുന്നു. നമ്പൂരി തിട്ടുക്കത്തിൽ നടുക്കു ചെന്നു് ഇരുന്നു. രസികന്മാരിൽ ഒരു ആൾ വെറുപ്പോടേ

'കഴുത' എന്നു പറഞ്ഞു. മറേറ ആൾ "പോത്തു്" എന്നു പിൻതാങ്ങി. നമ്പൂരി തന്നത്താനേ പറയുന്നതുപോലെ, "അല്ല, രണ്ടിനും ഇടയ്ക്കു്" എന്നു് ഉച്ചരിച്ചു. ഇവിടെ കുത്തും മറുകുത്തും എത്ര പററിയിരിക്കുന്നു എന്നു നോക്കുക. ഇതുപോലെ സംഭാഷണത്തിൽ സ്വീകരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതും ആയ കാര്യങ്ങൾ പരിചയംകൊണ്ടു് വളരെ അറിയാൻ ഉണ്ടു്.

---

പാഠം ൪.

## ഒരു ശ്വാവിൻെറ ആത്മകഥ

എനിക്കു് ഇപ്പോൾ പന്ത്രണ്ടു് വയസ്സു് ആയി. ഈ ആയുസ്സിൽ എനിക്കു് ഉണ്ടായിട്ടുള്ള അനുഭവങ്ങൾ വിചാരിച്ചാൽ നിങ്ങൾക്കു് അത്ഭുതം തോന്നും. എന്തെല്ലാം കാര്യങ്ങൾ ആണു് ഞാൻ നടത്തിയിട്ടുള്ളതെന്നും, ഏതെല്ലാം പ്രകാരത്തിൽ ആണു് യജമാനനെ ഞാൻ സേവിച്ചിട്ടുള്ളതെന്നും നിങ്ങൾ അറിഞ്ഞിരിക്കയില്ല. വലിയ വലിയ സംഭവങ്ങൾക്കു ഞാൻ സാക്ഷിയാണു്. എന്നെക്കാളും കരുത്തും വീര്യവും ഉള്ള മൃഗങ്ങളോടു് ഒററയ്ക്കു നിന്നു് യുദ്ധം ചെയ്തിട്ടുണ്ടു്. ഞാൻ ഒരിക്കലും തോററതായി എനിക്കു് ഓർമ്മയില്ല. എതിരാളിയെ മുട്ടുകുത്തിച്ചു കടിച്ചു കീറിയിട്ടു് അല്ലാതെ ഞാൻ പിന്തിരിഞ്ഞിട്ടില്ല. എന്നോടു് എതിരിട്ട ശത്രുക്കൾ അധികം ഇന്നു

ജീവിക്കുന്നില്ല. കള്ളന്മാരും കൊള്ളക്കാരും എന്റെ പല്ലിന്റെ മൂച്ച് അറിഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പുലിയുടെ കഴുത്തിന് ഒരു കടികൊണ്ടു ഞാൻ അവന്റെ കഥ കഴിച്ചു. ഇങ്ങനെ എത്രയോ സംഭവങ്ങൾ എന്റെ മനസ്സിൽ ഇപ്പോൾ പൊന്തിവരുന്നു. വീര്യം കൊണ്ടും വിശ്വാസം കൊണ്ടും ഞാൻ എന്റെ വർഗ്ഗത്തിന്റെ പേരു കെടുത്തിയിട്ടില്ല. എന്റെ കഥ കേട്ടാലും ചില പ്രയോജനങ്ങൾ ഉണ്ട്. രസം ഉള്ളവർ കേൾക്കട്ടെ.

ഇവിടന്നു വളരെ ദൂരെയാണ് എന്റെ ജനനം. അമ്മയെയും അച്ഛനെയും കണ്ട സ്മരണ എനിക്കു ഇന്ന് ഇല്ല. അത്ര കുട്ടിയായിരുന്നപ്പോഴേ എന്നെ യജമാനൻ എടുത്തുകൊണ്ടു പോന്നതായിട്ടാണ് പറഞ്ഞിട്ടുള്ളത്. പാവപ്പെട്ട ഒരു വീട്ടിൽ വളരെ നാൾ സേവിച്ചു കഴിച്ചു ഒരു കിഴവി ആയിരുന്നു എന്റെ തള്ള. ആ പാവത്തിനെപ്പററി ചിലതെല്ലാം അറിഞ്ഞിട്ടുണ്ട്. എല്ലരിച്ചു രോമം കൊഴിഞ്ഞ ആ കിഴവി വളരെ പാടു പെട്ടു ജീവിതം കഴിച്ചു. ആ കഥകൾ എന്റെ സ്മൃതിയിൽ നിന്നു മാഞ്ഞുപോകട്ടെ.

ഇവിടെ വന്നു കുറേ നാളത്തേക്കു് ഒരു ചങ്ങലയിൽ കെട്ടി എന്നെ ഒരിടത്തു ഇട്ടിരുന്നു. വാ പൂട്ടാതെ ഞാൻ കിടന്നു വിളിക്കും. എന്റെ വിളി കേട്ട് വേലക്കാരും പിള്ളരും വന്ന് നല്ല തല്ലു തന്നിട്ടും ഉണ്ട്. ഞാൻ അതെല്ലാം ക്ഷമയോടെ സഹിച്ചു. എങ്കിലും ആഹാരത്തിനു

ഇവിടെ ഒരു കുറവും വന്നിട്ടില്ല്. പാലും ചോറും മീനും എല്ലാം വേണ്ടുവോളം കിട്ടി. ഇന്നു തിരിഞ്ഞു നോക്കുമ്പോൾ അക്കാലവും ഒരു വിധത്തിൽ കൊള്ളാമായിരുന്നു എന്നു തോന്നുന്നു.

കുറേ വളൎന്നതോടുകൂടി എപ്പോഴും കെട്ടിയിടുന്ന പതിവു മാറി. എനിക്കു കുറച്ചൊക്കെ സ്വാതന്ത്ര്യം കിട്ടിത്തുടങ്ങി. ഞാൻ വീട്ടിനു ചുററും എല്ലായിടത്തും ഓടികളിക്കും. കൊച്ചുന്നാൾ തൊട്ടേ കാണുന്നതിനെ എല്ലാം ചാടിപ്പിടിക്കുന്ന ഒരു വികൃതിത്തരവും എനിക്ക് ഉണ്ടായി. എന്നാൽ എന്തോ ഈ വീട്ടിലെ പൂച്ചയോടു മാത്രം എനിക്ക് ഇഷ്ടം തോന്നി. എന്റെ വൎഗ്ഗത്തിൽ പെട്ട പലരും പൂച്ചയോടു കലഹം കൂടും. എങ്കിലും എന്റെ രീതി ഒന്നു വേറെ ആണ്. പൂച്ചയും ഞാനും അത്ര ചങ്ങാതിമാരായിട്ടാണു കഴിഞ്ഞിരുന്നതു്. പലപ്പോഴും അതു പിടിച്ച എലികളെ എനിക്കു തിന്നാനായി സമ്മാനിക്കയും ചെയ്യും. ഞങ്ങൾ വലിയ കൂട്ടുകെട്ടോടെ ഇവിടെ അങ്ങനെ പാൎത്തുവരുന്നു. ആ കഥ അങ്ങനെ നില്ക്കട്ടെ.

പ്രായം ആയതോടുകൂടി എനിക്കു പല പുതിയ വേലകളും വന്നുചേൎന്നു. വീടു കാക്കുന്നതു് എന്റെ കൃത്യം ആണെന്നു ഞാൻ ധരിച്ചു. ആരെങ്കിലും വീട്ടിൽ കയറി വന്നാൽ കുരച്ചുകൊണ്ടു ഞാൻ ചാടി വീഴുക പതിവായി. എനിക്ക് അതിനു പല ശ്ലാഘകളും സമ്മാനം കിട്ടി.

പിന്നെ ഞാൻ ആ സ്വഭാവം മാററി. പകൽ മിക്കവാറും സ്വസ്ഥമായി ഒരിടത്തു കിടന്ന് ഉറങ്ങുകയാണു നന്നെന്നു മനസ്സിലാക്കി. കൂട്ടുകാർ പലരും അലഞ്ഞു നടക്കുന്നതു ഞാൻ കാണാറുണ്ട്. എനിക്ക് അത്തരം സ്വാതന്ത്ര്യത്തിൽ വലിയ ഇഷ്ടം ഇല്ല. ആവശ്യം ഉണ്ടെങ്കിലേ ഞാൻ വീടു വിട്ടു പോകാറുള്ളൂ. കാര്യം ഉള്ളപ്പോഴേ ഞാൻ കുരയ്ക്കൂ. വെറുതേ ആരെയും കടിച്ചുകൂടാ എന്ന് യജമാനൻ എന്നെ പഠിപ്പിച്ചു. എന്നാൽ വിനോദത്തിനു വേണ്ടി അണ്ണാനെയും കിളികളെയും പിടിച്ചുകൊള്ളാൻ എനിക്ക് അനുവാദം ഉണ്ട്. കൂടെക്കൂടെ ഞാൻ പതുങ്ങിക്കിടന്ന് അവയെ പിടികൂടും. വല്ലതും ഒരു വിനോദം ആവശ്യമല്ലേ?

വിനോദത്തെപ്പററി പറഞ്ഞപ്പോൾ യൗവനത്തിലെ ചില കഥകൾ ഓർമ്മ വരുന്നു. അന്നൊക്കെ ഇന്നത്തെപ്പോലെ അടക്കമില്ലായിരുന്നു. എന്നെ ഉപദ്രവിച്ചവരെ ഞാൻ വെറുതേ വിട്ടിരുന്നില്ല. ഒരു വികൃതിച്ചെറുക്കൻ ദിവസവും എന്നെ എറിഞ്ഞിട്ട് ഓടുക പതിവായിരുന്നു. ഒരു ദിവസം ഞാൻ തക്കം നോക്കി പാത്തുകിടന്നു. ഏതോ കാര്യത്തിനായി അവൻ ഇവിടെ കയറിവന്നു. ഞാൻ പുറകിൽക്കൂടി ചെന്ന് അവൻെറ മുണ്ടിൽ പിടികൂടി. അവൻ പരിഭ്രമിച്ചു താഴെ വീണു. വേണമെങ്കിൽ അവനെ കടിച്ചു മുറിപ്പെടുത്താമായിരുന്നു. എന്നാൽ ഞാൻ അങ്ങനെ ചെയ്തില്ല. കുറേ നേരത്തേക്ക് അലറിയും കീറിയും ഞാൻ അവനെ വളരെ വിഷമിപ്പിച്ചു. അന്നു തൊട്ട് അവൻ എന്നോടു കളിക്കാൻ മുതിർന്നിട്ടില്ല.

കുറച്ചു നാൾ കഴിഞ്ഞു് എന്നെ യജമാനൻ വേട്ടയാടാൻ പരിശീലിപ്പിച്ചു. ആദ്യം ചെറിയ കാടുകളിൽ ആയിരുന്നു വേട്ടയ്ക്കു പോയതു്. ജന്തുക്കളുടെ മണം പിടിക്കാൻ എനിക്കു സാമർത്ഥ്യം ഒന്നു പ്രത്യേകമാണു്. കാടനും മുയലും വള്ളിപ്പുലിയും പതുങ്ങിയിരിക്കുന്ന സ്ഥാനം ഞാൻ ഒരു നിമിഷത്തിനകം കണ്ടുപിടിക്കും. അവയെ ഞാൻ ഇളക്കിവിടും. വലിയ നായ്ക്കൾ അവയെ പിടികൂടി കൊല്ലും. ഇങ്ങനെ കുറേ കഴിഞ്ഞു് എനിക്കും കരുത്തു് ഉണ്ടായി. ഞാനും മൃഗങ്ങളെ പിടിക്കാൻ തുടങ്ങി. എത്ര തടിച്ച മൃഗങ്ങളെയാണു് ഞാൻ പിടിച്ചിട്ടുള്ളതു് എന്നു കണക്കില്ല. ചെറിയ കാടുകളിൽ നിന്നു വലിയ വനങ്ങളിലേക്കു വേട്ടയ്ക്കു കടന്നുതുടങ്ങി. പന്നിയെയും പുലിയെയും മാനിനെയും മ്ലാവിനെയും വേട്ടയാടാൻ എനിക്കു ധൈര്യം ഉണ്ടായി. ഒരിക്കൽ ഞാൻ ഒരു കരടിയോടു നേരിട്ടു. അറിയാതെ അവന്റെ മുമ്പിൽ അകപ്പെട്ടതു് ആയിരുന്നു. ഞാൻ ആദ്യം അല്പം ഒന്നു പരുങ്ങിപ്പോയി. പരിഭ്രമിച്ചാൽ അവൻ എന്നെ അകപ്പെടുത്തും എന്നു് അടുത്ത നിമിഷത്തിൽ മനസ്സിലായി. ഒരു കുതിക്കു് അവന്റെ കഴുത്തിനു പിടികൂടി. യജമാനൻ വന്നുചേൎന്നു് അവനെ കൊന്നതിനു ശേഷമേ ഞാൻ ആ കടി വിട്ടുള്ളു.

വീട്ടുകാവലിലും എനിക്കു പല കഷ്ടങ്ങളും നേരിടേണ്ടി വന്നിട്ടുണ്ടു്. രാത്രിയിൽ ഞാൻ അധികമായി ഉറങ്ങാറില്ല. എപ്പോഴും ഞാൻ വീട്ടിനു ചുററും നടക്കും.

കരിയില അനങ്ങുന്നതു കേട്ടാൽ മതി ഞാൻ അവിടെ എത്തുക ആയി. ഒരിക്കൽ വീട്ടിൽ കള്ളന്മാർ കയറി എന്നു് എനിക്കു സംശയം ഉണ്ടായി. ഞാൻ ദൂരെ നിന്നു സൂക്ഷിച്ചു നോക്കി. കള്ളന്മാർ നാലു പേർ ഉണ്ടായിരുന്നു. അവർ ആയുധങ്ങൾ ധരിച്ചിരുന്നതായും എനിക്കു തോന്നി. നേരിട്ടു് അടുത്തു ചെന്നാൽ എനിക്കു ജയം കിട്ടാൻ പ്രയാസമാണെന്നു നിശ്ചയമായി. കുരച്ചു യജമാനനെ ഉണർത്താം എന്നു വിചാരിച്ചു. എന്നാൽ നാലു പേരോടു് ഒരുമിച്ചു എതിരിടാൻ അദ്ദേഹത്തിനു എളുപ്പം അല്ല എന്നു് ഊഹിച്ചു് അതിനും മുതിർന്നില്ല. അതിനാൽ ഉപായത്തിൽ കള്ളന്മാരെ പിടിക്കണം എന്നു് ഞാൻ കരുതി. പതുക്കെ ഞാൻ അടുത്തു ചെന്നു. തീരെ ശബ്ദം ഉണ്ടാക്കിയില്ല. ഒരു കുതിക്കു സംഘത്തിലെ തലവന്റെ കഴുത്തു് എന്റെ വായ്ക്കുള്ളിലാക്കി. അയാൾ പെട്ടെന്നു നിലത്തു വീണു. കാര്യം അറിയാതെ മറ്റുള്ളവർ പരിഭ്രമിച്ചു. തലവനെ നിലത്തു് ഇട്ടു് ഞാൻ കടിച്ചുഴച്ചു. പിന്നീടു മറ്റുള്ളവരേയും എതിരിട്ടു. കക്കാൻ വന്നവരാണെങ്കിലും അവർ വാവിട്ടു നിലവിളിച്ചു. അപ്പോഴേക്കും യജമാനനും മറ്റും ഉണർന്നു് വന്നു. കള്ളന്മാരിൽ രണ്ടുപേർ രക്ഷപ്പെട്ടു. ഒരുത്തനു് അനങ്ങാൻ പാടില്ലായിരുന്നു. മറ്റൊരുത്തനെ ഞാൻ ബലമായി കടിച്ചിരുന്നതുകൊണ്ടു് അവനും രക്ഷപ്പെടാൻ സാധിച്ചില്ല. അവക്കു രണ്ടുപേർക്കും നല്ല സമ്മാനം കിട്ടി.

ഇങ്ങനെ കഥകൾ വളരെ ഉണ്ടു്. അതു മുഴുവൻ പറയാൻ വിഷമമാണു്. ഇനി ഞാൻ വേറൊരിക്കൽ ഈ കഥകൾ തുടൎന്നു പറയാം. എന്നെ അതാ യജമാനൻ വിളിക്കുന്നു. ഞാൻ ചെല്ലട്ടെ.

---

പാഠം ൭

## ദുർജ്ജനസ്വഭാവം

ദുർജ്ജനങ്ങൾക്കു ബഹുസൽക്കാരം ചെയ്താകിലും
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും.
എണ്ണ തേപ്പിച്ചു പിടിച്ചുഴിഞ്ഞു ബന്ധിച്ചാലും
പൊണ്ണനാം ശ്വാവിന്റെ വാൽ വളഞ്ഞേ
[നില്പൂ ദൃഢം.

ദുഷ്ടരാം ഖലന്മാരെ സ്തുതിച്ചു നന്നാക്കുവാൻ
ഒട്ടുമേയെളുതല്ല നല്ലോരു വിദ്വാന്മാൎക്കും.
എപ്പോഴുമമൃതുകൊണ്ടാകവേ നനച്ചാലും
സൽഫലം പുറപ്പെടീച്ചീടുമോ വിഷദ്രുമം?

പഞ്ചസാരയും തേനും ചേൎത്തങ്ങു കുഴച്ചിട്ടു
കിഞ്ചന കാലം പരിപാലിച്ചു കിളിപ്പിച്ചു

എപ്പോഴും ക്ഷീരംകൊണ്ടു നനച്ചു വളൎത്താലും
വേപ്പിന്റെ കയ്പു ശമിച്ചീടുമോ ചിന്തി-
ച്ചാലും. ൧൬

തങ്ങടെ യജമാനനാപത്തു വരാതെ ക-
ണ്ടങ്ങടനെ രക്ഷിക്കേണമെന്നുള്ള കൂറുകാരൻ ൧൭

ഇങ്ങോട്ടു ചോദിച്ചില്ലെന്നാകിലും ശുഭാശുഭം
അങ്ങോട്ടു പറഞ്ഞറിയിക്കേണം കൂടെക്കൂടെ. ൧൮

ത്യാജ്യനാമവനെങ്കിലായവൻ ചോദിച്ചാലും
യോജ്യമായതു പറഞ്ഞീടരുതെന്നു ശാസ്ത്രം. ൧൯

സങ്കടേ രക്ഷിക്കുന്ന മാനുഷനല്ലോ ബന്ധു
സങ്കടം കൂടാതനുഷ്ഠിക്കുന്നതല്ലോ കൎമ്മം ൨൦

ഭൎത്തൃശുശ്രൂഷ ചെയ്തു മേവുന്നോളല്ലോ നാരി
സത്തുക്കൾ ബഹുമാനിക്കുന്നവനല്ലോ വിദ്വാൻ ൨൧

ദുൎമ്മദം ജനിപ്പിച്ചില്ലെങ്കിലേ ശ്രീയാവുള്ളു
ദുൎമ്മോഹമില്ലാത്തവനെങ്കിലേ സുഖിയാവൂ. ൨൨

[പഞ്ചതന്ത്രം]

---

പാഠം ൩

# നമ്മുടെ നാട്ടിലെ പക്ഷികൾ

നമ്മുടെ നാട്ട പല തരത്തിലും വിശേഷം ഉള്ളതു് ആണു്. ഇവിടത്തെ പ്രകൃതിഭംഗികൾ ആരെയും ആകർഷിക്കും. വലിയ മലകളും കാട്ടുകളും കൊണ്ടു കിഴക്കേ അതിരു മനോഹരമാണു്. ആഴമേറിയ സമുദ്രവും, അതിനടുത്തു് വലിയ കായലുകളും പടിഞ്ഞാറു കിടക്കുന്നു. പലതരം ചെടികളും മരങ്ങളും പൂക്കളും ഈ നാട്ടിന്റെ അഴകു് വർദ്ധിപ്പിക്കുന്നു. ഇവിടത്തെ ജീവജാലങ്ങളും അതു പോലെ തന്നെ ആകർഷം ആനന്ദം നല്കും. ഈ ദേശത്തിലെ പക്ഷികളെപ്പററി നമുക്കു ഇപ്പോൾ പ്രത്യേകം വിചാരിക്കാം.

മനുഷ്യർ ഇണക്കി വളർത്തുന്നതും അല്ലാത്തതും ആയി പല ഇനം പക്ഷികൾ ഇവിടെ ഉണ്ടു്. ഉപയോഗത്തിനും വിനോദത്തിനും വേണ്ടി വീട്ടിൽ പക്ഷികളെ വളർത്തുന്നു. ഉപയോഗമുള്ള പക്ഷികളിൽ പ്രധാനപ്പെട്ടവ താറാവും കോഴിയും ആണു്. അവയുടെ മുട്ടയും മാംസവും ആഹാര സാധനമായി ഉപയോഗിക്കുന്നു. താറാവിനെ അധികവും പററമായിട്ടാണു് വളർത്തുന്നതു്. കുട്ടനാട്ടു തുടങ്ങി ധാരാളം വെള്ളമുള്ള പ്രദേശങ്ങളിൽ താറാവു വളർത്തൽ ആദായം

ഉള്ള ഒരു തൊഴിൽ ആണു്. കൊയിത്തു കഴിഞ്ഞാൽ പാടങ്ങളിൽ താറാവുകളെ തീററാൻ കൊണ്ടുവരുന്നതു നിങ്ങൾ പലരും കണ്ടിരിക്കുമല്ലോ.

നാടൻകോഴി, ചൈനാക്കോഴി, തുർക്കിക്കോഴി എന്നു തുടങ്ങി കോഴികൾ പല തരം ഉണ്ടു്. കൂട്ടമായി കോഴിയെ വളർത്തുന്നതു ചുരുക്കം അല്ല. എങ്കിലും പല വീടുകളിലും രണ്ടോ മൂന്നോ മാത്രം കോഴികളെ വളർത്തുകയാണു സാധാരണ രീതി. ഏതു തരത്തിൽ പെട്ടതു് ആയാലും പൂവൻകോഴിയുടെ ഭംഗി ഒന്നു പ്രത്യേകം തന്നെ. അതിൻെറ പൂവും ആടയും അങ്കവാലും കണ്ടാൽ ആർക്കും സന്തോഷം ഉണ്ടാകും. കോഴിപ്പോരു് നടത്തുന്നതിനു വേണ്ടി പൂവൻകോഴിയെ പരിശീലിപ്പിക്കുന്നവർ ഉണ്ടു്. വീറോടെ കോഴികൾ തമ്മിൽ പോരാടുന്നതു്, കാണുന്നവർക്കു് സന്തോഷവും അത്ഭുതവും ഉളവാക്കും. പണ്ടു് കേരളത്തിൽ കോഴിപ്പോരു് നല്ല വിനോദമായി നടത്തുക പതിവു് ആയിരുന്നു.

മാളികകളിലും മററും ധാരാളമായി പ്രാവു ചേക്കേറുന്നു. പ്രാവിനു് ഇരിക്കാൻ ചില പ്രഭുകുടുംബങ്ങളിൽ കൂടു കെട്ടിക്കൊടുക്കുന്നതും കാണാം. പ്രാവിനെ പറത്തുന്നതു് ഒരു വിനോദമായി ചിലർ കരുതുന്നു. അതിനു് അവയെ പ്രത്യേകം പരിശീലിപ്പിക്കുന്നു. പ്രാവിനെ പിടിച്ചു് താലോലിക്കാൻ ആർക്കും ആഗ്രഹം തോന്നും. ചെറിയ ചുവന്ന ചുണ്ടും, മയിൽപ്പീലിയുടെ നീല ക്കണ്ണിൻെറ നിറത്തിലുള്ള കഴുത്തും, ചാര നിറത്തിൽ

വാഴക്കൂമ്പുപോലുള്ള ശരീരവും എല്ലാം കാണുന്നവരുടെ കണ്ണു കവരും. ഇളം ചുവപ്പുള്ള ചെറിയ കാലുകൾ തത്തി തത്തി വച്ചു പ്രാവു കുണുങ്ങി നടക്കും. പ്രാവിന്റെ വർഗ്ഗത്തിൽ പെട്ടതാണു് കുട്ടത്തിപ്രാവു് എന്നും പേരു് ഉള്ള ചെങ്ങാലി. അതു മനുഷ്യരോടു് ഇണങ്ങാറില്ല.

തത്ത, മൈന, മയിൽ മുതലായ പക്ഷികളെ വീട്ടിൽ ഓമനിച്ചു വളർത്താറുണ്ടു്. തത്ത വളരെ അഴകു് ഉള്ള പക്ഷി ആണു്. അതിന്റെ ആകൃതിയും നിറവും ഒരുപോലെ നമ്മെ ആകർഷിക്കുന്നു. ചുവന്നു വളഞ്ഞ ചുണ്ടും, വളയം ഇട്ടപോലെ ചുവപ്പു വരയുള്ള ഉരുണ്ട കഴുത്തും, ഒതുങ്ങി നീണ്ട ശരീരവും, നീണ്ട വാലും ഈ പക്ഷിയെ വേർതിരിച്ചു കാണിക്കുന്നു. പരിശീലിപ്പിച്ചാൽ തത്ത സംസാരിക്കയും പാടുകയും ചെയ്യും. "തത്തമ്മേ പൂച്ച പൂച്ച" എന്നു് ഒരു പഴഞ്ചൊല്ലു് ഉണ്ടല്ലോ. പരിചയിപ്പിച്ചാൽ മൈനയും തത്തയെപ്പോലെ സംസാരിക്കും. എന്നാൽ, അതിനു തത്തയോളം അഴകു് ഇല്ല. ഏതാണ്ടു തവിട്ടു നിറമാണു്. ചുണ്ടിന്റെ രണ്ടു വശത്തും മഞ്ഞ നിറത്തിൽ ചെറുതായി തൊലി ഉന്തിനില്ക്കും.

തത്തയെയും മൈനയെയും വളർത്തുന്നതു പ്രധാനമായി അവ സംസാരിക്കുന്നതുകൊണ്ടു് ആണു്. മയിലിനു സൗന്ദര്യം ഉള്ളതിനാൽ ആണു് അതിനെ പിടിച്ചു വളർത്തുന്നതു്. അതിനെപ്പോലെ ഭംഗി ഉള്ള വേറേ ഒരു ജീവി ഇല്ല. മയിൽപീലി കുട്ടികൾക്കു് വിശേഷിച്ചു് ഇഷ്ടവും ആണു്. പീലി വിടർത്തി ആൺമയിൽ

ആടുന്നതു കാണേണ്ടതു് ആണു്. പല സുബ്രഹ്മണ്യക്ഷേത്ര ങ്ങളിലും മയിലിനെ വളർത്തുന്നു. ഈ പക്ഷി സുബ്ര ഹ്മണ്യന്റെ വാഹനമാണെന്നു് പുരാണങ്ങളിൽ പറയുന്നു.

മനുഷ്യനോടു് ഇണങ്ങാത്ത പല ഇനം പക്ഷി കളെയും നമ്മുടെ നാട്ടിൽ കാണാം. അവയിൽ കാക്ക ആണു് ഏററവും പ്രധാനപ്പെട്ടതു്. അതിന്റെ നിറവും ആകൃതിയും ശബ്ദവും ഒരുപോലെ വെറുപ്പു് ഉണ്ടാക്കാൻ തക്കതാണു്. എങ്കിലും കാക്കയോടു നമുക്കു വെറുപ്പു് ഇല്ല. ഇണങ്ങാറില്ലെങ്കിലും കാക്ക വീട്ടിനകത്തും പുറത്തും അടുത്തു സഞ്ചരിക്കുന്നു. ആഹാരപദാർത്ഥം എന്തും അതു തക്കം നോക്കി തട്ടിയെടുക്കും. മലിനപദാർത്ഥങ്ങളോടു് അതിനു വളരെ ഇഷ്ടം ഉണ്ടു്. വീട്ടിനു പുറവും ചീഞ്ഞും അളിഞ്ഞും കിടക്കുന്ന സാധനങ്ങൾ തിന്നൊടുക്കി ഈ പക്ഷി നമുക്കു് ഉപകാരം ചെയ്യുന്നു.

കാക്കയുടെ 'ക്രാ ക്രാ' എന്ന കരച്ചിൽ കേൾക്കാൻ സുഖമുള്ളതല്ല. എന്നാൽ ആകൃതിയിൽ അതിനോടു് സാമ്യമുള്ള കുയിൽ ആണു് ഏററവും മധുരമായി പാടുന്ന പക്ഷി. കുയിൽ ചില കാലങ്ങളിൽ മാത്രമേ ഈ നാട്ടിൽ വരുന്നുള്ളു. അന്നു് അതിന്റെ 'കു കു' എന്ന മധുരശബ്ദം നമ്മുടെ നാട്ടിൽ എവിടെയും കേൾക്കാം. വർണ്ണംകൊണ്ടു് കാക്കയോടു സാമ്യമുള്ള കാക്കത്തമ്പുരാട്ടി കാക്കയുടെ വിരോധിയാണു്. അതു് ഒരു ചെറിയ പക്ഷിയാണെങ്കിലും കാക്കയെ കണ്ടാൽ തോടി വിരട്ടി ഓടിക്കും.

കുയിലിനെപ്പോലെ മധുരമായി പാടുന്ന മററു പക്ഷികൾ ഇല്ല. എങ്കിലും പല പക്ഷികളുടെയും ശബ്ദം കേൾക്കാൻ സുഖം ഉണ്ടു്. പുലരുന്നതിനു മുമ്പേ അനേകം പക്ഷികളുടെ ശബ്ദം ഇടകലൎന്നു കേൾക്കാം. വെളുപ്പാൻകാലത്തു് ഉണൎന്നു ശ്രദ്ധിക്കുന്നവൎക്കു് എത്രയോ ആനന്ദത്തിനു വകയുള്ള സംഗീതം ആണു് അതു്. പൂവൻ കോഴിയുടെ കൂവൽ മുന്നിട്ടു നില്ക്കും. ഉറക്കം ഉണൎന്നു കൊള്ളുവാൻ പ്രകൃതി കാഹളം മുഴക്കുന്നതുപോലെ ആണു് അതു്. അതിനോടൊത്തു് അനേകം കാക്കകളുടെ "ക്രാ ക്രാ" എന്ന വിളിയും മുഴങ്ങും. ചെമ്പോത്തു (ഉക്കൻ) "ഉക്കുക്കുക്കു" എന്നു ശുഭശബ്ദം പുറപ്പെടുവിക്കും. പുലർ കാലത്തു് കീൎത്തനം ചൊല്ലുന്ന പക്ഷികളിൽ ഏററവും പ്രധാനപ്പെട്ടതാണു് മണ്ണാത്തിപ്പുള്ളു്. കറുത്ത ഉടലും വെളുത്ത ചിറകും കൊണ്ടു് ഈ പക്ഷിയെ തിരിച്ചറിയാം. അതിന്റെ ശബ്ദവും നല്ല സംഗീതംപോലെ ഇമ്പം തരും. ചിറകു് അല്പം വിടൎത്തിയും, മനോഹരമായി ശബ്ദം പുറപ്പെടുവിച്ചും, പല ഭംഗിയിൽ വാൽ ഉയൎത്തിയും താഴ്ത്തിയും ഇരുന്നു കറങ്ങി ആ കിളി നൃത്തം ചെയ്യുന്നതു് എത്രനേരം കണ്ടാലും മതി വരികയില്ല. മററു പല പക്ഷി കളുടെ ശബ്ദവും പ്രഭാതസംഗീതത്തിനു മോടി കൂട്ടുന്നു. തേൻകിളിപോലുള്ള ചെറിയ കിളികളുടെയും, മരങ്കൊത്തി, കരിയിലക്കിളി (പന്നിപ്പുള്ളു്, പിണി) മുതലായ പക്ഷി കളുടെയും ശബ്ദവും അപ്പോൾ കേൾക്കാൻ കഴിയും.

ആകൃതികൊണ്ടും പാട്ടുകൊണ്ടും എന്നപോലെ നിറംകൊണ്ടും കളികൾകൊണ്ടും ആകൎഷിക്കുന്ന പല

പക്ഷികളും ഉണ്ട്. മയിലിൻെറയും മററും നിറവും സൗന്ദര്യവും മുകളിൽ പറഞ്ഞുകഴിഞ്ഞു. തത്തയുടെ വർഗ്ഗത്തിൽ പെട്ട പഞ്ചവർണ്ണക്കിളിക്ക് അഞ്ചുനിറം ഉള്ളതുകൊണ്ടാണ് ആ പേരുതന്നെ കിട്ടിയത്. മഞ്ഞക്കിളി നമുക്ക് ഇഷ്ടമുള്ള ഒരു പക്ഷിയാണല്ലോ. ഇരട്ടത്തലച്ചി, ഓലേഞ്ഞാലി തുടങ്ങിയ പക്ഷികളുടെ നിറവും കാണാൻ കൊള്ളാവുന്നതു തന്നെ. നീലനിറമുള്ള പക്ഷികളിൽ ഏററവും പ്രധാനപ്പെട്ടതാണ് പൊന്മാൻ. കുളക്കരയിലും ആററുവക്കത്തും ഉള്ള മരങ്ങളിൽ ഇരുന്ന് തക്കം നോക്കി അതു മീൻ പിടിക്കും.

വെള്ളത്തിൽ ഇര തേടുന്ന പക്ഷികളെപ്പററിയും വിചാരിക്കാം. ഇവയിൽ പ്രധാനപ്പെട്ടതാണല്ലോ താറാവ്. ആകൃതിയിൽ താറാവിനേപ്പോലെ ആണ് ഇരണ്ട. ചില കാലങ്ങളിൽ ഈ പക്ഷി കൂട്ടമായി നമ്മുടെ നാട്ടിൽ ഉള്ള പുഞ്ചപ്പാടങ്ങളിൽ വരാറുണ്ട്. പല തരത്തിൽ ഉള്ള കൊക്കുകൾ നമ്മുടെ പാടങ്ങളിൽ ഇരിക്കുന്നതു കാണാം. നീണ്ട കാലും കഴുത്തും നീളമുള്ള ചുണ്ടും ആണ് അതിൻെറ പ്രത്യേക ലക്ഷണങ്ങൾ. അവയിൽ പലതിനും വെളുപ്പാണു നിറം. എന്നാൽ തവിട്ടുമുണ്ടിയുടെ വർണ്ണം അതിൻെറ പേരു തന്നെ തെളിയിക്കുന്നു. കുളക്കോഴിയും വെള്ളത്തിൽ ഇര തേടുന്നു. കടൽത്തീരത്തു കടൽക്കാക്കയും പ്രഷ്ഠംകുലുക്കിയും ധാരാളമായി കാണുന്ന പക്ഷികളാണ്.

ചില വലിയ പക്ഷികൾ കാടുകളിലും മററും ജീവിക്കുന്നുണ്ട്. ഇവയിൽ കഴുകനെപ്പററി ആണ് ആദ്യം

പറയേണ്ടതു്. അതു മററു ജീവികളുടെ മാംസം ഭക്ഷിക്കുന്നു. കല്ലുറാഞ്ചിയുടെ കഥയും ഇങ്ങനെതന്നെ. ആകാശത്തിൽ പൊങ്ങിപ്പറക്കുന്ന പരുന്തു് കോഴിക്കുഞ്ഞുങ്ങളെയും മററും റാഞ്ചിക്കൊണ്ടു പോകാനാണു് തക്കം നോക്കുന്നതു്. വലിയ ഒരു പക്ഷിയായ വേഴാമ്പലിൻെറ കഥ പ്രത്യേകം ഓർമ്മിക്കണം. അതിൻെറ ചുണ്ടിനു വലിപ്പവും ഭാരവും കൂടും. മുകളിൽനിന്നു പൊഴിയുന്ന മഴവെള്ളം മാത്രമേ അതു കുടിക്കാറുള്ളു എന്നാണു കവികളുടെ കല്പന. നത്തും മൂങ്ങയും വിശേഷപ്പെട്ട പക്ഷികളാണു്. അവ പകൽ മുഴുവൻ പൊത്തുകളിലും മററും കഴിക്കുന്നു. അവയുടെ തുറിച്ചു നോട്ടം കണ്ടാൽ ഭയം തോന്നും. പറക്കുന്നതുകൊണ്ടു് നരിച്ചീറും വാവ്വാലും പക്ഷികളാണു് എന്നു കരുതാം. എന്നാൽ പക്ഷികളിൽ നിന്നു് അവയ്ക്കു വ്യത്യാസം ഉണ്ടെന്നു് നിങ്ങൾക്കു് അറിയാമല്ലോ.

എല്ലാ പക്ഷികളും പറക്കുന്നതു് ഒരേ തരത്തിൽ അല്ല. കാക്കയെപ്പോലെ അല്ല പരുന്തു പറക്കുന്നതു്. പൂക്കളുടെ അടുത്തു ചെന്നു് അതിവേഗത്തിൽ ചിറകു വിറപ്പിച്ചുകൊണ്ടു നിന്നു് തേൻ കുടിക്കുന്ന തേൻകിളിയുടെ പറപ്പു് അതിലും വിശേഷമാണു്. ഓരോ പക്ഷിയും പറക്കുന്ന രീതിനോക്കി മനസ്സിലാക്കണം.

കൂടു് ഉണ്ടാക്കുന്നതിൽ പക്ഷികൾ വിശേഷമായ സാമർത്ഥ്യം കാണിക്കുന്നു. കുരുവിയുടെ കൂടു കണ്ടാൽ അത്ഭുതം തോന്നും. അതു് ഉറിയുടെ രീതിയിൽ നെയ്തു്

ഉണ്ടാക്കുന്നതാണ്. പനയുടെയും തെങ്ങിന്റെയും ഓല ത്തുമ്പിൽ ആണ് അതു കൂടു കെട്ടുന്നത്. കൂട്ടിനുള്ളിൽ ഇരിക്കാനും മുട്ടയിടാനും മററും വേറേ വേറേ അറകൾ ഉണ്ട്. കുരുവിക്കൂട്ടിനെപ്പോലെ ഭംഗിയുള്ളതല്ലെങ്കിലും, തേൻകിളിയുടെ കൂടും മഴവെള്ളം വീഴാത്ത വിധം ചെടി യുടെ കമ്പുകളിൽ, തൂക്കിയിട്ടിരിക്കുന്ന കുടുക്കപോലെ നെയ്തു് ഉണ്ടാക്കുന്നതാണ്. അധികം പക്ഷികളും ചുള്ളിക്കമ്പുകൾകൊണ്ടും മററും മരങ്ങളുടെയും ചെടി കളുടെയും കവരത്തിൽ മലർത്തി വച്ച ചട്ടിപോലെ കൂട് ഉണ്ടാക്കുന്നു. മുട്ട ഇടാറാകുമ്പോഴാണ് പക്ഷികൾ സാധാരണ കൂടു കെട്ടുന്നത്.

പക്ഷികളിൽ നിന്ന് പല ഉപകാരങ്ങളും നമുക്ക് സിദ്ധിക്കുന്നു. മയിലിന്റെയും മററും തൂവൽ അലങ്കാര ത്തിനു കൊള്ളാം. മയിൽപ്പീലികൊണ്ടു മരുന്നുകളും ഉണ്ടാക്കാറുണ്ട്. കാട തുടങ്ങിയ പക്ഷികളുടെ മാംസം ഔഷധത്തിന് ഉപയോഗിക്കുന്നു. കൃഷിക്ക് ഉപദ്രവം ചെയ്യുന്ന പുഴുക്കളെയും കീടങ്ങളെയും ചില പക്ഷികൾ തിന്നു നശിപ്പിക്കുന്നു.

പക്ഷികളെപ്പോലെ ഉത്സാഹവും സൗന്ദര്യവും ഉള്ള ജീവികൾ അധികം ഇല്ല. വിനോദത്തിനും ഉപകാര ത്തിനും ഉതകുന്ന ഇവററയോട് നമുക്കു ദയ തോന്നേണ്ട താണ്.

---

പാഠം ൧

# വൃക്ഷ ദേവത

വഞ്ചിമാത്തു പെററ പൈതൽ
പിഞ്ചുകൈയ്യാൽ തള്ളിടുമ്പോൾ
വഞ്ചിമരം നീങ്ങിടുന്നു
നെഞ്ചലിയാതാൎക്കു കാണാം?
ഏല ഏലോ തള്ളിടുവിൻ
ഏല ഏലോ ബാലകരേ!

എന്നു് അൎത്ഥം വരുന്ന ഒരു പാട്ടു് ജപ്പാൻകാരുടെ ഇടയിൽ പ്രചരിക്കുന്നു. പ്രസിദ്ധമായ ഒരു ഐതിഹ്യത്തെ സംബന്ധിച്ചുള്ളതാണു് ഈ ഗാനം. വൃക്ഷങ്ങളോടു് ജപ്പാൻകാൎക്കു് ഉള്ള, വിശേഷമായ പ്രതിപത്തി അതിൽനിന്നു മനസ്സിലാക്കാം.

ആ കഥ നടന്നതു് ആയിരം വൎഷത്തിനു മുമ്പു് എന്നാണു് പറഞ്ഞു വരുന്നതു്. "സഞ്ചു സഞ്ചൻ ദോ" എന്ന ഒരു ക്ഷേത്രം ജപ്പാനിൽ ഉണ്ടു്. "കൃാനൻ" എന്ന കാരുണ്യ ദേവതയ്ക്കു വേണ്ടിയാണു് ആ അമ്പലം സ്ഥാപിച്ചിട്ടുള്ളതു്. സഞ്ചു സഞ്ചൻ-ദോ എന്ന വാക്കിനു മുപ്പത്തിമൂന്നു് സ്ഥാനങ്ങൾ ഉള്ള വലിയ ഒരു ശാല എന്നാണു് അൎത്ഥം. കാരുണ്യദേവതയുടെ മുപ്പത്തിമൂവായിരത്തിമുന്നൂററിമുപ്പത്തിമൂന്നു് വിഗ്രഹങ്ങൾ അവിടെ ഉണ്ടു്. മുപ്പത്തിമുക്കോടി ദേവതകളെ സ്മരിക്കുന്ന ഭാരതത്തിലെ പുരാണങ്ങൾ ഇവിടെ ഓൎമ്മയിൽവരുന്നു.

ആ ക്ഷേത്രം പണികഴിപ്പിക്കുന്നതിനു മുമ്പ് ആ സ്ഥലത്തിന് അടുത്ത ഗ്രാമത്തിൽ ഒരു ആററുവഞ്ചി മരം നിന്നിരുന്നു. അവിടത്തുകാൎക്ക് എല്ലാം അതിൻെറ ചുവട്ട് വിശ്രമത്തിനും വിനോദത്തിനും ഉള്ള ഒരു സ്ഥാനം ആയിരുന്നു. ഗ്രാമത്തിലെ കുട്ടികൾ ഓടാനും ചാടാനും കളിക്കാനും അവിടെ കൂടും. അവർ അതിൻെറ ശാഖകളിൽ കയറും. അതിൽ ഊഞ്ഞാൽ കെട്ടി ആടും. വൃദ്ധന്മാരും, വേലചെയ്തു് ക്ഷീണിച്ചവരും അവിടെ കൂടിയിരുന്നു് വെടി പറയും. യാത്രചെയ്തു് തളൎന്നു വരുന്നവർ അതിൻെറ തണലിൽ കിടന്നു് സുഖമായി ഉറങ്ങും. ചുരുക്കത്തിൽ ആ വൃക്ഷം അവിടത്തുകാൎക്കു് ഒരു ഉപകാരിയും രക്ഷിതാവും ആയി നിലകൊണ്ടു.

കഷ്ടം! അക്കാലത്തും വൃക്ഷങ്ങളോട് ദയ കൂടാതെ പെരുമാറുന്നവർ ഉണ്ടായിരുന്നു. അതിൻെറ തടിയുടെ മുഴുപ്പു കണ്ട് അതു വെട്ടി എടുക്കണം എന്നു പലരും പലപ്പോഴും ആലോചിച്ചു. എന്നാൽ പലരും എതിരായിരുന്നതുകൊണ്ടു് ഓരോ കാരണം പറഞ്ഞു് ആ ആലോചനകൾ ഭേദപ്പെടുത്തുകയാണ് ചെയ്തതു്. ഒടുവിൽ ഒരു ആൾ ആ മരം വെട്ടാൻ നല്ല ഒരു യുക്തികണ്ടുപിടിച്ചു. ആററിൽ ഒരു പാലം പണിയിക്കാൻ തടി വേണ്ടിവന്നു. ആ വഞ്ചി മരം മുറിച്ചു് അതിന് ഉപയോഗിക്കാം എന്നായിരുന്നു അഭിപ്രായം. അതിന് വിരുദ്ധമായി ആൎക്കും ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് മരം മുറിക്കാൻ തന്നെ ഗ്രാമക്കാർ നിശ്ചയിച്ചു.

ആ തീരുമാനം അറിഞ്ഞപ്പോൾ ഒരു ആളിന്ന് വലുതായ സങ്കടം ഉണ്ടായി. ഫെയിത്താരോവിന്റെ വീട് ആ വഞ്ചിമരത്തിന്ന വളരെ അടുത്ത് ആയിരുന്നു. വളരെ കാലമായി ആ വീട്ടുകാൎക്ക് ആ വഞ്ചിമരത്തിനോടു പ്രത്യേകം പ്രതിപത്തി തോന്നിയിരുന്നു. ആ വൃക്ഷം മുറിക്കാൻ സമ്മതിച്ചുകൂടാ എന്നു് ഫെയിത്താരോ നിശ്ചയിച്ചു. അയാൾ ഗ്രാമക്കാരോടു പറഞ്ഞു:— "അനേക വൎഷമായി നമുക്കു് ഉപകാരം ചെയ്യുന്ന മരമല്ലേ ഇതു്?" നമ്മുടെ അപ്പൂപ്പന്മാരുടെ കാലത്തിന്ന മുമ്പേ ഈ നാട്ടിൽ നില്ക്കുന്നതാണു് ഈ വഞ്ചി. ഈ ദേശത്തു നില്പാൻ നമ്മെക്കാളും ഇതിന്നു് അവകാശം ഉണ്ടു്. നമ്മുടെ കുഞ്ഞുങ്ങൾ ആടുന്നതും പാടുന്നതും കളിക്കുന്നതും ഇതിന്റെ തണലിലല്ലേ? ഇതു് നമുക്കെല്ലാം മാതാവു് ആണു്. ഇതു മുറിക്കരുതു് എന്നാണു് എന്റെ അഭിപ്രായം. പാലം പണിയാൻ തടിയല്ലേ വേണ്ടൂ? ആവശ്യമുള്ള തടി ഞാൻ തരാം."

ആ മരം അങ്ങനെ ആ തവണയും രക്ഷപ്പെട്ടു. ഫെയിത്താരോവിന്ന കണക്കററ സന്തോഷവും ഉണ്ടായി. കുറേ ദിവസം കഴിഞ്ഞു് ഒരു സന്ധ്യയ്ക്കു് ഫെയിത്താരോ ജോലി കഴിഞ്ഞു വീട്ടിലേക്കു പോകയായിരുന്നു. ആററു വഞ്ചിയുടെ അടുത്തു് എത്തിയപ്പോൾ അതിന്റെ ചുവട്ടിൽ സുന്ദരിയായ ഒരു കന്യക നില്ക്കുന്നതു കണ്ടു. ഫെയിത്താരോ ആ കന്യയെ തലകുനിച്ചു് ഉപചരിച്ചു. അവർ അന്യോന്യം കുശലപ്രശ്നം ചെയ്തു. ആ ആററുവഞ്ചിയുടെ പ്രായത്തെയും

ഭംഗിയെയും പററിയായിരുന്നു അവരുടെ സംഭാഷണം. അല്പം കഴിഞ്ഞു് ആ കന്യക യാത്ര പറഞ്ഞു മറഞ്ഞു. ഹൈയിത്താരോ വല്ലായ്മയോടെ വിട്ടിലേക്കു പോയി.

പിറേറ ദിവസവും വൈകുന്നേരം ആററുവഞ്ചിയുടെ ചുവട്ടിൽ അവർ കൂടി. അവിടെ അവർ സുഖസല്ലാപത്തിൽ ഏർപ്പെട്ടു. അന്നു തൊട്ടു് അവർ പതിവായി അവിടെ വന്നു ചേരും. അവർ തമ്മിൽ സ്നേഹബന്ധം ഉറച്ചു. കന്യക ഹൈയിത്താരോവിനെ വിവാഹം കഴിക്കാം എന്നു സമ്മതിച്ചു. ഒരു വ്യവസ്ഥ മാത്രമേ ആ സ്ത്രീ ആവശ്യപ്പെട്ടുള്ളു.

"എന്റെ അച്ഛനമ്മമാരെപ്പററി അറിയാൻ ആഗ്രഹിക്കരുതു്. അവിടത്തെ ഹിതം അനുസരിച്ചു ഞാൻ ഭാര്യയായി ഇരുന്നുകൊള്ളാം. ഈ ആററുവഞ്ചിയുടെ അടുത്തുവച്ചു് കണ്ടു പരിചയമായതിനാൽ, എന്നെ "ഹിഗോ" (വഞ്ചിദേവി) എന്നു വിളിച്ചുകൊള്ളണം."

അവരുടെ വിവാഹം മംഗളമായി നടന്നു. ഹിഗോ എല്ലാ വിധത്തിലും ഹൈയിത്താരോവിന്റെ ജീവിതം സുഖപൂർണ്ണമാക്കി. താമസിയാതെ അവൎക്കു് ഒരു പുത്രനും ജനിച്ചു. ആ കുട്ടിയെ ലാളിക്കുന്നതിൽ രണ്ടുപേൎക്കും അതിയായ സന്തോഷം ഉണ്ടായി. എന്നാൽ അന്യോന്യം സ്നേഹം കൊണ്ടും കുട്ടിയോടുള്ള വാത്സല്യം കൊണ്ടും സിദ്ധിച്ച പ്രീതി നീണ്ടുനിന്നില്ല. തടവില്ലാത്ത സുഖം മനുഷ്യനു് ഉണ്ടാകാറില്ലല്ലോ.

ആ കുട്ടിക്കു് അഞ്ചു വയസ്സായി. "തോബാ" എന്ന ജപ്പാൻ ചക്രവർത്തി കാരുണ്യദേവതയ്ക്കു് ഒരു ക്ഷേത്രം ഉണ്ടാക്കാൻ നിശ്ചയിച്ചു. അതു് അനുസരിച്ചു് ആവശ്യമുള്ള തടികൾ ശേഖരിക്കാൻ ആജ്ഞ പുറപ്പെട്ടു. ആററുവഞ്ചിയുടെ ആയുസ്സു് അവസാനിക്കും എന്നു വന്നു ചേൎന്നു. വിവരം അറിഞ്ഞു് ഹെയിത്താരോവിനു് വല്ലാത്ത ദുഃഖം ഉണ്ടായി. വഞ്ചിമരം മുറിക്കാതിരിക്കാൻ എന്തു വേണമെങ്കിലും കൊടുക്കാം എന്നു പറഞ്ഞു നോക്കി. ഫലം ഉണ്ടായില്ല. ആ തവണ ഗ്രാമക്കാൎക്കും ആ മരം മുറിക്കണം എന്നു താല്പൎയ്യം ഉണ്ടായി. പുതിയ അമ്പലം പണിയിക്കാൻ അതിന്റെ തടിയും കൂടി ഉപയോഗിക്കണം എന്നു് അവൎക്കു് ആഗ്രഹം ജനിച്ചു. പിന്നെ എതിൎത്തുകൊണ്ടു് പ്രയോജനം ഇല്ലെന്നു കണ്ടു് ഹെയിത്താരോ അടങ്ങി.

വഞ്ചിമരം മുറിച്ചു തുടങ്ങി. ഹെയിത്താരോവും ഭാൎയ്യയും വെട്ടിന്റെ ശബ്ദം കേട്ടു. ഹിഗുവിനു് വല്ലാത്ത പരിഭ്രമം ഉണ്ടായി. അവൾ കണ്ണുനീരു വാൎക്കാൻ തുടങ്ങി. ഭൎത്താവിനെയും പുത്രനെയും തഴുകിക്കൊണ്ടു് അവൾ ഇങ്ങനെ പറഞ്ഞു.

"ഇതു വരെ എന്റെ സത്യം ഞാൻ അവിടത്തെ അറിയിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ആ കഥ അറിയിച്ചേ മതിയാവൂ. നമ്മുടെ ഓമനക്കുഞ്ഞിനെ അവിടത്തെ ഏല്പിച്ചിട്ടു ഞാൻ പിരിയാൻ പോകയാണു്. അവർ ആററുവഞ്ചി മുറിക്കയാണു് എന്നു് അറിയാമല്ലോ. ആ മരത്തിന്റെ ദേവതയാണു് ഞാൻ. അവിടന്നു് ആ വൃക്ഷത്തോടു കാണിച്ച കാരുണ്യം കൊണ്ടാണു്

ഞാൻ പ്രസാദിച്ച് അവിടത്തെ ഭാൎയ്യ ആയതു്. എന്നാൽ ഞാൻ പോകട്ടെ. അങ്ങേക്കും പുത്രനും ഈശ്വരാനുഗ്രഹം ഉണ്ടാകും" എന്നുപറഞ്ഞു് പിടഞ്ഞു പെട്ടെന്നു മറഞ്ഞു. ഹെയിത്താരൊ ദുഃഖത്തിൽ മുഴുകി ബോധംകെട്ടു വീണു. അമ്മ പോയതു കണ്ടു് ആ കുട്ടി ഉച്ചത്തിൽ നിലവിളിച്ചു.

ഹെയിത്താരോ പുത്രനെയും കൊണ്ടു് വഞ്ചിമരത്തിന്റെ അടുക്കലേക്കു ചെന്നു. ദീർഘശ്വാസംവിട്ടുകൊണ്ടു് ആ വൃക്ഷത്തിൽ അയാൾ നോക്കി. വളരെ ആളുകൾ ചേൎന്നു് ആ തടി പിടിച്ച് ആററിൽ ഇറക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ അതു അനക്കാൻപോലും അവൎക്കു കഴിഞ്ഞില്ല. തടി പിടിക്കാൻ ആ കുട്ടിയെ അനുവദിച്ചാൽ വേഗത്തിൽ അതു നീങ്ങും എന്നു് ഹെയിത്താരോ പറഞ്ഞു. ആ വൃക്ഷത്തിന്റെ ദേവതയെപ്പററിയുള്ള കഥയും അയാൾ അവരെ അറിയിച്ചു. അവർ മരം മാററാൻ കുട്ടിയോടു് അപേക്ഷിച്ചു. കുട്ടി മാതാവിനെ സ്മരിച്ചുകൊണ്ടു് തടിയിൽ പിടിച്ചു. പ്രയാസം കൂടാതെ തടി ആററിലേക്കു ഇറങ്ങുകയും ചെയ്തു. അതു കണ്ടുനിന്നവർ ഇങ്ങനെ പാടി:—

വഞ്ചിമാതു പെററ പൈതൽ
പിഞ്ചുകൈയ്യാൽ തള്ളിടുമ്പോൾ
വഞ്ചിമരം നീങ്ങിടുന്നു
നെഞ്ചലിയാതാൎക്കു കാണാം?
ഏല ഏലോ തള്ളിടുവിൻ
ഏല ഏലോ ബാലകരേ!

---

പാഠം ൪.

# സംസൎഗ്ഗഗുണം

നല്ല വസ്തുക്കളെല്ലാം നല്ലവരോടു ചേൎന്ന
നല്ലവണ്ണമായ് വരു വല്ലാതാമല്ലെന്നാകിൽ. ൧

നിൎമ്മലം നദീജലം സാഗരം തന്നിൽച്ചേൎന്നാൽ
നിശ്ചയം പുളിച്ചുപോമെന്നതോ കാണുന്നില്ലേ? ൨

സ്വല്പമെങ്കിലും ഗുണം സൽപുരുഷങ്കൽ ചേൎന്നാൽ
ശില്പമാംവണ്ണം പ്രകാശിക്കുമെന്നറിഞ്ഞാലും. ൩

ചന്ദ്രന്റെ രശ്മി വെള്ളിക്കുന്നിന്മേൽ ചേരുന്നേരം
സാന്ദ്രമായ്പ്പതിന്മടങ്ങേററവും പ്രകാശിക്കും ൪

സജ്ജനങ്ങൾക്കു ഗുണമേററമുണ്ടെന്നാകിലും
ദുൎജ്ജനങ്ങളിൽ ച്ചേൎന്നാലൊക്കവേ നശിച്ചുപോം. ൫

അഞ്ജനാചലേ ശശിരശ്മികൾ തട്ടുന്നേരം
അഞ്ജസാ കറുത്തുപോമെന്നതു ബോധിക്കേണം. ൬

നഷ്ടമാമുപകാരം ദുഷ്ടരിൽ ചെയ്യുന്നാകിൽ
നഷ്ടമാം സുഭാഷിതം ദുഷ്ടാത്മങ്ങളിൽ ചേൎന്നാൽ. ൭

ഓട്ടുപാത്രത്തിൽ ദധി പകൎന്നു വച്ചാലതു
കൂട്ടുവാൻ നന്നോ മഹാക്രൂരന്മാൎക്കധികാരം? ൮

എത്രയുമ്മഹാവനേ ചെന്നു രോദിക്കുമ്പോലെ
ചത്തൊരു ശവത്തിന്നു കോപ്പിട്ടുവിക്കുമ്പോലെ. ൧൮

സാരസം പറിച്ചങ്ങു പറമ്പിൽ നടുമ്പോലെ
ഓരുള്ള നിലങ്ങളിൽ മാരി പെയ്യുന്നപോലെ. ൨൦

ശ്വാവിന്റെ പുച്ഛം ചെമ്മെ നേരാക്കുന്നതുപോലെ
കണ്ണു കാണാത്തുള്ളവൻ കണ്ണാടി നോക്കുമ്പോലെ ൨൨

കൈയ് കുറുതായുള്ളവൻ കങ്കണം പോടുമ്പോലെ
ബുദ്ധിയുമൗദാൎയ്യവും വിദ്യയുമില്ലാതൊരു ൨൪

മൂഢനെ സേവിക്കുന്ന ഭോഷന്റെ വിചേഷ്ടിതം;
ചന്ദനദ്രുമങ്ങളിൽ സൎപ്പങ്ങൾ ചേൎന്നുകൂട്ടം ൨൬

ചാരുവാം നീരാഴിയിൽ നക്രങ്ങൾ വന്നുകൂട്ടം
നല്ല രാജാക്കന്മാരിൽ ദുൎമ്മന്ത്രി ചേൎന്നുകൂട്ടം ൨൮

ഇങ്ങനെ ഗുണമുള്ള വസ്തുകൊണ്ടനുഭവം
എങ്ങുമേ വരത്തില്ല ദുഷ്ടസമ്പൎക്കംമൂലം. ൩൦

[പഞ്ചതന്ത്രം കിളിപ്പാട്ട്]

പാഠം ൯

# ഗുണവാനായ സമരിയാക്കാരൻ

ഒരിക്കൽ ശ്രീയേശുവിനോട് ഒരു നിയമപണ്ഡിതൻ ഇങ്ങനെ ചോദിച്ചു.

ഗുരോ! മരണാനന്തരം ശാശ്വതമായ സൗഖ്യം ലഭിക്കുന്നതിന് ഞാൻ എന്താണു ചെയ്യേണ്ടതു്?"

. ഇതിനു് ഉത്തരമായി യേശുദേവൻ അരുളിച്ചെയ്തു.

നിങ്ങൾക്ക് വേദ വിധികളിലും ശാസ്ത്രതത്വങ്ങളിലും അഗാധമായ പാണ്ഡിത്യം ഉണ്ടല്ലോ? നിങ്ങളുടെ ചോദ്യത്തിനു് വേദം എന്തു സമാധാനമാണു നല്കുന്നതു്.

പണ്ഡി:— ജഗത്പിതാവായ ഈശ്വരനെ ഉള്ളഴിഞ്ഞു സ്നേഹിക്കുക; അതുപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.

യേശു:—"നിങ്ങൾ പറഞ്ഞതു ശരിയാണു്. ഈ നിയമങ്ങൾ അനുസരിച്ചു ജീവിച്ചുകൊൾക. നിശ്ചയമായും നിങ്ങൾക്കു പരലോകത്തിൽ സൗഖ്യം ലഭിക്കും".

ആ നിയമജ്ഞൻ യേശുവിനോട് വീണ്ടും ചോദിച്ചു. "ഗുരോ! അയല്ക്കാരനെ സ്നേഹിക്കണമെന്നു പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണു്?" ഈ ചോദ്യത്തിനു് മറുപടിയായി യേശുദേവൻ ഒരു കഥ പറഞ്ഞു.

"ഒരിക്കൽ ജറുസലം നഗരത്തിൽനിന്നു് ഒരു ആൾ ജറിക്കോ എന്ന സ്ഥലത്തേക്കു പോയി. വഴിക്കു വച്ചു് കള്ളന്മാർ അവനെ പിടികൂടി. അവന്റെ കൈയിൽ

ഉണ്ടായിരുന്ന സാധനങ്ങളും, വസ്ത്രം പോലും, അവർ അപഹരിച്ചു. അതിനു ശേഷം ആ സാധുവിനെ കഠിനമായി ഉപദ്രവിച്ചു. മൃതപ്രായനായ അയാളെ അവിടെ തള്ളിയിട്ടു തസ്കരന്മാർ കടന്നുകളഞ്ഞു. കുറേ കഴിഞ്ഞു് ഒരു പുരോഹിതൻ ആ വഴിയേ വന്നു. ദയനീയമായി കരഞ്ഞു കൊണ്ടു കിടന്ന ആ മനുഷ്യനെ കണ്ടിട്ടും പുരോഹിതൻ ഒരു വാക്കു പോലും പറയാതെ കടന്നുപോയി. അല്പ സമയത്തിനു ശേഷം ലവന്ത്യദേശക്കാരനായ ഒരു ആൾ ആ വഴി വന്നു. അയാളും നിലവിളിക്കുന്ന ആ സാധുവിനെ ഒന്നു നോക്കിയിട്ടു നടന്നതേ ഉള്ളൂ.

"പിന്നീടു സമരിയാക്കാരനായ ഒരു ആൾ ആ വഴിക്കു വന്നു. ആ സാധുവിന്റെ നിലവിളി കേട്ടു് അയാൾ അടുത്തു ചെന്നു. അയാളുടെ സ്ഥിതി കണ്ടു് സമരിയാക്കാരന്റെ ഹൃദയം അലിഞ്ഞു. താൻ ധരിച്ചിരുന്ന വസ്ത്രം വലിച്ചുകീറി അതുകൊണ്ടു് മുറിവുകൾ കെട്ടി. പിന്നീടു് തന്റെ കുതിരയുടെ പുറത്തു് അയാളെ കയററി താങ്ങി പ്പിടിച്ചുകൊണ്ടു് ഒരു സത്രത്തിൽ കൊണ്ടുചെന്നാക്കി. സത്രം വിചാരിപ്പുകാരന്റെ സഹായത്തോടു കൂടി ആ സാധുവിനു വേണ്ട ശുശ്രൂഷകൾ ചെയ്തു. അയാൾക്കു് സുഖമായ ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുന്നതിനും ഏർപ്പാടു ചെയ്തു.

"അടുത്ത ദിവസം പ്രഭാതത്തിൽ സമരിയാക്കാരൻ, കള്ളന്മാർ ഉപദ്രവിച്ച ആ സാധുവിനോടു് യാത്രചോദിച്ചു. അതിനുശേഷം സത്രം വിചാരിപ്പുകാരനെ വിളിച്ചു് കുറേ പണം ഏല്പിച്ചു കൊണ്ടു പറഞ്ഞു; "എനിക്കു് ജറിക്കോയിൽ എത്തുവാൻ തിടുക്കം ഉണ്ടു്. ഇവിടെ സുഖമില്ലാതെ കിടക്കുന്ന ആ സാധുവിനു വേണ്ടതെല്ലാം കൊടുത്തേക്കണം.

ചെലവിനെ പററി നിങ്ങൾ വിചാരിക്കേണ്ട. ഇതുകൊണ്ടു മുഴക്കാഞ്ഞാൽ ഞാൻ തിരിച്ചുവരുമ്പോൾ കൂടുതൽ പണം തന്നു കൊള്ളാം."

"കള്ളന്മാരുടെ ഉപദ്രവം ഏററ് ആ മനുഷ്യൻ കിടന്ന വഴിയേ മൂന്നു പേർ കടന്നു പോയല്ലോ. ഇവരിൽ ആരാണ് നല്ല അയൽക്കാരനെപ്പോലെ വർത്തിച്ചതു്" എന്ന് യേശു ആ പണ്ഡിതനോടു ചോദിച്ചു.

"പീഡിതനോട്ട് കരുണ പ്രദർശിപ്പിച്ച സമരിയാക്കാരൻ തന്നെയാണ് നല്ല അയൽക്കാരൻ".

ഇതു കേട്ടു യേശു പറഞ്ഞു:

"ആ സമരിയാക്കാരനെപ്പോലെ വർത്തിക്കുക. നിന്നെപ്പോലെ നിൻെറ അയല്ക്കാരെയും സ്നേഹിക്കുക."

---

പാഠം ൧൦

## ഗൗരീശങ്കരം

ഹിമാലയ പർവ്വതത്തെപ്പററി നിങ്ങൾ എല്ലാവരും കേട്ടിരിക്കുമല്ലോ. അതു് ഇൻഡ്യാമഹാരാജ്യത്തിൻെറ വടക്കേ അതിർത്തിയിൽ കിഴക്കു പടിഞ്ഞാറു വലിയ ഒരു കോട്ട പോലെ കിടക്കുന്നു. ലോകത്തിലെ ഏററവും പൊക്കം കൂടിയ പർവ്വതമാണ് ഹിമാലയം. ഭൂമിയിൽ നിന്നു വളരെ ഉയർന്നു പോകുന്തോറും തണുപ്പു കൂടി വരും. അതുകൊണ്ടു് അഞ്ചു മൈലോളം പൊക്കമുള്ള ഹിമവാൻെറ ഉന്നതമായ കൊടുമുടികളിൽ മഞ്ഞു് ഉറഞ്ഞു കട്ടിപിടിച്ചു കിടക്കുന്നു. ഹിമാലയം എന്നാൽ മഞ്ഞിൻെറ വീട് എന്നാണ് അർത്ഥം.

ഇത്ര ഉയൎന്ന ആ മഞ്ഞുമലയിൽ വളരെ പൊക്കം കൂടിയ പല, കൊടുമുടികൾ ഉണ്ടു്. നന്ദാദേവി, നംഗാപൎവ്വതം, ധവളഗിരി, കാഞ്ചനഗംഗ, ഗൗരീശങ്കരം ഇവയാണു് ഏററവും പ്രധാനപ്പെട്ടവ. ലോകത്തിലെ ഏററവും ഉയൎന്ന കൊടുമുടി എന്നു പേരു കേട്ട ഗൗരീശങ്കരത്തിനു് ൨൯,൧൪൧ അടി പൊക്കം ഉണ്ടു്. പാൎവ്വതിയുടെയും പരമേശ്വരന്റെയും പേരാണു് അതിനു കിട്ടിയിട്ടുള്ളതു് എന്നുള്ളതിൽനിന്നു്ഇതിന്റെ മഹത്വവും പരിശുദ്ധിയും ഊഹിക്കാം. ആ കൊടുമുടിയുടെ ഉയരം ആദ്യമായി അളന്ന "എവറെസ്റ്റ്" എന്ന ധീരയുടെ പേരു കൊണ്ടാണു് അതിനെ ഇപ്പോൾ വിളിക്കുന്നതു്. ആകാശ ത്തിൽ തല ഉയൎത്തി നില്ക്കുന്ന ഈ ഗിരിശൃംഗത്തിൽ സൂൎയ്യന്റെ ചെങ്കതിരുകൾ വീഴുമ്പോൾ അതു കാണാൻ അത്യന്തം മനോഹരമാണു്.

ഈ പൎവ്വതശൃംഗത്തിന്റെ മുകളിൽ കയറാൻ പല കാലങ്ങളിൽ വളരെ പേർ ജീവനെ പണയം വച്ചു് ഒരു മ്പെട്ടിട്ടുണ്ടു്. തൂക്കായിക്കിടക്കുന്ന ഊക്കൻ മഞ്ഞുകട്ടി കളുടെ പുറത്തു കൂടി, പറഞ്ഞറിയിക്കാൻ കഴിയാത്ത പ്രയാസങ്ങളേററു് മുകളിൽ കയറാൻ ശ്രമിച്ചു. എന്നാൽ ഇന്നുവരെ ഗൗരീശങ്കരത്തിന്റെ ഉച്ചിയിൽ കാൽ വയ്ക്കാൻ ആൎക്കും കഴിഞ്ഞിട്ടില്ല. വല്ല മഹൎഷിമാരും തപശ്ശക്തി കൊണ്ടു് അവിടെ ചെന്നിട്ടുണ്ടെങ്കിൽ ആ കഥ നമുക്കു് അറിവുമില്ല.

ധീരന്മാരായ പല യൂറോപ്യന്മാരും ഗൗരീശങ്കരത്തി ന്റെ മുകളിൽ കയറാൻ കഴിഞ്ഞ ഇരുപത്തഞ്ചു വൎഷ മായി വലുതായ ശ്രമങ്ങൾ ചെയ്തിട്ടുണ്ടു്. അവർ അനു ഭവിച്ച കഷ്ടതകൾ എത്രയെന്നു് എളുപ്പത്തിൽ

പറയാവുന്നതല്ല. ഹിമാലയത്തിലെ തണുപ്പ് ഏററാൽ സാധാരണക്കാർ മരവിച്ചുപോകും. മേലോട്ടു പോകാൻ വഴിയോ, പിടിച്ചുകയറാൻ സൗകര്യമോ തീരെ ഇല്ല. ആയിരത്തിൽ കൂടുതൽ അടി പലപ്പോഴും ഒരേ തൂക്കായി കാണും. എല്ലുകളിൽ തുരന്നു കയറുന്ന തണുത്ത കാററ് അടിക്കുമ്പോൾ അവിടെ രാത്രി കഴിക്കാൻ യാതൊരു നിവൃത്തിയും ഇല്ല. വളരെ മുകളിൽ ചെന്നാൽ ശ്വസിക്കാൻ തന്നെ കഴിവില്ലാതെ വരും. ശ്വാസോച്ഛ്വാസം ചെയ്യാൻ അവിടെ കൃത്രിമമായ യന്ത്രങ്ങൾ ആവശ്യമാകും. കുറേ പൊക്കത്തിൽ കയറിയാൽ പിന്നെ അള്ളിപ്പിടിച്ച് ഇഴഞ്ഞേ മേലോട്ടു പോകാൻ കഴിയൂ. ഒരു ദിവസം മുഴുവൻ കൊണ്ട് ഏതാനും അടി സ്ഥലം മാത്രമേ പിന്നിടാൻ സാധിക്കയുള്ളൂ. സഹിക്കാൻ പാടില്ലാത്ത ഇത്തരം പ്രയാസങ്ങൾ വക വയ്ക്കാതെ ഈ പർവതത്തിൽ കയറാൻ തുടങ്ങിയ ആളുകളുടെ പരിശ്രമത്തെപ്പററി ആരു തന്നെ ബഹുമാനിക്കയില്ല?

എത്രയോ വലിയ ഒരുക്കങ്ങളോടു കൂടിയാണ് പർവതം കയറാൻ പുറപ്പെടുന്നതു്. വഴി കണ്ടുപിടിക്കുന്നതിനും, ആഹാരം പാകം ചെയ്യുന്നതിനും, താവളത്തിനു സൗകര്യം ഉണ്ടാക്കുന്നതിനും മുൻകൂട്ടി ആലോചന ആവശ്യമാകുന്നു. ഗവണ്മെൻറിൻെറ അനുവാദവും, മല കയറാൻ പരിചയമുള്ള പലരുടെയും സഹായവും വേണം താനും. ഈ വിഷമതകളെല്ലാം ഇരുന്നിട്ടും 'സർ ഫ്രാൻസിസ് യങ്ങ്ഹസ്ബൻഡ്' എന്ന ഒരാളും അദ്ദേഹത്തിൻെറ ചില കൂട്ടുകാരും ഈ കൊടുമുടി കയറാനായി ശ്രമിച്ചു. ഇതു് ൧൯൨൧-ാമാണ്ടു് ആയിരുന്നു. ഡാർജിലിംഗിൽ നിന്നു് അവർ യാത്ര പുറപ്പെട്ടു. ഭയങ്കരമായ

മഴ അവരുടെ പ്രയാസം വർദ്ധിപ്പിച്ചു. മനോഹരമായ
വനപ്രദേശങ്ങളിലൂടെ അവർ "ററിബെററിൽ" കടന്നു. കുറേ
ദിവസം ചെന്നപ്പോൾ മഴ മാറി. രണ്ടു മൂന്നു മാസത്തെ
ശ്രമം കൊണ്ടു് അടിവാരത്തിൽ നിന്നു കൊടുമുടിയിലേ
ക്കുള്ള വഴി കണ്ടുപിടിച്ചു. എന്നാൽ അപ്പോഴേക്കും ധ്രുവ
പ്രദേശങ്ങളിലെപ്പോലെ തണുത്ത കാററു വീശിത്തുടങ്ങി.
അതിനാൽ അവർ തിരിച്ചു് ഇംഗ്ലണ്ടിലേക്കു പോയി.

അടുത്ത വർഷം വേറൊരു സംഘക്കാർ പർവ്വതം
കയറാൻ തയാറായി. അതിൽ യൂറോപ്യന്മാരും ഇൻഡ്യാ
ക്കാരും ഉൾപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ നെയ്യൂർ മിഷൻ
ആശുപത്രിയിൽ വളരെ കാലം ഡാക്ടർ ആയി സേവനം
നടത്തിയ സോമർവെൽ എന്ന സായ്‌വും ഉണ്ടായിരുന്നു.
൨൧,൦൦൦ അടി പൊക്കത്തിൽ ചെന്നു് അവർ താവള
മടിച്ചു. അവിടെ നിന്നു പ്രയാസപ്പെട്ടു് ൨൫,൦൦൦ അടി
പൊക്കത്തിൽ കയറി. അവിടെ വെയിലിനു് കഠിനമായ
ചൂടു് ഉണ്ടായിരുന്നു. എന്നാൽ കാററിന്റെ തണുപ്പും
അതുപോലെ തന്നെ അസഹ്യമായിരുന്നു. ആ സ്ഥിതി
യിൽ മേല്പോട്ടു പോകാൻ അവർക്കു നേരിട്ട വിഷമം
പറഞ്ഞറിയിക്കാവതല്ല. എങ്ങനെയോ പണിപ്പെട്ടു്
ഏതാണ്ടു് ൨൭,൦൦൦ അടിയോളം പൊക്കത്തിൽ ചെന്നു്
എത്തി. അപ്പോഴേക്കും അവരിൽ പലരുടെയും വിരലു
കൾ മരവിച്ചുപോയി. സോമർവെൽ ഒഴികെ സംഘത്തിൽ
പെട്ട മററു് എല്ലാവരും തീരെ കുഴഞ്ഞു. അതിനാൽ
അവർ പിൻതിരിഞ്ഞു പോന്നു. തിരിച്ചുള്ള യാത്ര
പോലും അവർക്കു വളരെ പ്രയാസമായി തോന്നി.

പിന്നീടു് ഈ പർവ്വതം കയറാൻ മുതിർന്ന സംഘം
ശ്വാസോച്ഛ്വാസം ചെയ്യാൻ വേണ്ട യന്ത്രങ്ങളോടു

കൂടിയാണു പുറപ്പെട്ടതു്. ഭീമമായ മഞ്ഞുകട്ട തെന്നി ഒഴുകി വന്നു് അവരിൽ പലരെയും മൂടിക്കളഞ്ഞു. ശേഷമുള്ളവർ കഷ്ടിച്ചു രക്ഷപ്പെട്ടു. രണ്ടു വർഷം കഴിഞ്ഞു് മല കയറാനുള്ള ശ്രമം വീണ്ടും തുടന്നു. മുമ്പിലത്തെ സംഘത്തിലുള്ള പലരും അതിൽ ചേൎന്നു. അത്തവണ യാത്ര കുറേ കൂടി വിഷമമുള്ളതായിരുന്നു. സോമർവെൽ ആയിരുന്നു സംഘത്തിന്റെ നായകൻ. പല ആപത്തുകളിലും പെട്ടു് അവൎക്കു് തീരെ ആശ നശിച്ചു. എങ്കിലും ഈശ്വരകൃപ അവരെ രക്ഷിച്ചു. നോട്ടനും സോമർവെല്ലും ൨൫,൦൦൦ അടി പൊക്കത്തിൽ ചെന്നു. അവരോടു കൂടി നാലു കൂലിക്കാരും ഉണ്ടായിരുന്നു. ഇടയ്ക്കിടെ നിന്നും കിതച്ചും ൨൭,൦൦൦ അടി പൊക്കം വരെ അവർ പണിപ്പെട്ടു് ഇഴഞ്ഞു കയറി. സോമർവെൽ അവിടെ നിന്നു. നോട്ടൻ തനിയെ മേലോട്ടുള്ള യാത്ര തുടന്നു. കൂട്ടുകാരന്റെ ഗതി സൂക്ഷിച്ചു നോക്കിക്കൊണ്ടു് സോമർവെൽ അവിടെ ഇരുന്നു. ൧൩൦ അടി കൂടി കയറി നോട്ടനും വിരമിച്ചു. അതിനു ശേഷം രണ്ടു പേരും ഒരുമിച്ചു് മനസ്സില്ലാതെ കീഴോട്ടു് ഇറങ്ങി.

അതിൽ പിന്നീടു് ഗൗരീശങ്കരത്തിന്റെ മുകളിൽ എത്താൻ വേറേ ചിലരും യത്നിച്ചു. നോർട്ടനെക്കാളും ൧൦൦ അടി കൂടി മുകളിൽ പോകാൻ മല്ലോറിക്കും ഇർവിനും സാധിച്ചു. എന്നാൽ ഒരു കൊടുങ്കാററിൽ അവർ അപ്രത്യക്ഷരായി. അവരെപ്പററി പിന്നെ യാതൊന്നും അറിഞ്ഞിട്ടില്ല. ഈ ദുഃഖസംഭവത്തോടു കൂടിയാണു് ഈ പർവതാരോഹണകഥ നില്ക്കുന്നതു്. മനുഷ്യന്റെ ശ്രമം ഈ കൊടുമുടിയെയും ഭാവിയിൽ അടിപ്പെടുത്താതിരിക്കയില്ല.

പാഠം ൧൧

# ശ്രീ രാമന്റെ വനയാത്ര

കല്യാണരൂപീ വനത്തിന്നു പോവാൻ
വില്ലും ശരം കൈക്കുപിടിച്ചോരു നേരം
മെല്ലെപ്പുറപ്പെട്ടു പിന്നാലെ സീതാ
കല്യാണിനീ ദേവി ശ്രീരാമ രാമ. ൧

മോദേന കൂടെപ്പുറപ്പെട്ട സീതാം
കോദണ്ഡധാരീ സമാലോക്യ രാമൻ
വൈദഗ്ദ്ധ്യശാലീ രമേശൻ പറഞ്ഞു
വൈദേഹി തന്നോടു ശ്രീരാമ രാമ. ൨

കാന്താരവിന്ദായതാക്ഷീ! മനോജ്ഞേ!
കാന്താരവാസം നിനക്കാവതല്ലേ.
ശാന്തേ! കുടുംബപ്രിയേ! താതപാദം
കാന്തേ ഭജിച്ചീടു ശ്രീരാമ രാമ. ൩

വൈദേഹി പോരേണ്ട പോരേണ്ട ബാലേ
പൈദാഹശാന്തിക്കുപായങ്ങളില്ലേ.
ഹേ ദേവി! കല്ലുണ്ടു മുള്ളുണ്ടു കാട്ടിൽ
പാദവ്യഥയ്ക്കുണ്ടു ശ്രീരാമ രാമ. ൪

വ്യാളങ്ങൾ സാലാവൃകദ്വീപി വൃന്ദം
വ്യാളീതരക്ഷുക്കൾ കാട്ടാനയുണ്ടേ
കാളുന്ന തീയുണ്ടു പോരേണ്ട ബാലേ!
നീലാരവിന്ദാക്ഷി ശ്രീരാമ രാമ. ൫

എന്നാര്യപുത്രൻ വനത്തിന്നു പോയാൽ
പിന്നെപ്പുരീവാസമെന്തിന്നു വേണ്ടു?
നിന്നോടു കൂടിട്ടു പോരുന്നു ഞാനും
എന്നാൾ മനോജ്ഞാംഗി ശ്രീരാമ രാമ. ൬

സൗഭ്രാത്രമുൾക്കൊണ്ടു പോവാൻ മുതിൎന്നു
സൗമിത്രി കൈകൂപ്പി നിന്നോരു നേരം
സൗമിത്രി മാതാവു ചൊന്നാളിവണ്ണം
സൗമിത്രി തന്നോടു ശ്രീരാമ രാമ. ൭

അച്ഛൻ നിനക്കിന്നു ശ്രീരാമചന്ദ്രൻ
അമ്മേ! വരാ സീത മാതാവു താൻ കേൾ
ഇപ്പൂരി കാന്താരമിന്നിങ്ങയോദ്ധ്യാ
കല്പിച്ചു പൊയ്ക്കൊൾക ശ്രീരാമ രാമ. ൮

ഗാഢം വളൎന്നോരു ദുഃഖേന ലോകർ
ചാടിച്ചു കണ്ണീരുമാബാലവൃദ്ധം
ചാടിപ്പുറപ്പെട്ടു തീരേ സമസ്താഃ
കൂടെത്തുടൎന്നങ്ങു ശ്രീരാമ രാമ. ൯

നാരീശിരോമാല കൈകേയി ചിത്തം
പാരിത്തരം കാരിരുമ്പിന്നു തുല്യം.
രാമാനനം കാണ്കിലേവൎക്കു ചിത്തം
ശൈഥില്യമാകാത്തു? ശ്രീരാമ രാമ. ൧൦

ക്രൂരീഗിരം കേട്ടു കൈകേയി മാതാ
മാനിച്ചു ചൊല്ലുന്നു വാചാ മഹാത്മാ
ദീനത്വമുൾക്കൊണ്ടു താതാജ്ഞ രാമൻ
മാനിക്ക വേണ്ടീല ശ്രീരാമ രാമ. ൧൧

കാണി ക്ഷണം നിന്നെ വേർപെട്ടിരുന്നാൽ
ദീനതയുൾക്കൊണ്ടു ദുഃഖിക്കുമസ്മാൻ
കാണാതെ വേർപെട്ടു നീ പോകിലിപ്പോൾ
പ്രാണങ്ങൾ പോകുന്നു ശ്രീരാമ രാമ. ൧൨

പാരിച്ച കണ്ണീരൊലിപ്പിച്ചു താതൻ
ചാരത്തു വന്നങ്ങു നില്ക്കുന്നനേരം
ചാരു സ്മിതം തൂകി വന്ദിച്ചു പോയി
ശ്രീരാമ ചന്ദ്രോപി ശ്രീരാമ രാമ. ൧൩

ഇന്നെത്ര ദൂരം നടക്കേണമാര്യാ!
എന്നങ്ങു ഭൂയോപി ഭൂയോപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ചു കണ്ണീർ
പ്രാചുര്യമായന്നു ശ്രീരാമ രാമ. ൧൪

[രാമായണം ഇരുപത്തുനാലുവൃത്തം]

൪

പാഠം ൧൨

# ഭഗീരഥൻ

'ഭഗീരഥപ്രയത്നം' എന്നു നിങ്ങൾ കേട്ടിരിക്കും. അതിൻെറ അർത്ഥം ഭഗീരഥൻ ചെയ്തതു പോലെയുള്ള കഠിനപ്രയത്നം എന്നാണ്. ഉദ്ദേശം സാധിക്കുന്നതിന് ഭഗീരഥനെപ്പോലെ പാടു പെട്ടിട്ടുള്ള വേറെ ആരെയും പററി അറിവ് ഇല്ല. ക്ഷീണിക്കാത്ത പരിശ്രമം ആണ് വിജയത്തിലേക്ക് ഉള്ള വഴി എന്നു ഭഗീരഥൻെറ കഥ തെളിയിക്കും.

പുരാതനകാലത്തു വടക്കേ ഇൻഡ്യ രക്ഷിച്ചുപോന്ന സൂര്യവംശത്തിലെ ഒരു രാജാവ് ആയിരുന്നു ഭഗീരഥൻ. ധർമ്മനിരതനായിരുന്ന ആ രാജാവു രാജ്യത്തെ വഴി പോലെ കാത്തരുളി. എങ്കിലും, പ്രജകൾക്കു ക്ഷേമം ഉണ്ടായില്ല. പന്ത്രണ്ടു വർഷത്തോളം അവിടെ മഴ പെയ്തില്ല. കൃഷി ചെയ്യാൻ നിവൃത്തിയില്ലാതെ ആയി. ഭൂമി ഉണങ്ങി വരണ്ടു. ജലം കിട്ടാതെ ജീവജാലങ്ങൾ നശിച്ചു. നാടു മുഴുവൻ ക്ഷാമം കൊണ്ടു വലഞ്ഞു.

എന്തു് ഉപായംകൊണ്ടു് ഈ കഷ്ടത പരിഹരിക്കാം എന്നു ഭഗീരഥൻ ആലോചന തുടങ്ങി. അങ്ങനെ ഇരിക്കെ ഒരു ദിവസം നാരദമഹർഷി അവിടെ എഴുന്നള്ളി. നാരദനെ പൂജിച്ചു സൽകരിച്ചിട്ടു ഭഗീരഥൻ ഇങ്ങനെ ചോദിച്ചു.

മഹാത്മാവായ അവിടന്ന് ഇങ്ങോട്ട് എഴുന്നള്ളി യതു ഞങ്ങളെ അനുഗ്രഹിക്കാൻ ആണെന്നു ഞാൻ വിശ്വസിക്കുന്നു. പന്ത്രണ്ടു വർഷമായി മഴ പെയ്യാത്തതിനാൽ എന്റെ രാജ്യം നശിക്കുമെന്നു മട്ടായി. ഞാൻ യാതൊരു പാപവും ചെയ്തിട്ടില്ല. അഥവാ, അറിയാതെ വല്ല ദ്രോഹവും ചെയ്തിട്ടുണ്ടെങ്കിലും, സാധുക്കളായ പ്രജകൾ കഷ്ടപ്പെടുന്നതിനു കാരണം എന്താണ്?

നാരദൻ:—(ആലോചിച്ചിട്ട്) കാരണം എന്തെന്നോ? അവിടത്തെ പൂർവന്മാരായ പലരുടെയും ആത്മാക്കൾ സദ്ഗതി കിട്ടാതെ വലയുന്നുണ്ട്. അവർക്കു തൃപ്തി വരുത്തിയാലേ ഈ രാജ്യത്തിൽ ക്ഷേമം ഉണ്ടാകയുള്ളു.

ഭഗീരഥൻ:—അതിന് ഉപായം എന്താണ് എന്നും കൂടി ഉപദേശിക്കണം.

നാരദൻ:—ഉപായം പറഞ്ഞുതരാം. പക്ഷെ, അതു നിങ്ങളെക്കൊണ്ട് എത്രത്തോളം സാധിക്കും എന്ന് എനിക്കു നിശ്ചയമില്ല.

ഭഗീരഥൻ:—അവിടത്തെ അനുഗ്രഹം ഉണ്ടെങ്കിൽ ഏതു കാര്യവും നിർവഹിക്കാൻ എനിക്കു ശക്തി ഉണ്ടാകും.

നാരദൻ:—ഉപായം വളരെ പ്രയാസം ഉള്ളതാണ്. മനുഷ്യസാധ്യമാണോ എന്നു കൂടി ഞാൻ സംശയിക്കുന്നു.

ഭഗീരഥൻ:—സാധ്യം അല്ലാത്തതു് എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും രാജ്യത്തിന്റെ ക്ഷേമത്തിനായിട്ടു ഞാൻ ജീവിതം അർപ്പിച്ചു കഴിഞ്ഞു. അതിനാൽ പ്രയാസം എന്തു തന്നെ ആകട്ടെ, ഉപായം പറഞ്ഞു തന്നാൽ ഞാൻ ശ്രമിക്കാം.

നാരദൻ:—ഉപായമോ? ദേവന്മാരുടെ ഗംഗാനദി ഈ രാജ്യത്തിൽ ഒഴുകാമെങ്കിൽ ഇവിടം സ്വർഗ്ഗം പോലെ ആയിത്തീരും. ആ നദിയിലെ പുണ്യജലം കൊണ്ടു പൂർവ്വന്മാരുടെ പിതൃക്കൾക്കും ഈ ഭൂമിക്കും സന്തുഷ്ടി ഉണ്ടാകും.

ഭഗീരഥൻ:—എന്തു ചെയ്താൽ ആ ദിവ്യനദി ഈ രാജ്യത്തിൽ ഒഴുകും എന്നു കൂടി പറഞ്ഞുതരണം.

നാരദൻ:—തപസ്സു ചെയ്തു ഗംഗാദേവിയെ പ്രസാദിപ്പിക്കണം. അങ്ങനെ ചെയ്താൽ ആ ദേവി അവിടത്തെ അഭീഷ്ടം സാധിക്കാനായി ഭൂമിയിലേക്കു് അവതരിക്കും.

ഉപദേശം അനുസരിച്ചു പ്രവർത്തിക്കുന്നതാണു് എന്നു പറഞ്ഞു ഭഗീരഥൻ നാരദനെ യാത്രയാക്കി. രാജ്യകാര്യങ്ങൾ നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടു ഭഗീരഥൻ തപസ്സു ചെയ്യാൻ പുറപ്പെട്ടു. ഹിമാലയത്തിൽ ചെന്നു ഗംഗയെ ഉദ്ദേശിച്ചു തപസ്സു തുടങ്ങി. ദാഹവും വിശപ്പും ഒന്നും അദ്ദേഹം വകവച്ചില്ല.

അങ്ങനെ വളരെ കാലം കഴിഞ്ഞു. ഒടുവിൽ ഗംഗ പ്രസാദിച്ചു പ്രത്യക്ഷപ്പെട്ടു. കൈ കൂപ്പിക്കൊണ്ടു ഭഗീരഥൻ ഇങ്ങനെ അറിയിച്ചു:—

ഭഗവതീ, അവിടന്നു കനിഞ്ഞു് എന്റെ രാജ്യത്തിലേക്കു വരണം. ദേവിയുടെ തീർത്ഥജലം കൊണ്ടേ എന്റെ പിതൃക്കൾക്കും രാജ്യത്തിനും നന്മ ഉണ്ടാവൂ.

ഗംഗ:—മഹാരാജാവേ, അവിടത്തെ തപസ്സുകൊണ്ടു ഞാൻ പ്രസാദിച്ചിരിക്കുന്നു. അങ്ങയുടെ അഭീഷ്ടം സാധിക്കും. ഞാൻ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു് ഇറങ്ങിവരാം. എന്നാൽ എന്റെ ധാരകൾ വലിയ ഊക്കോടെ വീഴുമ്പോൾ ഭൂമിക്കു് അതു സഹിക്കാൻ പ്രയാസം ആകും. ശ്രീപരമേശ്വരനു മാത്രമേ ആ ഭാരം താങ്ങാൻ കഴിയൂ. അതുകൊണ്ടു് ഭഗവാനെ പ്രസാദിപ്പിച്ചാൽ ഞാൻ ഭൂമിയിലേക്കു് അവതരിച്ചു കൊള്ളാം.

കഠിനമായ തപസ്സിനു ശേഷം ഇങ്ങനെ ഒരു വരം സന്തുഷ്ടിക്കു വക നല്കിയില്ല. ഭഗീരഥൻ ശിവനെ ഉദ്ദേശിച്ചു പിന്നീടു തപസ്സു തുടങ്ങി. ആദ്യത്തേതിലും കഠിനമായ ക്ലേശങ്ങൾ സഹിച്ചു. വളരെക്കാലം ചെന്നപ്പോൾ ശിവൻ ഭഗീരഥന്റെ തപോനിഷ്ഠകൊണ്ടു പ്രസാദിച്ചു. ഗംഗ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വീഴുമ്പോൾ തലയിൽ താങ്ങിക്കൊള്ളാം എന്നു പരമേശ്വരൻ സമ്മതിച്ചു.

ഭൂമിയിലേക്ക് അവതരിക്കണം എന്നു ഭഗീരഥൻ പിന്നെ ഗംഗയോടു പ്രാർത്ഥിച്ചു. ഗംഗ ആകാശത്തിൽ നിന്നു ശിവന്റെ ജടാഭാരത്തിൽ പതിച്ചു. ഏതാനും തുള്ളി വെള്ളം വീണതുപോലെ ആ വാരിപ്രവാഹം പരമേശ്വരന്റെ ജടയ്ക്കുള്ളിൽ മറഞ്ഞു. ഭഗീരഥൻ പിന്നെയും പ്രാർത്ഥന തുടങ്ങി. ഗംഗ ഹിമാലയത്തിലേക്ക് ഇറങ്ങി താഴോട്ട് ഒഴുകിക്കൊള്ളാൻ മഹാദേവൻ അനുഗ്രഹിച്ചു. ഭഗീരഥൻ കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെ ആ നദീദേവത ഒഴുകിത്തുടങ്ങി. ആഗ്രഹം ഫലിച്ചതുകൊണ്ട് ആ രാജാവിനു വലുതായ സന്തോഷവും ഉണ്ടായി. എന്നാൽ ഇത്രയും കൊണ്ടു പ്രയാസങ്ങൾ അവസാനിച്ചില്ല.

ഗംഗ ഇരമ്പിയിരച്ചു കൊണ്ടു കടൽ നോക്കി കുതിച്ചു. വഴിക്കു ജഹ്നുമഹർഷിയുടെ ആശ്രമം ഉണ്ടായിരുന്നു. ഇരച്ചു വരുന്ന വെള്ളം ആശ്രമത്തെ ഇളക്കും എന്നു മഹർഷിക്കു തോന്നി. അദ്ദേഹം തപശ്ശക്തികൊണ്ട് ആ നദിജലം മുഴുവൻ കൈക്കുമ്പിളിൽ ആക്കി ചെവിയിൽ അടച്ചു. ഭഗീരഥന്റെ ആശ തകർന്നു. അദ്ദേഹം മഹർഷിയെ സ്തുതിച്ച് പ്രസാദിക്കണമെന്നു പ്രാർത്ഥിച്ചു. വളരെ ദിവസങ്ങൾ പിന്നെയും ക്ലേശിക്കേണ്ടിവന്നു. അവസാനം മഹർഷി സന്തോഷിച്ചു. ഭഗീരഥന്റെ അപേക്ഷ അനുസരിച്ചു നദിയെ മോചിപ്പിക്കാം എന്നു സമ്മതിച്ചു.

ഗംഗാനദി പിന്നെയും ഒഴുകിത്തുടങ്ങി. പ്രയാഗ, കാശി, പാടലീപുത്രം എന്ന നഗരങ്ങൾ കടന്നു വംഗസമുദ്രത്തിലേക്കു പ്രവഹിച്ചു. ഗംഗയെ സമുദ്രം വളരെ സന്തോഷത്തോടെ സ്വീകരിച്ചു. ഭഗീരഥൻ അതിലെ വെള്ളം കൊണ്ടു പിതൃക്കൾക്കു തർപ്പണം നടത്തി. വരണ്ടു കിടന്ന ഭൂമിയുടെ ദാഹം ഗംഗാജലം കൊണ്ടു തീർന്നു. രാജ്യത്തിൽ ക്ഷാമം നിശ്ശേഷം ഇല്ലാതായി. വലുതായ ഫലവൃഷ്ടിയും ഒടുങ്ങാത്ത ഐശ്വര്യവും ആ രാജ്യത്തിൽ ഉണ്ടാകയും ചെയ്തു.

ആ രാജാവിന്റെ പ്രയത്നം അങ്ങനെ സഫലം ആയി. ഭഗീരഥൻ കൊണ്ടുവന്നതിനാൽ ആണു ഗംഗാനദിക്കു ഭാഗീരഥി എന്ന പേരു വന്നതു് എന്നും ഇവിടെ സ്മരിക്കാവുന്നതാണു്.

## പാഠം ൧൩

# കൃഷിയും ജന്തുശാസ്ത്രവും

നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട തൊഴിൽ കൃഷി ആണ്. അതിനാൽ കൃഷിക്ക് ഉപദ്രവം ചെയ്യുന്ന ജന്തുക്കളെപ്പററി പഠിക്കുന്നതുകൊണ്ടു നമുക്കു പ്രത്യേകം പ്രയോജനം ഉണ്ടു്. എലിയും ചാഴിയും വെട്ടുകിളിയും പലതരം പുഴുക്കളും, കുരുവി തുടങ്ങിയുള്ള കിളികളും കൃഷിക്കു നാശം ചെയ്യുന്നു. മലയിൽ ഉള്ള കൃഷികൾക്ക് ആന, പന്നി തുടങ്ങിയ മൃഗങ്ങളുടെ ശല്യം നേരിടുന്നു. ഇവയുടെ എല്ലാം ഉപദ്രവത്തിൽ നിന്നു കൃഷിയെ രക്ഷിക്കേണ്ടതു് അത്യാവശ്യം ആണല്ലോ.

പ്രാണികളെ പററി പഠിക്കുന്നതിൽ മനുഷ്യർ പണ്ടു മുതല്ക്കേ ശ്രദ്ധ കാണിച്ചുപോന്നു. എന്നാൽ ചെറിയ പ്രാണികളുടെ ജീവിത രീതിയെപ്പററി ആരാഞ്ഞു മനസ്സിലാക്കുന്നതുകൊണ്ടു് ഉള്ള പ്രയോജനം ഈയിടെ ആണ് പൂർണ്ണമായി ഗ്രഹിക്കാൻ ഇടവന്നിട്ടുള്ളതു്. പല പ്രാണികളിൽ നിന്നു കണക്കററ ഉപദ്രവം മനുഷ്യർ അനുഭവിക്കുന്നുണ്ടു്. അതിനു പ്രതിവിധി ചെയ്യുന്നതിനു ജന്തുശാസ്ത്രജ്ഞന്മാർ ശ്രമം ചെയ്തുപോരുന്നു. ഉപദ്രവം ചെയ്യുന്ന ഓരോ ജീവിയുടെയും ജീവിതരീതിയെപ്പററി സൂക്ഷ്മമായ അറിവ് ഈ വിഷയത്തിൽ വിജയം നേടാൻ

അത്യാവശ്യം ആണു്. അതിനെപ്പററി പഠിക്കുന്ന ആളുകളുടെ കണ്ടുപിടിത്തങ്ങൾ വില മതിക്കാൻ പാടില്ലാത്ത ഉപകാരം നമുക്കു ചെയ്തു തരുന്നു.

മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും ഉള്ള ഉപദ്രവം പ്രയാസം കൂടാതെ പരിഹരിക്കാൻ കഴിയും. എന്നാൽ അല്പപ്രാണികളിൽ നിന്നു് ഉള്ള ശല്യം തടയാൻ എളുപ്പമല്ല. ആനയുടെ ഉപദ്രവത്തിൽ നിന്നു രക്ഷ നേടുന്നതിനേക്കാൾ പ്രയാസമാണു് കൊതുകിൻെറ ശല്യം ഒഴിക്കുന്നതു്. എത്രയോ കാലമായി ഇത്തരം ജന്തുക്കളോടു മനുഷ്യൻ മല്ലടിച്ചുവരുന്നു. ഈ യത്നത്തിൽ മുമ്പു പൂർണ്ണമായ വിജയം കിട്ടിയില്ല; എന്നു മാത്രം അല്ല, അവയെ നശിപ്പിക്കാൻ ചെയ്ത പ്രയോഗങ്ങൾ ചിലപ്പോൾ പുതിയ ഉപദ്രവങ്ങളും ഉണ്ടാക്കി. ചാഴികളെ കൊല്ലാൻ ഉപയോഗിച്ച വിഷം ചില അനിഷ്ടങ്ങളും ഉളവാക്കി. മനുഷ്യനു് ഉപകാരമുള്ള ജന്തുക്കളും ആ വിഷം കൊണ്ടു തന്നെ നശിച്ചു. എന്നാൽ ശല്യം ചെയ്യുന്ന ജീവികളെ സംഹരിക്കാൻ ഇന്നു പുതിയ ഉപായം കണ്ടുപിടിച്ചിട്ടുണ്ടു് ഓരോ ജീവിക്കും പ്രകൃതിയിൽ തന്നെ ശത്രു കാണും. ആ വൈരിയെ കണ്ടുപിടിച്ചു്, ഉപദ്രവിയായ ജീവിയെ കൊന്നൊടുക്കാൻ വിടുകയാണു് ഇന്നു ചെയ്യുന്നതു്. കരിമ്പുകൃഷിക്കു നാശം ചെയ്യുന്ന ഒരു തരം വണ്ടു് ഉണ്ടു്. അതിനെ സംഹരിക്കാൻ ഒരു ശാസ്ത്രജ്ഞൻ പല പരീക്ഷണങ്ങളും നടത്തി. ഒടുവിൽ ആ വണ്ടിനെ തിന്നുന്ന ഒരു തരം പൂച്ചിയെ കണ്ടുപിടിച്ചു. ആ വണ്ടിൽ നിന്നു കരിമ്പുകൃഷിയെ അങ്ങനെ രക്ഷിച്ചു.

കള്ളിച്ചെടി ഒട്ടകത്തിനു നല്ല ഒരു ആഹാര സാധനം ആണ്. അതിനാൽ ആസ്ട്രേലിയായിൽ ഒട്ടകത്തെ ധാരാളമായി വളർത്താൻ തുടങ്ങിയപ്പോൾ അതിനു തീററിക്കു വേണ്ടി കള്ളിച്ചെടിയും നട്ടു പിടിപ്പിച്ചു. കള്ളി അതിവേഗത്തിൽ വർദ്ധിച്ചു ആ ഖണ്ഡം മുഴുവൻ നിറയും എന്ന മട്ട് ആയി. കള്ളിച്ചെടിയെ നശിപ്പിക്കുന്ന ഒരു പ്രാണിയെ അന്വേഷിച്ചു. വളരെ നാളത്തെ ശ്രമത്തിന്റെ ഫലമായി ചെറിയ ഒരു ജീവിയെ കണ്ടു പിടിച്ചു. ആ പ്രാണിയെ ധാരാളമായി വളർത്തി ആസ്ട്രേലിയായിൽ കൊണ്ടുപോയി വിട്ടു. കള്ളിച്ചെടിയുടെ അമിതമായ വർദ്ധന അങ്ങനെ നിലച്ചു.

തെങ്ങിനു വരുന്ന രോഗം കൊണ്ടു നമ്മുടെ നാട്ടിൽ വലുതായ നഷ്ടം നേരിടുന്നുണ്ടല്ലോ. ഇതു തടയാൻ പല ശ്രമങ്ങളും നടത്തിവരുന്നു. ഈ വിഷയത്തിൽ ഫീജി ദ്വീപത്തിൽ ചെയ്ത ഒരു പരീക്ഷണം നമുക്കു വഴി തെളിച്ചു കാണിക്കാൻ ഉതകും. ഒരു തരം പൂച്ചി വീണ് അവിടെ തെങ്ങിനു വലുതായ ദോഷം സംഭവിച്ചു. മലയായിൽനിന്ന് ആ പൂച്ചിയുടെ ശത്രുവായ ഒരു പക്ഷിയെ കണ്ടു പിടിച്ചു. അവയെ ഫീജി ദ്വീപത്തിൽ കൊണ്ടു വന്നു വിട്ടതിനോടുകൂടി അവിടെ തെങ്ങിനു പൂച്ചിയിൽ നിന്ന് ഉണ്ടായിരുന്ന ദോഷവും വിട്ടുമാറി. നമ്മുടെ രാജ്യത്തു തെങ്ങുകൾക്കു വരുന്ന രോഗത്തിനും ഈ തരത്തിൽ പ്രതിവിധി കണ്ടുപിടിക്കാമായിരിക്കും. എന്നാൽ

ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു ജന്തുവിനു വിരുദ്ധമായി പ്രയോഗിക്കുന്ന വേറൊരു ജന്തു തന്നെ ഉപദ്രവം ചെയ്യുന്നതായിത്തീർന്നേക്കാം. അതിനാൽ കണ്ടുപിടിക്കുന്ന ജന്തു നമുക്കു ദ്രോഹം ചെയ്യാത്തതായിരിക്കാനും ശ്രദ്ധിക്കണം. എലിയെ നശിപ്പിക്കാനായി വെസ്റ്റിൻഡീസ് ദ്വീപുകളിൽ കീരിയെ വളർത്തി. ഉദ്ദേശിച്ച കാര്യത്തിന് കുറെ നാൾ അവ പ്രയോജനപ്പെട്ടു. എന്നാൽ ക്രമേണ അവ അസംഖ്യമായി വർദ്ധിച്ച് കോഴിയെയും മററും കൊന്നു തിന്നാൻ തുടങ്ങി.

പ്രാണികളെപ്പററി പഠിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ ഈ കാര്യങ്ങളിൽ നിന്നു വ്യക്തമാകുമല്ലോ. കൃഷിക്കു നേരിടുന്ന ഉപദ്രവങ്ങൾ ശ്രദ്ധിച്ചു പരിഹരിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ആഹാര സാധനങ്ങൾക്കു് കുറവു് ഉള്ള കാലം ആണല്ലോ ഇതു്. വാഴയ്ക്കു് ഒരു തരം രോഗം ഉണ്ടായി വലിയ നഷ്ടം ഇപ്പോൾ സംഭവിക്കുന്നു. അതിനു ശരിയായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതു വളരെ ഉപകാരമായിരിക്കും. ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയണം.

---

പാഠം ൧൪

# ശ്രീരാമനും പൊന്മാനും

മാരീചൻ മനോഹരമായൊരു പൊന്മാനായി
ചാരുപുള്ളികൾ വെള്ളികൊണ്ടു, നേത്രങ്ങൾ രണ്ടും ൨
നീലക്കൽകൊണ്ടു ചേർത്തു മുഗ്ധഭാവത്തോടോരോ
ലീലകൾ കാട്ടിക്കാട്ടി കാട്ടിലുൾപ്പുക്കുംപിന്നെ ൪

വേഗേന പുറപ്പെട്ടും തുള്ളിച്ചാടിയുമനു-
രാഗഭാവേന ദൂരെപ്പോയ്നിന്നു കടാക്ഷിച്ചും ൬
രാഘവാശ്രമസ്ഥലോപാന്തേ സഞ്ചരിക്കുമ്പോൾ
രാകേന്ദുമുഖി സീത കണ്ടു വിസ്മയം പൂണ്ടാൾ. ൮

മായാനിർമ്മിതമായ കനകമൃഗം കണ്ടു
മായാസീതയും രാമചന്ദ്രനോടരുൾ ചെയ്തു. ൧൦

'ഭർത്താവേ കണ്ടീലയോ കനകമയമൃഗ-
മെത്രയും ചിത്രം ചിത്രം! രത്നഭൂഷിതമിദം. ൧൨
പേടിയില്ലിതിനേതുമെത്രയുമടുത്തു വ-
ന്നിടുന്നു മരുക്കമുണ്ടെത്രയുമെന്നു തോന്നും. ൧൪

കളിപ്പാനതി സുഖമുണ്ടിതു നമുക്കിങ്ങു
വിളിച്ചീടുക വരുമെന്നു തോന്നുന്നു നൂനം. ൧൬

പിടിച്ചുകൊണ്ടിങ്ങു പോന്നീടുക വൈകിടാതെ
മടിച്ചീടരുതേതും ഭർത്താവേ ജഗൽപതേ!" ൧൮

മൈഥിലീ വാക്യം കേട്ടു രാഘവനരുൾചെയ്തു
സോദരൻ തന്നോടു 'നീ കാത്തുകൊള്ളുക വേണം ൨൦
സീതയെയവൾക്കൊരു ഭയവുമുണ്ടാകാതെ-
യാതുധാനന്മാരുണ്ടു കാനനം തന്നിലെങ്ങും!' ൨൨
എന്നരുൾ ചെയ്തു ധനുർബാണങ്ങളെടുത്തുടൻ
ചെന്നുടൻ മൃഗത്തെക്കൈയ്യേൽക്കൊള്ളുവാൻ ജഗന്നാഥൻ ൨൪
അടുത്തു ചെല്ലുന്നേരം വേഗത്തിലോടിക്കളെ-
ഞ്ഞടുത്തു കൂടായെന്നു തോന്നുമ്പോൾ മന്ദമന്ദം ൨൬
അടുത്തു വരുമപ്പോൾ പിടിപ്പാൻ ഭാവിച്ചിട്ടും
പടുതയോടു ദൂരെക്കുതിച്ചു ചാടുമപ്പോൾ. ൨൮
ഇങ്ങനെ തന്നെയൊട്ടു ദൂരത്തായതു നേരം
എങ്ങനെ പിടിക്കുന്നു വേഗമുണ്ടിതിനേററം ൩൦
എന്നുറച്ചാശ വിട്ടു രാഘവനൊരു ശരം
നന്നായിത്തൊടുത്തുടൻ വലിച്ചു വിട്ടീടിനാൻ. ൩൨
പൊന്മാനതുകൊണ്ടു ഭൂമിയിൽ വീണനേരം
വന്മലപോലെയൊരു രാക്ഷസവേഷം പൂണ്ടാൻ ൩൪

മാരീചൻ തന്നെയിതു ലക്ഷ്മണൻ പറഞ്ഞതു
നേരത്രേയെന്നു രഘുനാഥനും നിരൂപിച്ചു. ൩൭
ബാണമേററവനിയിൽ വീണപ്പോൾ മാരീചനും
പ്രാണവേദനയോടു കരഞ്ഞാനയ്യോ പാപം' ൩൮
എഴുത്തച്ഛൻ.] [അദ്ധ്യാത്മരാമായണം—കിളിപ്പാട്ട്.

---

പാഠം ൧൫

# റിപ് വാൻ വിങ്കിൾ

വടക്കേ അമേരിക്കയുടെ വടക്കു കിഴക്കേ തീരത്തു ഹഡ്സൺ എന്നു് ഒരു തുറമുഖം ഉണ്ടു്. ഹഡ്സൺ നദി വന്നു വീഴുന്നതു് അവിടെ ആണു്. അതിനു പടിഞ്ഞാറായി ക്യാററ്സ്കിൽ പർവ്വതത്തിന്റെ ശിഖരം ആകാശത്തിൽ തല ഉയർത്തി നില്ക്കുന്നതു കാണാം. ദൂരെ നിന്നു് ഉള്ള കാഴ്ചയിൽ ആ പർവ്വതം വലിയ അത്ഭുതം ഉളവാക്കും. പല ആകൃതികളും ഛായകളും അതിൽ തെളിയുന്നതുപോലെ തോന്നും. അതിന്റെ ഗുഹകളിൽ വസിക്കുന്ന ഭൂതങ്ങളുടെയും ദേവതകളുടെയും വിളയാട്ടം കൊണ്ടാണു് ഇങ്ങനെ കാണുന്നതു് എന്നു് അവിടത്തുകാർ വിശ്വസിച്ചുപോരുന്നു.

ആ പർവ്വതത്തിന്റെ അടിവാരത്തു ചെറിയ ഒരു ഗ്രാമം സ്ഥിതി ചെയ്യുന്നു. അതു വളരെ പഴക്കം ഉള്ളതു് ആണു്. അമേരിക്കയിൽ ആദ്യം കുടിയേറിയ ഡച്ചുകാർ സ്ഥാപിച്ചതാണു് അതു്. വളരെ വർഷങ്ങൾക്കു മുമ്പു് അവിടെ റിപ് വാൻ വിങ്കിൾ എന്നു പേരായ ഒരു ആൾ താമസിച്ചിരുന്നു. 'വകയ്ക്കു കൊള്ളാത്തവൻ' എന്നും 'ശുദ്ധഗതിക്കാരൻ' എന്നും സാധാരണക്കാർ പറയാറുള്ള കൂട്ടത്തിൽ ആയിരുന്നു അയാൾ. വീട്ടുകാര്യം നോക്കുന്നതിലും മററു് ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിലും വിങ്കിൾ വെറും മടിയൻ ആയിരുന്നു. എന്നാൽ, വേറേ ആർക്കും എന്തും ചെയ്തുകൊടുക്കാൻ അയാൾ എപ്പോഴും ഉത്സാഹം കാണിച്ചു. അതുകൊണ്ടു് വായാടി ആയ ഭാര്യയുടെ ശകാരം കണക്കില്ലാതെ അയാൾ ഏററു. എന്നാൽ തിരിച്ചു് ഒരു വാക്കുപോലും പറയാൻ റിപ് വാൻവിങ്കിൾ ഒരിക്കലും മുതിർന്നില്ല. ആ സ്ത്രീ ഭർത്താവിനെ ചൊല്പടിയിൽ നിറുത്തി കുരങ്ങാടിച്ചു.

കാശിനു കൊള്ളാത്തവൻ ആണു താൻ എന്നു വിങ്കിളിനും നല്ല വിശ്വാസം ആയിരുന്നു. അതിനാൽ ഭാര്യയുടെ ശകാരങ്ങളും വീട്ടിലെ കുഴപ്പങ്ങളും ഒന്നും അയാളെ കണക്കററു് അലട്ടിയില്ല. ഭാര്യ ശകാരിക്കുമ്പോൾ ഒക്കെ തോൾ കുലുക്കി മിണ്ടാതെ ഇരിക്കയേ അയാൾ ചെയ്തിരുന്നുള്ളു. നിത്യവും ഇങ്ങനെ ചെയ്തു ചെയ്തു് ഇതു് അയാളുടെ സ്വഭാവമായിത്തീർന്നിരുന്നു. വീട്ടിലെ വിഷമങ്ങളിൽനിന്നു രക്ഷപ്പെടാൻ വിങ്കളിനു്

ഒരു ഉപായമേ ഉണ്ടായിരുന്നുള്ളു. ആ ഗ്രാമത്തിലെ തൊഴിലില്ലാത്തവരും വയസ്സന്മാരും അലസന്മാരും വേദാന്തികളും ചെറിയ ഒരു സത്രത്തിന്റെ മുററത്തു കൂടിയിരിക്ക പതിവ് ആയിരുന്നു. ആ സംഘത്തിൽ ഒരിക്കലും മുടങ്ങാത്ത ഒരു അംഗം ആയി വിങ്കിൾ കൂട്ടം. എന്നാൽ, അയാൾക്കു് അവിടെയും എപ്പോഴും രക്ഷ ഉണ്ടായിരുന്നില്ല. ഭയങ്കരി ആയ ഭാര്യ അവിടെച്ചെന്നും അയാളെ ആക്രമിക്കും. തന്റെ ഭർത്താവിനെ മടിയനാക്കുന്നതു് ആ സത്രത്തിൽ കൂടിയിരുന്നവർ ആണു് എന്നു പറഞ്ഞു് അവരെയും ആ സ്ത്രീ ശകാരിച്ചുപോന്നു.

സത്രത്തിലും രക്ഷ ഇല്ല എന്നു കണ്ടപ്പോൾ വിങ്കിൾ അടുത്തുള്ള പർവ്വതത്തിൽ അഭയം തേടാം എന്നു കരുതി. തോക്കു് എടുത്തുകൊണ്ടു് വനങ്ങളിൽ വേട്ടയ്ക്കു പോയി തുടങ്ങി. അപ്പോഴെല്ലാം വാൻ വിങ്കിളിനോടു കൂടി അയാളുടെ പട്ടിയും പോകും. ആ മൃഗത്തിനും ഗൃഹനാഥയെ വലിയ പേടി ഉണ്ടായിരുന്നു. അതിനാൽ തുല്യദുഃഖം ഉള്ള വാൻ വിങ്കിളും ആ പട്ടിയും ഒരുമിച്ചു കാട്ടിൽ പോകാൻ വളരെ ഇഷ്ടപ്പെട്ടു.

പതിവു പോലെ ഒരു ദിവസം വിങ്കിൾ വനത്തിൽ അഭയം പ്രാപിച്ചു. അന്നു വിശേഷിച്ചു് ഉത്സാഹം തോന്നിയതുകൊണ്ടു് അണ്ണാനെ വേട്ടയാടാൻ തക്കം നോക്കി പർവ്വതത്തിന്റെ ഒരു കൊടുമുടിയിൽ വലിഞ്ഞിഴഞ്ഞു കയറി. വിങ്കിൾ വിയർത്തു തളർന്നു് അതിന്റെ

മുകൾപ്പരപ്പിൽ ഒരിടത്തു ചെന്നു കിടന്നു. നാലു പാടും നോക്കി. പർവ്വതത്തിന്റെയും ദൂരെ കാണുന്ന സമുദ്രത്തിന്റെയും ഭംഗി കണ്ടു് അയാൾ സർവ്വവും മറന്നു. തിരിച്ചു പോകണം എന്നു് ഓർമ്മ ഉണ്ടായപ്പോഴേക്കും സൂര്യൻ അസ്തമിക്കാറായിരുന്നു. പർവ്വതത്തിൽനിന്നു് ഇറങ്ങാൻ തുടങ്ങിയാൽ താഴെ ചെല്ലുന്നതിനു മുമ്പു രാത്രി ആയിപ്പോകും. വീട്ടിൽ ചെന്നാൽ ഭാര്യയുടെ അലട്ടലും ഏല്ക്കണം. ഇങ്ങനെ വിഷമിച്ചു് അയാൾ പതുക്കെ ഇറങ്ങാൻ തുടങ്ങി.

കീഴോട്ടു് അധികം ഇറങ്ങിയില്ല; അപ്പോൾ 'റിപ് വാൻ വിങ്കിൾ, റിപ് വാൻ വിങ്കിൾ' എന്നു് ഉച്ചത്തിൽ ആരോ വിളിക്കുന്നതു കേട്ടു. ചുറ്റും നോക്കി. ആരെയും കണ്ടില്ല. വിങ്കിളിന്റെ സഹചാരി ആയ പട്ടി വല്ലാതെ മുരമുരുത്തു്, ശബ്ദം വന്ന ദിക്കിലേക്കു നോക്കി. അവിടെ തന്റെ പേരു പറഞ്ഞു വിളിക്കുന്നതു് ആരാണു് എന്നു വിങ്കിൾ പരുങ്ങി. പക്ഷേ, ഭാര്യ തന്നെ ഇങ്ങോട്ടു കടന്നിരിക്കുന്നോ? അല്ല. ഉററു നോക്കിയപ്പോൾ വിശേഷപ്പെട്ട ഒരു മനുഷ്യരൂപം പാറ കയറി മേലോട്ടു വരുന്നതു കണ്ടു. വിങ്കിളിനു് അത്ഭുതം ഉണ്ടായി. പൊക്കം കുറഞ്ഞു് ഉറച്ച ശരീരവും, നീണ്ടു വളർന്ന മീശയും താടിയും ആയിരുന്നു വന്ന ആളിന്റെ ലക്ഷണങ്ങൾ. മദ്യം നിറഞ്ഞ വലിയ ഒരു വീപ്പ അയാൾ ചുമലിൽ വഹിച്ചിരുന്നു. താങ്ങി സഹായിപ്പാനാണു്

അയാൾ വാൻ വിങ്കിളിനെ വിളിച്ചതു്. പരോപകാരി ആയിരുന്ന വിങ്കിൾ ആ അപേക്ഷ മടി കൂടാതെ സ്വീകരിച്ചു. അന്യോന്യം താങ്ങിയും പാറകളിൽ അള്ളിപ്പിടിച്ചും നീരൊലിപ്പുകൊണ്ടു് ഉണ്ടായ ഒരു ഇടുക്കവഴിയേ അവർ മേലോട്ടു കയറി. അങ്ങനെ അവർ ചുററും തൂക്കായ പാറകൾ ഉള്ള ഒരു തുറന്ന സ്ഥലത്തു ചെന്നുചേൎന്നു.

അവിടെ കണ്ട കാര്യങ്ങൾ വിങ്കിളിനു് അത്ഭുതം വൎദ്ധിപ്പിച്ചു. കാഴ്ചയിൽ വിശേഷപ്പെട്ട പല ആളുകളും കളികളിൽ ഏൎപ്പെട്ടു് ഒരു സ്ഥലത്തു് ഇരിക്കുന്നുണ്ടായിരുന്നു. അവർ യാതൊരു ശബ്ദവും പുറപ്പെടുവിച്ചിരുന്നില്ല. അവരെ കണ്ടു വാൻ വിങ്കിളിനു് അല്പം ഭയവും ഉണ്ടായി. മദ്യം കൊണ്ടുവന്ന ആൾ വിങ്കിളിനെ കൂട്ടിക്കൊണ്ടു് അവരുടെ അടുത്തു ചെന്നു. ഒന്നും പറയാതെ വീപ്പയിൽ നിന്നു മദ്യം പകൎന്നു് ഓരോരുത്തൎക്കും കൊടുത്തു. മൌനം അശേഷം ഭഞ്ജിക്കാതെ അവർ നിറയെ കുടിച്ചിട്ടു പിന്നെയും കളി തുടൎന്നു.

അല്പ സമയത്തിനുള്ളിൽ വിങ്കിളിനു ഭയം ഇല്ലാതായി. അടുത്തു ചെന്നു കുറച്ചു മദ്യം ആസ്വദിച്ചു. പതുക്കെപ്പതുക്കെ ആരും കാണാതെ കുറേ ഉള്ളിലാക്കി. തല കറങ്ങിത്തുടങ്ങി. കണ്ണു മയങ്ങിവന്നു. നിലത്തു് ഒരിടത്തു കിടപ്പുപിടിച്ചു. അങ്ങനെ ആനന്ദസമാധിയിൽ ലയിച്ചു.

വിങ്കിൾ നീണ്ട ഒരു ഉറക്കം ആണു് ഉറങ്ങിയതു്. തലയും പിടിച്ചു മന്തു വിട്ടു് ഉണൎന്നപ്പോൾ നല്ല ഉന്മേഷവും സുഖവും തോന്നി. കണ്ണു തുടച്ചു് എഴുന്നേററു. ഉദിച്ചു് ഉയൎന്ന സൂൎയ്യൻ പൎവ്വതത്തിൽ ചെങ്കതിരുകൾ പൊഴിച്ചുകൊണ്ടിരുന്നു. കുറച്ചു് ആലോചിച്ചപ്പോൾ ഉറങ്ങുന്നതിനു മുമ്പു് ഉണ്ടായ കാൎയ്യങ്ങൾ ഓൎമ്മവന്നു. ഒരു രാത്രി വീട്ടിൽ ചെല്ലാതെ കഴിച്ചുപോയല്ലോ എന്നു് അയാൾ നടുങ്ങി. ഭാൎയ്യയോടു് എന്താണു സമാധാനം പറയുക?

വിങ്കിൾ സഹചാരിയായ പട്ടിയെ അന്വേഷിച്ചു. അതിനെ അവിടെ എങ്ങും കണ്ടില്ല. ഉറങ്ങുന്നതിനു മുമ്പു് അവിടെ കളിച്ചുകൊണ്ടിരുന്ന ആളുകളും പൊയ്ക്കഴിഞ്ഞിരുന്നു. അവർ മദ്യം കൊടുത്തു തന്റെ പട്ടിയെയും മയക്കിക്കൊണ്ടു പോയതായി അയാൾ വിചാരിച്ചു! അതോ, വല്ല ചെറിയ വേട്ടയ്ക്കും അവിടെ എങ്ങാനും അതു ചുററിനടക്കു ആയിരിക്കുമോ? തോക്കു് എടുത്തുംകൊണ്ടു പുറപ്പെടാം എന്നു് ആലോചിച്ചു. അപ്പോഴാണു വേറേ ഒരു അത്ഭുതവും കണ്ടതു്. തോക്കു തുരുമ്പു പിടിച്ചു ചിന്ന ആയിപ്പോയിരുന്നു. വിങ്കിൾ കുഴങ്ങി.

ഏതായാലും അവിടെ നിന്നു പുറപ്പെടാൻ ഒരുങ്ങി. കൈകാലുകൾ നല്ലപോലെ അനങ്ങുന്നില്ല. ദേഹം മരവിച്ചതു് നിലത്തു കിടന്നതിനാൽ ആയിരിക്കാം എന്നു

കരുതി. പണിപ്പെട്ടു പർവ്വതത്തിൽനിന്നു് ഇറങ്ങി. മുൻപു കണ്ട സ്ഥിതികൾക്കു വലുതായ മാററം നേരിട്ടിരുന്നു. കഴിയുന്നതും വേഗത്തിൽ നടന്നു വീട്ടിൽ എത്താൻ ശ്രമിച്ചു. തന്റെ ഗ്രാമത്തിൽ ചെന്നപ്പോൾ വിങ്കിളിനു് അത്ഭുതം വളരെ കൂടുതൽ ആയി. അയാളുടെ ജീർണ്ണിച്ച വസ്ത്രങ്ങളും വളർന്ന താടിയും മീശയും കണ്ടു് അനേകം ആളുകൾ ചുററും കൂടി. അവരിൽ ഒരുത്തരെയും വിങ്കിളിനു പരിചയം ഉണ്ടായിരുന്നില്ല. ഇതു് എന്തു മറിമായം!

അയാൾ മുന്നോട്ടു നടന്നു. ഗ്രാമത്തിലെ വികൃതികളായ പിള്ളർ അയാളുടെ പുറകേ കൂട്ടമായി എത്തി. താൻ സ്വപ്നം കാണുക ആണോ എന്നുപോലും അയാൾ സംശയിച്ചു തുടങ്ങി. സംഭ്രമിച്ചും അത്ഭുതപ്പെട്ടും അയാൾ വീട്ടിൽ ചെന്നുചേർന്നു. കഷ്ടം! വീടു് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നു. വീട്ടിനു് ഉള്ളിൽ കയറി നോക്കി. അവിടെ ആരും ഉണ്ടായിരുന്നില്ല. ഏതായാലും ഭാര്യ അവിടെ ഇല്ലല്ലോ എന്നു് അയാൾ ആശ്വസിച്ചു. അവിടെ നിന്നു വിങ്കിൾ ഗ്രാമത്തിലെ സത്രത്തിലേക്കു നടന്നു. സത്രം നിന്ന സ്ഥലത്തു വേറൊരു പേരിൽ ഒരു ഹോട്ടൽ ആണു കണ്ടതു്. കാര്യം മനസ്സിലാകാതെ വിങ്കിൾ കുഴങ്ങി.

ഭ്രാന്തനെപ്പോലെ വിങ്കിൾ പരുങ്ങി നില്ക്കുന്നതു കണ്ടു പലരും അയാളെ വളഞ്ഞുകൂടി. പല തരം ചോദ്യങ്ങൾകൊണ്ടു് അയാളെ വിഷമിപ്പിക്കാൻ തുടങ്ങി.

കഥകൾ ഒന്നും അയാൾക്ക മനസ്സിലായില്ല. കൂട്ടുകാരെ പ്പറ്റി തിരക്കി. അവരെല്ലാം മരിച്ചുപോയി എന്നു ചുററും നിന്നവർ പറഞ്ഞു. റിപ് വാൻ വിങ്കിൾ എന്ന ഒരു ആളിനെ അറിയാമോ എന്ന് അയാൾ തുടൻ അന്വേഷിച്ചു. അടുത്തു നിന്ന ഒരു ആൾ പറഞ്ഞു:—

റിപ് വാൻ വിങ്കിളോ? അതാ! ആ നില്ക്കുന്ന പയ്യൻ ആണു്.

എന്താണു കഥ എന്നു വിങ്കിൾ അമ്പരന്നു.

വിങ്കിൾ:—വാൻ വിങ്കിളിൻെറ ഭാര്യയോ?

കൂട്ടത്തിൽ നിന്ന ഒരു സ്ത്രീ മുന്നോട്ടു വന്നു പറഞ്ഞു:—

എന്തിനു് എൻെറ അമ്മയെപ്പററി തിരക്കുന്നു?

വിങ്കിൾ:—അവൾ എൻെറ ഭാര്യയാണു്.

സ്ത്രീ:—(വിങ്കിളിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടു്) ആങ്! എൻെറ അപ്പനാണോ അവിടന്നു്? ഇരുപതു കൊല്ലമായി കാണാത്തതുകൊണ്ടു്, എന്നോ മരിച്ചിരിക്കും എന്നു് എല്ലാവരും വിശ്വസിച്ചു. അമ്മ മരിച്ചിട്ടു കുറച്ചു നാൾ ആയി. ഇപ്പോൾ ഞാനും ആ നില്ക്കുന്ന ചേട്ടനും മാത്രമേ ഉള്ളൂ.

താൻ ഇരുപതു വർഷം നീണ്ട ഒരു ഉറക്കം ഉറങ്ങി എന്നു വിങ്കിളിനു മനസ്സിലായി. അതിനിടയ്ക്കു് അമേരിക്ക മുഴുവൻ മാറിപ്പോയി. തൻെറ നാട്ടു് അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യമായതും അപ്പോഴേ അയാൾ അറിഞ്ഞുള്ളൂ.

---

പാഠം ഫന്ദ

## ചലച്ചിത്രം

സിനിമ എന്നു സാധാരണ പറഞ്ഞുവരുന്ന ചലച്ചിത്രം നിങ്ങളിൽ പലരും കണ്ടിരിക്കും. പട്ടണങ്ങളിൽ താമസിക്കുന്ന പലക്കും ഇതു് ഒരു നിത്യവിനോദമായി തീർന്നിരിക്കുന്നു. സിനിമ കണ്ടിട്ടുള്ളവരോടു് അതെത്ര രസകരമായ ഒരു പ്രദർശനമാണെന്നു പറയേണ്ടതില്ലല്ലോ. കണ്ണാനന്ദകരമായ ഗാനങ്ങളും മനോഹരമായ കാഴ്ചകളും തന്മയത്വമുള്ള അഭിനയങ്ങളും ഒത്തുചേർന്നു സിനിമ വിനോദകലകളുടെ മുന്നണിയിൽ ശോഭിക്കുന്നു.

രംഗങ്ങളുടെ ഭംഗിയിലും അഭിനയം കൊണ്ടുള്ള രസത്തിലും സിനിമ നാടകങ്ങളെ അതിശയിക്കുന്നു. തീവണ്ടി ഓടുന്നതും, കുതിരകൾ പാഞ്ഞു പോകുന്നതും, കടുവാ, പുലി, സിംഹം തുടങ്ങിയ ക്രൂരമൃഗങ്ങൾ വനത്തിൽ സ്വച്ഛന്ദമായി സഞ്ചരിക്കുന്നതും, വീരന്മാർ തമ്മിൽ പോരാടുന്നതും മററും സിനിമയിൽ കാണുമ്പോൾ സത്യം എന്നു തോന്നൽ ആർക്കും ഉണ്ടാകും.

സിനിമയ്ക്കും നാടകത്തിനും തമ്മിൽ വലിയ അന്തരം ഉണ്ടു്. സിനിമ ചലിക്കുന്ന ചിത്രങ്ങളാണു്. നാടകത്തിന്റെ കാര്യം ഇങ്ങനെ അല്ല എന്നു പറയണമെന്നില്ലല്ലോ. സിനിമാശാലയിലെ തിരശ്ശീലയിൽ നോക്കിയാൽ

കഥാപാത്രങ്ങൾ ഓടുകയും ചാടുകയും, ആടുകയും പാടുകയും ചെയ്യുന്നതായിത്തന്നെ തോന്നും. എന്നാൽ നടന്മാരുടെ ചിത്രങ്ങളുടെ നിഴലാണു നാം അവിടെ കാണുന്നതു്. സിനിമയിൽ മനുഷ്യചിത്രങ്ങൾ പാട്ടു പാടുന്നതു് അത്ഭുതകരമാണല്ലോ. ശബ്ദത്തെ യന്ത്രത്തിൽ ഗ്രഹിച്ചു വീണ്ടും പുറപ്പെടുവിക്കാൻ ഉതകുന്ന ഉപായം കണ്ടുപിടിച്ചിട്ടുണ്ടു്. നിങ്ങൾ ഗ്രാമഫോൺ (സ്വനഗ്രാഹി) പാട്ടുകൾ കേട്ടിരിക്കുമല്ലോ. ഏതാണ്ടു് അതുപോലെയാണു സിനിമയിലും പാട്ടുകളും ശബ്ദങ്ങളും കേൾപ്പിക്കുന്നതു്. ജീവനില്ലാത്ത ഈ ചിത്രങ്ങൾ എങ്ങനെയാണു് ആടുകയും പാടുകയും ചെയ്യുന്നതെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. ചിത്രങ്ങൾക്കു് ഓടാനോ ചാടാനോ പാടാനോ സാധ്യമല്ല. അവ അങ്ങനെ ചെയ്യുന്നതുമില്ല. നമുക്കു് അങ്ങനെ തോന്നുന്നുവെന്നേ ഉള്ളു. എന്തുകൊണ്ടാണു നമുക്കു് അങ്ങനെ തോന്നുന്നതു്?

ഒരു ഉദാഹരണം കൊണ്ടു് ഈ കാര്യം നമുക്കു് എളുപ്പത്തിൽ ഗ്രഹിക്കാം. ഒരു പരീക്ഷണം നടത്തിനോക്കിയാൽ കാര്യം വളരെ വേഗം മനസ്സിലാകും. നെല്ലു് അളക്കുന്നതിനു് ഉപയോഗിക്കുന്ന പറയോ, അല്ലെങ്കിൽ ഒരു വിപ്പയോ എടുക്കുക. വണ്ടിച്ചക്രത്തിന്റെ അച്ചുതണ്ടുപോലെ ഒരു ഇരുമ്പുകമ്പി പറയുടെ മദ്ധ്യഭാഗത്തുക്കൂടെ കയററി, പറയെ രണ്ടു മരക്കാലുകളിൽ ഇഷ്ടം പോലെ കറക്കത്തക്കവിധം ഉറപ്പിക്കുക. പറയുടെ ഒരു

വശത്ത് ഒരു കിളിയുടെ ചിത്രം വരയ്ക്കുകയോ പതിക്കുകയോ ചെയ്യുക. മറുപുറത്ത് ഒരു കിളിക്കൂടിന്റെ ചിത്രം വരയ്ക്കുകയോ ഒട്ടിക്കുകയോ ചെയ്യണം. അതിനു ശേഷം ആ പറയെ വേഗത്തിൽ കറക്കുക. അപ്പോൾ കിളി കൂട്ടിൽ ഇരിക്കുന്നതായി കാണാം. ഇതു വെറും തോന്നലാണെന്നല്ലാതിനു സംശയമില്ല. ഒരാൾ ഒരു കോണി കയറുകയാണ് എന്നു വിചാരിക്കുക. ഓരോ പടി കയറുമ്പോഴും അയാളുടെ ഓരോ ഫോട്ടോ എടുത്ത് ആ ചിത്രങ്ങൾ തുടർച്ചയായി പറയുടെ ചുററും ഒട്ടിക്കുക. പിന്നെ അതിവേഗത്തിൽ പറയെ കറക്കിനോക്കുക. ഒരാളിന്റെ പല ചിത്രങ്ങൾക്കു പകരം ഒരു ആൾ കോണി കയറുന്നതുപോലെ നമുക്കു തോന്നുന്നതാണ്. ഇതുപോലെ അടുക്കിവച്ച ചിത്രങ്ങൾ അതിവേഗത്തിൽ കറക്കുമ്പോൾ കാണുന്ന കാഴ്ചയാണ് സിനിമയിലും ഉള്ളത്.

ഒരു ആൾ ഓടുന്നതു സിനിമയിൽ കാണിക്കാൻ ഒരു ചിത്രം നിർമ്മിക്കണമെന്നു വിചാരിക്കുക. അതിന് ഒരു ആൾ ഓടുകയും, വേറൊരാൾ ഓടുന്ന ആളിന്റെ ഫോട്ടോകൾ എടുക്കുകയും വേണം. ഈ ഫോട്ടോകളെ ക്രമമായി അടുക്കി വേഗത്തിൽ ഒന്നിനു പിറകേ ഒന്നായി മറയത്തക്കവണ്ണം പ്രദർശിപ്പിച്ചാൽ ഒരു ആൾ ഓടുന്നതുപോലെ തന്നെ നമുക്കു തോന്നും. ഇതുപോലെ ആളുകൾ അഭിനയിക്കുന്ന രംഗങ്ങളുടെ ഫോട്ടോകൾ എടുത്താണു സിനിമ കാണിക്കുവാനുള്ള പടങ്ങൾ ഉണ്ടാക്കുന്നത്.

സിനിമയിൽ ഉപയോഗിക്കുന്ന പടങ്ങളെ ഫിലിമിൽ ആണു് എടുക്കുന്നതു്. /പീത്ത പോലെ വീതി കുറഞ്ഞു വളരെ നീളമുള്ളതും, കണ്ണാടി പോലെ വെളിച്ചം കടന്നു പോകുന്നതും ആയ ഒരു സാധനമാണു ഫിലിം./ ഓരോ ഫിലിമിലും അനേകായിരം ചിത്രങ്ങൾ തുടച്ചയായി മുദ്രണം ചെയ്തിരിക്കും. ഫിലിമിന്റെ ഓരോ അററവും കറങ്ങിക്കൊണ്ടിരിക്കുന്ന ഓരോ വട്ടിൽ (ചക്രത്തിൽ) ഘടിപ്പിച്ചിരിക്കും. ഒരു വട്ടിൽനിന്നു് അയഞ്ഞു വരുന്ന ഫിലിം മറേറ വട്ടിൽ ചുററും. ഇങ്ങനെ ചലിച്ചുകൊണ്ടിരിക്കുന്ന ഫിലിമിനു പുറകിൽ ശക്തിയേറിയ പ്രകാശം പ്രസരിപ്പിക്കുന്നു. ഫിലിമിൽ തട്ടിയാണല്ലോ ആ വെളിച്ചം പുറത്തേക്കു കടക്കുന്നതു്. നേരേ മുമ്പിൽ അല്പം അകലെയായി ഇരുട്ടത്തു സജ്ജീകരിച്ചിട്ടുള്ള ഒരു തിരശ്ശീലയിൽ ചിത്രങ്ങളുടെ നിഴലുകൾ പതിയുന്നതാണു്. ഈ നിഴലുകളാണു തിരശ്ശീലയിൽ കാണുന്നതു്. ചിത്രങ്ങളിൽ ഉള്ള രംഗങ്ങളും അഭിനയത്തിന്റെ ഭംഗിയും എല്ലാം യാതൊരു വ്യത്യാസവും കൂടാതെ ഈ നിഴലുകളിൽ നമുക്കു കാണാവുന്നതാണു്.

ചലച്ചിത്ര നിർമ്മാണത്തിൽ പല പരിഷ്കാരങ്ങളും അഭിവൃദ്ധികളും ഉണ്ടായിട്ടുണ്ടു്. / ഈ വ്യവസായത്തിനു ലോകത്തിലെ ഏററവും പ്രസിദ്ധിയേറിയ സ്ഥലം അമേരിക്കയിലുള്ള ഹോളിവുഡ്/ എന്ന നഗരമാണു്. ആടാനും പാടാനും സാമർത്ഥ്യമുള്ള ആളുകളാണു് ചലച്ചിത്രനിർമ്മാണത്തിനു വേണ്ടിയുള്ള അഭിനയങ്ങൾ

നടത്തുന്നതു്. സിനിമയ്ക്കു് അഭിനയിക്കുന്നതിൽ പ്രസിദ്ധി നേടിയ നടന്മാരെയും നടികളെയും സിനിമാ താരങ്ങൾ എന്നു പറഞ്ഞുവരുന്നു.

പരിഷ്കാരത്തിൽ മികച്ചു നില്ക്കുന്ന അമേരിക്ക, യൂറോപ്പു മുതലായ രാജ്യങ്ങളിൽ ആണു സിനിമ ആദ്യം അഭിവൃദ്ധിപ്പെട്ടതു്. എന്നാൽ ഇപ്പോൾ എല്ലാ രജ്യങ്ങളിലും ഇതു നല്ലവണ്ണം പ്രചരിച്ചിട്ടുണ്ടു്. ഇൻഡ്യയിലും പ്രശസ്തിയുള്ള പല സിനിമാക്കമ്പനികളും ഉണ്ടു്. ബൊംബെ പട്ടണമാണു് ഇക്കാര്യത്തിൽ മുന്നണിയിൽ നില്ക്കുന്നതു്. മദ്രാസ് തുടങ്ങിയുള്ള നഗരങ്ങളിലും നല്ല സിനിമാക്കമ്പനികൾ നടന്നുവരുന്നു. ഇൻഡ്യയിലെ പ്രധാനപ്പെട്ട ഭാഷകളിൽ എല്ലാം തന്നെ ഇപ്പോൾ സിനിമാപ്രദർശനം നടപ്പായിട്ടുണ്ടു്. ഹിന്ദി ചിത്രങ്ങളോടു് ആളുകൾക്കു് പ്രതിപത്തി കൂടും. തമിഴിലും മലയാളത്തിലും ഉള്ള ചിത്രങ്ങളും നമ്മുടെ സിനിമാശാലകളിൽ പ്രദർശിപ്പിക്കാറുണ്ടല്ലോ. മലയാളത്തിൽ സിനിമയ്ക്കു നല്ല ഒരു ഭാവി ഉണ്ടെന്നു കരുതാം.

വിജ്ഞാനത്തിനും വിനോദത്തിനും ഉപകരിക്കുന്ന ഒരു മാർഗ്ഗമാണു സിനിമ. പല രാജ്യങ്ങളിലെ കാഴ്ചകളും കഥകളും സിനിമയിൽ കാണാം. അതുകൊണ്ടു്, ലോകത്തിന്റെ എല്ലാ ഭാഗങ്ങളെയും പററി അറിവു ലഭിക്കാൻ ഇടയാകുന്നു. ഏതു നല്ല സാധനത്തെയും ദുരുപയോഗപ്പെടുത്തിയാൽ ഫലം ഗുണത്തിനുപകരം ദോഷമാണല്ലോ.

ഈ തത്വം സിനിമയുടെ കാര്യത്തിൽ നല്ലവണ്ണം തെളിയുന്നുണ്ടു്. നല്ല കഥകൾ സിനിമയിൽ പ്രദർശിപ്പിച്ചാൽ അതു സന്മാർഗ്ഗബോധത്തിനും വിജ്ഞാനസമ്പാദനത്തിനും ഉൽകൃഷ്ടമായ വിനോദത്തിനും ഉപകരിക്കും. എന്നാൽ അറിവില്ലാത്തവരും ബുദ്ധിയില്ലാത്തവരുമായ ആളുകളെ എങ്ങനെയെങ്കിലും രസിപ്പിച്ചു പണം തട്ടിയെടുക്കണമെന്നു മാത്രം കരുതി പല അസഭ്യ ചിത്രങ്ങളും ഇന്നു് ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു. ഇതുകൊണ്ടു സമുദായത്തിനു വലുതായ ദോഷങ്ങൾ നേരിടുന്നു. അതിനാൽ നല്ല ചിത്രങ്ങൾ മാത്രമേ കാണാവൂ എന്നു നമുക്കു നിർബന്ധം വേണ്ടതാണു്.

---

പാഠം ൰

# പാഞ്ചാലീസ്വയംവരം

'വില്ലിതു കുലയേററി ബ്ബാണങ്ങളിവകൊണ്ടു
ചൊല്ലിക്കൊണ്ടിഹ യന്ത്രം മുറിക്കുന്നവൻ തന്റെ ൧
വല്ലഭയല്ലോ നൂനമെന്നുടെ ഭഗിനി താൻ,
അല്ലാതെ ബലം നിങ്ങൾ കാട്ടുകിലിപ്പോൾ തന്നെ ൨
വല്ലായ്മയിന്നു വരുത്തീടുവനല്ലായ്കിൽ ഞാൻ
ഇല്ലാതെയാകവേണമെന്നുടെയച്ഛനാണെ' ൩

പിന്നൊത്തൻ ഭഗിനിയോടിവണ്ണമുര ചെയ്തു
'നിന്നെക്കാമിച്ചു വന്ന മന്നവന്മാരെ കാൺ നീ. ൧൯

ഇവരിലേവനിന്നു യന്ത്രത്തെ മുറിക്കുന്ന-
തവനെ മാലയിട്ടുകൊള്ളുക നീയും ബാലേ!" ൨൦

ധൃഷ്ടദ്യുമ്നനുമേവം പറഞ്ഞു ബോധിപ്പിച്ചു
പെട്ടെന്നു മൂടുപടമെടുത്തു പിൻ വാങ്ങിനാൻ. ൨൧

സവ്വവുമുപേക്ഷിച്ചു പാഞ്ചാലപുത്രിയായ
ദിവ്യകന്യക തന്നൊക്കൊണ്ടുപൊയ്യോൾവാ-
[നിപ്പോൾ ൨൨

എന്തൊരു കഴിവെന്നതൊഴിഞ്ഞു നൃപന്മാക്ക്
ചിന്തയില്ലേതും മററു സന്തതം മനക്കാമ്പിൽ. ൨൩

വില്ലെടുത്താക്കും കുലയ്ക്കായീല നൃപന്മാക്ക്
വല്ലാതെ തമ്മിൽത്തമ്മിൽ നോക്കിയങ്ങടങ്ങിനാർ ൨൪

വമ്പനാം ജരാസന്ധൻ കോപ്പിട്ടു ചെന്നു നേരേ
ഗംഭീരഭാവത്തോടു വില്ലുതു കുലയ്ക്കാനായ് ൨൫

എടുത്തു വളച്ചൊരു കടുകിൻമണി മാത്ര-
മടുത്തനേരം ദൂരെ മറിഞ്ഞു വീണിടിനാൻ. ൨൬

എല്ലെല്ലാം നുറുങ്ങിത്തൻ മുഴങ്കാലതും പൊട്ടി-
പ്പല്ലെല്ലാമിളകി വന്നോരു ചോരയും തുപ്പി. ൨൪

വില്ലും വച്ചുതുനേരം നാണിച്ചു വാങ്ങിപ്പോന്നാ-
നല്ലൽ പൂണ്ടപ്പോൾ തന്നെ പോയവൻ പുരി-
[പുക്കാൻ. ൨൬

ഇത്തരം വില്ലാളികളാകിയ നൃപേന്ദ്രന്മാ-
രത്തൽ പൂണ്ടെല്ലാവരും പിന്നെയടങ്ങിനാർ. ൨൮

ഭൂസുരജനം പൃഥ്വീനായകന്മാരെപ്പരി-
ഹാസമോടോരോതരം ഭർത്സിച്ചു തുടങ്ങിനാർ. ൩൦

നിർജ്ജരപതിസുതനർജ്ജുനനതു നേരം
സജ്ജനസഭാം വന്ദിച്ചുത്ഥാനം ചെയ്തീടിനാൻ. ൩൨

വിപ്രന്മാരതു നേരം മേൽപ്പുടവയും വീശി
'വിഭ്രമം ദ്വിജകുമാരന്നെന്തുണ്ടാവാനെ'ന്നാർ. ൩൪

'നമ്മളിങ്ങൊക്കെപ്പരിഹാസ്യന്മാരായ് വന്നീട്ടും
ദുർമ്മദമേറും ദ്വിജബാലകഭ്രാന്തിമൂലം.' ൩൬

ഈവണ്ണം ബഹുവിധം ബ്രാഹ്മണർ പറയുമ്പോൾ
കാർവർണ്ണൻ മുഖാംബുജം പാർത്തു ദേവേന്ദ്രാത്മജൻ ൩൮

അഗ്രജന്മാരോടനുവാദവും കൊണ്ടുമാദ്രേ-
യാഗ്രജൻ കനിഷ്ഠന്മാർ തന്നെയും കടാക്ഷിച്ചാൻ. ൪൦
എടുത്തു ചാപം പൊടി തുടച്ചു കുലച്ചുടൻ
തൊടുത്തു ബാണമഞ്ചും വലിച്ചു യന്ത്രമെയ്തു. ൪൨
പുഷ്പവൃഷ്ടിയും ചെയ്താർ ശിരസി ദേവഗണ-
മപ്പൊഴേ പാഞ്ചാലിയും മാലയുമിട്ടീടിനാൾ. ൪൪

എഴുത്തച്ഛൻ] [ഭാരതം കിളിപ്പാട്ട്.

---

പാഠം ൧൮.

## ഒരു എഴുത്ത്

തിരുവനന്തപുരം.
൨൫-൧൦-൧൧൨൨.

പ്രിയപ്പെട്ട അനുജന്,

വീട്ടിൽ നിന്നു തിരിച്ചു ദിവസം തന്നെ ഞാനും കേശവൻ നായരും ഇവിടെ വന്നുചേൎന്നു. ഞങ്ങൾ കേശവൻ നായരുടെ ജ്യേഷ്ഠന്റെ വീട്ടിലാണു തൽകാലം താമസിക്കുന്നതു്. ഗവണ്മെന്റു വക ഹാസ്റ്റലിൽ ഒരു മുറി എടുക്കണമെന്നാണു് എന്റെ ആഗ്രഹം. അടുത്ത ആഴ്ച മുതൽ താമസം അങ്ങോട്ടേക്കു മാററാം എന്നു കരുതുന്നു.

ആദ്യമായി ഇവിടെ വന്നതുകൊണ്ടു് കാണ്‍ന്നതു് എല്ലാം എനിക്കു പുതുമ തന്നെ. നാട്ടിന്‍പുറവും ഇവിടവും തമ്മില്‍ എന്തൊരു വ്യത്യാസം! നമ്മുടെ നാട്ടില്‍ പാടങ്ങളും പറമ്പുകളും കുറേ വീടുകളും മാത്രമല്ലേ ഉള്ളു? എന്നാല്‍ ഇവിടത്തെ കഥ അങ്ങനെ ഒന്നുമല്ല. എന്തു തിക്കും തിരക്കും ആണു് ഇവിടത്തെ റോഡുകളില്‍! ഇവിടെ വീടുകള്‍ വളരെ അടുത്തടുത്തു് ആണു്. അനേകം കടകളും കമ്പോളങ്ങളും കച്ചേരികളും കൊട്ടാരങ്ങളും അമ്പലങ്ങളും പള്ളികളും ആശുപത്രികളും ഇവിടെ ഉണ്ടു്. ഓരോന്നും സൗകര്യമുള്ളപ്പോള്‍ ചെന്നു കാണണമെന്നു ഞാന്‍ വിചാരിക്കുന്നു. ഇപ്പോള്‍ ആകെപ്പാടെ ചിലതു കണ്ടുവെന്നേ ഉള്ളു. കണ്ടതെല്ലാം എനിക്കു വളരെ സന്തോഷം ഉണ്ടാക്കി. ഇവ ഓരോന്നിനെപ്പററിയും വിസ്തരിച്ചു് എഴുതി അയച്ചുകൊള്ളാം. ഇന്നലെ ചെന്നു കണ്ട കാഴ്ച്ച ബംഗ്ലാവു തോട്ടങ്ങളെ പററി ചിലതു പറയാം. അതു കേള്‍ക്കാന്‍ അനുജനു സന്തോഷം ഉണ്ടായിരിക്കും.

പട്ടണത്തിന്‍െറ പ്രധാനപ്പെട്ട ഒരു റോഡിന്‍െറ അരികിലാണു് ഈ പൂന്തോട്ടം തീര്‍ത്തിട്ടുള്ളതു്. ഇത്തരം തോട്ടങ്ങള്‍ക്കു 'പബ്ളിക്കു ഗാര്‍ഡന്‍സ്' എന്നും 'പാര്‍ക്കു്' എന്നും ഇംഗ്ലീഷില്‍ പറയുന്നു. ഈ ഉദ്യാനം തിരുവനന്തപുരത്തെ വിശേഷപ്പെട്ട സ്ഥാപനങ്ങളില്‍ ഒന്നാണു്.

പടിഞ്ഞാറോട്ടു ചരിഞ്ഞ ഒരു കുന്നിലാണു് ഈ തോട്ടം. വടക്കുകിഴക്കും തെക്കുപടിഞ്ഞാറുമായി ഇതിനു

പ്രധാനപ്പെട്ട രണ്ടു കമാനങ്ങൾ ഉണ്ടു്. വിചിത്രമായി പണി കഴിപ്പിച്ചിട്ടുള്ള ഈ ഉന്നത കവാടങ്ങളും, തോട്ടത്തിനു ചുററും അരമതിലിനു മേൽ ഉറപ്പിച്ചിട്ടുള്ള ഇരുമ്പു വേലിയും ഇതിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. രണ്ടു കമാനങ്ങളെയും തോട്ടത്തിന്റെ മററു ഭാഗങ്ങളെയും യോജിപ്പിക്കുന്ന നല്ല പല റോഡുകളും ഇവിടെ ഉണ്ടു്. കുന്നും ചരിവും പല തട്ടുകളാക്കി തീർത്തിട്ടാണു തോട്ടത്തിനു ഭംഗി വരുത്തിയിരിക്കുന്നതു്. പല ഭാഗങ്ങളിലും പുല്ലു വച്ചു പിടിപ്പിച്ചിട്ടുള്ളതു പരവതാനി വിരിച്ചതു പോലെ കാണാം. കുന്നിന്റെ പടിഞ്ഞാറെ താഴ്വരയിൽ നല്ല ഒരു തടാകം നിർമ്മിച്ചിരിക്കുന്നു. അവിടെ വള്ളം കളിക്കാൻ സൗകര്യം ഉണ്ടു്. ഈ തടാകത്തിനു ചുററുമുള്ള വഴിയെ നടക്കാൻ പ്രത്യേകിച്ചും സുഖം തോന്നും.

തോട്ടത്തിന്റെ എല്ലാ ഭാഗങ്ങളിലും വൃക്ഷങ്ങളും ചെടികളും ക്രമമായി നട്ടു പിടിപ്പിച്ചിരിക്കുന്നു. വിവിധ വർണ്ണമുള്ള പൂക്കൾകൊണ്ടു് ഈ വൃക്ഷങ്ങൾ ശോഭിക്കുന്നു. തോട്ടത്തിൽ പൂത്തു നിൽക്കുന്ന മരങ്ങളിൽ വാകയും അശോകവും നോക്കിക്കൊണ്ടു ഞാൻ വളരെ നേരം ഇരുന്നു പോയി. ഇവിടെ ഉള്ള മരങ്ങളിൽ വിദേശത്തു നിന്നു കൊണ്ടുവന്ന വൃക്ഷങ്ങൾ പ്രത്യേകിച്ചും കാണാനുള്ളതാണു്. അവയിൽ പനകൾ എനിക്കു വളരെ ഇഷ്ടപ്പെട്ടു. വിചിത്രമായ ആകൃതിയുള്ള ഇലകൾ കൊണ്ടും, വലിയ പൂങ്കുലകൊണ്ടും, പഴുത്തു ചുവന്നു് കുലകുലയായി

കിടക്കുന്ന കാര്യങ്ങൾ കൊണ്ടും ഓരോ പനയ്ക്കും ഉള്ള അഴകു് ഒന്നു വേറെയാണു്. ഈ തോട്ടത്തിനു് അവ നല്ല അലങ്കാരമായി ശോഭിക്കുന്നു. ഈ മാതിരി ചില പനകൾ വീട്ടിൽ നട്ടുവളർത്തണമെന്നു് എനിക്കു് ആഗ്രഹം ഉണ്ടായി.

കമഴ്ത്തി വച്ച കുമ്പിളിന്റെ ആകൃതിയിൽ വളരെ പൊക്കത്തിൽ വളർന്നു നില്ക്കുന്ന ചില വിദേശ വൃക്ഷങ്ങൾ ഇവിടെ ഞാൻ കണ്ടു. ഫിർ (Fir) എന്നാണു് ഇതിനു് ഇംഗ്ലീഷിൽ പേരു്. നടുക്കു് ഒരു തൂണുപോലെ വളരുന്ന തായ്ത്തടിയിൽ ക്ലിപ്തമായ അകലത്തിൽ നാലു പാട്ടേയ്ക്കും പുറപ്പെടുന്ന ശാഖകൾ നല്ല വൃത്തത്തിൽ നില്ക്കുന്നു. ഇതിന്റെ അടിയിൽ ശാഖകൾ വളരുന്നതു് കമ്പ വിളക്കിന്റെ തട്ടുകളുടെ ആകൃതിയിൽ ആണു്. ശാഖകളിൽ വളരുന്ന ചില്ലിക്കമ്പുകൾ ഏതാണ്ടു കട്ടിയുള്ള രോമങ്ങൾ എന്നു തോന്നുന്ന ഇലകൾ കൊണ്ടു് പൊതിഞ്ഞിരിക്കുന്നു.

ഈ ഉദ്യാനത്തിൽ അനേകം ഇനത്തിൽ പെട്ട ചെടികളും ലതകളും ഉണ്ടു്. വരിയായും, ആനയുടെയും ശംഖുമുദ്രയുടെയും മററും ആകൃതിയിലും തടമെടുത്തു് അവയിൽ ഭംഗിയുള്ള ചെറുചെടികൾ വളർത്തിയിരിക്കുന്നു. ഇവയിൽ പലതിന്റെയും പൂക്കൾ കാണേണ്ടതാണു്. ഒരിടത്തു് ചുവന്ന പൂക്കൾ കാററിലലഞ്ഞു് ആടി മനസ്സു കവരുന്നു. നല്ല മഞ്ഞ നിറത്തിലും നീല നിറത്തിലുമുള്ള പൂക്കൾ വേറൊരിടത്തേക്കു് നമ്മെ ആകർഷിക്കും. എത്ര നേരം

എങ്കിലും കണ്ണെടുക്കാതെ ഈ പൂക്കളിൽ നോക്കി ക്കൊണ്ടിരിക്കാം. പൂക്കൾ ഇല്ലാത്ത ഭംഗിയുള്ള ചെടികളും ഈ തോട്ടത്തിൽ ചുരുക്കമല്ല. ചട്ടിയിൽ വളർത്തിയിട്ടുള്ള പനകളും ചെടികളും കെട്ടിടങ്ങളുടെ വാതിൽക്കലും മററും അടുക്കി വച്ചിരിക്കുന്നതു കണ്ടു് എനിക്കു് വലിയ സന്തോഷം ഉണ്ടായി. സസ്യശാസ്ത്രസംബന്ധമായി പ്രാധാന്യമുള്ള ചെടികളും ലതകളും ഇരുമ്പുവലകൊണ്ടു മേൽക്കൂരയുള്ള ഒരു പന്തലിൽ വളർത്തിയിരിക്കുന്നതു കണ്ടു. തോട്ടത്തിൻെറ ചില ഭാഗങ്ങളിൽ മണ്ണിട്ടു പൊക്കി പാറ ക്കഷണങ്ങൾ വച്ചു് ചെറുകുന്നുകൾ ഉണ്ടാക്കി ചെടികളും മരങ്ങളും നട്ടിരിക്കുന്നതും കാണേണ്ടതാണു്. ചില ചെടി കൾ മയിലിൻെറയും മററും ആകൃതിയിൽ വെട്ടി നിറുത്തി യിട്ടുണ്ടു്. ഇതു് എനിക്കു ഒരു പുതുമയായി തോന്നി.

കുന്നിൻെറ ഏററവും ഉയൎന്ന ഭാഗത്താണു് കാഴ്ച ബംഗ്ലാവു് നില്ക്കുന്നതു്. ഇതു വിചിത്രമായ രീതിയിൽ നിൎമ്മിച്ചിട്ടുള്ള ഒരു കെട്ടിടം ആണു്. മുമ്പു് ഇവിടെ പ്രകൃതി ശാസ്ത്രസംബന്ധമായ വസ്തുക്കൾ പ്രദൎശിപ്പിച്ചിരുന്നു. ശില്പസംബന്ധമായ കൗതുകസാധനങ്ങളാണു് ഇപ്പോൾ ഇവിടെ സൂക്ഷിച്ചിരിക്കുന്നതു്. ഈ കെട്ടിട ത്തിൻെറ വടക്കു വശത്തു കുറച്ചു താഴെയായി എട്ടു പട്ടത്തിലുള്ള ഒരു മണ്ഡപം നില്ക്കുന്നു. ഇതിൻെറ മേൽക്കൂര ഈ നാട്ടിൻെറ രീതിയിലല്ല. അതിൻെറ സ്തൂപികയും കൂരയുടെ പുറവടിവും കണ്ടാൽ പടത്തിൽ കണ്ടിട്ടുള്ള ബൎമ്മായിലെ ബുദ്ധക്ഷേത്രങ്ങളുടെ ഓൎമ്മ വരും. സന്ദർശകരുടെ വിനോദത്തിനു വേണ്ടി

ഈ മണ്ഡപത്തിൽ വച്ചു വെള്ളിയാഴ്ചതോറും പട്ടാളക്കാർ ബാൻഡുവായന നടത്താറുണ്ടു്. പല ദേശങ്ങളിലെയും വിശിഷ്ടമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ശ്രീചിത്രാലയവും ഇതിനു് അടുത്തു തന്നെ.

ഈ തോട്ടങ്ങളിലുള്ള വേറേ ഒരു പ്രധാന സ്ഥാപനത്തെപ്പററിയും പറയാം. മൃഗങ്ങളെയും പക്ഷികളെയും പ്രദർശിപ്പിക്കുന്ന സ്ഥാപനമാണു് അതു്. ആ സ്ഥാപനം കാണാൻ ദിവസവും അനേകം ആളുകൾ വരുന്നു. കുന്നിൻെറ പടിഞ്ഞാറേചരിവിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിടങ്ങളിലും കൂട്ടുകളിലുമാണു് ജന്തുക്കളെ സൂക്ഷിച്ചിരിക്കുന്നതു്. സിംഹം, കടുവാ, പുലി, കരടി, കാട്ടുപോത്തു്, പന്നി, മ്ലാവു്, മാൻ, ജിറാഫു്, കുരങ്ങു് മുതലായി അനേകം ഇനത്തിലുള്ള മൃഗങ്ങളെ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ഇവയെ ആദ്യം കാണുന്നവർ വളരെ നേരം നോക്കിക്കൊണ്ടു നിന്നുപോകും. എല്ലാ മൃഗങ്ങളെയും കാണാൻ എനിക്കു രസം തോന്നി. എങ്കിലും ജിറാഫിൻെറ അടുത്താണു ഞാൻ കൂടുതൽ സമയം കഴിച്ചതു്. അതിനെ 'പുള്ളിമാൻ ഒട്ടകം' എന്നാണു് നമ്മുടെ ഭാഷയിൽ പറയുന്നതു്. ഈ മൃഗം ആഫ്രിക്കയിൽ ഉള്ളതാണു്. അതിൻെറ കാലുകൾക്കും കഴുത്തിനും അസാധാരണമായ നീളമുണ്ടു്. തല പൊക്കിപ്പിടിച്ചു നില്ക്കുമ്പോൾ അതിനു ഇരുപതടിയോളം പൊക്കം വരും. കങ്ഗരുവിനെ കാണാനും കൗതുകം തോന്നി. അതു് ആസ്ട്രേലിയായിൽ ഉള്ള ഒരു ജന്തുവാണു്. പിൻകാലുകളും വാലും കുത്തി അതു ചാടിച്ചാടി പോകുന്നതു ഞാൻ കുറേ നേരം നോക്കിക്കൊണ്ടു നിന്നു.

ആ മൃഗം കുട്ടികളെ വയററിനു പുറമേ ഉള്ള സഞ്ചിയിൽ ഇട്ടുകൊണ്ടാണു് സഞ്ചരിക്കുന്നതു്. അതിനാൽ അതിനെ സഞ്ചിമൃഗം എന്നു വിളിക്കുന്നു.

ഞാൻ പിന്നീടു കാണാൻ പോയതു കുരങ്ങുകളെ ഇട്ടിരുന്ന സ്ഥലം ആണു്. ഉറാങ്ങ്ഉട്ടാങ്ങ് എന്ന ആൾക്കുരങ്ങു തുടങ്ങി അനേകം തരത്തിൽ ഉള്ള മക്കടങ്ങൾ അവിടെ ഉണ്ടു്. അവയുടെ വികൃതികൾ കണ്ടാൽ മതി മറന്നു നിന്നു പോകും.

ഇവിടെ പ്രദശിപ്പിച്ചിട്ടുള്ള പക്ഷികളെയും പാമ്പുകളെയും കുറിച്ചു കൂടി സൂചിപ്പിക്കാം. നമ്മൾ കണ്ടിട്ടില്ലാത്ത എത്ര എത്ര തരത്തിലുള്ള പക്ഷികളാണു് ഇവിടെ ഉള്ളതു്. മയിലും തത്തയും വേഴാമ്പലും കഴുകനും മൂങ്ങയും കൊക്കും അന്നവും പലതരം കിളികളും ഇരുമ്പു വലച്ചുവരുള്ള മുറികളിൽ കാണാം. ചില കൊക്കുകൾ ഒരു കാലു പൊക്കിപ്പിടിച്ചു കണ്ണടച്ചു നിന്നു തപസ്സു ചെയ്യുന്നതു പോലെ തോന്നും. പൊൻനിറമുള്ള പെലിക്കൺ എന്ന അന്നത്തിനെ ആണു ഞാൻ വളരെ നേരം നോക്കിയതു്.

പക്ഷികളെ കാണാൻ വേണ്ടുവോളം സമയം ഞാൻ ചിലവാക്കിയില്ല. സന്ധ്യയ്ക്കു മുമ്പു തിരിച്ചു പോകാനുള്ള തിടുക്കം കൊണ്ടു് പാമ്പുകളെ ഇട്ടിരിക്കുന്നിടത്തു വേഗത്തിൽ പോകേണ്ടിവന്നു. നാം ചെറിയ രണ്ടു മൂന്നു തരം പാമ്പുകളെയല്ലേ കണ്ടിട്ടുള്ളു. ഇവിടെ വന്നു നോക്കണം

തടിയൻ പാമ്പുകളെ കാണാൻ. ഉരുണ്ടു നീണ്ട ഉടൽ പിണച്ചു് വലിയ വണ്ണമുള്ള ഒരു ആലാത്തു ചുരുട്ടി വച്ചിരിക്കുന്നതുപോലെ രണ്ടു മലമ്പാമ്പുകൾ കിടക്കുന്നതു ഞാൻ കണ്ടു. മററു പാമ്പുകളെയും വേഗത്തിൽ കണ്ടിട്ടു് ഇരുട്ടാകുന്നതിനു മുമ്പു തന്നെ ഞാൻ വീട്ടിലേക്കു പോയി.

ഇതുപോലെ മററു കാര്യങ്ങളെപ്പററിയും ഇനിയും എഴുതി അയച്ചുകൊള്ളാം. അനുജൻ ശ്രദ്ധിച്ചു പഠിക്കുന്നുണ്ടല്ലോ? അപ്പനും അമ്മയ്ക്കും അനുജനും രാധയ്ക്കും സുഖം തന്നെ എന്നു വിശ്വസിക്കുന്നു. എനിക്കു് ഇവിടെ ആവശ്യമുള്ള കാര്യങ്ങളെപ്പററി അടുത്ത എഴുത്തിൽ എഴുതാം എന്നു് അപ്പനെ അറിയിക്കണം.

എന്നു്
സ്നേഹത്തോടുകൂടി
ജ്യേഷ്ഠൻ മധു.

പാഠം ൧൯

# പുത്തരിയങ്കം

പഴയ കാലത്തു കേരളത്തിൽ പല കാര്യങ്ങൾക്കും അങ്കം നടത്തുക പതിവ് ആയിരുന്നു. വഴക്കു തീർക്കാനും അവകാശം സംബന്ധിച്ച തർക്കങ്ങൾ ഒതുക്കാനും നടത്തിയിട്ടുള്ള പല അങ്കങ്ങളെപ്പററിയും പാട്ടുകൾ ഉണ്ടു്. മേല്പൂരിടം എന്ന ഒരു തറവാട്ടിൽ മൂപ്പനും ഇളമുറക്കാരനും തമ്മിൽ മത്സരം മൂത്തു. അങ്കം കൊണ്ടേ കാര്യം തീർച്ചപ്പെടൂ എന്ന മട്ടായി. ആ അങ്കത്തിൽ മരിച്ച വീരനായ ആരോമൽ ചേവകരുടെ കഥ ആണു പുത്തരിയങ്കം എന്ന പാട്ടിനു വിഷയം. അതു് അദ്ദേഹത്തിന്റെ കന്നിപ്പോർ ആയതു കൊണ്ടാണു പുത്തരിയങ്കം എന്നു പറയുന്നതു്.

മേല്പൂരിടത്തിലെ ഉണ്ണിക്കോനാരും ഉണ്ണിച്ചന്ത്രോരും തമ്മിൽ ആയിരുന്നു തർക്കം. 'മൂവന്തിക്കുള്ളതു ഞാനാകുന്നു, പാതിരായ്ക്കുള്ളതു ഉണ്ണിച്ചന്ത്രോരും' എന്നാണു് തന്റെ മൂപ്പിനു പ്രമാണമായി ഉണ്ണിക്കോനാർ വാദിച്ചതു്. അവർ മൂത്തമ്മയുടെയും ഇളയമ്മയുടെയും മക്കൾ ആയിരുന്നു. അവർക്കു കുറേ പ്രായമായപ്പോൾ ഉണ്ണിക്കോനാരെ കുടുംബത്തിൽ മൂപ്പു വാഴാനാക്കിയിട്ടു കാരണവർ കാശിക്കു പോയി. വാഴുന്നോർക്കു താക്കോൽക്കൂട്ടവും ഇളമുറയായ ഉണ്ണിച്ചന്ത്രോർക്കു കണക്കും കെട്ടോലയും,

കൊട്ടത്തിട്ടായിരുന്ന അമ്മാവൻ പോയതു്. കാശിക്കു പോയ കാരണവൻ തരുണിമണി ക്ഷേത്രം എന്ന ഒരു സ്ഥലത്തു ചെന്നു രോഗം പിടിപെട്ടു കിടപ്പായി. അവിടത്തെ രാജാവു് മേല്പൂരിടിത്തേക്കു വിവരത്തിനു കത്തു് അയച്ചു. അമ്മാവനെ കൂട്ടിക്കൊണ്ടു വരുവാൻ. ഉണ്ണിക്കോനാർ ആഗ്രഹിച്ചു. ഉണ്ണിച്ചന്ത്രോർ ആകട്ടെ 'സന്ന്യാസിവേഷം ചമഞ്ഞു പോയാൽ വീട്ടിൽ കേറി മരിക്കരുതു്'. എന്നു പറഞ്ഞു് ഒഴിഞ്ഞു കളഞ്ഞു. വാഴുന്നോർ തരുണിമണി ക്ഷേത്രത്തിൽ പോയി കാരണവരെ പല്ലക്കിൽ എടുപ്പിച്ചു കൊണ്ടുവന്നു. വീട്ടിൽ കിടത്തി ശുശ്രൂഷകൾ ചെയ്തു. എങ്കിലും കുറേ ദിവസം കഴിഞ്ഞു കാരണവർ മരിച്ചു. അതിനു ശേഷം ആ കുടുംബത്തിൽ മൂപ്പു വഴക്കു തുടങ്ങി.

'ശേഷവും താക്കോലും ചൊല്ലിത്തമ്മിൽ
ശേഷിച്ച നെല്ലുമരിയും ചൊല്ലി
എളമുണ്ടൻ തെങ്ങിന്റെ തേങ്ങാ ചൊല്ലി
വരിക്ക പ്ലാവിന്റെ ചക്ക ചൊല്ലി
ആനക്കുഴിയിലെ മീനും ചൊല്ലി
നേടനാർ നാട്ടിലെ ഭാഗം ചൊല്ലി'

വഴ്ക്കമിട്ടു. ഉണ്ണിക്കോനാരെയാണു് ആദ്യം പ്രസവിച്ചതു് എന്നു വയററാട്ടി വന്നു സാക്ഷി പറഞ്ഞതു കൊണ്ടു പ്രയോജനമുണ്ടായില്ല. പല ചില്ലറക്കാര്യങ്ങളും കൊണ്ടു് അമ്പലത്തിന്റെ മുമ്പിൽ വച്ചു് അവർ തമ്മിൽ കലഹങ്ങൾ ഉണ്ടായി. ഒടുവിൽ നാടുവാഴി അവരുടെ വഴക്കിൽ

ഇടപെട്ടു. തൃപ്പറംകോട്ട് അപ്പന്റെ അമ്പലത്തിൽ ചെന്നു് വെള്ളിയും പൊന്നും പൊതിഞ്ഞുവച്ചു് പരീക്ഷ നടത്തി മൂപ്പു നിശ്ചയിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ തീർപ്പ്. എടുക്കുന്ന പൊതി തുറന്നു നോക്കുമ്പോൾ പൊന്നു കിട്ടുന്ന ആൾ മൂപ്പു വാഴും. അതു് അനുസരിച്ചു പരീക്ഷ നടത്തി. വാഴുന്നോർക്കു തന്നെ പൊന്നു കിട്ടി. എന്നിട്ടും തർക്കം നിന്നില്ല.

'പൊന്നു കിട്ടിയാലും മൂപ്പെനിക്കു്
വെള്ളി കിട്ടിയാലും മൂപ്പെനിക്കു്''

എന്നായി ഉണ്ണിച്ചന്ത്രോർ. അങ്കം വെട്ടിത്തന്നെ വാദം നിർണ്ണയിക്കണം എന്നു വന്നു ചേർന്നു. രണ്ടു കൂട്ടരും അങ്കം നടത്താൻ തയാറായി.

അക്കാലത്തു് അങ്കം നടത്തുന്ന രീതി എങ്ങനെ എന്നു് അറിയേണ്ടതാണു്. ഓരോ കക്ഷിയും യുദ്ധത്തിനു വിശേഷിച്ചു സാമർത്ഥ്യമുള്ള ഓരോ വീരനെ തനിക്കു വേണ്ടി അങ്കം വെട്ടാൻ വരിക്കും. അങ്കത്തിനു പ്രത്യേകം ഒരു ദിവസം നിശ്ചയിക്കും. അങ്കം കാണാൻ വരണമെന്നു നാട്ടുകാരെ അറിയിക്കും. പോരാടുന്നതിനു പലക കൊണ്ടു് അങ്കത്തട്ടു് ഉണ്ടാക്കും. അങ്കത്തട്ടിനു തറയിൽ നിന്നു് ഒരാൾ പൊക്കത്തിൽ കൂടുതൽ ഉയരം കാണും. അതിനു മുകളിൽ ചുറ്റും അഴി ഉണ്ടായിരിക്കും. തട്ടിൽ നിന്നു പോരാടുന്നതു ചുറ്റും നില്ക്കുന്നവർക്കു

വ്യക്തമായി കാണാം. അതു് ഒരു ഉത്സവം പോലെ കരുതി അനേകായിരം പേർ കാണാൻ കൂടുക പതിവായിരുന്നു.

നാടുവാഴി അയച്ച കൊടുത്ത ഇരുപത്തിരണ്ടു നായന്മാരും ഒന്നിച്ചു് ഉണ്ണിക്കോനാർ അങ്കത്തിനു് ആളിനെ തേടി പുറപ്പെട്ടു. എളമ്പുന്തുർ എന്ന സ്ഥലത്തു പുത്തൂരം വീട്ടിലെ ചേവകന്മാർ അന്നു കേരളത്തിൽ ഏറ്റവും പേരു കേട്ട വീരന്മാരായിരുന്നു. അവിടത്തെ ആരോമൽ ചേവകരെ തനിക്കു വേണ്ടി അങ്കം വെട്ടാൻ വരിക്കണമെന്നു് വാഴുന്നോർ ആഗ്രഹിച്ചു. അവർ വേണ്ട ഉപചാരത്തോടെ ചെന്നു ചേവകരോടു കാര്യം അറിയിച്ചു. ചേവകർ അങ്ക മുറകളെല്ലാം നല്ലതുപോലെ വശപ്പെടുത്തിയിരുന്നു. എങ്കിലും അതുവരെ അങ്കം വെട്ടാൻ പോയിരുന്നില്ല. അതുകൊണ്ടു് അദ്ദേഹത്തിൻെറ അച്ഛനും അമ്മയ്ക്കും അന്തർജനം സഹോദരിക്കും ആരോമരെ അങ്കത്തിൽ അയയ്ക്കുന്നതിനു വല്ലാത്ത ദുഃഖം ഉണ്ടായി. എങ്കിലും അങ്കത്തിനു ക്ഷണിച്ചാൽ പോകാതിരിക്കുന്നതു പൗരുഷത്തിനു കുറവെന്നു വച്ചു് അദ്ദേഹം വാഴുന്നോരുടെ അപേക്ഷ സ്വീകരിച്ചു.

വീട്ടിൽ എല്ലാവരോടും യാത്ര ചോദിച്ചിട്ടു വാഴുന്നോരോടു് ഒത്തു യാത്ര പുറപ്പെട്ടു. അവർ പല ദുശ്ശകുനങ്ങളും കണ്ടു. തനിക്കു് ഇരുപത്തിരണ്ടു വയസ്സാണെന്നും, അപ്പോൾ കഷ്ടകാലമാണെന്നും ചേവകർ ഓർത്തു. എന്നിട്ടും പിന്തിരിയുന്നതു വീരന്മാർക്കു ചേർന്നതല്ല എന്നു

കരുതി ചേവകർ നടന്നു. വഴിയിൽ പല സ്ഥലങ്ങളിലും വിശ്രമിച്ചും പലരുടെയും സൽക്കാരങ്ങൾ സ്വീകരിച്ചും മേലൂരിടത്തു ചെന്നു ചേൎന്നു.

വാഴുന്നവരുടെ മാതാവായ കൊങ്കി അമ്മ ചേവകരെ വേണ്ടപോലെ ഉപചരിച്ചു. അദ്ദേഹത്തോട് ആ സ്ത്രീക്കു വലുതായ ദയ ഉണ്ടായി. തനിക്കു വിജയത്തിനു വേണ്ടിയാണ് എങ്കിലും ചേവകരെ അങ്കത്തിന് അയയ്ക്കാൻ ആ സ്ത്രീക്കു വൈഷമ്യം തോന്നി. എന്നാൽ ധീരനായ ചേവകൎക്കു കലുക്കം ഉണ്ടായില്ല. വിധിപോലെ വരുമെന്നു പറഞ്ഞു ചേവകർ യുദ്ധത്തിനു തയാറായി.

ഉണിച്ചന്ത്രോർ യുദ്ധം ചെയ്യാൻ കൊണ്ടുവന്നതു കോലത്തുനാട്ടിൽ നിന്ന് അരിങ്ങോടർ എന്നൊരു വീരനെ ആയിരുന്നു. അങ്കത്തട്ട് ഇടാൻ ഏൎപ്പാടുകളും അവർ തന്നെയാണു ചെയ്തതു്. കോലത്തുനാട്ടുകാരനായ ഒരു ആശാരി അരിങ്ങോടരുടെ പ്രേരണയ്ക്കു വശപ്പെട്ട് അങ്കത്തട്ടിൽ ചില കള്ളപ്പണികൾ ചെയ്തിരുന്നു. ആ വിവരം ചേവകർ മനസ്സിലാക്കിയില്ല. അദ്ദേഹത്തിനു വേറൊരു ചതിവും പിണഞ്ഞു. ചുരിക തീൎപ്പിക്കാൻ ഏല്പിച്ചിരുന്നതു ചന്തു എന്ന മച്ചുനനെ ആയിരുന്നു. എന്തോ കാരണം കൊണ്ട് ചന്തുവിന് ചേവകരുടെ പേരിൽ പക ഉണ്ടായിരുന്നു. കുത്തുമ്പോൾ ഒടിഞ്ഞുപോകത്തക്കവണ്ണം അയാൾ ചുരിക ഉണ്ടാക്കിച്ചു. ആ വിവരവും ചേവകർ അറിഞ്ഞില്ല. വാരാനുള്ളതു തടയാൻ ആൎക്കും കഴികയില്ലല്ലോ.

അങ്കത്തിന്ന സമയമായി. നാട്ടുകാർ അങ്കത്തട്ടിന്ന പുറവും നിറഞ്ഞു. നാട്ടുവാഴിയും ദേശവാഴിയും അങ്കം നടത്താൻ വന്നുചേൎന്നു. പൂജ കഴിച്ച് ആശാരി അങ്കത്തട്ടു ചേവകരെ കയ്യേല്പിച്ചു. ദക്ഷിണ കൊടുത്ത് ആശാരിയെ അയച്ചിട്ട് അവർ അങ്കത്തിന്ന തയാറായി.

കാണികളുടെ അപേക്ഷ അനുസരിച്ച് അങ്കത്തിന്ന മുമ്പു ചില അഭ്യാസങ്ങൾ കാണിക്കാൻ ചേവകർ ഒരുങ്ങി. അങ്കത്തട്ടിൽ ഒരു പീഠമിട്ട് അതിൽ അരി നിറച്ചു ഒരു തളിക വച്ചു. അതിന്മേൽ ഒരു തേങ്ങായും, തേങ്ങായുടെ പുറത്ത് ഒരു ചെമ്പഴുക്കയും, അതിന്ന മുകളിൽ ഒരു കോഴി മുട്ടയും വച്ചു. മുട്ടയുടെ പുറത്തു സൂചിയും, അതിന്മേൽ ഒരു ചുരികയും നാട്ടി. എന്നിട്ട് ചുരികയുടെ മുനയ്ക്കു കയറി നിന്നുകൊണ്ടു് ആരോമർ പല തരം നൃത്തങ്ങൾ ചെയ്തു. കാണികൾക്ക് അത്ഭുതം ഉണ്ടായി.

കോഴിപ്പോർ നടത്തി ജയം നിശ്ചയിക്കാം എന്ന് അരിങ്ങോടർ അഭിപ്രായം പറഞ്ഞു. ചേവകർ പോരിന്ന കോഴിയെ കൊണ്ടു വന്നിരുന്നില്ല. വാഴുന്നോരും കോഴിപ്പോരിന്ന തയാറായിരുന്നില്ല. കാര്യം അതുകൊണ്ടു പരുങ്ങലിലായി. ചേവകർ ഒരു കോഴിമുട്ട വരുത്തി; അദ്ദേഹം മുട്ട പൊട്ടിച്ചു. ഇന്ദ്രജാലം കൊണ്ടെന്നപോലെ അതിൽ നിന്ന് ഒരു പോരുകോഴി ഉണ്ടായി. കാണികൾക്ക് ആശ്ചര്യം വൎദ്ധിച്ചു.

ചേവകരുടെ കോഴിയും അരിങ്ങോടരുടെ കോഴിയും തമ്മിൽ പോരു തുടങ്ങി. തന്റെ കോഴി തോററു

പോകുമോ എന്നു ചേവകൎക്കു സംശയം ഉണ്ടായി. കുക്കുട മന്ത്രം ധ്യാനിച്ചു. പെട്ടെന്നു ചേവകരുടെ കോഴിക്കു് വീറു് ഏറി. അതു മറേറ കോഴിയെ കൊത്തിക്കീറി കുടൽമാല വലിച്ചു് എടുത്തു. അങ്ങനെ ചേവകൎക്കു വിജയം സിദ്ധിച്ചു.

അങ്കം നിറുത്താം എന്നു കാണികൾ വിധിച്ചു. അരിങ്ങോടൎക്കു് അതു സമ്മതമായില്ല. ആളങ്കം തന്നെ നടത്തണമെന്നു് അയാൾ നിർബന്ധിച്ചു. ഏണി ചാരി അരിങ്ങോടർ അങ്കത്തട്ടിൽ കയറി. ചേവകൎക്കു് ഏണി ഇല്ലായിരുന്നു. എന്നാൽ അതുകൊണ്ടു് അദ്ദേഹത്തിനു് ഒരു പ്രയാസവും ഉണ്ടായില്ല. ചേവകരും ചന്തുവും കുതിച്ചു ചാടി തട്ടിൽ കയറാം എന്നു് ഉറച്ചു.

'സൂൎയ്യഭഗവാനെ കൈ വണങ്ങി
കാവിങ്കൽ മൂത്ത കുരുക്കളെയും
നന്നായു് മനസ്സിൽ നിനച്ചു കൊണ്ടു്
ഏഴടി പിന്നാക്കം മാറി നിന്നു്
മൂന്നടി മുന്നാക്കം വച്ചു നിന്നു്
എന്നാലോ ചാടിക്കൊ മച്ചുനിയാ
വൈരം മറിഞ്ഞു കുതിച്ചു ചാടി
മയിലു പറന്നങ്ങിരിക്കും വണ്ണം
തട്ടിന്മേൽ ചെന്നങ്ങിരുന്നവരും.'

ചേവകരും അരിങ്ങോടരും തമ്മിൽ യുദ്ധം തുടങ്ങി. പോരിൽ അരിങ്ങോടർ ചതിവായി ആയുധം പ്രയോഗിച്ചു.

ചേവകക്ക് വീര്യം ഉജ്ജ്വലിച്ചു. രണ്ടു കൂട്ടരും അടവുകളെല്ലാം പ്രയോഗിച്ചു. ചേവകർ ചുരിക കൊണ്ട് ഊക്കോടെ കുത്തി. ചന്തു ചെയ്തിരുന്ന ചതിവു കൊണ്ടു ചുരിക കണയിൽ വച്ചു മുറിഞ്ഞു. ആരോമർ നെഞ്ചത്തു കൈവച്ചു പോയി. വേറേ ഒരു ആയുധം എടുത്തു കൊള്ളട്ടെ എന്ന് അദ്ദേഹം അരിങ്ങോടരോട് അപേക്ഷിച്ചു. അയാൾ സമ്മതിച്ചില്ല. ചേവകർ ചന്തുവിൻെറ ചുരിക ആവശ്യപ്പെട്ടു. അതു ചന്തു കൊടുത്തില്ല. ചന്തുവിൻെറ ചതിവിൻെറ ആഴം ചേവകക്ക് മനസ്സിലായി. എങ്കിലും അദ്ദേഹം പരിഭ്രമിച്ചില്ല. ആയുധം ഓങ്ങി ചേവകരെ കുത്താൻ അരിങ്ങോടർ കുതിച്ചു. കത്തേററു ചേവകരുടെ വയററിൽ ചെറിയ ഒരു മുറിവ് ഉണ്ടായി. മുറിഞ്ഞു് താഴെ കിടന്ന ചുരിക ഒരു നിമിഷത്തിനുള്ളിൽ ആരോമർ കുനിഞ്ഞു് എടുത്തു. താൻ നേടിയ സാമർത്ഥ്യത്തിന് ഇപ്പോഴാണു ഫലം ഉണ്ടാകേണ്ടതു് എന്നു ചേവകർ കരുതി. മുറിഞ്ഞ ചുരിക ചുഴററി എറിഞ്ഞു. അതു് ഏററു 'കറി കരിഞ്ചേമ്പു തണ്ടററ പോലെ' അരിങ്ങോടരുടെ തല അററു നിലത്തു വീണു. കാണികൾ അത്ഭുതപ്പെട്ടു. ചേവകരെ അഭിനന്ദിച്ച് അവർ ആർത്തു വിളിച്ചു.

അരിങ്ങോടരെ കൊന്നു് അങ്കത്തിൽ വിജയം നേടിയെങ്കിലും ചന്തുവിൻെറ ചതിയിൽ നിന്നു് രക്ഷപ്പെടാൻ ചേവകക്ക് കഴിഞ്ഞില്ല. ചന്തുവിനോട് അങ്കത്തട്ടിൻെറ അഴിവാതിൽ അടയ്ക്കാൻ പറഞ്ഞിട്ടു് ചേവകർ തട്ടിന്മേൽ തളൻ്ന് കണ്ണു് അടച്ചു കിടപ്പായി. ആ തക്കം കണ്ടു കുത്തു

വിളക്കിന്റെ തണ്ടു് എടുത്തു് ചേവകരുടെ വയററത്തു് ഉള്ള മുറിവിൽ കുത്തിയിറക്കി. ചേവകർ ഞെട്ടി യെഴുന്നേററപ്പോഴേക്കും ചന്തു അരിങ്ങോടരുടെ ആളുകൾ നിന്ന സ്ഥലത്തേയ്ക്കു ചാടി രക്ഷപ്പെട്ടു.

ചന്തു ഏല്പിച്ച മുറിവു് ചേവകരുടെ മരണത്തിനു കാരണമായി. മരിക്കുന്നതിനു മുമ്പു അച്ഛനമ്മമാരെയും ബന്ധുക്കളെയും കാണണമെന്നു് ചേവകൎക്കു് ആഗ്രഹം ഉണ്ടായി. വാഴുന്നവർ ചേവകരെ പല്ലക്കിൽ എടുപ്പിച്ചു കൊണ്ടു പുത്തൂരം വീട്ടിൽ പോയി. മാതാപിതാക്കന്മാരെയും ബന്ധുക്കളെയും കണ്ടു് അന്ത്യയാത്ര പറഞ്ഞു കൊണ്ടു് ആ വീരൻ ചരമമടഞ്ഞു. പുത്തൂരം വീട്ടിൽ ഉണ്ടായ ദുഃഖം ഊഹിക്കാവുന്നതാണല്ലോ.

---

പാഠം ൨൦

# ഒരു കോഴിപ്പോരു്

(ആരോമൽ ചേവകരും അരിങ്ങോടരും തമ്മിൽ അങ്കം തുടങ്ങുന്നതിനു മുമ്പു് ഒരു കോഴിയങ്കം നടത്തി. ചേവകരുടെ കോഴിയുടെ പേർ പാലൻ ചിങ്ങൻ, അരി ങ്ങോടരുടെ കോഴിയുടെ പേർ അരക്കൻ പുള്ളി.)

'ആളങ്കോ കോഴിയങ്കോ മുമ്പിൽ വേണ്ടൂ?'
അതു താനെ കേൾക്കുന്നരിങ്ങോടരും ൨
'കോഴിയങ്കം മുമ്പിൽ പിടിക്ക വേണം'
അപ്പോൾ പറയുന്നതാരോമരും ൪

'മുൻകോല്യം മുമ്പുമീ നിങ്ങൾക്കല്ലോ
നിങ്ങടെ കോഴിയെ പറപ്പിക്കേണം" ൩

അതു താനെ കേൾക്കുന്നിതരിങ്ങോടരും
'കോഴിയങ്കം മുമ്പിൽ പിടിക്കവേണം' ൪

കോലോത്തിരി നാട്ടിലെ അരക്കൻ പുള്ളി
കോഴിയെ ചെന്നങ്ങെടുത്തു കൊണ്ടു് ൫

മാറത്തടക്കിപ്പിടിച്ചവനും
മൊഴിയും പറഞ്ഞു പറപ്പിക്കുന്നു. ൬

കോഴി പറന്നങ്ങു തട്ടു കേറി
കൂവിത്തുടങ്ങുന്നരക്കൻ പുള്ളി ൭

അതു താനെ കണ്ടുള്ളോരാരോമരും
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ടു് ൮

'കോഴിയെ നിങ്ങൾ കരുതീട്ടുണ്ടോ?'
'കോഴിയെ ഞങ്ങൾ കരുതീട്ടില്ല.' ൯

അപ്പോൾ പറയുന്നിതാരോമരും
'എൻറപ്പനായിട്ടുമങ്കം വെട്ടി ൧൦

കോഴിയെക്കൊണ്ടപ്പൻ പോയിട്ടില്ല
ഒന്നുണ്ടു കേൾക്കണം വാഴുന്നോരേ! ൧൧

കോഴിമുട്ട ഒന്നു വരുത്ത വേണം
നീളത്തിൽ കൂടിയ മുട്ട വേണം ൧൨

വേഗത്തിൽ കൊണ്ടു കൊട്ടുത്തവരും
'ഒന്നുണ്ടു കേൾക്കണം മാലോകരേ

എൻറച്ഛനായിട്ടുമങ്കംവെട്ടി
കോഴിയെ കൊണ്ടച്ഛൻ പോയിട്ടില്ല.

കോഴിച്ചമയങ്ങൾ കേട്ടുകൊൾവിൻ
കൊക്കിനു രണ്ടിനും കൊക്കരിയും

മാതാട രണ്ടിനും തങ്കപ്പൂവേ
ചിറകിനു രണ്ടിനും മിന്നും പൂവേ

കാലിനു രണ്ടിനും വെള്ളിയറ്
കോഴിച്ചമയങ്ങൾ കേൾപ്പിച്ചിട്ടു്

മാറത്തടക്കിപ്പിടിച്ചു കൊണ്ടു്
വാഴുന്നൊരെത്തന്നെ വിളിക്കുന്നുണ്ടു്.

'അമ്മാവൻ തൻെറ മനസ്സുണ്ടെങ്കിൽ
വിധിപോലെ വന്നു പുലർകോട്ടെ'

എന്നു പറഞ്ഞങ്ങുതീരും മുമ്പേ
കോഴിമുട്ട രണ്ടായി വീണിതല്ലോ.

മൊഴിയും പറഞ്ഞു പറപ്പിക്കുന്നോൻ
കോഴി പറന്നങ്ങു തട്ടു കേറി

ക്രൂവി തെളിയുന്നു പാലൻ ചിങ്ങൻ
അതു താനെ കാണുന്നാരക്കൻ പുള്ളി

പറന്നങ്ങു ചെല്ലുന്നരക്കൻ പുള്ളി
അങ്കം പിടിക്കുന്നു കോഴി രണ്ടും

വാൽത്താരി കോൽത്താരി കൊത്തുന്നുണ്ടേ
അങ്കപ്പുറപ്പാവും പാഞ്ഞു കൊത്തി

വാടി മഴങ്ങുന്നു പാലൻ ചിങ്ങൻ
അതു താനെ കണ്ടൊരു ആരോമരും

നെഞ്ഞത്തു കൈയ്‌ വച്ചു നിന്നിതല്ലോ
'അയ്യോ! വലഞ്ഞല്ലോ! അച്ഛാ! ഇപ്പോൾ

കോഴിയങ്കത്തിൽ ഞാൻ ജയിച്ചില്ലെങ്കിൽ
ആളങ്കം ഞാനും ജയിക്കയില്ല.'

എന്നു മനസ്സിൽ നിനന്നവനും
കുക്കുടമന്ത്രവും ധ്യാനിക്കുന്നു.

ധ്യാനം ഫലിച്ചല്ലോ കോഴിയപ്പോൾ
അങ്കം പിടിക്കുന്നു കോഴി രണ്ടും

ഇടമാററം മാററിട്ടു കൊത്തുന്നുണ്ടേ
ശിരസ്സിൽ കയററിട്ടു കൊത്തി ചിങ്ങൻ

വാടി മഴങ്ങുന്നരക്കൻ പുള്ളി
അതു തന്നെ കാണുന്നു പാലൻ ചിങ്ങൻ

കൊത്തി കുടൽമാല വലിച്ചെടുത്തു
ചത്തങ്ങു വീഴുന്നാരക്കൻ പുള്ളി ൩൪

അതു താനെ കാണുന്ന മഹാജനങ്ങൾ
'കഷ്ടം കലിയുഗം!' എന്നു ചൊല്ലി. ൩൫

പുത്തരിയങ്കം—വടക്കൻപാട്ട്.

---

പാഠം ൨൧

# ഭഗവദ്ദൂത്

## രംഗം ൧

[ശ്രീ കൃഷ്ണനും ധൎമ്മപുത്രരും പ്രവേശിക്കുന്നു.]

ധൎമ്മപുത്രർ:—കൃഷ്ണാ! അവിടത്തേക്കു ഞങ്ങളോടുള്ള കാരുണ്യത്തിനു് അതിരു് ഇല്ല. നാടു പോയി കാടു വാഴികളായി തീൎന്നിട്ടുള്ള ഇവരെപ്പററി അവിടന്നു് അല്ലാതെ ആരു ഗണിക്കുന്നു?

ശ്രീകൃഷ്ണൻ:—നാടു് എങ്ങനെ പോകും? കുരുവംശത്തിൽ പാണ്ഡുവിൻെറ പുത്രന്മാരല്ലേ നിങ്ങൾ? പാണ്ഡുവിൻെറ സഹോദരനായ ധൃതരാഷ്ട്രർ അന്ധൻ

ആണ്. അയാൾക്ക് അങ്ങനെ രാജ്യാവകാശം നഷ്ടപ്പെട്ടു. പാണ്ഡു രാജാവും ആയി. ആ അവകാശം നിങ്ങൾക്കാണ് ഉള്ളത്.

ധർമ്മ:—ആ കഥ എല്ലാം മാറിപ്പോയല്ലോ. ചൂതിൽ തോററു ഞങ്ങൾ ദുര്യോധനൻെറ അടിമകളായില്ലേ? ആ തോൽവിയുടെ ശിക്ഷയായി പന്ത്രണ്ടു വർഷം വനവാസം ചെയ്തു. ഒരു വർഷത്തെ അജ്ഞാതവാസവും കഴിഞ്ഞു. ഇനിയും ദുര്യോധനൻെറയും കൂട്ടരുടെയും ഭാവം എന്തോ?

കൃഷ്ണൻ:—അവരുടെ ഭാവം അനുസരിച്ചു കഴിഞ്ഞു കൊള്ളാം എന്നാണോ ഉദ്ദേശം?

ധർമ്മ:—കൃഷ്ണാ! ഞങ്ങൾക്കു സകല ആപത്തുകളിലും ആശ്രയം അവിടന്നാണ്. അവിടന്നു തന്നെയാണു ഞങ്ങളുടെ സകല സമ്പത്തും. ഞങ്ങളുടെ കാലക്കേടിനു പരിഹാരം ഉണ്ടാക്കാൻ അവിടത്തേക്കേ കഴിയൂ. എന്തു കല്പിക്കുന്നു അതു ചെയ്യാം.

കൃഷ്ണൻ:—ഉപായങ്ങളിൽ ആദ്യത്തേതല്ലേ അങ്ങേക്ക് സമ്മതമായിട്ടുള്ളൂ? എന്നാൽ എനിക്കു തോന്നുന്നതു് ദുര്യോധനനോടാകട്ടെ, അയാളുടെ പിതാവായ ആ അന്ധനോട് ആകട്ടെ, സാമം കൊണ്ടു് ഒരു ഫലവും ഉണ്ടാകയില്ലെന്നാണ്.

ധർമ്മ:—അവിടത്തെ അഭിപ്രായം എനിക്കു മനസ്സിലാക്കാൻ കഴിയും. എൻെറ അനുജന്മാരായ ഭീമനും

അർജ്ജുനനും നകുലനും സഹദേവനും, ഞങ്ങളുടെ ധർമ്മപത്നിയായ പാഞ്ചാലിക്കും അവിടത്തെ അഭിപ്രായം തന്നെയാണു് ഉള്ളതു്. എന്നാൽ കൃഷ്ണാ! ഞാൻ ഒന്നു അറിയിച്ചു കൊള്ളട്ടെ. ഞാൻ ഭീരു ആണു് എന്നു് അവിടന്നു് കരുതരുതു്. വേണ്ടി വന്നാൽ യുദ്ധം തന്നെ. എങ്കിലും എന്റെ അടുത്ത ബന്ധുക്കളോടു് ആണല്ലോ യുദ്ധം ചെയ്യേണ്ടതു്. എന്റെ അച്ഛനെപ്പോലെ ഞാൻ കരുതുന്ന ധൃതരാഷ്ട്രരും, എന്റെ അമ്മയെപ്പോലുള്ള മഹാമനസ്വിനി ഗാന്ധാരിയും ആണു് ഇതിൽ നിന്നു വരുന്ന ദുഃഖം അനുഭവിക്കേണ്ടവർ. ഞങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നവൻ ആണു് ദുര്യോധനൻ എങ്കിലും, അവനും എന്റെ അനുജൻ തന്നെയല്ലോ.

കൃഷ്ണൻ:—തന്നെ. സംശയമില്ല. ഭീഷ്മർ അപ്പൂപ്പനാണു്. അവരുടെ സേനാനായകനായ ദ്രോണർ നിങ്ങളുടെ ഗുരുവും തന്നെ. ദുര്യോധനൻ സകല വിദ്യകളും പറഞ്ഞു കൊടുക്കുന്ന കർണ്ണൻ നിങ്ങളുടെ ജ്യേഷ്ഠനും ആണു്. എന്നാൽ ഈ ബന്ധുക്കൾ എല്ലാം സുഖമായി കഴിയട്ടെ. നിങ്ങൾക്കു കഴിക്കാൻ നീണ്ടു പരന്ന കാടല്ലേ കിടക്കുന്നതു്? കാട്ടിൽ താമസിക്കാൻ ഇപ്പോൾ വേണ്ട പരിചയവും കിട്ടിയിട്ടുണ്ടല്ലോ. പിന്നെ അക്ഷയപാത്രം ഉള്ളിടത്തോളം കാലം പഞ്ഞവും വരാനില്ല.

ധൎമ്മ:—അവിടത്തെ പരിഹാസത്തിന്നു ഞാൻ പാത്രമാണു്. ക്ഷത്രിയൻ തന്നെ എങ്കിലും എൻെറ ഹൃദയത്തിന്നു് അത്ര കട്ടിയില്ല എന്നു ഞാൻ സമ്മതിക്കാം. ഈ ഭാരതഖണ്ഡം—ഞങ്ങളുടെ വംശത്തിലെ പൂൎവ്വപിതാമഹൻെറ തിരുനാമം ഉള്ള ഈ പുണ്യഭൂമി—മഹാന്മാരായ ഋഷികളുടെ തപോവാടങ്ങൾ കൊണ്ടു് വിശുദ്ധി നേടിയ ഈ മഹാരാജ്യം—സഹോദരന്മാർ തമ്മിൽ കഴുത്തറുത്തു ചിന്തുന്ന രക്തം കൊണ്ടു നനയണം! കഷ്ടം! ഇങ്ങനെ ഒരു വിചാരം പോലും എനിക്കു സഹിക്കാൻ നിവൃത്തിയില്ല. പൊന്നിൻ കിരീടം ഒരു ഭാരമായിട്ടേ ഞാൻ കരുതുന്നുള്ളു. അതു ദുര്യോധനൻെറ തലയ്ക്കുള്ളിൽ കുടികൊള്ളുന്ന അഹങ്കാരത്തെ അമൎത്തിക്കൊണ്ടു് അയാളുടെ ശിരസ്സിൽതന്നെ ഇരുന്നുകൊള്ളട്ടെ.

കൃഷ്ണ:—ഇരുന്നുകൊള്ളട്ടെ! ഭാരതഖണ്ഡം അയാളുടെ ചവിട്ടടിയിൽ കിടന്നു ഞെരിഞ്ഞുംകൊള്ളട്ടെ. നിങ്ങൾ ക്ഷത്രിയന്മാർ എന്നു് അഭിമാനിച്ചു കൊണ്ടു വനങ്ങളിൽ ഇരുന്നു തപസ്സു ചെയ്തുകൊള്ളുക.

ധൎമ്മ:—ശകാരം സ്വീകരിച്ചു. എങ്കിലും എനിക്കു സിംഹാസനത്തിൽ കാംക്ഷയില്ല. പക്ഷേ, ഒരു കാര്യംകൂടി പറയാനുണ്ടു്. ഞങ്ങൾക്കു് അവകാശം ഉള്ള പകുതി രാജ്യം മനസ്സോടെ വിട്ടുതരികയാണെങ്കിൽ അതിൻെറ രക്ഷാഭാരം വഹിക്കാൻ ഞാൻ തയാറാണു്.

കൃഷ്ണ:—അതിൽ ഞാൻ എന്താണു് വേണ്ടതു്? ദുര്യോധനനെ നിങ്ങൾക്കും എനിക്കും ഒരു പോലെ അറിയാം. ഭീമനു വിഷം കൊടുപ്പിച്ചു. ഭീമന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി ഗംഗയിൽ എറിയിച്ചു. അരക്കുകൊണ്ടു് ഉണ്ടാക്കിയ ഗൃഹത്തിൽ നിങ്ങളെ എല്ലാം അടച്ചിട്ടു് അയാൾ തീ വയ്പിച്ചു. കള്ളച്ചൂതിൽ നിങ്ങളെ തോല്പിച്ചു് നിങ്ങളുടെ കൈയ്യിൽനിന്നും രാജ്യം തട്ടിപ്പറിച്ചെടുത്തു; പലരും നിറഞ്ഞിരുന്ന സഭയിൽവച്ചു് അയാൾ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ചെയ്യിച്ചു. നിങ്ങൾ അനുജൻ എന്നു് അഭിമാനിക്കുന്ന ദുര്യോധനന്റെ കൃത്യങ്ങളാണു് ഇവ. ചോദിക്കാത്ത താമസമേ ഉള്ളൂ, പകുതി രാജ്യം വിട്ടു തന്നു നിങ്ങളെ ഇവിടെ അഭിഷേകം കഴിക്കും.

ധർമ്മ:—അങ്ങനെയുള്ള ആശകളോടെ അല്ല ദുര്യോധനനോടു ചോദിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നതു്. എനിക്കും അനുജന്മാൎക്കും പാഞ്ചാലിക്കും വസിക്കാൻ സൗകര്യം വേണമല്ലോ. അതിനു വേണ്ടി ഞങ്ങൾക്കു വരേണ്ട പകുതി രാജ്യം ആദ്യമായി ആവശ്യപ്പെടാം. യുദ്ധം കൂടാതെ കാര്യങ്ങൾ ഒതുങ്ങുമെന്നു് എനിക്കും വിശ്വാസം ഇല്ല. എന്നാലും കലഹം കൂടാതെ കാര്യങ്ങൾ നടത്താമോ എന്നു നോക്കണ്ടേ? മഹാജനങ്ങൾ എന്തു പറയും?

കൃഷ്ണൻ:—സമ്മതിച്ചു. ലോകരെ ബോദ്ധ്യപ്പെടുത്താൻ ഇത്രയും കൂടി ചെയ്യണമെന്നാണ് അഭിപ്രായം. അല്ലേ? അതുകൊണ്ടു നഷ്ടം ഒന്നും വരാനില്ല.

ധർമ്മ:—എന്നാൽ അവിടന്നു തന്നെ ഞങ്ങൾക്കു വേണ്ടി ഈ കാര്യങ്ങൾ ദുര്യോധനനോടു സംസാരിക്കണം. ഭാരതഖണ്ഡത്തിൽ ഉള്ള സകലരും ആരാധിക്കുന്ന അവിടത്തേക്കു തന്നെയാണ് ഈ കാര്യത്തിൽ മദ്ധ്യസ്ഥൻ ആകാൻ ഏററവും അവകാശം ഉള്ളത്. അവിടത്തേക്കു ബന്ധം ഉള്ള ചന്ദ്രവംശത്തിലെ രണ്ടു ശാഖക്കാർ തമ്മിൽ പിണങ്ങി കുലവും രാജ്യവും നശിപ്പിക്കാൻ തുടങ്ങുന്നതു് അവിടന്നാണല്ലോ തടുക്കേണ്ടതും. അതിനാൽ സകലതും താങ്ങാൻ ശക്തിയുള്ള അവിടത്തെ തലയിൽ തന്നെ ഈ ഭാരവും ഞാൻ ചുമത്തുന്നു. അവിടന്ന് എൻെറ ബന്ധുവും ഇഷ്ടനും ഉപദേഷ്ടാവും രക്ഷിതാവും ആണ്. എൻെറ മനസ്സിനു സമാധാനം തരാൻ അവിടത്തേക്കു മാത്രമേ കഴിവുണ്ടാകൂ എന്നും ഞാൻ വിശ്വസിക്കുന്നു.

കൃഷ്ണൻ:—ദുര്യോധനനെ കണ്ടു് നിങ്ങളുടെ അഭിപ്രായം പറഞ്ഞു നോക്കാം. ഭാരതത്തിൽ ചോരപ്പുഴ ഒഴുക്കാതെ കഴിച്ചാൽ കൊള്ളാം എന്നാണ് എനിക്കും ആഗ്രഹം. എന്നാൽ, ഞാൻ പോയി വരാം.

രംഗം ൨

[കൃഷ്ണൻ എഴുന്നേല്ക്കുന്നു. ധർമ്മപുത്രരുടെ അകമ്പടിയോടുകൂടി തേരിന്റെ നേരേ നടക്കുന്നു. കൃഷ്ണന്റെ പുറപ്പാടിൽ ഏതോ കാര്യം ഉണ്ടെന്നു സംശയിച്ചു ഭീമനും പാഞ്ചാലിയും തിടുക്കത്തിൽ മുമ്പോട്ടു വരുന്നു.]

ഭീമൻ:—തിടുക്കത്തിൽ എങ്ങോട്ടാണ് എഴുന്നള്ളത്ത്? ഈ സാധുക്കളെപ്പററി അവിടത്തേക്ക് ഓർമ്മയില്ലാതെ പോയോ?

കൃഷ്ണൻ:—എന്താണു ഭീമാ! മുള്ളു വാക്കു പറയുന്നതു? ഞാൻ തന്നെത്താനെ മറക്കുന്ന നാളിലല്ലേ നിങ്ങളെ എല്ലാം മറക്കുകയുള്ളു? ഓഹോ, പാഞ്ചാലിയുടെ പൊടിക്കൈയ് കൂടി ഉണ്ടെന്നു തോന്നുന്നു. ഞാൻ പെട്ടെന്നു പോകുന്നതുകൊണ്ടുള്ള നീരസം ആണ്, അല്ലേ? ധർമ്മപുത്രരുടെ ഒരു ആജ്ഞയും കൊണ്ടു പുറപ്പെട്ടിരിക്കയാണ്. അതു കൊണ്ടാണു നിങ്ങളെ ആരെയും കാണാതെ പുറപ്പെടാൻ തുടങ്ങിയതു്.

ഭീമൻ:—(പല്ലു കടിച്ചുകൊണ്ടു്) എന്താണാവോ ആജ്ഞ?

കൃഷ്ണൻ:—ദുര്യോധനന്റെ അടുക്കൽ പോയി ഒരു കാര്യം പറയണം എന്ന്.

ഭീമൻ:—എന്തു കാര്യം ? ഈ പാവപ്പെട്ട പാണ്ഡവന്മാർ എന്നും കാട്ടിൽ കിടന്നുകൊള്ളണമെന്നും, ദുര്യോധനൻ രാജ്യം ഭരിച്ചുകൊണ്ടാൽ മതി എന്നും, അല്ലേ ?

കൃഷ്ണൻ:—അത്രയും സമ്മതിക്കുന്നില്ല. പകുതി രാജ്യം കിട്ടിയാൽ കൊള്ളാം എന്നാണു നിങ്ങളുടെ ജ്യേഷ്ഠന്റെ അപേക്ഷ.

ഭീമൻ:—അപേക്ഷ! അതേ, അപേക്ഷ! ഇനിയും അപേക്ഷിക്കുന്നതേ ഉള്ളു, പകുതി രാജ്യത്തിനു്. എന്റെ ജ്യേഷ്ഠന്റെ എന്നു പറഞ്ഞതു തെററിപ്പോയി ഇന്നു തൊട്ടു് ഈ കാര്യത്തിൽ അദ്ദേഹത്തെ ജ്യേഷ്ഠനായി ഞാൻ കരുതുന്നില്ല. (ഗജ്ജിച്ചുകൊണ്ടു്) കൃഷ്ണാ ! ഇങ്ങനെ ഒരു ദൂതും കൊണ്ടാണോ അവിടന്നു പോകുന്നതു് ? അവിടത്തേയ്ക്കു ഞങ്ങളോടു ദയ ഇല്ലാതിരിക്കട്ടെ, എങ്കിലും, ലജ്ജ ഇല്ലേ? എന്നോടും സഹോദരന്മാരോടും ചെയ്തതു് ഒന്നും അവിടന്നു് ഓമ്മിക്കേണ്ട. ഈ നില്ക്കുന്ന പാഞ്ചാലിയെ സഭയിൽ വച്ചു് ആക്ഷേപിച്ചതും അവിടന്നു മറന്നോ ? ഇങ്ങനെയാണോ ഞങ്ങളെപ്പററി ഓമ്മ ഉണ്ടെന്നു് പറഞ്ഞതു് ? കൃഷ്ണാ! അവിടന്നു ധമ്മകാര്യങ്ങൾ അറിവുള്ള ആളാണല്ലോ. സ്ത്രീകളെ ആക്ഷേപിക്കുന്നതാണോ ആര്യന്മാരുടെ നീതി എന്നു പറയുക. ഒരു രാജസ്ത്രീയായ ഈ പാഞ്ചാലിയെ അവളുടെ ഭത്താക്കന്മാരും മററു് അനവധി ജനങ്ങളും നോക്കി

നില്ലേ, പറയാൻ പാടില്ലാത്ത പ്രകാരം അവമാനിച്ച ആ ഖലന്മാരോട്ട് സഖ്യത്തിനാണ് അവിടത്തെ പുറപ്പാട്ട്!

കൃഷ്ണൻ:—ഭീമാ! നീ കോപിക്കരുത്. ഞാൻ ധർമ്മപുത്രരുടെ മാത്രം ദൂതു പറയാനല്ല അവിടെ പോകുന്നത്. പാണ്ഡവന്മാരുടെയും പാഞ്ചാലിയുടെയും കൂടെ ദൂതു നിർവഹിക്കാൻ ആണ്.

പാഞ്ചാലി:—കൃഷ്ണാ! പല ആപത്തുകളിൽ നിന്ന് എന്നെ അവിടന്നു രക്ഷിച്ചിട്ടുണ്ട്. എന്റെ അഭിപ്രായം അറിയാതെ ദൂതു പറയുന്നത് എനിക്കു സങ്കടമാണ്.

ഭീമൻ:—കൃഷ്ണാ! ഞങ്ങൾക്കു് എല്ലാവൎക്കും വേണ്ടി ദൂതു പറയാനാണു പോകുന്നതെന്ന് അവിടന്ന് അരുളിച്ചെയ്തു. എന്റെ ദൂത് ഇങ്ങനെയാണ്. ആ പൊട്ടക്കണ്ണനായ ധൃതരാഷ്ട്രരോടും, അയാളുടെ മക്കളായ നൂറുപേരോടും, അവൎക്കെല്ലാം ദുരുപദേശം കൊടുക്കുന്ന കർണ്ണൻ, ശകുനി തുടങ്ങിയ കശ്മലന്മാരോടും അറിയിച്ചേക്കുക. ചെയ്തതു് ഒന്നും മറക്കുന്നതിന്ന് ഈ ഭീമനു സാദ്ധ്യമല്ല. കൗരവന്മാരെ എല്ലാം കൊന്ന് മുഴുവൻ രാജ്യം പിടിക്കാൻ ഈ കൈകൾക്കു കരുത്തില്ലെങ്കിൽ, ഹിഡുംബനെയും ജരാസന്ധനെയും ബകനെയും കിമ്മീരനെയും കൊന്ന ഈ തടിയൻ കൈകൾ ഞാൻ എന്തിനു ചുമക്കുന്നു ? '(ഗദ ചുഴററിക്കൊണ്ടു്) നൂററുവരെയും കൂട്ടരെയും ഒരു

മിച്ചു തകക്കാൻ ഈ ഗദകൊണ്ടു് ഒരു അടി മതിയാകും. (ഗജ്ജിച്ചു ചാടിക്കൊണ്ടു്) അവകാശമില്ലാത്ത ആ പൊന്നിൻകിരീടം അണിഞ്ഞു ഞെളിയുന്ന ദുര്യോധനനെ—ഞങ്ങളെ പല പ്രകാരത്തിൽ അപായപ്പെടുത്താൻ രാപകൽ ഗൂഢതന്ത്രങ്ങൾ കണ്ടുപിടിക്കുന്ന ആ നീചനെ—പോക്കളത്തിൽ വച്ചു വലിച്ചു കീറി തുണ്ടു തുണ്ടമാക്കി നായ്ക്കും നരിക്കും എറിഞ്ഞുകൊടുത്തില്ലെങ്കിൽ ഞാൻ ഭീമനോ? പാഞ്ചാലിയുടെ തലമുടി പിടിച്ചു വലിച്ചിഴച്ച ആ ദുശ്ശാസനൻ ഉണ്ടല്ലോ, ദുര്യോധനൻെറ പ്രിയപ്പെട്ട അനുജൻ, അവൻ ഈ ഗദ കൊണ്ടു തുലയും. അവൻെറ ശരീരത്തിലെ ഒരു തരി പോലും ഈ ഭൂമിക്കു ഭാരമാണു്. ഭസ്മമാക്കി ഞാൻ അവനെ വായുവിൽ പറത്തും. ശകുനിയും കർണ്ണനും ഏഷണിക്കാർ. മററെല്ലാവരും തുലയും. കൃഷ്ണാ! (അത്യുച്ചത്തിൽ ഗജ്ജിച്ചുകൊണ്ടു്) ഇതാണു് എൻെറ ദൂതു്.

കൃഷ്ണൻ:—ഭീമസേനാ! ഇതാണു് എൻെറ ദൂതും.

ഭീമൻ:—കൃഷ്ണാ! ഇപ്പോഴാണു് അവിടന്നു ഭഗവാനായതു്.

പാഞ്ചാലി:—കൃഷ്ണാ! ദൂതു പറയുമ്പോൾ ഗതി കെട്ട ഇവളുടെ കാര്യം മറന്നേയ്ക്കരുതു്. ഇതാ ദുശ്ശാസനൻ പിടിച്ചുഴിച്ച തലമുടി ഇപ്പോഴും അഴിഞ്ഞു കിടക്കുന്നു. ഇതു് എപ്പോഴാണു വീണ്ടും കെട്ടാൻ പോകുന്നതെന്നു് അങ്ങേയ്ക്കു് ഓർമ്മയുണ്ടല്ലോ. ഈ മുടി അഴിച്ചു കൈകൾ ലോകത്തു് ഉള്ളിട

ത്തോളം കാലം സ്ത്രീകൾക്കു മാനമില്ല. പുരുഷന്മാൎക്കു വീൎയ്യവും ഇല്ല. കൃഷ്ണാ! ദുശ്ശാസനന്റെ മാറിടം അടിച്ചു പിളൎന്നു് അതിൽ നിന്നു തിളച്ചു പൊങ്ങുന്ന രക്തം അണിഞ്ഞ കൈകൊണ്ടു് ഈ തലമുടി കെട്ടാം എന്നാണു് (ഭീമനെ ചൂണ്ടിക്കൊണ്ടു്) പറഞ്ഞിട്ടുള്ളതു്. ദയാശാലിയായ അവിടുന്നു് ആ സത്യം മറന്നു് ദൂതു പറയരുതു് എന്നേ പാഞ്ചാലിക്കു് അപേക്ഷ ഉള്ളൂ.

കൃഷ്ണൻ:—ദേവി! മനസ്വിനിയായ അവിടത്തെ ആഗ്രഹങ്ങൾ എന്തെങ്കിലും നടക്കാതെ വരുമോ? അന്നു ഞാൻ വിശന്നു കാട്ടിൽ വന്നപ്പോൾ ചീരക്കറി തന്നു വിശപ്പടക്കിയ നന്ദി എങ്കിലും ഇല്ലേ?

(ഭീമനും പാഞ്ചാലിയും തൊഴുതുകൊണ്ടു്) എന്നാൽ ഇനി യാത്ര ആകാം. ദാരുകൻ ഇതാ തേരു തയാറാക്കി നിറുത്തിയിരിക്കുന്നു.

### രംഗം ൩

(ഇന്ദ്രപ്രസ്ഥം. കൗരവന്മാരുടെ രാജധാനി. ധൃതരാഷ്ട്രർ, ദുര്യോധനാദികൾ, ഭീഷ്മർ, ദ്രോണർ, കൃപർ, അശ്വത്ഥാമാവു്, വിദുരർ, കൎണ്ണൻ, ശകുനി, മഹൎഷിമാർ എന്നിവരെല്ലാം സഭയിൽ ഇരിക്കുന്നു. കൃഷ്ണൻ പ്രവേശിക്കുന്നു. എല്ലാവരും എഴുനേറ്റു നിന്നു കൃഷ്ണനെ അഭിവാദനം ചെയ്യുന്നു. കൃഷ്ണനും സഭാവാസികളും ഇരിക്കുന്നു.)

കൃഷ്ണൻ:—മഹാത്മാരായ നിങ്ങളെ എല്ലാം ഒരുമിച്ചു കാണാൻ സാധിച്ചതു വലിയ ഭാഗ്യമായി കരുതുന്നു. ഇപ്പോൾ ഞാൻ വന്നിരിക്കുന്നതു പ്രത്യേകം ഒരു ദൂതും കൊണ്ടു് ആണു്.

ധൃതരാഷ്ട്രർ:—കൃഷ്ണാ! എന്റെ മക്കളായ പാണ്ഡവന്മാരുടെ സ്നേഹിതനായ അവിടത്തോടു് എനിക്കു് അതിരററ വാത്സല്യം ഉണ്ടു്. അതിനാൽ അവിടന്നു ഞങ്ങളെ കാണാൻ വന്ന ഈ ദിവസം ഒരു പുണ്യ ദിനം തന്നെ. വന്ന കാര്യം പറയാമല്ലോ. പാണ്ഡവന്മാർക്കെല്ലാം സൗഖ്യം തന്നല്ലേ? ആ പാഞ്ചാലി അവരുടെ കാര്യങ്ങൾ എല്ലാം നോക്കി ക്കൊള്ളുമല്ലോ. അവൾക്കും ക്ഷേമം തന്നെയല്ലേ?

കൃഷ്ണൻ:—എല്ലാവർക്കും ക്ഷേമം തന്നെ. കാട്ടിൽ കായും കനിയും കാട്ടാറുകളിൽ വെള്ളവും ഉള്ളിടത്തോളം കാലം അവർക്കു് എന്താണു കുറവു്?

ധൃതരാഷ്ട്രർ:—എന്റെ അനുജന്റെ മക്കൾ സുഖമായി ഇരിക്കണമെന്നേ എനിക്കു പ്രാർത്ഥന ഉള്ളൂ. കഴിഞ്ഞ പതിമൂന്നു വർഷമായി അവരെപ്പററിയുള്ള കഥകൾ ചുരുക്കമായേ അറിയാറുള്ളൂ. ഇപ്പോൾ അവർക്കു സുഖമാണെന്നു കേട്ടതിൽ എനിക്കു വളരെ ആശ്വാസം ഉണ്ടു്.

കൃഷ്ണൻ:—അവിടത്തെ ആശംസ ഞാൻ അവരെ അറിയിക്കാം. അവിടത്തോടും ദുര്യോധനനോടും ഒരു ദൂതു അറിയിക്കാൻ ധർമ്മപുത്രർ എന്നെ അയച്ചിരിക്കയാണു്.

ദുര്യോധനൻ:—എന്തു ദൂതാണു്? കാട്ടിൽ അവർക്കു കുശലം തന്നെ എന്നോ?

കൃഷ്ണൻ:—നിങ്ങളുടെ ഭരണത്തിൽ നാട്ടിലായാലെന്തു്, കാട്ടിലായാലെന്തു്, രണ്ടും തുല്യമല്ലേ? എന്നാൽ ദൂതു് അതല്ല. ഈ രാജ്യം മുഴുവൻ അവർ ഭരിക്കേണ്ടതല്ലേ? അതിൽ പകുതി രാജ്യമെങ്കിലും ഇപ്പോൾ കിട്ടണമെന്നു് ആവശ്യപ്പെടുകയാണു്.

ദുര്യോധനൻ:—ആവശ്യപ്പെടുന്നതു് അവരോ, നിങ്ങളോ?

കൃഷ്ണൻ:—അവർ തന്നെ. അല്ലാതെ നിങ്ങളുടെ കുടുംബകാര്യങ്ങളിൽ ഇടപെടാൻ എനിക്കു് എന്തു കാര്യം? എനിക്കായിരുന്നു അവകാശമെങ്കിൽ നിങ്ങൾ ഭരിക്കയില്ലായിരുന്നു താനും. എന്റെ അമ്മാവൻ നടത്തിയ ദുർഭരണം പോലും എനിക്കു സഹിക്കാൻ കഴിഞ്ഞില്ല എന്നു നിങ്ങൾക്കു് അറിയാമല്ലോ. ആ കഥകൾ പോകട്ടെ. സാധുക്കളായ പാണ്ഡവന്മാർക്കു പകുതി രാജ്യം കൊടുക്കുന്നതാണു നല്ലതു്.

ദുര്യോധനൻ:—അതിനു പറഞ്ഞയച്ചിരിക്ക ആയിരിക്കാം?

കൃഷ്ണൻ:—അതു ഞാൻ ആദ്യമേ പറഞ്ഞു കഴിഞ്ഞല്ലോ.

ദുര്യോധനൻ:—അവർക്ക് രാജ്യത്തിന് എന്താണ് അവകാശം എന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല.

കൃഷ്ണൻ:—ദുര്യോധനാ! നിങ്ങൾക്ക് മനസ്സിലാകാത്ത പലതും ഉണ്ട്. ഈ സഭയിൽ ഇരിക്കുന്ന അറിവുള്ളവരോടു ചോദിക്കുക. ഈ വംശത്തിൻെറ നാരായ വേരാണ് ഇതാ ഈ എഴുന്നെള്ളിയിരിക്കുന്ന ഭീഷ്മർ. അദ്ദേഹം വേണ്ട എന്നു വച്ചതുകൊണ്ടാണ് രാജ്യം നിങ്ങളുടെ വഴിക്കു വന്നുചേർന്നത്. ഭീഷ്മർ പറയട്ടെ പാണ്ഡവന്മാർക്ക് അവകാശമില്ലയോ എന്ന്. അല്ലെങ്കിൽ എന്തിന് ധൃതരാഷ്ട്രരോടു തന്നെ ചോദിക്കുക. നിങ്ങളുടെ ഇളയ അച്ഛനായി, എല്ലാ അറിവിനും ഉറവായിരിക്കുന്ന വിദുരർ ഉണ്ടല്ലോ. അദ്ദേഹം പറയട്ടെ, നാടുവാണ പാണ്ഡുവിൻെറ മക്കൾക്ക് അവകാശമില്ലയോ എന്ന്.

ദുര്യോധനൻ:—പാണ്ഡുവിന് മക്കൾ ഉണ്ടായിരുന്നു എങ്കിൽ അവകാശവും ഉണ്ടാകുമായിരുന്നു.

കൃഷ്ണൻ:—ആ കഥ പറഞ്ഞാൽ നിങ്ങൾ ധൃതരാഷ്ട്രരുടെ മക്കൾ അല്ലെന്നു വരും. ധൃതരാഷ്ട്രർ തന്നെ ഈ കുടുംബത്തിൽ പെട്ട ആൾ അല്ലെന്നും തെളിയും. അങ്ങനെ വരുമ്പോൾ നിങ്ങളുടെ രാജ്യത്തിനു പുതിയ അവകാശികളെ കണ്ടുപിടിക്കേണ്ടിയുമിരിക്കും

ദുര്യോധനൻ:—ഞങ്ങളുടെ വംശകാര്യത്തെപ്പററി പറയാനാണോ എഴുന്നള്ളത്തു്? നിങ്ങളുടെ വൃഷ്ണി വംശത്തിലെ പൂരു തുടങ്ങിയുള്ളവരുടെ കഥകളും അറിയാം.

കൃഷ്ണൻ:—അറിഞ്ഞുകൊള്ളണം. എന്നാൽ ഇന്നു വൃഷ്ണി വംശത്തിൽ കൃഷ്ണനും, നിങ്ങളുടെ വംശത്തിൽ ധർമ്മപുത്രർ തുടങ്ങിയുള്ള മഹാന്മാരും ഉണ്ടു്. പാണ്ഡവർ അവകാശങ്ങൾ നേടുമെന്നും നിശ്ചയമാണു്. ഭീമൻെറയും അർജ്ജുനൻെറയും പരാക്രമങ്ങൾ ഞാൻ പറഞ്ഞു് അറിയണമെന്നില്ല. ഈ വംശം നശിക്കരുതെന്നു് എനിക്കു യഥാർത്ഥമായ താല്പര്യമുണ്ടു്. അതിനു വേണ്ടി പറയുന്നതാണു്. അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ, ഭീഷ്മർ, വിദുരർ, ദ്രോണർ തുടങ്ങിയുള്ള മഹാന്മാരേ, ഇളപ്പം കൊണ്ടു് ഈ ദുര്യോധനൻ പറയുന്ന വാക്കു നിങ്ങൾ ആലോചിക്കണം. ഈ വംശത്തിൻെറ നന്മയ്ക്കു വേണ്ടി അയാളോടു ഗുണദോഷം പറയണം.

ധൃതരാഷ്ട്രർ:—കൃഷ്ണാ: എൻെറ പുത്രൻ, ഈ ദുര്യോധനൻ, കുറച്ചു് ഒരു അവിവേകിയാണു്. ചെറുപ്പം കൊണ്ടു്, പറഞ്ഞാൽ അവൻ വകവയ്ക്കാറില്ല. എന്നാൽ എനിക്കു് ഏററവും ഇഷ്ടമുള്ള മകൻ ധർമ്മപുത്രർ ഉണ്ടു്. അവൻെറ വിചാരം എപ്പോഴും നന്മയിലേ തിരികയുള്ളു. ഞാൻ അപേക്ഷിക്കുന്ന

തായി എൻെറ മകനോട് പറയണം. വഴക്കുകളും മത്സരങ്ങളും വേണ്ട. അവക്കു സുഖമായി നല്ല ആശ്രമങ്ങളിൽ താമസിക്കാമല്ലോ.

ഭീഷ്മർ:—ദുര്യോധനാ: മഹാനായ കൃഷ്ണൻ പറയുന്നതു കേൾക്കുക: കൃഷ്ണൻ ലോകത്തിനു ബന്ധുവാണു്:

ദുര്യോധനൻ:—(തിരിഞ്ഞു നിന്നു കൊണ്ടു്) അതേ, എനിക്കും അറിയാം. ലോകത്തിനാണു ബന്ധു, എനിക്കല്ല. (കൃഷ്ണനോടു്) അവക്കു രാജ്യത്തിനു് അവകാശമില്ലെന്നും, ഞങ്ങൾ രാജ്യം കൊടുക്കയി ല്ലെന്നും പറഞ്ഞേക്കുക.

കൃഷ്ണൻ:—അവക്കു താമസിക്കാൻ അഞ്ചു ദേശങ്ങൾ കൊടു ക്കരുതോ?

ദുര്യോധനൻ:—എൻെറ രാജ്യത്തിൽ കൊടുക്കുകയില്ല.

കൃഷ്ണൻ:—(സ്വരം പതറി) ഏതെങ്കിലും ഒരു ദേശം കൊടു ക്കുക. അവർ അവിടെ കഴിച്ചുകൊള്ളട്ടെ.

ദുര്യോധനൻ:—അവരോടു് ഇത്ര പക്ഷപാതമുള്ള അവിട ത്തേക്കു് ഒരു രാജ്യമുണ്ടല്ലോ. ഒരു ദേശം വിട്ടുകൊടു ക്കണം.

കൃഷ്ണൻ:—അതു് ആലോചിച്ചുകൊള്ളാം. അവക്കു താമ സിക്കാൻ ഒരു വീടു് എങ്കിലും കൊടുക്കരുതോ?

ദുര്യോധനൻ:—എൻെറ നാട്ടിൽ കാലു കുത്താമെന്നും അവർ കരുതേണ്ട.

കൃഷ്ണൻ:—(സഭയെ നോക്കിക്കൊണ്ടു്) അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ, ഇന്നു തൊട്ടു് അങ്ങയുടെ ജീവിതം ദുഃഖപൂർണ്ണമായി തീർന്നിരിക്കുന്നു. അവിടുന്നു താലോലിച്ചു വളർത്തുന്ന ഈ പുത്രന്മാർ പാണ്ഡവന്മാരുടെ ആയുധങ്ങൾക്കു് ഇരയായി പോർക്കളത്തിൽ വീണു നശിക്കും. അവിടത്തേക്കു കണ്ണു് ഇല്ലാത്തതായിരിക്കും അവിടത്തെ ജീവിതത്തിലെ വലിയ ഭാഗ്യം. ദുര്യോധനാ! നിങ്ങളുടെ തലയിൽ ഇരിക്കുന്ന കിരീടം ഇതേ ശോഭയോടെ വേറൊരു തലയിൽ പ്രകാശിക്കും. നിങ്ങളുടെ ശിരസ്സു യുദ്ധഭൂമിയിൽ കുറുനരി വലിച്ചിഴയ്ക്കും. പാഞ്ചാലിയെ അവമാനിച്ച ദുശ്ശാസനനും കരുതി ഇരുന്നുകൊള്ളട്ടെ. അവന്റെ ഹൃദയത്തിലെ ചോര പുരണ്ട കൈകൊണ്ടാണു് ഭീമൻ പാഞ്ചാലിയുടെ തലമുടി കെട്ടാൻ പോകുന്നതു്. ഏഷണിക്കാരനായ കർണ്ണനും സൂക്ഷിച്ചുകൊള്ളട്ടെ. ഈ വംശം നശിക്കുന്നതു കാണാനല്ല, പാപം നമുക്കെല്ലാം ഉണ്ടായി. എന്താണു ചെയ്യുക ?

ദുര്യോധനൻ:—എന്താണു ചെയ്യുക എന്നോ ? എന്തെന്നു കണ്ടുകൊള്ളുക.

(ദുര്യോധനൻ പുറകോട്ടു തിരിഞ്ഞു കണ്ണു കാണിക്കുന്നു. മറയ്ക്കുള്ളിൽ ഒളിച്ചു നിന്നവർ കൃഷ്ണനെ പിടിച്ചു കെട്ടാൻ കയറുമായി സഭയിൽ പ്രവേശിക്കുന്നു. ക്ഷണത്തിൽ കൃഷ്ണൻ അത്ഭുതകരമായ വിശ്വരൂപം പ്രദർശിപ്പിക്കുന്നു. ഭക്തന്മാർ നമസ്കരിക്കുന്നു.)

പാഠം ൨൨

# വൈകുണ്ഠ ദർശനം.

പത്തു നൂറു സഹസ്ര കിരണന്മാർ
ഒരുമോദമുദിക്കും കണക്കിനെ

വിളങ്ങീട്ടു നിരക്കവേ താഴിക-
ക്കുടങ്ങളതി ദൂരവേ കാണായി.

കനകക്കൊടി തൻെറ മുകൾപ്പാട്ടിൽ
ഖഗരാജനിരിപ്പതും കാണായി.

കൊടിക്കൂറയോടൊപ്പമിരുന്നൊരു
കുട കൂടെ പല തരം കാണായി.

കാഞ്ചനമയമായ വിമാനങ്ങൾ
സഞ്ചരിക്കുന്നതൊക്കെയും കാണായി.

പ്രളയാംബുധി നാദം കണക്കിനെ
വലിപ്പത്തിലൊരാഘോഷം കേൾക്കായി.

സ്ഫടികം കൊണ്ടും വിദ്രുമം കൊണ്ടുമ-
ങ്ങിട ചേർന്ന കിടങ്ങുകൾ കാണായി.

മതി ബിംബത്തോടൊപ്പമുയന്നോരാ
മതിൽക്കൂട്ടങ്ങൾ വെവ്വേറെ കാണായി.

മതി പോരാഞ്ഞു നോക്കുന്നു പിന്നെയും
മതി പോരാ നമുക്കിതു വാഴ്ത്തുവാൻ.

നിരക്കവേ മണി ഗോപുര പംക്തിയും
ഒരുപോലെ ശോഭിച്ചു കാണായി.

നില വെവ്വേറെ മേല്പോട്ടു നോക്കുമ്പോൾ
നിലയില്ല മനസ്സിനും കണ്ണിനും.

വിസ്താരത്തിൽ ചമച്ചു കിടക്കുന്ന
രത്ന സോപാന മാൎഗ്ഗങ്ങളിൽ ചില

ഭക്തന്മാരുടനങ്ങോട്ടുമിങ്ങോട്ടും
ബദ്ധാനന്ദം നടപ്പതും കാണായി.

ലോക മാൎഗ്ഗങ്ങൾ പോലെ ശിവ! ശിവ!
രാജമാൎഗ്ഗങ്ങളൊക്കെയും കാണായി.

അളിവൃന്ദം മുരണ്ടു മുരണ്ടുടൻ
ഹരി ഗാഥകൾ ചൊല്ലി നടക്കുന്നു.

ശംഖ ചക്രം ധരിച്ചു പുരുഷന്മാർ
സംഖ്യയില്ല മഹാപുരി ചൂഴവും.

മജ്ജനസ്ഥലമുണ്ടു പല വിധം
സജ്ജനഹൃദയം പോലെ വെള്ളവും

ഭക്തി പൂണ്ടുള്ള പക്ഷി മൃഗങ്ങളും
എത്ര മോഹനമുദ്യാനഭൂമിയിൽ. ൩൬

സരസീരുഹ കന്യക തന്നുടെ
ചരണങ്ങൾ പതിഞ്ഞു കിടക്കയോ ? ൩൮

വളഭീഷു നിരക്കവേയാനന്ദി-
ച്ചിളകാതെയിരിക്കുന്ന ഭക്തന്മാർ. ൪൦

പച്ചക്കൽ കൊണ്ടു വിഷ്ണു സ്വരൂപമായ്
കൊത്തി വച്ചൊരു പാവകളെപ്പോലെ. ൪൨

ആയിരക്കാൽ മണിമയ മണ്ഡപം
മുഴങ്ങി സ്തുതിഘോഷമൊരേടത്ത്. ൪൪

വിസ്മയങ്ങൾ പറവാൻ പണി പണി
രത്നകോടി പ്രഭാ പടലം കൊണ്ട് ൪൬

ചിത്രമായെഴുമാസ്ഥാന മണ്ഡപം
ഇത്ര നീളമകലമെന്നുള്ളതും ൪൮

തീർത്തു കൂടായി ദിവ്യന്മാർക്കാർക്കുമേ
മുക്തിയെന്നു പറയുന്നിതെല്ലാരും ൫൦

ഇത്ഥമെന്നറിയാമതു കാണുമ്പോൾ
അതു കണ്ടങ്ങിരിക്കവേ പിന്നെയും ൫൨

അതിന്മേലൊരു വിസ്മയം കാണായി
വെള്ളി മാമല മേലെയും മേലെയും ൫൪

മണ്ഡലാകൃതി പൂണ്ടു കിടക്കയോ ?
പള്ളികൊള്ളുന്ന പാൽക്കടൽ തൻ തിര ൬൩
വെള്ളം തന്നെ പരന്നു കിടക്കയോ ?
അനന്തമായ മൂല പ്രകൃതി താൻ ൬൪
അനന്താകൃതി പൂണ്ടു കിടക്കയോ ?
നിർണ്ണയിച്ചു പറവാനരുതെന്റെ ൩൦
പന്നഗേശ്വരാ! നിന്നെ വണങ്ങുന്നേൻ.

(കുമാരാപഹരണം പാന.)

---

പാഠം ൨൩

# ഒരു മഹാ ത്യാഗി

## (ഒന്നാം ഭാഗം)

ശാന്ത സമുദ്രത്തിന്റെ ഉത്തര ഭാഗത്തു് 'ഹാവായി ദ്വീപങ്ങൾ' എന്നു പേരുള്ള ഒരു ദ്വീപസമൂഹം ഉണ്ടു്. അവയിൽ ജനവാസമില്ലാത്ത ഏതാനും ചെറിയ ദ്വീപുകൾ ഒഴിച്ചാൽ ശേഷിക്കുന്നതു് എട്ടെണ്ണമാണു്. ഇവയെല്ലാം അഗ്നിപർവ്വതങ്ങളുടെ ക്ഷോഭം മൂലം ഉണ്ടായിട്ടുള്ള

വയാണു്. അവയിൽ ഏററവും വലുതും തെക്കേ അററത്തു കിടക്കുന്നതും ആയ ഹാവായി ദ്വീപിൽ മാത്രം ഇന്നും അണയാത്ത അഗ്നിപർവ്വതം ഉണ്ടു്.

ഹാവായി ദ്വീപിലെപ്പോലെ പ്രകൃതിസൗന്ദര്യം നിറഞ്ഞ ഭൂഭാഗങ്ങൾ വളരെ ചുരുക്കമാണു്. എവിടെയും സസ്യങ്ങൾ തഴച്ചു വളരുന്നതുകൊണ്ടു് ദ്വീപു മുഴുവൻ പച്ചനീരാളം കൊണ്ടു മൂടിയതു പോലെ ശോഭിക്കുന്നു. നിർമ്മല ജലം നിറഞ്ഞ അനവധി അരുവികൾ പച്ചവിരിച്ച പർവ്വത സാനുക്കളിൽ കൂടി ചിലപ്പോൾ കുതിച്ചു ചാടിയും, ചിലപ്പോൾ കുണുങ്ങി ഓടിയും ശുദ്ധ നീലമായ സമുദ്രത്തിൽ വന്നു ലയിക്കുന്നു. സമുദ്രത്തിന്റെ ഭംഗി ഒന്നു വേറെ തന്നെയാണു്. ഇന്ദ്രനീലം പോലെ തിളങ്ങുന്ന വെള്ളത്തിനടിയിൽ നിരന്നു നില്ക്കുന്ന വെൺപവിഴപ്പുററുകളും അവയുടെ ഇടയിൽ കൂടി നീന്തിക്കളിക്കുന്ന നാനാ വർണ്ണത്തിലുള്ള മത്സ്യങ്ങളും കൺകുളിർപ്പിക്കുന്ന കാഴ്ചകളാണു്. കടും മഞ്ഞ, കടും ചുവപ്പു്, മഞ്ഞയും ചുവപ്പും കൂടിച്ചേർന്നതു്, കടും നീലം, മഴവില്ലുപോലെ നാനാ വർണ്ണങ്ങൾ ഇടകലർന്നതു്, ഇങ്ങനെ ഉജ്ജ്വലങ്ങളായ പല നിറത്തിലുള്ള മത്സ്യങ്ങളാണു് അവിടെ വിഹരിക്കുന്നതു്.

തെങ്ങിൻ തോപ്പുകൾ കടലോരം മുതൽ ഉള്ളിലേയ്ക്കു വ്യാപിച്ചു കിടക്കുന്നു. ഉദ്യാനങ്ങൾ പലേ നിറത്തിലും തരത്തിലും ഉള്ള പുഷ്പങ്ങൾകൊണ്ടു നിബിഡമാണു്.

അടുത്തു തന്നെ തടിച്ച വള്ളികൾ കൊണ്ടു വനമാല ചാർത്തുന്ന വന്മരങ്ങൾ നിറഞ്ഞ കൊടും കാടുകളും കാണാം. അവയുടെ ഉള്ളിൽ നട്ടുച്ചയ്ക്കും ഇരുട്ടാണു്. എപ്പോഴും ഭയം ജനിപ്പിക്കത്തക്കവണ്ണമുള്ള നിശ്ശബ്ദതയാണു്.

ഹാവായിയിലെ ഭൂപ്രകൃതി പോലെ തന്നെ അവിടത്തെ മനുഷ്യപ്രകൃതിയും ഹൃദയാവർജ്ജകമാണു്. ശാന്തശീലരും പ്രസന്നചിത്തരുമാണു് അവിടത്തെ നാട്ടുകാർ. വിദേശീയരായ അതിഥികളെ സൽക്കരിച്ചു സന്തോഷിപ്പിക്കുന്നതിനും, അവരോടു ഭേദബുദ്ധിയില്ലാതെ പെരുമാറുന്നതിനും അവർ എപ്പോഴും തയാറാണു്.

അവരുടെ ഈ സ്നേഹവും മര്യാദയും വിദേശീയരുമായി ഇടപെടുന്നതിനുള്ള സന്നദ്ധതയും കാലാന്തരത്തിൽ അവൎക്കു തന്നെ വിനയായിത്തീൎന്നു. വളരെ വേഗം വിദേശീയർ അവരുടെ അധിപന്മാരായി. അതിനെ തുടൎന്നു് ഉണ്ടാകുന്ന അസ്വാതന്ത്ര്യങ്ങളും കഷ്ടതകളും അവൎക്കു് അനുഭവിക്കേണ്ടി വന്നു. പക്ഷേ ഇതിനെ ഒക്കെക്കാൾ അവരുടെ ജീവിതം ദുഃഖപൂർണ്ണമാക്കിയതു് മററൊന്നു് ആണു്. അവിടെ എത്തിയ അന്യ ദേശക്കാരിൽ ആരോ ഒരാൾ മഹാ രോഗങ്ങളിൽ വച്ചു് ഏററവും ഭയങ്കരമായ കുഷ്ഠത്തിന്റെ വിഷബീജം അവരുടെ ഇടയിൽ പാകി.

ഒരുമിച്ചു കഴിഞ്ഞുകൂടുന്നതിൽ താല്പൎയ്യമെന്നല്ല നിർബന്ധം തന്നെ ഉള്ളവരാണു് അവർ. രോഗികളും അരോഗികളും ഒരു പാത്രത്തിൽ നിന്നു ഭക്ഷണം കഴിക്കും.

ഒരേ പായിൽ കിടക്കും, ഒരേ പൈപ്പിൽ നിന്നു പുക വലിക്കും. അങ്ങനെ ജീവിക്കുന്നവരുടെയിടയിൽ ആ മഹാ രോഗം വളരെ വേഗം പടന്നു പിടിച്ചതിൽ എന്താണു് അത്ഭുതം ? സദാ സന്തോഷഭരിതമായിരുന്ന എത്രയോ ഗൃഹങ്ങൾ ദുഃഖപൂരിതമായി. പ്രകാശ പൂർണ്ണമായിരുന്ന ഹാവായിയിൽ മാറാത്ത കരിനിഴൽ വീണു.

ഈ രോഗത്തിന്റെ അതിവേഗത്തിലുള്ള പകർച്ച വലിയ ആപത്തായിത്തീന്നു. കുഷ്ഠരോഗികളെ ഒററ തിരിച്ചു് 'മൊളോക്കായി' എന്ന മറെറാരു ദ്വീപിൽ കൊണ്ടുപോയി താമസിപ്പിക്കണമെന്നു് ൧൮൬൫-ൽ അവിടത്തെ ഗവൺമെൻറു് ഒരു നിയമം നിമ്മിച്ചു. പക്ഷേ അതു നടപ്പിൽ വരുത്തുക അത്ര എളുപ്പമായിരുന്നില്ല. ഓരോ രോഗിയുടെയും ബന്ധുക്കൾ അതിനെ കഴിവുള്ളവണ്ണം തടസ്സപ്പെടുത്തി. സ്നേഹം നിറഞ്ഞ അവരുടെ ഹൃദയത്തിനു പ്രിയ ജനങ്ങളെ വിട്ടു പിരിയാൻ ശക്തി ഇല്ലായിരുന്നു. അവർ രോഗികളെ വിട്ടുകൊടുത്തില്ല. വീട്ടിലും, ചിലപ്പോൾ കാട്ടിലും അവരെ ഒളിച്ചു വച്ചു. പക്ഷേ ഈ ഹൃദയ ദൌർബ്ബല്യം മൂലം അവരുടെ ഇടയിൽ രോഗം കൂടുതൽ കൂടുതൽ പടന്നു പിടിച്ചു.

കുറേ കഴിഞ്ഞു് ഈ സ്ഥിതിക്കു മാററം വന്നു. രോഗികളെ പ്രത്യേക സ്ഥലത്തു മാററി താമസിപ്പിക്കണം എന്ന നിയമം ഗവൺമെൻറു് ഊർജ്ജിതമായി നടപ്പിൽ

വരുത്തുവാൻ തുടങ്ങി. അതോടുകൂടി തുറമുഖങ്ങൾ ആരുടെയും ഹൃദയം അലിയിക്കുന്ന അസംഖ്യം വേർപാടുകളുടെ രംഗങ്ങളായിത്തീൎന്നു.

അത്യന്തം നികൃഷ്ടവും ദുരിതപൂൎണ്ണവുമായ ഒരു ജീവിതമാണു മൊളോക്കായിയിലേക്കു മാററിയ കുഷ്ഠരോഗികൾ നയിച്ചതു്. ജീവിതത്തിൽ ആഗ്രഹിക്കാൻ യാതൊന്നുമില്ലെന്നു് അവർ കരുതി. സമുദായം അവരെ പുറംതള്ളി. പ്രിയപ്പെട്ട ബന്ധുജനങ്ങളിൽ നിന്നു് അവർ എന്നേക്കുമായി വേർപെട്ടു. ഒരിക്കലും മാറാത്ത ഒരു ഭയങ്കര രോഗം അവരെ നിമിഷം തോറും ദ്രവിപ്പിച്ചു നശിപ്പിച്ചു കൊണ്ടിരുന്നു. ജീവിതത്തിൽ വിലയുള്ളതായി അവൎക്കു് ഇനി എന്തു് ഉണ്ടു് ? അവർ എങ്ങനെ ജീവിച്ചാലെന്തു് ?

ജീവിതത്തിലുള്ള സകല നിയന്ത്രണങ്ങളും അവർ ദൂരത്തു് എറിഞ്ഞു. അവിടെ ഉള്ള ഒരു തരം കിഴങ്ങിൽ നിന്നു വളരെ ലഹരിയുള്ള ഒരു തരം ചാരായം അവർ വാററി എടുത്തു. അതു് എപ്പോഴും കുടിച്ചു ലക്കു കെട്ടു്, കൂട്ടം കൂടി ആടിയും പാടിയും ചീട്ടു കളിച്ചും അവർ ദിവസങ്ങൾ പുറകോട്ടു തള്ളി. ശേഷിച്ച ജീവിത കാലം അവരുടെ ദുരിതത്തെപ്പററിയും വേദനയെപ്പററിയും ഉള്ള ഓൎമ്മ കൂടാതെ എങ്ങനെ എങ്കിലും കഴിച്ചു കൂട്ടണം എന്നു് ഒരു മോഹമേ അവൎക്കു് ഉണ്ടായിരുന്നുള്ളു.

പുല്ലുകൾ കൊണ്ടു മേഞ്ഞ ചെററക്കുടിലുകളിലാണു് അവർ താമസിച്ചതു്. ഓരോന്നിലും വളരെ പേർ

തിങ്ങിക്കൂടി വസിച്ചു. വസ്ത്രങ്ങൾ വളരെ ചുരുക്കമായിരുന്നതുകൊണ്ടും, അടുത്തു് എങ്ങും വെള്ളമില്ലാതിരുന്നതുകൊണ്ടും വൃത്തികെട്ടു് ദുസ്സഹമായ ദുർഗ്ഗന്ധം വമിക്കുന്ന വസ്ത്രങ്ങളാണു് അവർ ധരിച്ചിരുന്നതു്. അവരുടെ വ്രണങ്ങൾ കഴുകി ശുദ്ധി ആക്കുന്നതിനോ, വേണ്ടവണ്ണം ശരീരം രക്ഷിച്ചു രോഗത്തിന്റെ വളർച്ചയെ തടയുന്നതിനോ ആരും ശ്രമിച്ചില്ല. അതിനുള്ള സൗകര്യങ്ങളും അവർക്കു് ഇല്ലായിരുന്നു. ഇതിന്റെ ഒക്കെ ഫലമായി ദിവസം തോറും അനേകം പേർ മരിച്ചു. ശരിയായ വിധത്തിൽ ശവസംസ്കാരം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഇല്ലാതിരുന്നതുകൊണ്ടു്, മരിച്ചവരെ അന്ത്യകർമ്മങ്ങളൊന്നും കൂടാതെ അവിടവിടെ കുഴിച്ചുമൂടുക മാത്രമേ ഉണ്ടായുള്ളൂ. ചുരുക്കത്തിൽ പറഞ്ഞാൽ മൊളോക്കായിയിലെ കുഷ്ഠരോഗികളുടെ സങ്കേതം ഭൂമിയിലെ നരകം തന്നെ ആയിരുന്നു. അവരുടെ ശരീരം മാത്രമല്ല, മനസ്സും ആത്മാവുംകൂടി നശിച്ചു.

൧൮൨൦-ാമാണ്ടിടയ്ക്കു ചില അമേരിക്കൻ പാതിരിമാർ ഹവായിയിൽ പ്രവേശിച്ചു ക്രിസ്തുമതം പ്രചരിപ്പിച്ചു. ദ്വീപ നിവാസികൾ വളരെ വേഗം പുതിയ മതം സ്വീകരിച്ചു. പള്ളികളും മററും സ്ഥാപിച്ചു് മതകാര്യങ്ങളിൽ വേണ്ട ബോധനവും പരിശീലനവും അവർക്കു നൽകാൻ ആദ്യമായി പരിശ്രമിച്ചതു് ഏകദേശം അമ്പതു കൊല്ലത്തിനു ശേഷം അവിടെ വന്നു ചേർന്ന ഏതാനും ബെൽജിയം മിഷണറിമാരാണു്. ആദ്യകാലങ്ങളിൽ

അവർ കുറേപ്പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ക്രമേണ കൂടുതൽ കൂടുതൽ മിഷണറിമാർ വന്നെത്തി. ദ്വീപിന്റെ പല ഭാഗങ്ങളിലായി അവർ പ്രവൎത്തനം ആരംഭിച്ചു.

മൊളോക്കായിയിലെ കുഷ്ഠരോഗികളുടെ കഷ്ടത നിറഞ്ഞ ജീവിതത്തെപ്പററിയുള്ള വൎത്തമാനങ്ങൾ ഹാവായിയിൽ എത്താതെയിരുന്നില്ല. എങ്കിലും അവിടെ പോയി അവരുടെ കൂടെ താമസിച്ചു് അവൎക്കു വേണ്ടി എന്തെങ്കിലും ചെയ്യുന്നതിനുള്ള ധൈൎയ്യം ആൎക്കും ഉണ്ടായില്ല.

ഒരു ദിവസം പുതിയതായി പണിത ഒരു പ്രാൎത്ഥനാലയത്തിന്റെ സമൎപ്പണകൎമ്മം സംബന്ധിച്ചു് അന്ന് അവിടത്തെ മെത്രാനായിരുന്ന മൈഗ്രേ ഒരു പ്രസംഗം ചെയ്തു. അതിൽ മൊളോക്കായിയിലെ കുഷ്ഠരോഗികൾക്കു വേണ്ടി ഒന്നും തന്നെ ചെയ്യാൻ കഴിയാത്തതിൽ അദ്ദേഹത്തിനുള്ള വ്യസനം അദ്ദേഹം വെളിപ്പെടുത്തി.

പ്രസംഗം കേട്ടുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ ആയിടയ്ക്കു യൂറോപ്പിൽ നിന്നു വന്ന ഏതാനും പുതിയ മിഷണറിമാരും ഉണ്ടായിരുന്നു. അവരിൽ ആരെങ്കിലും മുന്നോട്ടു വരുന്നതിനു മുമ്പു്, പ്രസംഗം അവസാനിച്ച നിമിഷത്തിൽ, അവിടെ കുറേ സംവത്സരമായി സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഒരു മിഷണറി എഴുനേററു നിന്നു. ഒരു ദീൎഘകായൻ. സുന്ദരൻ. സാധാരണയിൽ കവിഞ്ഞ

പുഷ്ടിയും ശക്തിയും ഉള്ള ശരീരം. വിനയവും മാധുര്യവും ഈശ്വരഭക്തിയും തെളിച്ചു കാട്ടുന്ന മുഖം. ഏകദേശം മുപ്പത്തി മൂന്നു വയസ്സു പ്രായം. ആരും നോക്കി നിന്നു പോകുന്ന ഒരു രൂപമായിരുന്നു അതു്.

അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പൂജ്യപാദരേ, ഇതാ നില്ക്കുന്നു അങ്ങയുടെ പുതിയ മിഷണറിമാർ. അവരിൽ ആരെയെങ്കിലും എന്റെ ജോലിസ്ഥലം ഏല്പിക്കുക ഞാൻ മൊളോക്കായിയിൽ പോകാം. അവിടത്തെ ആശ്രയമില്ലാത്ത കുഷ്ഠരോഗികൾക്കു വേണ്ടി എന്നാൽ കഴിവുള്ളതു പ്രയത്നിക്കാം. അവരുടെ കഷ്ടതകൾ ഓർത്തു ഞാൻ പലപ്പോഴും ദുഃഖിച്ചിട്ടുണ്ടു്."

വൻ കടൽ നടുവിൽ എങ്ങോ കിടക്കുന്ന ഒരു ദ്വീപിൽ ആരും അറിയാത്ത ഒരു മിഷണറി വിനയപൂർവ്വം ചെയ്ത ആ ശപഥം പില്ക്കാലത്തു ലോകത്തിനു മുഴുവൻ രോമാഞ്ചം ഉണ്ടാക്കിയ ഒരു മഹാ ത്യാഗത്തിന്റെ നാന്ദി ആയിരുന്നു.

# ഒരു മഹാ ത്യാഗി

(രണ്ടാം ഭാഗം)

ബെൽജിയം രാജ്യത്തിലെ ട്രെമല്ല എന്ന ഗ്രാമത്തിൽ ഒരു കുടുംബത്തിൽ മൂന്നു കുഞ്ഞുങ്ങൾ ജനിച്ചു. ആദ്യത്തേതു് ഒരു പെൺകുട്ടിയും രണ്ടാമത്തേതും മൂന്നാമത്തേതും ആൺ കുട്ടികളും ആയിരുന്നു. മൂന്നാമത്തെ കുട്ടി ജനിച്ചതു് ൧൮൪൦-ൽ ആണു്. നിർധനരായ മാതാപിതാക്കന്മാർ ആദ്യത്തെ രണ്ടു കുട്ടികളെയും സന്യാസത്തിനു നേർന്നു. എന്നാൽ മൂന്നാമനായ ജോസഫ് വല്ല തൊഴിലിലും ഏർപ്പെട്ടു കുടുംബം സംരക്ഷിക്കണമെന്നു് ആയിരുന്നു അവരുടെ ആഗ്രഹം. "മനുഷ്യൻ ഒന്നു വിചാരിക്കുന്നു. ദൈവം മറ്റൊന്നു നിശ്ചയിക്കുന്നു." ജോസഫിന്റെ മനസ്സു് ചെറുപ്പം മുതൽ തന്നെ ഈശ്വരഭക്തിയിലേക്കു തിരിഞ്ഞു. പ്രായമാകുന്തോറും ആ വാഞ്ഛ് ശക്തിപ്പെട്ടു. ഒടുവിൽ അവന്റെ ആഗ്രഹത്തിനു മാതാപിതാക്കന്മാരും വഴിപ്പെടേണ്ടി വന്നു. അവനും സന്യാസം സ്വീകരിച്ചു് ജ്യേഷ്ഠന്റെ കൂടെ മതം പഠിക്കാൻ ആരംഭിച്ചു.

ജ്യേഷ്ഠൻ മതപഠനം പൂർത്തിയാക്കി പുരോഹിത പട്ടം സ്വീകരിച്ചു. ൧൮൬൩-ൽ ഹവായി ദ്വീപിൽ പോയി സേവനം നടത്തുന്നതിനു മതാധികാരികൾ അദ്ദേഹത്തെ നിയോഗിച്ചു. എന്നാൽ യാത്ര തിരിക്കേണ്ട സന്ദർഭത്തിൽ പെട്ടെന്നു് അദ്ദേഹത്തിനു ജ്വരം പിടിപെട്ടു.

ജ്യേഷ്ഠന്റെ അനുവാദത്തോടെ ആ കൃത്യം ജോസഫ് കൈയേററു. പുരോഹിതപട്ടം സ്വീകരിക്കാത്തവരെ മത പ്രചരണത്തിന് അയയ്ക്കാറില്ലായിരുന്നു. എങ്കിലും ജോസഫിന്റെ മതഭക്തിയും സേവനത്തിലുള്ള ഉത്സാഹവും കണ്ടു സന്തോഷിച്ച് മതാധികാരികൾ അയാളെ ഹാവായി ദ്വീപിലേക്കു പൊയ്ക്കൊള്ളുവാൻ അനുവദിച്ചു. അങ്ങനെ തന്റെ ഇരുപത്തി നാലാമത്തെ വയസ്സിൽ ഒരു മത പ്രവർത്തകനായി ജോസഫ് ഹാവായിയിലെത്തി. അവിടെ വച്ച് അവിടത്തെ മെത്രാനിൽ നിന്നു പുരോഹിതപട്ടം ഏററു. ഡാമിയൻ എന്ന സന്യാസ നാമവും സ്വീകരിച്ചു.

ഒൻപതു സംവത്സരം ഡാമിയൻ ഹാവായിയിൽ സേവനം നടത്തി. തന്റെ ശിഷ്യന്മാർക്കു വേണ്ടി എന്തു ക്ലേശങ്ങളും സഹിക്കുന്നതിനുള്ള മനസ്സും കരുത്തും അദ്ദേഹത്തിന് ഉണ്ടായിരുന്നു. വളരെ വേഗം അദ്ദേഹം അവരുടെ ആരാധനയ്ക്കും മതാധികാരികളുടെ അഭിനന്ദനത്തിനും പാത്രമായി.

ഡാമിയൻ ഹാവായിയിൽ എത്തുമ്പോൾ അവിടെ കുഷ്ഠരോഗികൾ ഉണ്ടെന്ന് അറിഞ്ഞിരുന്നു. പക്ഷേ ആ രോഗത്തെപ്പററിയോ രോഗികളെപ്പററിയോ അക്കാലത്ത് അദ്ദേഹം വളരെ ചിന്തിച്ചില്ല. എന്നാൽ മൊളോക്കായിയിലേക്ക് അവരെ മാററിത്താമസിപ്പിക്കാൻ ആരംഭിച്ചതോടുകൂടി അവരുടെ കാര്യത്തിൽ അദ്ദേഹം കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി. ദയനീയമായ അസംഖ്യം വേർപാടുകൾക്ക് അദ്ദേഹം സാക്ഷി നില്ക്കേണ്ടി വന്നു.

ക്രമേണ അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിസ്സഹായരായി മൊളോക്കായിയിൽ ദുരിതം അനുഭവിക്കുന്ന രോഗികൾ സ്ഥലം പിടിക്കുവാൻ തുടങ്ങി. അവരെപ്പററിയുള്ള ചിന്ത അദ്ദേഹത്തെ കൂടുതൽ ശല്യപ്പെടുത്തിത്തുടങ്ങിയ അവസരത്തിലാണു് മൈഗ്രേ മെത്രാൻെറ ആ പ്രസ്താവന ഉണ്ടായതു്. അതിനെ തുടൎന്നു ഡാമിയൻ ചെയ്ത നിശ്ചയം നാം അറിഞ്ഞു കഴിഞ്ഞല്ലോ.

മൊളോക്കായിയിൽ ഡാമിയൻ ഏകാകിയായി അനുഷ്ഠിച്ച ആ ഉഗ്ര വ്രതം ഒരു അത്ഭുത കഥയാണു്. അദ്ദേഹത്തിനു് അവിടെ താമസിക്കാൻ കെട്ടിടം ഇല്ലായിരുന്നു. രോഗികളുടെ കൂടെ ചെററക്കുടിലുകളിലെങ്ങാനും താമസിക്കാം എന്നു വച്ചാൽ ഒന്നിലും സ്ഥലം ഇല്ലായിരുന്നു. മാത്രമല്ല, ആ ഭയങ്കരവ്യാധി അദ്ദേഹത്തിനും കൂടി പെട്ടെന്നു പിടിപെട്ടാൽ അവരെ ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും അദ്ദേഹത്തിനു കഴിവില്ലാതെയും ആകും. ആ രോഗം തന്നെയും ബാധിക്കുമെന്നുള്ള കാൎയ്യത്തിൽ ആരംഭം മുതൽ തന്നെ ഡാമിയനു സംശയം ഇല്ലായിരുന്നു. ആ രോഗം വരിച്ചു് അവരിൽ ഒരാളായി ജീവിക്കാൻ ഉറച്ചുകൊണ്ടു തന്നെയാണു് അദ്ദേഹം അവിടെ വന്നതു്. എങ്കിലും തനിക്കു രോഗം പിടിപെടുന്ന ദിവസം അവൎക്കു വേണ്ടി കഴിവുള്ളിടത്തോളം മുന്നോട്ടു തള്ളണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടു് അവരോടുകൂടി താമസിക്കാൻ ഒരുങ്ങിയില്ല. സ്വന്തമായി ഒരു പാർപ്പിടം ഉണ്ടാക്കാൻ സമയവും ഇല്ലായിരുന്നു. ആഴ്ചയിൽ പത്തും പന്ത്രണ്ടും പേർ വീതം മരിച്ചുകൊണ്ടിരുന്നു.

ഒരു ഡാക്ടരും അവിടെ ഇല്ലായിരുന്നു. അദ്ദേഹത്തിൻെറ സമയമെല്ലാം രോഗശുശ്രൂഷയിലും ശവസംസ്കാരത്തിലും ചെലവഴിക്കേണ്ടി വന്നു. അതുകൊണ്ടു് ആദ്യ കാലങ്ങളിൽ ഒരു മരത്തിൻെറ തണലിലാണു് അദ്ദേഹം താമസിച്ചതു്.

വിശ്രമമില്ലാത്ത ഈ ജോലിത്തിരക്കിനിടയിലും അവരുടെ ജീവിതത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള ഏർപ്പാടുകൾ അദ്ദേഹം ചെയ്തു തുടങ്ങി. ആദ്യമായി വൃത്തിയും വായു സഞ്ചാരവുമുള്ള ഗൃഹങ്ങൾ അവക്കു നിർമ്മിച്ചു കൊടുക്കുന്നതിനാണു് അദ്ദേഹം പരിശ്രമിച്ചതു്. അദ്ദേഹത്തിൻെറ അപേക്ഷ അനുസരിച്ചു് ഗൃഹനിർമ്മാണത്തിനുള്ള സാമഗ്രികൾ കപ്പലുകളിൽ വന്നു ചേൻറു. പണം കൈവശം ഉണ്ടായിരുന്ന രോഗികൾ ആശാരിമാരെക്കൊണ്ടു ഗൃഹങ്ങൾ നിർമ്മിപ്പിച്ചു. ശേഷിച്ചവക്കു് കുഷ്ഠരോഗികളായ ഒരു സംഘം കുട്ടികളുടെ സഹായത്തോടുകൂടി ഡാമിയൻ തന്നെ ഗൃഹങ്ങൾ നിർമ്മിച്ചു കൊടുത്തു.

അവിടത്തെ ജലദാരിദ്ര്യം പരിഹരിക്കുന്നതിനു് ആയിരുന്നു അടുത്ത ശ്രമം. സമീപത്തുള്ള ഒരു പവ്വതത്തിൻെറ ചരിവിൽ ഡാമിയൻ ഒരു വലിയ ജലാശയം കണ്ടെത്തി. ആവശ്യമുള്ള കുഴലുകൾ വരുത്തി ഡാമിയനും രോഗികളും കൂടി ആ ജലാശയത്തിൽ നിന്നു കുഴൽ വഴി അവർ താമസിക്കുന്ന പ്രദേശത്തേക്കു ശുദ്ധജലം കൊണ്ടുവന്നു. വെള്ളത്തിൻെറ ക്ഷാമം അങ്ങനെ നിശ്ശേഷം തീൻറു.

അദ്ദേഹത്തിന്റെ നിരന്തര ശ്രമത്തിന്റെ ഫലമായി അവിടെ ആശുപത്രി ഉണ്ടായി. അവിടെത്തന്നെ താമസിച്ചു രോഗികളെ ശുശ്രൂഷിക്കുന്നതിനും ചികിത്സിക്കുന്നതിനും തയാറുള്ള ഡാക്ടരെയും നഴ്സുകളെയും വരുത്തി. പള്ളികൾ അങ്ങിങ്ങായി ഉയർന്നു. ഇതിൽ ഒന്നിനോടു ചേർത്ത് അദ്ദേഹം ഒരു വലിയ ശവക്കോട്ട ഉണ്ടാക്കി. ശവം അതിനകത്തേ മറവു ചെയ്യാവൂ എന്നു നിർബന്ധിച്ചു. ശവം അടക്കുന്നതിനുള്ള ശവപ്പെട്ടികൾ അദ്ദേഹം തന്നെ നിർമ്മിച്ചു. ശവപ്പെട്ടി ഉണ്ടാക്കുക, ശവം അതിനകത്താക്കുക, എടുത്തു കൊണ്ടു പോകുക, കുഴി തോണ്ടുക, മറവു ചെയ്യുക, അതു സംബന്ധിച്ചുള്ള മതകർമ്മങ്ങൾ ചെയ്യുക ഇതെല്ലാം ഡാമിയൻ തന്നെ നിർവഹിച്ചിട്ടുള്ള അവസരങ്ങൾ അസംഖ്യമാണ്. ആദ്യത്തെ ആറു കൊല്ലത്തിനകം അദ്ദേഹം ആയിരത്തി അറുന്നൂറു ശവങ്ങൾ മറവു ചെയ്തു.

അദ്ദേഹത്തിന്റെ എല്ലാ ശ്രമങ്ങളിലും അവിടത്തെ കുഷ്ഠരോഗികൾ പൂർണ്ണമായി സഹകരിച്ചു. അവർ അദ്ദേഹത്തെ ഒരു ദൈവദൂതനെപ്പോലെ ആരാധിച്ചു. അവരുടെ ഇരുളടഞ്ഞ ജീവിതത്തിൽ അദ്ദേഹമാണ് അല്പം പ്രകാശം കൊണ്ടു വന്നതു്. വൃത്തിയായി ജീവിക്കാനും രോഗശമനത്തിനു വേണ്ടി ശ്രമിക്കാനും, ജീവിതം വ്യർത്ഥമെന്നു് എണ്ണാതിരിക്കാനും അദ്ദേഹം അവരെ പഠിപ്പിച്ചു മഹാരോഗികൾക്കും മനുഷ്യത്വം സംരക്ഷിക്കാമെന്നു് അവർ അറിഞ്ഞു. എന്നാൽ ഒരു ദുശ്ശീലം മാത്രം അവർ കൈയ്യൊഴിഞ്ഞില്ല. മദ്യപാനം. ചാരായം വാററിയെടുക്കുന്നതു

നിയമത്തിനു് വിരുദ്ധമായിരുന്നു. അതുകൊണ്ടു് ഡാമിയൻ അതിനെ ശക്തിയായി വിലക്കി. അതു പലക്കും തീരെ രസിച്ചില്ല. അദ്ദേഹത്തോടുള്ള കടപ്പാടുകൾ മുഴുവൻ മറന്നു് അവരിൽ പലരും പെട്ടെന്നു് അദ്ദേഹത്തിനു ശത്രുക്കളായി. ആ വിരോധം ദീർഘകാലം നീണ്ടുനിന്നു. അതു നീങ്ങിയതു് ഡാമിയനും തങ്ങളെപ്പോലെ കുഷ്ഠരോഗി ആയിരിക്കുന്നു എന്നുള്ള വസ്തുത അവർ അറിഞ്ഞപ്പോൾ മാത്രമായിരുന്നു. അപ്പോൾ അവരുടെ സ്നേഹം മുഴുവൻ ആ മഹാത്യാഗിയുടെ നേക്കു ഒഴുകി.

അദ്ദേഹം കുറേക്കാലമായി രോഗം തന്നെയും ബാധിച്ചിട്ടില്ലയോ എന്നു സംശയിക്കുന്നുണ്ടായിരുന്നു. കൂടെക്കൂടെ ഡാക്ററർമാരെക്കൊണ്ടു് ശരീരം പരിശോധിപ്പിച്ചും പോന്നു. അവരെല്ലാം അദ്ദേഹത്തെ രോഗം ബാധിച്ചിട്ടില്ല എന്നു് ഉറപ്പു പറഞ്ഞു. ഒരു ദിവസം എന്തോ അസുഖം തോന്നിയതുകൊണ്ടു് അദ്ദേഹം കുറേ നേരം ചൂടുവെള്ളത്തിൽ കാലു വച്ചുകൊണ്ടു് ഇരുന്നു. അതിനു ശേഷം നോക്കിയപ്പോൾ പാദം മുഴുവൻ പൊള്ളി കഴിഞ്ഞിരിക്കുന്നതു് കണ്ടു. തിളയ്ക്കുന്ന വെള്ളത്തിന്റെ ചൂടുപോലും അറിയുന്നതിനുള്ള ശക്തി പാദങ്ങൾക്കു് ഇല്ലാതെയായിത്തീർന്നിരിക്കുന്നെന്നു തെളിഞ്ഞു. കുഷ്ഠരോഗം തന്നെയും ബാധിച്ചു കഴിഞ്ഞിരിക്കുന്നു എന്നു് അദ്ദേഹം മനസ്സിലാക്കി.

അദ്ദേഹം പരിഭ്രമിച്ചില്ല, ദുഃഖിച്ചില്ല. മാററാൻ പാടില്ലാത്ത ഈശ്വരവിധിക്കു് അദ്ദേഹം സന്തോഷ

ത്തോടെ വഴങ്ങി. കുഷ്ഠ രോഗികളെ പററി അദ്ദേഹം അതുവരെ 'എന്റെ സഹോദരങ്ങൾ' എന്നാണു പറഞ്ഞു വന്നതു്. അതിൽ പിന്നെ 'ഞങ്ങൾ കുഷ്ഠരോഗികൾ' എന്നേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ.

അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മഹാത്യാഗത്തിന്റെ കഥ ഇതിനകം നാനാ ദേശങ്ങളിലും പരന്നു കഴിഞ്ഞിരുന്നു. അദ്ദേഹത്തിനു രോഗം ബാധിച്ച വാർത്ത കഠിനമായ ദുഃഖത്തോടുകൂടിയാണു ലോകം സ്വീകരിച്ചതു്. എന്നാൽ ലോകത്തിന്റെ ബഹുമതിയും അനുതാപവും അദ്ദേഹത്തെ സഹായിച്ചില്ല. അന്യരെ അദ്ദേഹം രക്ഷിച്ചു, സ്വയം രക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അദ്ദേഹം മുറയ്ക്കു തന്റെ കൃത്യങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നു. ജനങ്ങൾക്കു മതബോധം നല്കി ആത്മശുദ്ധി കൈവരുത്തി, അവരുടെ വ്രണങ്ങൾ കഴുകിക്കെട്ടി, രോഗം കൊണ്ടു കൈയററുപോയവർക്കു് ഒരു അമ്മയെപോലെ ആഹാരം വായിൽ ഇട്ടുകൊടുത്തു. ഈ സമയമത്രയും മരണം അദ്ദേഹത്തെ മെല്ലെ മെല്ലെ സമീപിക്കുന്നതു് അദ്ദേഹം കാണുന്നുണ്ടായിരുന്നു.

ക്രമേണ രോഗലക്ഷണങ്ങൾ അദ്ദേഹത്തിൽ കൂടുതലായി കണ്ടു തുടങ്ങി. മുഖം വിരൂപമായി. പക്ഷേ അപ്പോഴും അതിനു പ്രത്യേകമായ ഒരു ശാന്തിയും ശോഭയും ഉണ്ടായിരുന്നു.

മരണം അടുക്കുന്തോറും അദ്ദേഹം കൂടുതൽ ശാന്തനും പ്രസന്നനുമായി. ൧൮൮൯ ഏപ്രിൽ ൧൫-ാംനു-അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ശാന്തമായി ഉറങ്ങുന്ന വനെപ്പോലെ അദ്ദേഹം മരിച്ചു. അവസാനത്തെ നിമിഷങ്ങളിൽ രണ്ടു രൂപങ്ങൾ അദ്ദേഹത്തിന്റെ കാല്ക്കലും തലയ്ക്കലുമായി നില്ക്കുന്നു എന്ന് അദ്ദേഹത്തിനു തോന്നി. ആരെന്ന് അദ്ദേഹം പറഞ്ഞില്ല.

അങ്ങനെ ലോകം അതിനു മുമ്പു കണ്ടിട്ടില്ലാത്ത ഒരു മഹായജ്ഞം സമാപിച്ചു. ഡാമിയനെപ്പോലെ ക്രിസ്തുഭഗവാന്റെ കാലടികളെ ഇത്ര ധീരമായി, നിഷ്കൃഷ്ടമായി പിന്തുടൎന്നിട്ടുള്ള ഭക്തന്മാർ വളരെ ഇല്ല. ലോകത്തെ അനുഗ്രഹിച്ചിട്ടുള്ള മഹാത്മാക്കളുടെ മുന്നണിയിലാണ് ആ മഹാത്യാഗിയുടെ സ്ഥാനം.

---

പാഠം ൨൪

# ഉത്തര ധ്രുവ വിജയം

ഭൂഗോളത്തിന്റെ ഏറ്റവും വടക്കും തെക്കുമുള്ള സ്ഥലങ്ങളെ ധ്രുവ പ്രദേശങ്ങൾ എന്നു വിളിക്കുന്നു. ഈ പ്രദേശങ്ങൾക്കു് ഭൂമിയുടെ മറ്റു ഭാഗങ്ങളിൽ നിന്ന് വളരെ വ്യത്യാസമുണ്ട്. ധ്രുവങ്ങളിലെ ഭൂപ്രകൃതിയും ശൈത്യവും മനുഷ്യവാസത്തിനു ഒട്ടും യോജിച്ചതല്ല. ജന്തുക്കളും സസ്യങ്ങളും അവിടെ വളരെ ചുരുക്കമാണ്.

ഏകദേശം ആറുമാസക്കാലത്തേക്ക് തുടർച്ചയായി നീണ്ടു നില്ക്കുന്ന രാത്രിയും, അതുപോലെ ഉള്ള പകലും മാത്രമേ ധ്രുവ പ്രദേശങ്ങളിൽ ഉണ്ടാകാറുള്ളു. അതിദീർഘമായ രാത്രിയും അത്യുഗ്രമായ ശീതവും കൊണ്ട് ഈ പ്രദേശങ്ങൾ ഭയാനകങ്ങളാണ്. അടുത്ത കാലം വരെ ഈ പ്രദേശങ്ങളെപ്പററി ആക്കും ശരിയായ ജ്ഞാനം ഉണ്ടായിരുന്നില്ല.

ധ്രുവ പ്രദേശങ്ങളിലെ വിശേഷങ്ങൾ അറിയുന്നതിന് പലക്കും ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ ഭയാനകവും ദുർഗ്ഗമവുമായ ആ പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുവാൻ മുൻ കാലങ്ങളിൽ ജനങ്ങൾ ധൈര്യപ്പെട്ടില്ല. പതിനഞ്ചാം നൂററാണ്ടിനു ശേഷം യൂറോപ്പിലെ ജനങ്ങളിൽ പൊതുവേ ഒരു വിജ്ഞാനാസക്തി ഉണ്ടായി. അതിന്റെ ഫലമായി അജ്ഞാതമായിരുന്ന പല സ്ഥലങ്ങളും കണ്ടുപിടിക്കുന്നതിന് ധീരന്മാരും സാഹസികന്മാരുമായ ചില ആളുകൾ പരിശ്രമിച്ചു തുടങ്ങി. അമെരിഗൊ വെസ്പുക്കി, കൊളംബസ്, വാസ്കോ ഡി ഗാമ, മഗല്ലൻ, മാംഗോ പാക്ക്, ക്യാപ്ററൻ കുക്ക് തുടങ്ങിയ മഹാന്മാർ വലുതായ ക്ലേശങ്ങൾ സഹിച്ചു ഭൂമിയുടെ അജ്ഞാതമായിരുന്ന ഓരോ ഭാഗങ്ങൾ കണ്ടു പിടിച്ചു മഹത്തായ ലോകോപകാരം ചെയ്തിട്ടുള്ള പ്രസിദ്ധന്മാരായ സഞ്ചാരികൾ ആണ്. ഉത്തര ദക്ഷിണ ധ്രുവങ്ങൾ കണ്ടുപിടിക്കുന്നതിനും ധീരന്മാരായ പല സഞ്ചാരികളും ശ്രമിച്ചിട്ടുണ്ട്. അവരിൽ പലരും വിജയം കിട്ടാതെ മരിക്കു

വാൻ ഇടയായി. എങ്കിലും മററു ചിലർ ഇവരുടെ ശ്രമങ്ങൾ ധൈര്യം അവലംബിച്ചു തുടരുവാൻ മുതിന്നു. ഇക്കൂട്ടത്തിൽ അമേരിക്കക്കാരനായ ക്യാപ്ററൻ പീയറിയുടേയും, നോർവേക്കാരനായ അമുണ്ഡ്സേനിൻേറയും, ബ്രിട്ടീഷുകാരനായ ക്യാപ്ററൻ സ്കോട്ടിൻേറയും പേരുകൾ പ്രത്യേകം സ്മരണ അർഹിക്കുന്നു. ഉത്തര ധ്രുവ പര്യടനം ഏററവും വിജയകരമായി നിർവഹിക്കാനുള്ള ഭാഗധേയം സിദ്ധിച്ചതു് ക്യാപ്ററൻ പീയറി എന്ന മഹാനാണു്. ദക്ഷിണ ധ്രുവം ആദ്യമായി കണ്ടു പിടിച്ചതു് അമുണ്ഡ്സേൻ എന്ന വിഖ്യാതനായ സഞ്ചാരിയും ആണു്.

പീയറിയുടെ സഞ്ചാരവൃത്താന്തങ്ങൾ അത്യന്തം രസാവഹവും സാഹസികവും ആണു്. അദ്ദേഹത്തിൻെറ ഇരുപതു കൊല്ലത്തെ അശ്രാന്തപരിശ്രമഫലമായിട്ടു് ആണു് ഉത്തരധ്രുവപര്യടനം വിജയകരമായി പര്യവസാനിച്ചതു്. ധീരമായ പല പരിശ്രമങ്ങളിലും അദ്ദേഹം പരാജയം അടഞ്ഞെങ്കിലും വിജയം വരെ ഉദ്യമത്തിൽ നിന്നു പിന്തിരിഞ്ഞില്ല. ഒന്നുകിൽ ഉത്തര ധ്രുവ കേന്ദ്രങ്ങളിൽ എത്തുക, അല്ലാത്തപക്ഷം ആ ശ്രമത്തിൽ മരിക്കുക എന്നായിരുന്നു ആ ധീരൻെറ ദൃഢവ്രതം. ഒരിക്കലും അദ്ദേഹത്തിനു് ആശ നഷ്ടപ്പെട്ടില്ല. ഇതു് ആയിരുന്നു അദ്ദേഹത്തിൻെറ വിജയ രഹസ്യം.

ഉത്തരധ്രുവം കണ്ടു പിടിക്കുന്നതിനു വേണ്ടി പീയറി ഒടുവിൽ നടത്തിയ പര്യടനം ൧൯൦൮-ാമാണ്ടു്

ആയിരുന്നു. അപ്പോൾ അദ്ദേഹത്തിന് അൻപത്തിയെട്ടു വയസ്സായിരുന്നു. മഞ്ഞുകട്ടകൾ നിറഞ്ഞ സമുദ്രഭാഗങ്ങളിൽ കൂടി സഞ്ചരിക്കുന്നതിന് ഉപകരിക്കത്തക്കവിധം പ്രത്യേകമായി നിർമ്മിച്ച കപ്പലിലാണ് പീയറിയും കൂട്ടുകാരും അമേരിക്കയിൽ നിന്നു യാത്ര തിരിച്ചതു്. ഇരുപതു ദിവസത്തെ തുടർച്ചയായ യാത്രയ്ക്കു ശേഷം പര്യടനസംഘം യോർക്ക് എന്ന മുനമ്പിൽ എത്തി. അവിടെ നിന്ന് എസ്കിമോ വർഗ്ഗത്തിൽ പെട്ട കുറെ ആളുകളെയും സ്ലെഡ്ജ് എന്ന ഒരു തരം ഹിമവാഹനങ്ങൾ വലിക്കുന്നതിനു പരിചയമുള്ള കുറെ നായ്ക്കളെയും പീയറി സംഘത്തിൽ ചേർത്തു. യോർക്ക്മുനമ്പിൽ നിന്ന് ഏറ്റവും അപകടകരവും ഹിമപൂർണ്ണവുമായ മുന്നൂററമ്പതിൽ പരം നാഴിക ദൂരം കടലിൽ കൂടി സഞ്ചരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ധ്രുവത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

ധ്രുവപ്രദേശത്തിനടുത്ത് ഉള്ള സമുദ്രത്തിൽ കൂടി യാത്ര ചെയ്യുന്നതു് അപകടപൂർണ്ണമാണ്. വളരെ വലിയ ഹിമ പിണ്ഡങ്ങൾ സമുദ്രത്തിൽ ഒഴുകുക സാധാരണമാണ്. ചിലപ്പോൾ സമുദ്രത്തിന്റെ ഉപരിഭാഗം ഘനീഭവിച്ച് കഠിനമായ ഒരു വെൺപാറപോലെ കാണപ്പെടും. ഒരിക്കൽ പീയറിയുടെ കപ്പൽ ഓടിക്കൊണ്ടിരുന്ന സമുദ്രഭാഗം ഘനീഭവിച്ച് ഒരു വലിയ മഞ്ഞുപാറയായി രൂപാന്തരം പ്രാപിച്ചു. അപ്പോൾ കപ്പൽ പാറയ്ക്കുള്ളിൽ ബലമായി ഉറച്ചുപോയി. മഞ്ഞുപാറ

വെടി വെച്ചു പൊട്ടിച്ചാണു പിന്നീട്ട യാത്ര തുടൎന്നതു്. ഇങ്ങനെ കുറെ ദിവസങ്ങൾ കൂടി യാത്ര തുടൎന്നപ്പോൾ പിന്നീട്ട കപ്പൽ മാൎഗ്ഗമായുള്ള സഞ്ചാരം തീരെ അസാധ്യമായിത്തീൎന്നു. ഉറഞ്ഞു മഞ്ഞുകട്ടി ആകാത്ത ജലം തീരെ ഇല്ലാതെയായി. മഞ്ഞു പാറകളും മഞ്ഞു മലകളും മാത്രമാണു് അവിടെ കണ്ടതു്. അതിനാൽ അവർ കപ്പലിൽ നിന്നു് ഇറങ്ങി കാൽനടയായി സ്ലെഡ്ജ് എന്ന വാഹനങ്ങൾ മാൎഗ്ഗമായി യാത്ര തുടൎന്നു. അപ്പോഴേക്കും ഉത്തരധ്രുവപ്രദേശത്തെ ഉഗ്രമായ തണുപ്പുകാലം ആരംഭിച്ചിരുന്നു. അതിദീൎഘമായ രാത്രിയുടെ പ്രാരംഭമായ സന്ധ്യാകാലം തുടങ്ങിയിരുന്നു. ഏകദേശം രണ്ടു മാസക്കാലത്തേക്കു നീണ്ടു നില്ക്കുന്നതാണു് ഈ സന്ധ്യാകാലം. അതു കഴിഞ്ഞാൽ നാലു മാസത്തേക്കു ദീൎഘിക്കുന്ന ഭയാനകമായ ഒരു രാത്രിയാണു്. ഈ കാലഘട്ടമത്രയും അവർ നിരുന്മേഷരായി ഒരു വിധത്തിൽ കഴിച്ചുകൂട്ടി. അതിനു ശേഷം അവരുടെ അത്യാപൽക്കരമായ യാത്ര തുടൎന്നു.

മഞ്ഞു പരപ്പിനിടയിൽ അവിടവിടെ ആയി ചില ജലാശയങ്ങൾ ഉണ്ടായിരുന്നു. ഇവയുടെ മുകൾപ്പരപ്പു് ഉറച്ചു കിടന്നിരുന്നു എങ്കിലും അടിയിൽ ജലം ഉണ്ടായിരുന്നു. ജലാശയത്തിനു മുകളിൽ ഒരു ഈയത്തകിട്ട വിരിച്ചതു പോലെയുള്ള മഞ്ഞു പരപ്പിൽ കൂടെ യാത്ര ചെയ്യുന്നതു വളരെ അപായകരമായിരുന്നു. മാൎഗ്ഗമദ്ധ്യേ പൎയ്യടനസംഘത്തിൽ പെട്ട പല ആളുകളും അപമൃത്യുവിനു് ഇര

യായി. എങ്കിലും പീയറിയും ശേഷിച്ച കൂട്ടരും യാത്ര തുടൎന്നു.

ഓരോ ദിവസം കഴിയുന്തോറും വിഷമതകളും ക്ലേശങ്ങളും അപായങ്ങളും വൎദ്ധിച്ചു വന്നു. ധ്രുവത്തിലേക്ക് അടുക്കുന്തോറും വായുമണ്ഡലം മ്ലാനമായും ഭൂപ്രകൃതി ഭീകരമായും കാണപ്പെട്ടു. ലോകത്തിന്റെ മറെറാരു ഭാഗത്തും ഇല്ലാത്ത വിധത്തിൽ അതി കഠിനമായ തണുപ്പ് അവരുടെ അസ്ഥികൾ ഭേദിച്ചു മജ്ജ പോലും മരവിപ്പിച്ചു. ഇങ്ങനെയുള്ള പരിതഃസ്ഥിതികളിൽ യാത്ര തുടൎന്ന്, ഒടുവിൽ ൧൯൦൯-ാമാണ്ടു് ഏപ്രിൽ മാസം ൬-ാം തീയതി പീയറിയും അദ്ദേഹത്തിന്റെ അനുചരന്മാരായ ഒരു നീഗ്രോയും നാലു് എസ്കിമോകളും ഉത്തരധ്രുവത്തിന്റെ കേന്ദ്രത്തിൽ എത്തി. ആദ്യമായി ഉത്തരധ്രുവം ദൎശിച്ചവരും അവിടെ കാലു കുത്തിയവരും ഇവർ ആയിരുന്നു. ധ്രുവകേന്ദ്രത്തിൽ എത്തിയ ഉടൻ പീയറി സന്തോഷഭരിതനായി കൈകൾ ഉയൎത്തിപ്പിടിച്ച് ആകാശത്തിലേക്കു നോക്കിക്കൊണ്ടു ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. തന്റെ ഇരുപതു കൊല്ലക്കാലത്തെ ക്ലേശഭൂയിഷ്ഠമായ പരിശ്രമങ്ങളുടെ വിജയകരമായ പരിസമാപ്തി അതു് ആയിരുന്നു.

അനന്തരം പീയറി അനുചരന്മാരോടു ധ്രുവകേന്ദ്രത്തിനു ചുററും തങ്ങി നില്ക്കുവാൻ ആജ്ഞാപിച്ചതു് അനുസരിച്ച് അവർ അങ്ങനെ ചെയ്തു. പീയറി അവ

രുടെ മദ്ധ്യത്തിൽ നിന്നു കൊണ്ടു് ഉത്തരധ്രുവം അമേരിക്കൻ ഐക്യനാടുകൾക്കു കീഴടങ്ങിയിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു. ഈ വിജയത്തിന്റെ ചിഹ്നമായി ധ്രുവകേന്ദ്രത്തിൽ അമേരിക്കൻ പതാക നാട്ടി. ഉദ്ദേശം മുപ്പതു മണിക്കൂർ സമയം പിയറിയും അനുചരന്മാരും ധ്രുവകേന്ദ്രത്തിൽ കഴിച്ചുകൂട്ടിയതിനു ശേഷം അവർ തിരിയെ മടങ്ങി. രണ്ടു മൂന്നു മാസക്കാലത്തെ ക്ലേശകരമായ യാത്രയ്ക്കു ശേഷം അദ്ദേഹം തിരിയെ അമേരിക്കയിൽ എത്തി.

പിയറിയുടെ കീർത്തിധാവള്യം ഉത്തരധ്രുവം നിലനില്ക്കുന്നിടത്തോളം കാലം ഭൂലോകത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഭൂമിശാസ്ത്രസംബന്ധമായ പല നൂതന തത്വങ്ങളും ലോകത്തിനു ലഭിക്കുവാൻ ഇടയായിട്ടുണ്ടു്.

നമ്മിൽ ഓരോരുത്തരുടെയും ജീവിതം ഓരോ പര്യടനം ആണു്. നമുക്കും ഓരോ ധ്രുവങ്ങളിൽ എത്തിച്ചേരേണ്ടതുണ്ടു്: ഉദ്ദിഷ്ടസ്ഥാനം പ്രാപിക്കുന്നതുവരെ, വിജയം കരഗതമാകുന്നതുവരെ, ലേശവും നിരാശ കൂടാതെ പ്രയത്നിക്കുക. 'വിജയം അഥവാ മരണം' എന്ന മുദ്രാവാക്യമായിരുന്നു പിയറിയുടെ ആദർശം. അനുകരണീയവും അഭിലഷണീയവും ആയ ഒരു ആദർശമാണു് ഇതു്.

പാഠം ൨൫

# കുചേല പ്രാഭൃതം

'വിശേഷങ്ങളിനിയും പറഞ്ഞു കൊള്ളാം
[ബന്ധം വിനാ
വിശക്കുന്നു നമുക്കതു സഹിച്ചു കൂടാ. ൨

വിശുദ്ധനായ ഭവാന്റെ ഭവപീഡ തീൎന്നുപോമി
വശക്കേടു ശമിക്കുമ്പോളതിനെന്തുള്ളൂ? ൪

പൊതിയിങ്ങോട്ടു തന്നാലും ലജ്ജിക്കേണ്ടാ
[ഗോപിമാരും
കൊതിയനെന്നിജ്ജനത്തെ പറവൂ ഞായം.' ൬

ഇതി യദുപതി മുദാ സതതമിരന്നു സതാം
ഗതിയതു കൈയ്യിലാക്കീട്ടഴിച്ചു കൊണ്ടു് ൮

കല്ലും നെല്ലുമെല്ലാമവലെന്നു വച്ചിട്ടൊരു പിടി
നല്ലവണ്ണം വാരി വേഗം വയററിലാക്കി. ൧൦

മല്ലരിപു പിന്നെയും വാരുവാനാഞ്ഞ നേരം വിശ്രും
വല്ലഭ വന്ദിച്ചു തന്റെ കരം പിടിച്ചു. ൧൨

മതിമതി പതിയോടു പറവൃത്തും ചെയ്തു 'കാന്താ!
മതിമതി കദശനമതീവമൂല്യം, ൧൪

മതിപ്പാനോ കൊട്ടപ്പാനും തന്നെ ഞാനിന്നൊന്നു
[കൊണ്ടും
മതിയാകയില്ലെന്നായി വന്നിരിക്കുന്നു. ൧൬

പിറന്നന്നു തുടങ്ങീട്ടു പിരിയാതെ പാക്കുമെന്നെ
മറന്നെന്നു തോന്നിട്ടനിതയുന്നാ ബന്ധം- ൧൮

മുറിച്ചയച്ചീ വിപ്രന്റെ പത്നിക്കു ദാസിയാകുവാൻ
ഉറച്ചിതോ തിരുമനസ്സിലിതെന്തല്ലോ? ൨൦

'പരിഭ്രമിക്കേണ്ടാ പത്നി! പറഞ്ഞതു കൊള്ളാം
[താനും
പരമ ഭക്തന്മാരാക്കൊണ്ടിരിക്കുന്നോരാം ൨൨

പരവശനായ് കൃപകൊണ്ടെങ്ങനെയും മറന്നു പോം
[ഞാൻ
പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ? ൨൪

നിറഞ്ഞു കഴിഞ്ഞു നമുക്കൊരു മുഷ്ട്യാ നിന്റെ
ഭാവം
അറിഞ്ഞുകൊൾവതിനായി പുനരുദ്യോഗം. ൨൬

കറഞ്ഞൊരു ചിപ്പിടകം ശേഷിച്ചിതതാ ഭവതി
പറഞ്ഞതും മറക്കാമോ ഭക്തയല്ലോ നീ?" ൨൮

വിവിധ ചരാചരണാം പിതാക്കന്മാരേവം കാഴ്ച്ചം
സവിധഗനാം ദ്വിജനെ ശ്രവിപ്പിക്കാതെ ൩൦

ചെവിയിലന്യോന്യമോതീട്ടമൃതമാക്കിയ ശേഷം
അവലമ്മ കൊണ്ടുപോയി പിന്നെയും വീശി. ൩൨

സഖിദത്ത പൃഥുകൈക മുഷ്ടിയാൽ നിറയ്ക്കപ്പെട്ട
സഖി മുകുന്ദനാലേവം വദിക്കപ്പെട്ടു. ൩൪

'പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകോദനം
ഉണ്ടു നാമിന്നു ഭവാന്റെ പൃഥുകം തിന്നു ൩൬

രണ്ടുകൊണ്ടുമുണ്ടായോളം സുഖവും തൃപ്തിയും
[കീഴി-
ലുണ്ടായിട്ടില്ലൊരിക്കലുമിനിക്കു സഖേ! ൩൮

കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ ഭക്ത-
[ന്മാരർപ്പിച്ചാൽ
കയ്ക്കും കാഞ്ഞിരക്കുരുവുമെനിക്കമൃതം. ൪൦

ഭക്തിഹീനന്മാരായ മർത്ത്യന്മാരമൃതം തന്നാലും
തിക്തകാരസ്കരഫലമായിട്ടു തീരും. ൪൨

രാമപുരത്തുവാര്യർ) 'കുചേലവൃത്തം വഞ്ചിപ്പാട്ട്'

പാഠം ൨൩

# അതിഥി

(ഒരു ഗ്രാമ പ്രദേശം. നഗരത്തിലേക്കു് പോകുന്ന പ്രധാന രാജപാതയുടെ അരികിലുള്ള ഒരു ആല്ത്തറ. സായം കാലം.)

ആല്ത്തറയിൽ ഇരിക്കുന്ന നാലു ബാലന്മാരെ ഒഴിച്ചാൽ രംഗം വിജനമാണു്. അവർ ആരെയൊ ഉൽകണ്ഠയോടെ പ്രതീക്ഷിച്ചിട്ടെന്നവിധം കൂടെക്കൂടെ നോക്കുന്നുണ്ടു്. അവരിൽ മൂന്നു ബാലന്മാർ (ശ്രീകാന്തൻ ധനപാൻ, വിജയനാഥൻ) ധനികന്മാരുടെ മക്കൾ ആണെന്നു് അറിയാം. അവരുടെ അടുത്തു് ഒരു വെള്ളി തട്ടവും, അതിൽ മധുര നാരങ്ങാ, മാമ്പഴം, മുന്തിരിപ്പഴം മുതലായ മധുര ഫലങ്ങളും ഒരു പനിനീർക്കുപ്പിയും, ഒരു വെള്ളിക്കിണ്ണത്തിൽ വാസന ദ്രവ്യങ്ങൾ ചേർത്ത കളഭക്കൂട്ടം, ഒരു റോസാപ്പൂമാലയും ഇരിപ്പുണ്ടു്. നാലാമൻ ഹരിദാസൻ അവരിൽ നിന്നു് അല്പം മാറിയാണു് ഇരിക്കുന്നതു്. അവൻ അവരെ അപേക്ഷിച്ചു ദരിദ്രനാണെന്നു് ഒററ നോട്ടത്തിൽ തന്നെ കാണാം. ഒരു ചെറുനാരങ്ങാ, തേച്ചു മിനുക്കിയിട്ടുള്ള ഒരു ചെറിയ ഓട്ടുമൊന്തയിൽ കുറേ ശുദ്ധ ജലം, ഒരു പിച്ചള ടംബ്ലറിൽ കുറച്ചു ചന്ദനം, തുളസിയും വാടാമല്ലിയും കൊണ്ടു കെട്ടിയിട്ടുള്ള ഒരു മാല. ഇത്രയും ഒരു വാഴയിലയിൽ അവനും അടുത്തു് ഒരുക്കി വച്ചിരിപ്പുണ്ടു്. കൂടെക്കൂടെ

അവനെ ഏറുകണ്ണിട്ടു നോക്കിയതിനുശേഷം മറേറ മൂന്നു ബാലന്മാർ അന്യോന്യം നോക്കി അത്ഥവത്തായി ചിരിക്കുന്നുമുണ്ടു്.

[സമയം കഴിയുന്തോറും ബാലന്മാരിൽ പ്രത്യേകിച്ചു ശ്രീകാന്തൻ, ധനപാലൻ, വിജയനാഥൻ ഇവരിൽ അക്ഷമ പ്രകടമാകുന്നു.]

ശ്രീകാന്തൻ:—ആ സന്യാസി നമ്മളെ കളിപ്പിക്കുക യാണെന്നാണു തോന്നുന്നതു്.

ധനപാലൻ:—ഛെ! അങ്ങനെ വരുമോ?

വിജയനാഥൻ:—എങ്കിലും എത്ര നേരമായി നമ്മൾ ഇവിടെ കാത്തിരിക്കുന്നു? ഒരു പട്ടിയും പൂച്ചയും പോലും ഇതിലേ പോയിട്ടില്ല.

ശ്രീകാന്തൻ:—എത്രയൊക്കെ ആയാലും അദ്ദേഹത്തെപ്പോലെയുള്ള ഒരു ദിവ്യൻ ഇതിലെ കടന്നുപോകുമ്പോൾ ഒരു ആളനക്കമെങ്കിലും ഇല്ലാതിരിക്കുമോ?

വിജയനാഥൻ:—ശ്രീകാന്തൻ, നീ പറയുന്നതു വാസ്തവം ആണു്. ആ സന്യാസി നമ്മെ കളിപ്പിക്കുകയായിരുന്നു. അല്ലെങ്കിൽ ഇക്കാര്യം നമ്മൾ വേറേ ആരേയും അറിയിക്കരുതെന്നു അദ്ദേഹം പറഞ്ഞതു് എന്തിനാണു്?

ധനപാലൻ:—ഞാനും അതിനെപ്പററി ആലോചിക്കാതിരുന്നില്ല. എനിക്ക് അച്ഛനോടും അമ്മയോടും ഇതിനെപ്പററി പറയണമെന്ന് ഉണ്ടായിരുന്നു. പക്ഷെ എന്തു ചെയ്യാം? ആ സന്ന്യാസിയുടെ ആജ്ഞ! ഞാൻ ഒരു മീററിംഗിനാണെന്നു ഒരു കൊച്ചുകള്ളം പറഞ്ഞാണു വെള്ളിത്തട്ടം അമ്മയുടെ കൈയ്യിൽ നിന്നു വാങ്ങിച്ചതു്!

ശ്രീകാന്തൻ:—എന്റെ ഒരു സ്നേഹിതന്റെ വീട്ടിൽ കല്യാണത്തിനെന്നും പറഞ്ഞാണു് ഞാൻ പനിനീർക്കുപ്പിയും ചന്ദനക്കിണ്ണവും കൊണ്ടുവന്നതു്.

വിജയനാഥൻ:—ആ റോസാപ്പൂമാല വാങ്ങിക്കാൻ ഞാനും ഒരു ചെറിയ കള്ളം പറഞ്ഞു, ചങ്ങാതികളേ!

ധനപാലൻ:—നീ എന്താണു് അടിച്ചുവിട്ടതു?

വിജയനാഥൻ:—അതോ? ഞങ്ങളുടെ പള്ളിക്കൂടത്തിൽ ഒരു ഗ്രൂപ്പുഫോട്ടോ. അതിനു ഹെഡ്മാസ്റ്ററുടെ കഴുത്തിലിടാൻ ഒരു മാല വേണമെന്നു്. അതു ഞാൻ ഏററു പോയെന്നു്.

ശ്രീകാന്തൻ:—അതിന് ഈ റോസാപ്പൂമാല തന്നെ വേണോ എന്ന് നിന്റെ അച്ഛൻ ചോദിച്ചില്ലേ?

വിജയനാഥൻ:—അതു തന്നെ ചോദിച്ചു.

ധനപാലൻ:—അതിനു നീ എന്തു സമാധാനം പറഞ്ഞു?

വിജയനാഥൻ:—ആട്ടെ, ശ്രീകാന്താ, നിനക്കു പറയാമോ ഞാൻ പറഞ്ഞ സമാധാനം

ശ്രീകാന്തൻ.—റോസാപ്പൂമാല ഇല്ലെങ്കിൽ ഹെഡ്മാസ്റ്റർ ഫോട്ടോയ്ക്കു് ഇരിക്കയില്ലെന്നു്.

(എല്ലാവരും ചിരിക്കുന്നു.)

വിജയനാഥൻ:—അമ്പടാ മിടുക്കാ! ധനപാലാ, നിനക്കു പറയാമോ?

ധനപാലൻ:—എനിക്കു വയ്യാ. നീ തന്നെ അങ്ങു പറഞ്ഞേക്കു്.

വിജയനാഥൻ:—ഫോട്ടോവിൽ തെളിഞ്ഞു കാണണമെങ്കിൽ റോസാപ്പൂമാല തന്നെ വേണമെന്നു്.

ശ്രീകാന്തൻ:—സമർത്ഥൻ തന്നെ! (ഈ സമയമത്രയും മിണ്ടാതെ ചിന്താമഗ്നനായിരുന്ന ഹരിയുടെ നേക്കു തിരിഞ്ഞു്) ഹരി, നീ എന്താ ഒന്നും മിണ്ടാതിരിക്കുന്നതു്? നീ ഇതൊക്കെ കൊണ്ടുവന്നതു് എന്തു കള്ളം പറഞ്ഞാണു്?

ഹരിദാസൻ:—ഞാൻ ഒരു കള്ളവും പറഞ്ഞില്ല. ഞാൻ ബഹുമാനിക്കുന്ന ഒരു ആളിനെ സൽക്കരിക്കാൻ ആണെന്നു പറഞ്ഞു. അച്ഛൻ ചന്ദനം അരച്ചുതന്നു. അമ്മ മൊന്ത തേച്ചു മിനുക്കിത്തന്നു. ചേച്ചി മാല കെട്ടിത്തന്നു. മുററത്തെ നാരകം ഈ നാരങ്ങായുംതന്നു.

ധനപാലൻ:—അതാ വരുന്നു ഹരിശ്ചന്ദ്രൻ!

വിജയനാഥൻ:—ആരെന്നു് അവർ ചോദിച്ചില്ലേ?

ഹരിദാസൻ:—ചോദിച്ചു. ഞാൻ പിന്നെ പറയാമെന്നു പറഞ്ഞു.

ശ്രീകാന്തൻ:—അവർ അതുകേട്ടു സമാധാനപ്പെട്ടോ?

ഹരിദാസൻ:—സമാധാനപ്പെട്ടു.

ധനപാലൻ:—പാവങ്ങൾ!

ഹരിദാസൻ:—അതേ. അവർ പാവങ്ങളാണു്. ഞാൻ അവരോടു കള്ളം പറയുകയില്ലെന്നു് അവക്കു് അറിയാം. എന്നെ അവക്കു വിശ്വാസമാണു്.

വിജയനാഥൻ:—അതേടാ, നീ വലിയ ധർമ്മപുത്രനാണു്. ഞങ്ങൾക്കു് അറിയാം.

ശ്രീകാന്തൻ:—പറഞ്ഞു പറഞ്ഞു സമയം പോകുന്നല്ലോ? സന്ന്യാസി നമ്മളെ പറഞ്ഞു പററിക്ക തന്നെ ആണല്ലോ ചെയ്തതു്.

ഹരിദാസൻ:—അതാ ആരോ വരുന്നു.

(എല്ലാവരും പടിഞ്ഞാറോട്ടു നോക്കുന്നു. വളവു തിരിഞ്ഞു് ആരോ ഒരാൾ നടന്നു വരുന്നതു കാണുന്നു. അയാളെ വ്യക്തമായി കാണാറാകുമ്പോൾ ഹരിയോടു് "അതേടാ!. അതു തന്നെ. കണ്ടാൽ അറിഞ്ഞു കൂടയോ? നീ അയാളെ പൂജിക്കു്" എന്നിങ്ങനെ പുച്ഛരസത്തിൽ അട്ടഹസിച്ചും ചിരിച്ചും അവനെ പരിഹസിക്കുന്നു. അട്ടത്തു

വരുന്ന ആൾ വളരെ ക്ഷീണിച്ചിരിക്കുന്നു. അയാൾ ധരിച്ചിരിക്കുന്ന സാമാന്യവസ്ത്രങ്ങൾ ബഹുദൂരത്തെ യാത്രയുടെ ഫലമായി പൊടിയണിഞ്ഞു മുഷിഞ്ഞിട്ടുണ്ടു്. അയാൾ പണിപ്പെട്ടു നടന്നു് ആ ബാലന്മാരുടെ അടുത്തു വന്നിരിക്കുന്നു. രണ്ടാം മുണ്ടു മടക്കി വീശുന്നു. ചുററുപാടും കണ്ണു് ഓടിക്കുമ്പോൾ വെള്ളിത്തട്ടത്തിൽ, മധുരഫലങ്ങൾ ഇരിക്കുന്നതു കാണുന്നു. 'ആർത്തിയോടുകൂടി അതിനെ നോക്കുന്നു. അയാൾ അവിടെ വന്നതും അവരുടെ അടുത്തു ഇരുന്നതും ശ്രീകാന്തനും കൂട്ടർക്കും ഇഷ്ടമാകുന്നില്ല.

ആഗതൻ:—(അവരോടു്) കുഞ്ഞുങ്ങളേ! ഞാൻ വളരെ ദൂരം നടന്നു വരികയാണു്. ദാഹവും വിശപ്പും അതികലശൽ. ക്ഷീണംകൊണ്ടു ഒട്ടു മുന്നോട്ടു വയ്ക്കാൻ കെല്പില്ല. എനിക്കു് ഉടനേ പട്ടണത്തിൽ എത്തേണ്ട ആവശ്യമുണ്ടു്. എനിക്കു് അതിൽനിന്നു അല്പം വല്ലതും തരാമോ? പുണ്യം ഉണ്ടു്.

വിജയനന്ദനൻ:—എന്താ, ഞങ്ങൾ ഇവിടെ അർഘ്യവും പാദ്യവും കൊണ്ടു് നിങ്ങളെ കാത്തു് ഇരിക്കുന്നു എന്നു വല്ലവരും പറഞ്ഞോ?

ആഗതൻ:—അങ്ങനെ പറയരുതു്. നിങ്ങളെ ഈശ്വരൻ ഇവിടെ കൊണ്ടുവന്നതാണു്. നിങ്ങൾക്കു ദയവു തോന്നി എനിക്കു വല്ലതും തന്നില്ലെങ്കിൽ

ഇവിടെ കിടന്നുപോകും. എനിക്കു് ഇന്നു പട്ടണത്തിൽ എത്താൻ കഴിയാതെ പോകും.

ധനപാലൻ:—പട്ടണത്തിലുള്ളവർ പട്ടിണിയുമാകും.

ആഗതൻ:—കുഞ്ഞേ! അഗതികളെ പരിഹസിക്കരുതു്.

ശ്രീകാന്തൻ:—ഹേ! അതിനു താൻ ബദ്ധപ്പെടേണ്ട. പള്ളിക്കൂടത്തിൽ സാറന്മാരുണ്ടു്. വീട്ടിൽ അച്ഛനമ്മമാരുണ്ടു് ഞങ്ങൾക്കു് ഗുണദോഷം പറഞ്ഞുതരാൻ.

ആഗതൻ:—ക്ഷമിക്കണം. ഞാൻ ഇനി അങ്ങനെയൊന്നും പറയുകയില്ല. എന്റെ തൊണ്ട വരളുന്നു. ആ മധുര നാരങ്ങായിൽ ഒരെണ്ണം എനിക്കു തരണം.

വിജയനാഥൻ:—എടോ ഇപ്പോൾ മധുരനാരങ്ങായുടെ വില എന്താണെന്നു് അറിയാമോ? ഇതു വെറും മധുര നാരങ്ങായൊന്നുമല്ല. ഒന്നാംതരം 'ലൂസ് ജാഫ്ഫറു്' ആണു്. ഒരെണ്ണത്തിനു് അര രൂപയാണു്.

ആഗതൻ:—കഷ്ടപ്പെടുന്ന ഒരു മനുഷ്യന്റെ ആശ്വാസത്തിനു് അതിനെക്കാൾ വിലയില്ലേ?

ധനപാലൻ:—അതിനു് ഒരു രൂപാ വില വരുമോ?

ശ്രീകാന്തൻ:—എന്തിനു് അയാളോടു തർക്കിക്കുന്നു? (ആഗതനോടു്) കേട്ടോ ചേട്ടാ, ഇതിലൊന്നും ഇപ്പോൾ തരാൻ സാധ്യമല്ല. ഇതു വേറൊരു ആവശ്യത്തിനു

കൊണ്ടു വച്ചിരിക്കയാണു്. ദിവ്യനായ ഒരാൾ ഇതിലേ ഇപ്പോൾ വരും. അദ്ദേഹത്തിനു കാഴ്ച വയ്ക്കാനാണു് ഇതെല്ലാം. ഇപ്പോൾ മനസ്സിലായോ? എന്നാൽ ഇനിയും പോയാട്ടേ.

ആഗതൻ:—ആ മധുരനാരങ്ങായിൽ ഒരെണ്ണം കുറഞ്ഞു പോയാൽ ആ മഹാത്മാവിനു് ഒരു നഷ്ടവും സംഭവിക്കുകയില്ല. അതിൽ ഒരെണ്ണത്തിനു എന്റെ ജീവനെ രക്ഷിക്കുവാൻ കഴിയും.

വിജയനാഥൻ:—എടാ ഇയാൾ വലിയ തക്കക്കാരൻ ആണല്ലോ. എടോ പൂജയ്ക്കു വച്ചിരിക്കുന്നതെടുത്തു വഴിയെ പോകുന്നവൎക്കു ആരും ദാനം ചെയ്യാറില്ല,

ആഗതൻ:—ദാനം തന്നെ ഒരു പൂജയാണു്.

ധനപാലൻ:—ദയവു ചെയ്തു് ഇവിടന്നിറങ്ങി ഒന്നു പോകാമോ?

ആഗതൻ:—ക്ഷീണിച്ചു വലഞ്ഞു വന്ന ഒരുവനു് അതിലൊരംശം കൊടുത്തു എന്നറിഞ്ഞാൽ നിങ്ങളുടെ ദിവ്യാതിഥി, നിങ്ങൾ പറയുമ്പോലെ അദ്ദേഹം യഥാർത്ഥത്തിൽ ദിവ്യനാണെങ്കിൽ, നിങ്ങളോടു കൂടുതൽ സന്തോഷിക്കുകയേ ഉള്ളു.

ശ്രീകാന്തൻ:—തന്റെ വേദാന്തമൊന്നും ഞങ്ങൾക്കു കേൾക്കേണ്ട. ഇതിലൊന്നും തനിക്കു തരാൻ ഞങ്ങൾ നിശ്ചയിച്ചിട്ടില്ല. അതിനായിട്ടു് ഇനി കൂടുതൽ തൊണ്ട വററിക്കേണ്ട.

(ആഗതൻ നിശ്ശബ്ദം എഴുന്നേററു മുന്നോട്ടു നീങ്ങാൻ ശ്രമിക്കുന്നു. കാലുകൾ പതറുന്നു. വീഴാൻ ഭാവിക്കുന്നു. ഹരി ചാടി എഴുന്നേററു ചെന്നു് അയാളെ താങ്ങി താൻ ഇരുന്ന സ്ഥലത്തു കൊണ്ടിരുത്തുന്നു. അയാൾ മോഹാലസ്യപ്പെടുന്നു. അപരൻ മൊന്തയിൽ നിന്നു വെള്ളമെടുത്തു് അയാളുടെ മുഖത്തു തളിക്കുന്നു. അയാൾക്കു ബോധം ഉണ്ടാകുന്നു. അയാൾ സാവധാനം നിവന്നു ഇരിക്കുന്നു. അവൻ അവൻെറ കൈയ്യിലിരുന്ന ചെറുനാരങ്ങാ അയാൾക്കു കൊടുക്കുന്നു. അയാൾ കൃതജ്ഞതാപൂർവ്വം അതു സ്വീകരിച്ചു പിഴിഞ്ഞു കുടിക്കുന്നു. മൊന്തയും വെള്ളവും ഹരി അയാൾക്കു നീട്ടുന്നു. അയാൾ അതിൽ നിന്നു കുറേ വെള്ളം കുടിച്ചിട്ടു ശേഷിച്ചതുകൊണ്ടു് കാലും മുഖവും കഴുകുന്നു. ചന്ദനമെടുത്തു് ഹരി അയാളുടെ നെററി യിൽ പൂശുന്നു. വളരെ ആശ്വാസം അയാളിൽ പ്രത്യക്ഷപ്പെടുന്നു. സ്നേഹപൂർവ്വം അയാൾ ഹരിയുടെ മുഖത്തേക്കു നോക്കുന്നു.]

ആഗതൻ:—കുഞ്ഞേ, ഇതെല്ലാം നീയും ആ ദിവ്യാതിഥിക്കു വേണ്ടി കൊണ്ടുവന്നതു് ആണോ?

ഹരിദാസൻ:—അതേ,

ആഗതൻ:—ഇനിയും അദ്ദേഹം വരുമ്പോൾ നീ എന്തു ചെയ്യും?

ഹരിദാസൻ:—ഈ മാല ഞാൻ ആ കഴുത്തിൽ അർപ്പിക്കും.

ആഗതൻ:—ഇതൊരു നല്ല മാലയല്ലല്ലോ കുഞ്ഞേ!

ഹരിദാസൻ:—എനിക്ക് ഇതിനേ കഴിവ് ഉള്ളൂ.

ആഗതൻ:—ആദ്ദേഹം അതു സ്വീകരിക്കുമോ?

ഹരിദാസൻ:—എന്തുകൊണ്ടു സ്വീകരിക്കയില്ല?

ആഗതൻ:—അദ്ദേഹം ഒരു വലിയ ആളെന്നല്ലേ പറഞ്ഞതു്?

ഹരിദാസൻ:—അതുകൊണ്ടല്ലേ അദ്ദേഹത്തിനു് ഇതും സ്വീകരിക്കാവുന്നതു്. അദ്ദേഹത്തിനു് ഏതു മാലയും തുല്യമല്ലേ?

ധനപാലൻ:—ഏടാ അയാൾ ആ മാലയും നിന്റെ അടുക്കൽ നിന്നു തട്ടുമെന്നാണു് തോന്നുന്നതു്.

ആഗതൻ:—വാസ്തവമാണു്. എനിക്കു് ആ മാല കൂടി കിട്ടിയാൽ കൊള്ളാമെന്നു് ഉണ്ടു്.

ഹരിദാസൻ:—നിങ്ങൾക്കു് എന്തിനാണു് ഈ മാല?

ആഗതൻ:—എനിക്കു വളരെ സ്നേഹമുള്ള ഒരു കുട്ടിയുണ്ടു്. ഈ മാല കിട്ടിയാൽ ഞാൻ അവനു കൊടുക്കും. അവൻ ഇതു കിട്ടിയാൽ ആനന്ദം കൊണ്ടു തുള്ളിച്ചാടും.

ഹരിദാസൻ:—(ഹരി അയാളുടെ മുഖത്തു സൂക്ഷിച്ചു നോക്കുന്നു.) നിങ്ങൾക്കു് ഇതു വാസ്തവത്തിൽ വേണോ?

ആഗതൻ:—കിട്ടിയാൽ കൊള്ളാമെന്ന് ഉണ്ട്. നല്ല മനസ്സ് ഉണ്ടെങ്കിൽ തന്നാൽ മതി. ഇപ്പോൾ തന്നെ ഞാൻ നിനക്കു വളരെ കടപ്പെട്ടിരിക്കുന്നു.

ഹരിദാസൻ:—(മാല എടുത്തു നീട്ടിക്കൊണ്ട്) ഇതാ എടുത്തു കൊള്ളണം.

ആഗതൻ:—ആ ദിവ്യനായ അതിഥിയെ ഇനി നീ എങ്ങനെ പൂജിക്കും?

ഹരിദാസൻ:—ദാനവും പൂജയാണ്.

ആഗതൻ:—(മാലവാങ്ങി ക്കൊണ്ട്) അദ്ദേഹത്തിനു നീ എന്തു നല്കും.

ഹരിദാസൻ:—എൻെറ കൂപ്പു കൈ.

(ആഗതൻ എഴുന്നേററു നഗരാഭിമുഖമായി നടന്നു മറയുന്നു. ബാലന്മാർ കൂട്ടതൽ അക്ഷമരാകുന്നു. അവൎക്കും വിശപ്പും ദാഹവും തോന്നുന്നു.)

ശ്രീകാന്തൻ:—ഇതു് വലിയ ഒരു കള്ളിപ്പായിപ്പോയെന്നല്ലേ തോന്നുന്നതു്.

ധനപാലൻ:—എനിക്കു വല്ലാതെ വിശക്കുന്നു.

വിജയനാഥൻ:—നാമുക്കും ഇതിൽ കുറെ എടുത്തു തിന്നാലെന്താ? അയാൾ പറഞ്ഞതുപോലെ ഒന്നോ രണ്ടോ കുറഞ്ഞുപോയാൽ അതു് ആരു് അറിയാനാ?

ധനപാലൻ:—അദ്ദേഹം അല്ലെങ്കിൽ ഇതു വല്ലതും തിന്നാൻ പോകുന്നോ?

ശ്രീകാന്തൻ:—അതു വാസ്തവമാണു്. അദ്ദേഹം ഇതിൽ ഒരെണ്ണം തൊട്ടുക പോലുമില്ല. കൂടെയുള്ള വല്ലവക്കും എടുത്തു് ഇട്ടുകൊടുക്കും.

വിജയനാഥൻ:—കണ്ടവരാണു് ഇതു് തിന്നാൻപോകുന്നതെങ്കിൽ പിന്നെ നമുക്കു കുറെ തിന്നാലെന്താ? എനിക്കു് എന്തായാലും വിശപ്പും ക്ഷീണവും സഹിക്കാൻ വയ്യാതെയാകുന്നു. ഞാൻ ഇതിലൊരു എണ്ണം എടുത്തു തിന്നാൻ പോകയാണു്.

ധനപാലൻ:—ഞാനും.

ശ്രീകാന്തൻ:—എന്നാൽ ഞാനും.

[അവർ ആർത്തിയോടെ ഓരോന്നു് എടുത്തു തിന്നുതുടങ്ങുന്നു. തട്ടത്തിലെ മധുരഫലങ്ങളുടെ സംഖ്യ വളരെ വേഗം കുറയുന്നു.]

വിജയനാഥൻ:—(ഒരു മാമ്പഴം ചപ്പിത്തിന്നുന്നതിനിടയിൽ) കുറച്ചു വല്ലതും വച്ചേക്കണേ. അദ്ദേഹം വരുമ്പോൾ വല്ലതുമൊന്നു കാണിക്കാൻ മാത്രമെങ്കിലും തട്ടത്തിൽ ഉണ്ടായിരിക്കണം.

ധനപാലൻ:—നീ ആളു തന്നെ! വല്ലതുമൊന്നു വച്ചേക്കണമെന്നു പറകയും മുഴുവൻ എടുത്തു ചാപ്പിടുകയും.

വിജയനാഥൻ:—ആ നാരങ്ങാ മുഴുവൻ അകത്താക്കിയതു നീ ആണു്.

ധനപാലൻ:—ഞാനല്ല, ശ്രീയാണു്.

ശ്രീകാന്തൻ:—ഞാൻ ഒരു ഒററയെണ്ണമേ തിന്നുള്ളു. മുഴുവനടിച്ചുംവച്ചു പറയുന്നതു കേട്ടില്ലേ?

ധനപാലൻ:—ആഹാ! ഒന്നോ തിന്നൊള്ളോ? എന്നാൽ ഇതു് ഇരിക്കട്ടെ. (നാരങ്ങായുടെ തോടു് എടുത്തു് അവന്റെ നേർക്കു് എറിയുന്നു. ശ്രീകാന്തൻ ഒരു മാങ്ങയണ്ടി എടുത്തു് അവനെ എറിയുന്നു. അവർ തമ്മിൽ ശണ്ഠ മുക്കുന്നു.)

വിജയനാഥൻ:—(രണ്ടു മൂന്നു മുന്തിരിങ്ങാപ്പഴം എടുത്തു ഹരിയോടു്) ഹരി! ഇതാ കുറേ മുന്തിരിങ്ങാപ്പഴം വേണോ?

ഹരിദാസൻ:—വേണ്ട.

ധനപാലൻ:—(ശണ്ഠപിടിക്കുന്നതിനിടയിൽ)വേണ്ടയോ? എന്നാൽ കൊടടാ, അതു് എടുത്തു് അവന്റെ മുഖത്തു് ഒരേറു്. അവനൊരു മഹാത്മാ ഗാന്ധി തന്നെ. (ഇതിനിടയിൽ പനിനീർക്കുപ്പിയും ചന്ദനക്കിണ്ണവും കമരുന്നു. അതു് അവനറിയുന്നില്ല. കളഭവും പനിനീരും നിലത്തു് ഒഴുകിത്തുടങ്ങുന്നു. വിജയൻ അതു കാണുന്നു.)

വിജയനാഥൻ—വികൃതികൾ. ആ കളഭവും പനിനീരും മുഴുവൻ കളഞ്ഞല്ലോ. (ശ്രീയും ധനപാലനും ശണ്ഠ നിറുത്തി അതു കാണുന്നു.)

ശ്രീകാന്തൻ—അദ്ദേഹം വരുമ്പോൾ ഇനി നമ്മൾ (എന്തു കൊടുക്ക[illegible]

ധനപാലൻ—(ആക്ഷേപസ്വരത്തിൽ) കൂപ്പു കൈ.

ശ്രീകാന്തൻ—അങ്ങനെ അല്ലെടാ. ഛെ, കാര്യം അവതാളത്തിൽ ആയല്ലോ.

വിജയനാഥൻ—അദ്ദേഹം വരുകയുമൊന്നുമില്ലെടാ. അതു ആ സന്യാസിയുടെ കള്ളമല്ലായിരുന്നോ?

ഹരിദാസൻ—സന്യാസി വരുന്നു.

(എല്ലാവരും നോക്കുന്നു. സന്യാസി കിഴക്കുനിന്നു വരുന്നതു കാണുന്നു.)

ശ്രീകാന്തൻ—കള്ളൻ! അയാളെ ഇന്നൊരു പാഠം പഠിപ്പിക്കണം. നമ്മളെ ഇങ്ങനെ വിഡ്ഢികളാക്കിയതിന്.

ഹരിദാസൻ—അദ്ദേഹത്തെ വെറുതെ എന്തിന് ഉപദ്രവിക്കുന്നു

വിജയനാഥൻ—നിന്നോട് ചോദിച്ചില്ല. അയാളെ വെറുതെ വിടരുത്.

(സന്യാസി അടുത്തുവരുന്നു.)

ശ്രീകാന്തൻ—നമസ്കാരം സ്വാമി.

സന്യാസി—നമസ്കാരം.

ധനപാലൻ—ആ ദിവ്യാതിഥി എവിടെ?

സന്യാസി—അദ്ദേഹം വന്നില്ലേ?

വിജയനാഥൻ—ഓഹോ, വരുകയും ചെയ്തു, പോകയും ചെയ്തു. സ്വാമി! കള്ളത്തരത്തിനും ഒരു അതിരു വേണം. എന്തിന് ഈ വേഷവും കെട്ടി നടക്കുന്നു?

സന്ന്യാസി—നിങ്ങൾ എന്നെ വെറുതേ കളിപ്പിക്കുന്നു. അദ്ദേഹം വന്നു. നിങ്ങൾ അദ്ദേഹത്തെ പൂജിക്കുകയും ചെയ്തു. കൊച്ചു കള്ളന്മാർ. ഈ സാധുവിനെ വെറുതേ വിരട്ടുന്നതു കണ്ടില്ലേ?

ശ്രീകാന്തൻ—സൂത്രമൊന്നും ഞങ്ങളോടു പറയുകയില്ല. സ്വാമി! ഞങ്ങൾ ഇന്നു സ്വാമിയെ വെറുതേ വിടുകയില്ല.

സന്ന്യാസി—നിങ്ങളുടെ സൂത്രമൊന്നും എന്നോടു പറയുകയില്ല. ഇത്ര ചെറുപ്പത്തിലേ ഇങ്ങനെ കള്ളം പറയുന്നതിനു നിങ്ങളെ വെറുതേ വിടാൻ ഞാനും നിശ്ചയിച്ചിട്ടില്ല.

ധനപാലൻ—ഇതു കൊള്ളാമല്ലോ. ഇങ്ങേരേ, ഒരു വീരൻ തന്നെ. ഞങ്ങളോടാ വരാൻ പോകുന്നെന്നു പറഞ്ഞു ഞങ്ങളെ നട്ടുച്ചവരെ ഇവിടെ ഇരുത്തി വിഷമിപ്പിച്ചും വച്ചു് ഇപ്പോൾ പറയുന്നതു കേട്ടില്ലേ?

സന്ന്യാസി—നിങ്ങൾ എന്താണീ പറയുന്നതു? നിങ്ങളുടെ തട്ടത്തിൽ കാഴ്ചദ്രവ്യങ്ങൾ ഒന്നുമില്ല. കളഭക്കിണ്ണത്തിൽ കളഭം ഇല്ല. അതൊന്നുമല്ല. ഞാൻ ഇപ്പോൾ അദ്ദേഹത്തെ കണ്ടതേ ഉള്ളൂ. കളഭം

പൂശി മാലയും ചാൎത്തി പ്രസന്ന വദനനായി, ഞാൻ ഇപ്പോൾ കണ്ടതേ ഉള്ളൂ.

(ബാലന്മാർ അന്യോന്യം നോക്കുന്നു. അല്പം കഴിഞ്ഞു്)

ശ്രീകാന്തൻ—അതു നമ്മളെ കളിപ്പിക്കാനല്ല, വങ്കൻ കള്ളമാണു്. ഈ കള്ള സന്ന്യാസിയെ വെറുതേ വിടരുതു്.

സന്ന്യാസി—ശട്! മിണ്ടാതിരിക്കു. അതാ ഒരു വലിയ ആരവം കേൾക്കുന്നില്ലേ? അദ്ദേഹം തിരിച്ചു് എഴുന്നള്ളുകയാണു്. നിങ്ങൾക്കു് ഇപ്പോൾ ബോദ്ധ്യമാകുമോ?

(ബാലന്മാർ ശ്രദ്ധിക്കുന്നു. കിഴക്കു നിന്നു ദൂരത്തിൽ വലിയ ഒരു ഘോഷം കേൾക്കാറാകുന്നു. ധനപാലനും ശ്രീകാന്തനും വിജയനാഥനും അന്യോന്യം ഉൽക്കണ്ഠാപൂൎവ്വം നോക്കുന്നു. ശബ്ദം സമീപിക്കുന്നു. ഒരു വലിയ ജനസംഘം പൊടിയിളക്കിക്കൊണ്ടും ജയ ജയ ശബ്ദം മുഴക്കിക്കൊണ്ടും അടുത്തു വരുന്നു. അതു കൂട്ടതലടുക്കുമ്പോൾ അവരുടെ മദ്ധ്യത്തിൽ ഒരു തുറന്ന രഥത്തിൽ ഒരാൾ ഇരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. അസ്തമിക്കാൻ പോകുന്ന സൂൎയ്യന്റെ അരുണ കാന്തി തട്ടി അദ്ദേഹത്തിന്റെ സുന്ദരമായ മുഖബിംബത്തിനു് അലൗകികമായ ഒരു തേജസ്സു് ഉണ്ടാകുന്നു. ഘോഷയാത്ര ആൽത്തറയ്ക്കു് എതിരായി വന്നു നില്ക്കുന്നു. അതിഥിയുടെ കൈയ്യിൽ തുളസിയും വാടാമല്ലിയും കൊണ്ടു തീൎത്ത

ഒരു മാല ഇരിപ്പുണ്ടു് എന്നു ബാലന്മാർ കാണുന്നു. അദ്ദേഹം താഴെ ഇറങ്ങി ആൽത്തറയിലേക്കു നടക്കുന്നു. ആളുകൾ വഴി മാറികൊടുക്കുന്നു. അദ്ദേഹം ലജ്ജിച്ചും ഭയന്നും നില്ക്കുന്ന ആ മൂന്നു ബാലന്മാരുടെ മുമ്പിൽ ചെന്നു കൈയ് നീട്ടുന്നു.)

അതിഥി—എനിക്കു തരാൻ നിങ്ങളുടെ കൈയ്യിൽ ഒന്നും ഇല്ലേ? (ബാലന്മാർ മിണ്ടാതെ നില്ക്കുന്നു)

അതിഥി—നിങ്ങൾ ഒന്നും കൊണ്ടുവന്നുമില്ലേ?

(അവർ മിണ്ടുന്നില്ല, അവരുടെ കണ്ണുകളിൽ നിന്നു് അശ്രുക്കൾ പ്രവഹിക്കുന്നു.)

അതിഥി—(ഹരിയുടെ നേക്കു തിരിഞ്ഞു്) നിന്റെ കൈസ്സ്വശവും എനിക്കു തരാൻ ഒന്നുമില്ലേ?

ഹരിദാസൻ—(അദ്ദേഹത്തിന്റെ മുഖത്തു ദൃഷ്ടിഉറപ്പിച്ചു കൊണ്ടു്) പ്രഭോ: ഇതു മാത്രമേ ഉള്ളു. ദയവായി അതു സ്വീകരിച്ചാലും. (കൈയ് കൂപ്പി തൊഴുതു കൊണ്ടു നില്ക്കുന്നു.)

അതിഥി—ഞാൻ അതു സ്വീകരിക്കുന്നു.

(കൈയിലിരിക്കുന്ന മാല അവന്റെ കഴുത്തിൽ ഇടുന്നു. അവൻ ഞെട്ടി തലഉയർത്തി നോക്കുന്നു. ആ ദിവ്യാതിഥി അവൻ സൽക്കരിച്ച പാന്ഥൻ തന്നെ ആണെന്നും അവൻ കൊടുത്ത മാലയാണു തന്റെ കഴുത്തിൽ കിടക്കുന്നതെന്നും അവൻ മനസ്സിലാക്കുന്നു.)

അതിഥി—(മധുരമായി മന്ദഹസിച്ചുകൊണ്ടു്) എനിക്കു് ഏററവും പ്രിയപ്പെട്ട ഒരു കുട്ടി ഉണ്ടു്. അവനു

ഞാൻ മാല സമ്മാനിച്ചു. എനിക്കു സന്തോഷമായി. മററു മൂവരും വിങ്ങിവിങ്ങി കരയുന്ന ശബ്ദം ഉയരുന്നു. അതിഥിയും ഹരിയും അവരുടെ നേക്കു തിരിയുന്നു]

അതിഥി—ഇനി നിങ്ങൾ എന്നെ കണ്ടാൽ അറിയുമോ?

അവർ—പ്രഭോ! മാപ്പു്.

അതിഥി—(ഹരിയോടു്) നീ എന്റെ കൂടെ കുറച്ചു ദൂരം വരുന്നോ ഈ രഥത്തിൽ?

ഹരിദാസൻ—(സംശയിച്ചു നില്ക്കുന്നു)

അതിഥി—എന്താണു സംശയിക്കുന്നതു്? എന്റെ കൂടെ വരാൻ നിനക്കു് ഇഷ്ടമില്ലേ?

ഹരിദാസൻ—ഇഷ്ടമുണ്ടു്. പക്ഷേ ഇവർ—എന്റെ കൂട്ടുകാരാണു്. അവരെ കൂടാതെ—അവർ ദുഃഖിക്കു മ്പോൾ —ക്ഷമിക്കണം; ഞാൻ ഇവിടെ ഇരുന്നു അവരെ ആശ്വസിപ്പിച്ചു കൊള്ളട്ടെ.

അതിഥി—(അവന്റെ തലയിൽ കൈവെച്ചു് അനുഗ്രഹിച്ചുകൊണ്ടു്) അതേ അവരെ ആശ്വസിപ്പിക്കു. ഇപ്പോഴും എപ്പോഴും, എന്നെ എപ്പോൾ കണ്ടാലും തിരിച്ചറിയാൻ അവരെ സഹായിക്കു.

(നാലു ബാലന്മാരും ഒരുമിച്ചു് അദ്ദേഹത്തെ നമസ്കരിക്കുന്നു.—അദ്ദേഹം അനുഗ്രഹിക്കുന്നു)

(കർട്ടൻ)

പാഠം ൨൭

# അററ്ലാൻറ

പണ്ടു ഗ്രീസിൽ പെട്ട ആക്കേഡിയാ രാജ്യം ജാസ്സൂസ് എന്ന രാജാവു ഭരിച്ചിരുന്നു. അദ്ദേഹത്തിൻെറ ഭരണകാലത്തു രാജ്യത്തിൽ സമൃദ്ധിയും സംതൃപ്തിയും കളിയാടി. പല പ്രകാരത്തിലും സൗഭാഗ്യം ഉണ്ടായിരുന്നിട്ടും ജാസ്സൂസിനു സന്താനം ഉണ്ടായില്ല. ദീർഘകാലത്തെ പ്രാത്ഥനയുടെയും വഴിവാടുകളുടെയും ഫലമായി അദ്ദേഹത്തിനു് ഒരു കുട്ടി ഉണ്ടായി. എന്നാൽ അതു് അദ്ദേഹത്തിൻെറ ആഗ്രഹത്തിനു വിരുദ്ധമായ ഒരു പെൺകുട്ടി ആയിരുന്നു. നൈരാശ്യം കൊണ്ടു് ആ കുട്ടിയെ ദൂരെ ഒരു കാട്ടിൽ കൊണ്ടുപോയി കളയുവാൻ കല്പനയായി.

പിതാവു കാട്ടിൽ ഉപേക്ഷിച്ച ആ കുട്ടി അത്ഭുതകരമായ വിധത്തിൽ രക്ഷപ്പെട്ടു. പ്രസവിച്ചു കിടന്ന ഒരു പെൺ കരടി ഈ ശിശുവിനെ കാണുവാൻ ഇടയായി. അതു കുട്ടിയെ സാവധാനത്തിൽ കടിച്ചെടുത്തു ഗുഹയിൽ കൊണ്ടുപോയി. തൻെറ കുഞ്ഞുങ്ങളോടു കൂടി ആ കുട്ടിക്കും മുല കൊടുത്തു വളത്തി. അവൾ ആരോഗ്യവും ആനന്ദവും തുളുമ്പുന്ന ഒരു ബാലികയായി വളന്നു. കാട്ടിൽ ആടുകളെ മേയ്ക്കുവാൻ വന്ന ഇടയന്മാർ കോമളയായ ഈ ബാലികയെ കണ്ടു കൂട്ടിക്കൊണ്ടുപോയി.

ഇടയന്മാർ ആ ബാലികയ്ക്കു് അററ്ലാൻറ എന്ന പേർ ഇട്ടു. അവൾ ഇടയന്മാരുടെ രക്ഷയിൽ സന്തോഷത്തോടു കൂടി വളർന്നുവന്നു. കളികളിലും നായാട്ടിലും അവൾ വളരെ സാമർത്ഥ്യം പ്രകടിപ്പിച്ചുവന്നു. അതിവേഗം ഓടുന്നതിനു് അവൾക്കു വിശേഷിച്ചു വിരുതു് ഉണ്ടായിരുന്നു. വളരെ വേഗം ഓടുന്ന വന്യമൃഗങ്ങളെപ്പോലും അവൾ തോല്പിച്ചു. അവളെക്കാൾ പ്രായം കൂടിയ കുമാരന്മാരെയും കുമാരിമാരേയും അവൾ ഓട്ടത്തിൽ പിന്നിലാക്കുക പതിവായിരുന്നു. അററ്ലാൻറയുടെ ഓട്ടം ആ നാടുകളിൽ പ്രസിദ്ധമായി.

പുത്രിയെ കാട്ടിൽ ഉപേക്ഷിച്ചു കുറേ നാൾ കഴിഞ്ഞപ്പോൾ ജാസ്യൂസിനു അതിയായ പശ്ചാത്താപം ഉണ്ടായി. ആ ഓമനക്കുഞ്ഞിൻെറ ഭംഗിയേറിയ മുഖവും, മധുരമായ പുഞ്ചിരിയും ആ പിതാവിൻെറ ഹൃദയത്തിൽ പ്രതിഫലിച്ചു. കളഞ്ഞ കുഞ്ഞിനെ എങ്ങനെ എങ്കിലും തിരിയെ കിട്ടുവാൻ അദ്ദേഹത്തിൻെറ ഹൃദയം വെമ്പി. അങ്ങനെ ഇരിക്കെ ഒരിക്കൽ അററ്ലാൻറ വേറെ ചിലരൊത്തു മത്സരിച്ചു് ഓടുന്നതു കാണാൻ രാജാവിനു് ഇടയായി. ഓട്ടത്തിൽ മററു് ആരേയും വെല്ലുന്ന ആ ബാലിക തൻെറ പുത്രി ആണെന്നു രാജാവു് അവിടെ വച്ചു് അറിഞ്ഞു. അദ്ദേഹം അതിരററ സന്തോഷത്തോടുകൂടി അററ്ലാൻറയെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി.

അവിടത്തെ ആഡംബരങ്ങളും ജീവിതരീതികളും അവൾക്കു സന്തോഷപ്രദം ആയിരുന്നില്ല. അസാമാന്യ

മായ സൗന്ദര്യവും ശീലഗുണവും കൊണ്ടു് അവൾ എല്ലാവരുടെയും കണ്ണിലുണ്ണിയായി. അനേകം രാജകുമാരന്മാർ അവളെ വിവാഹം കഴിക്കാൻ കൊതിച്ചു. എന്നാൽ അവൾക്കു വിവാഹത്തിൽ ഒട്ടും താൽപര്യം ഇല്ലായിരുന്നു. അതുകൊണ്ടു രാജാവിനു സന്താപം ഉണ്ടായി. വിവാഹത്തിനു പല പ്രകാരത്തിൽ പ്രേരിപ്പിച്ചിട്ടും ഫലം ഉണ്ടായില്ല. ഒടുവിൽ രാജാവു ഒരു ഉപായം പ്രയോഗിച്ചു. അദ്ദേഹം പുത്രിയോടു പറഞ്ഞു.

"മകളേ! ഇന്നുവരെ ഓട്ടത്തിൽ നിന്നെ ജയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. നിന്നെ തോല്പിക്കാൻ മിടുക്കുള്ള ഒരു രാജകുമാരൻ ഉണ്ടെങ്കിൽ അദ്ദേഹത്തെ നിനക്കു് വരനായി സ്വീകരിക്കരുതോ? എനിക്കു വയസ്സായി. ഇനിയും രാജ്യഭാരം ഏല്പിക്കുവാൻ യോഗ്യനായ ഒരു പുത്രൻ എനിക്കു വേണ്ടയോ?"

അററ്ലാൻറ ഇങ്ങനെ മറുപടി പറഞ്ഞു.

"രാജ്യഭാരം എങ്ങനെ എങ്കിലും നടക്കും. അതിനു ഞാൻ വിവാഹം കഴിക്കണമെന്നു് ഉണ്ടോ? ഓട്ടത്തിൽ എന്നെ തോല്പിക്കത്തക്ക മിടുക്കുള്ള ആളിനെ കണ്ടു പിടിക്കാൻ നിശ്ചയമായും സാദ്ധ്യമല്ല."

"സാധിക്കാതെ വരുന്നു എങ്കിൽ അതു എൻെറയും രാജ്യത്തിൻെറയും ഭാഗ്യദോഷമെന്നു സമാധാനപ്പെട്ടു കൊള്ളാം. എന്നാൽ ഒരാൾ തോൽപിക്കുന്നു എങ്കിൽ അയാളെ വിവാഹം ചെയ്യരുതോ?"

അററ്ലാൻറ—ഉണ്ടെങ്കിൽ ഞാൻ വിവാഹം ചെയ്യും.

രാജാവ് മതി! മതി. സമ്മതിച്ചോ? ഞാനും ഒന്നു നോക്കട്ടെ.

രാജാവു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അററ് ലാൻറയുടെ സ്വയംവരം നിശ്ചയിച്ചിരിക്കുന്നു എന്നും, മത്സരിച്ച് ഓടി വിജയം നേടുന്ന ആളിനെ വരിക്കുമെന്നും, തോല്ക്കുന്നവരെ വധിക്കുമെന്നും ആയിരുന്നു വിളംബരം. തോററാൽ ജീവൻ നഷ്ടപ്പെട്ടുമെങ്കിലും വേണ്ടില്ല. ജയിച്ചാൽ അതിസുന്ദരിയായ ഒരു രാജകുമാരിയെ ലഭിക്കുമല്ലോ എന്നോർത്ത് ധീരന്മാരായ പല രാജകുമാരന്മാരും പന്തയത്തിൽ ചേരാൻ തന്നെ തയാറായി. തലസ്ഥാന നഗരിയിൽ രാജാവിൻെറ സാന്നിദ്ധ്യത്തിലാണ് ഈ പന്തയം നടത്തിയതു്. രാജ്യത്തിൻെറ നാനാ ഭാഗങ്ങളിൽ നിന്നും അസംഖ്യം ആളുകൾ ഇതു കാണാൻ വന്നു കൂടി. അനേകദിവസങ്ങൾ തുടച്ചയായി ഓട്ടം നടന്നു. പല രാജകുമാരന്മാൎക്കും വധശിക്ഷ കിട്ടി.

ഒടുവിൽ മിലേനിയൻ എന്ന ഒരു പ്രഭുകുമാരൻ പന്തയം അനുസരിച്ച് ഓടാൻ വന്നു ചേൎന്നു. അയാൾ സുന്ദരനും, കലകളിലും അഭ്യാസങ്ങളിലും നിപുണനും ആയിരുന്നു. ആ കുമാരന് അററ്ലാൻറായെ ഓട്ടത്തിൽ തോല്പിക്കാൻ കഴിയുമെന്നു വിശ്വാസം ഉണ്ടായിരുന്നില്ല. മിലേനിയൻ അററ്ലാൻറയെ പല പ്രാവശ്യവും കണ്ടിട്ടുണ്ടായിരുന്നു. അററ്ലാൻറയെ വിവാഹം കഴിക്കാൻ അതിയായ ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ടു പന്തയത്തിൽ ചേരാൻ തീച്ചപ്പെടുത്തി. തനിക്കു വിജയം തന്നു് അനുഗ്രഹിക്കണമെന്നു തൻെറ ഇഷ്ടദേവതയായ

വീനസിനോട്ട് അദ്ദേഹം ഭക്തിയോടെ പ്രാൎത്ഥിച്ചു. ആ ദേവി പ്രസാദിച്ചു. സ്വൎണ്ണംകൊണ്ടു് ഉണ്ടാക്കിയ മനോഹരമായ മൂന്ന് ആപ്പിൾപഴങ്ങൾ വീനസ് മിലേനിയന്ന നൽകി. ഓട്ടത്തിൽ ആ പഴങ്ങൾ ഉപയോഗിക്കേണ്ടരീതിയും ആ കുമാരന് ഉപദേശിച്ചു കൊടുത്തു.

മിലേനിയൻ ഓട്ടത്തിന്ന തയാറായി പന്തയക്കളത്തിൽ എത്തി. അന്നു വളരെ വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. രാജകുമാരി രംഗത്തിൽ പ്രവേശിച്ചപ്പോൾ അവർ ആൎത്തു വിളിച്ചു് ഉപചരിച്ചു. മിലേനിയന്റെ ഹൃദയം തുടിച്ചു. അററ്ലാൻറ അയാളെ സൂക്ഷിച്ചു നോക്കി. ആ കുമാരിയുടെ ഹൃദയത്തിൽ പെട്ടെന്നു സ്നേഹം അങ്കുരിച്ചു. ജീവിതത്തിൽ ആദ്യമായിരുന്നു അങ്ങനെ ഒരു സംഭവം ആ കന്യകയ്ക്കു് ഉണ്ടായതു്.

അവർ ഓടാൻ തുടങ്ങി. പതിവുപോലെ അററ്ലാൻറ ഓട്ടം തുടങ്ങിയതു മുഴുവൻ ശക്തിയും ഉപയോഗിച്ചുകൊണ്ടല്ലായിരുന്നു. അതുകൊണ്ടു് മിലേനിയന് ആദ്യം മുമ്പിൽ കയറാൻ സാധിച്ചു. എന്നാൽ, എളുപ്പം തന്നെ അററ്ലാൻറ ഓടിയെത്തി മുമ്പിൽ കടന്നുകളയും എന്നു് അയാൾക്കു് വിശ്വാസം ആയി. വീനസ് സമ്മാനിച്ച ആപ്പിൾപഴങ്ങളിൽ ഒന്ന് അററ്ലാൻറയുടെ മുന്നിലോട്ടു് എറിഞ്ഞു. അതു് എടുക്കാൻ ആ കുമാരി കുനിയുമെന്നും അങ്ങനെ അവളുടെ ഓട്ടത്തിന്ന തടസ്സം ഉണ്ടാക്കാമെന്നും ആയിരുന്നു യുക്തി. അതു് ഏതായാലും ഫലിച്ചു. സൂൎയ്യപ്രകാശം തട്ടി ശോഭ ചൊരിഞ്ഞ ആ സ്വൎണ്ണഫലം അററ്ലാൻറയെ ആകർഷിച്ചു. അവൾ

കുനിഞ്ഞു് അതു് എടുത്തു. അതിനിടയ്ക്കു് മിലേനിയൻ കുറേ ദൂരം മുമ്പു കടന്നു. അററ്ലാൻറ അതിവേഗം പാഞ്ഞെത്തി അയാളെ പിന്നിലാക്കും എന്നായി. അപ്പോൾ രണ്ടാമത്തെ സ്വർണ്ണഫലം മിലേനിയൻ എറിഞ്ഞു. അതിന്നു് ആദ്യത്തേതിനെക്കാളും ഭംഗി ഉണ്ടായിരുന്നു. അതും അററ്ലാൻറ കുനിഞ്ഞെടുത്തു. രണ്ടു കൈയ്യിലും സ്വർണ്ണഫലങ്ങൾ പിടിച്ചുകൊണ്ടു് ആ കുമാരി പിന്നെയും ഓട്ടം തുടങ്ങി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ മിലേനിയനെക്കാൾ മുമ്പു് അററ്ലാൻറ ലക്ഷ്യത്തിൽ എത്തിച്ചേരും എന്നായി. അപ്പോൾ മൂന്നാമത്തെ സ്വർണ്ണഫലവും കുമാരൻ മേലോട്ടു് ഇട്ടു. അതിൻെറ ശോഭ കുമാരിയുടെ ഹൃദയത്തെ എന്തെന്നില്ലാത്ത പ്രകാരത്തിൽ കവൎന്നു. അതും എടുക്കണമെന്നു തന്നെ കുമാരി തീൎച്ചപ്പെടുത്തി. അതിനിടയ്ക്കു മിലേനിയൻ ലക്ഷ്യസ്ഥാനത്തു ചെന്നുപററി, വിജയപതാക കൈയ്ക്കലാക്കി.

അററ്ലാൻറ അങ്ങനെ തോററു. ചുററും തിങ്ങി നിന്ന ജനങ്ങൾ ആൎത്തു വിളിച്ചു് മിലേനിയനെ അനുമോദിച്ചു. രാജാവിന്നു് ഉണ്ടായ സന്തോഷം ഇത്ര എന്നു പറയാൻ നിവൃത്തിയില്ല. തോററുപോയി എങ്കിലും മിലേനിയനെ വരനായി കിട്ടിയതുകൊണ്ടു് അററ്ലാൻറയ്ക്കു സന്തോഷമേ ഉണ്ടായുള്ളു. മിലേനിയനെ ആ കുമാരി ഭൎത്താവായി സ്വീകരിച്ചു. കുമാരൻെറയും തൻെറയും ജീവിതത്തെ സഫലമാക്കുകയും ചെയ്തു.

### പാഠം ൨൮

# രാവണന്റെ അഹമ്മതി

ശാരദ നീരദ സന്നിഭനാകിയ
നാരദ മാമുനി വീണയുമായി ൨

ചാരു ദയാനിധി കലഹപ്രീതിവി-
ശാരദനാകിയ ഭഗവാനൊരുനാൾ ൪

ധീരനതാകിയ നക്തഞ്ചരപതി-
വീരനിരിക്കും മണിമാളികമേൽ ൬

ചാരു ദയാഘനമോദമൊടങ്ങനെ
പാരാതങ്ങെഴുന്നള്ളി തദാനീം. ൮

ഉന്നതനാകിയ രാവണനപ്പോ-
ളുത്ഥാനം ചെയ്താശു വണങ്ങി ൧൦

ഭക്തിപുരസ്സരമർഘ്യാദികൾകൊ-
ണ്ടത്യാദരമാരാധന ചെയ്തു. ൧൨

ഭദ്രാസനവും നല്കിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ ൧൪

സമുദാചാരം ചെയ്തു പത്തുക്കെ
സംസൽക്കരണവുമാശുകഴിച്ചു. ൧൬

"കമലാസനസുതനാകിയ മുനിവര!
വിമലഗുണാലയ! നാരദഭഗവൻ! ൧൮

ഭവദാഗമനം കൊണ്ടു മദീയം
ഭവനം പാവനമാക്കി വിശേഷാൽ. ൨൦

ഭുവനം മൂന്നിലുമുള്ള ജനാനാ-
മവനം ചെയ്യും നിന്തിരുവടിയെ ൨൨

കണ്ടതുകൊണ്ടിഹ കളിയല്ലേ ദശ-
കണ്ഠന മനസി മഹാ സന്തോഷം: ൨൪

കണ്ടിതസുകൃതന്മാൎക്കു ഭവാനെ
കണ്ടുരസിപ്പാനെളുതല്ലേതും. ൨൬

നമ്മുടെ വിക്രമ മല്പമിതല്ലൊരു-
ഹമ്മതി ഞാൻ പറകല്ല മുനീന്ദ്രാ! ൨൮

നമ്മെക്കൊണ്ടു ജഗത്ത്രയ വാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു. ൩൦

ധാൎമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണയില്ലതു ബോധിച്ചാലും. ൩൨

ത്രിഭുവന വാസികളെല്ലാം നമ്മുടെ
വിഭവം കൊണ്ടു പുകഴ്ത്തുന്നില്ലേ? ൩൪

'സുഭഗൻ ദശമുഖ'നെന്നൊരു നാണിയം
അഹഹഹോ! ദിശി ദിശി കേൾക്കുന്നില്ലേ? ൩൬

മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ? ൩൮

എന്നെക്കൊണ്ടൊത്തങ്ങനമാരഥ
ഖിന്നത പൂണ്ടു വസിക്കുന്നില്ലേ? ൪൦

നമ്മുടെ ഗുണമിതു മററൊരു കൂട്ട-
ക്കാക്കു ലഭിപ്പാനതി വൈഷമ്യം. ൪൨

ഉള്ളിലസൂയ നിറഞ്ഞു കവിഞ്ഞഥ
തുള്ളിനടക്കും കുസൃതിക്കാരതു ൪൪

കൊള്ളരുതെന്നു ദൂഷിക്കുന്നതുകൊ-
ണ്ടെല്ലോളും ഭയമില്ല നമുക്കു്. ൪൬

ഭള്ളു പറഞ്ഞു ഫലിപ്പിക്കയുമ-
ല്ലുള്ളതു തന്നെ കഥിച്ചീടുന്നേൻ. ൪൮

തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തു വരുന്നവരൊക്കെ മടങ്ങും. ൫൦

ധൂർത്തുകൾ നമ്മൊടു കൂടുകയില്ലെ-
ന്നോർത്തു മഹേന്ദ്രനടങ്ങിപ്പാർത്തു. ൫൨

ജംഭാന്തകനുടെ കുംഭിപ്രവരന്റെ
കൊമ്പുകൾ നാലു മുയത്തിക്കൊണ്ടഥ ൫൪

തുമ്പിക്കരമതിൽ മുസലവുമേന്തി-
ജ്ജൃംഭിച്ചാശു വരുന്നേരം ഞാൻ ൮

മുമ്പിൽ ചെന്നഥ കൊമ്പു പിടിച്ചു ത-
രിമ്പു വിടാതെ കരിമ്പു കണക്കേ ൯

കൊമ്പുകൾ നാലുമൊരമ്പതു ഖണ്ഡി-
ച്ചുൻപൊട്ട കുംഭമടിച്ചു പിളർന്നു. ൧൦

ഇമ്പമകന്നതി കമ്പമിയന്നുട-
നമ്പർ കുലങ്ങളിൽ മുമ്പനതാകിയ ൧൨

വമ്പൻ മണ്ടി നിലിമ്പ പുരത്തിന-
കം പുക്കാനതി സംഭ്രമ സരസൻ. ൧൩

(കുഞ്ചൻനമ്പിയാർ) (കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ

പാഠം ൨൯

# സോക്രതീസ്

പണ്ട് ഭാരതീയർ യവനദേശം എന്നു പറഞ്ഞു വന്നിരുന്ന ഗ്രീക്ക സംസ്ഥാനങ്ങൾ ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂററാണ്ടിൽ വളരെ പ്രാബല്യവും പരിഷ്കാരവും സമ്പാദിച്ചിരുന്നു. ആ സംസ്ഥാനങ്ങൾ ഓരോന്നും വാസ്തവത്തിൽ ഓരോ നഗരം മാത്രം ആയിരുന്നു. വിദ്യയിലും കലകളിലും വാണിജ്യത്തിലും അന്നു ഗ്രീക്ക സംസ്ഥാനങ്ങളുടെ മുന്നണിയിൽ നിന്നതു് ആതൻസു നഗരമാണു്. ആ മനോഹരമായ നഗരത്തിൽ ക്രിസ്തുവിനു മുമ്പു നാനൂററിഅറുപത്തൊമ്പതാമാണ്ടു് സോക്രതീസ് ജാതനായി. അദ്ദേഹത്തിൻെറ പിതാവു് ഒരു ശില്പിയും മാതാവു് ധാത്രിയുമായിരുന്നു. അച്ഛൻെറ തൊഴിലായ പ്രതിമാനിർമ്മാണം തന്നെ സോക്രതീസും പരിചയിച്ചു.

ആതൻസിലെ മററു യുവാക്കളെപ്പോലെ അദ്ദേഹവും സൈന്യത്തിൽ ചേൎന്നു. പല പ്രസിദ്ധങ്ങളായ യുദ്ധരംഗങ്ങളിലും അദ്ദേഹം ധീരമായി പൊരുതിയിട്ടുണ്ടു്. അതിൽ പിന്നെ അദ്ദേഹത്തിൻെറ ജീവിതം മുഴുവൻ വെറും സംഭാഷണത്തിലാണു് കഴിച്ചു കൂട്ടിയതു്. സംഭാഷണം കൊണ്ടു് അനവധി ആളുകളെ അദ്ദേഹം ആകർഷിച്ചു. എന്നാൽ കാഴ്ചയിൽ അദ്ദേഹം സാമാന്യം വികൃതൻ തന്നെ ആയിരുന്നു. ആ പതിഞ്ഞ മൂക്കും ഉന്തിയ കണ്ണും തടിച്ച ചുണ്ടും കുടവയറും ഉള്ള കുറുകിയ

മനുഷ്യൻെറ കല്ലുവച്ച ഫലിതങ്ങൾ ആരെയും വശീകരിച്ചു. ആഴവും കഴമ്പുമുള്ള അദ്ദേഹത്തിൻെറ വാക്കുകൾ ആളുകളെ അത്ഭുതപ്പെടുത്തി. ലോകത്തിലേക്ക് ഏററവും അറിവുള്ള മനുഷ്യനാണ് അദ്ദേഹമെന്ന് ലോകത്തിനു ബോദ്ധ്യമായി.

പ്രഭാതത്തിൽ അദ്ദേഹത്തിൻെറ പ്രാകൃതമായ വേഷം ആതൻസുകാർക്കു സുപരിചിതമായിരുന്നു. കാലിൽ ചെരിപ്പോ ഉടലിൽ ഉടുപ്പോ ധരിക്കാതെ, ദാരിദ്ര്യത്തിൻെറ പീഡകൾ വകവയ്ക്കാതെ, അദ്ദേഹം കഴിച്ചുകൂട്ടി. ഉൽകൃഷ്ടങ്ങളായ വിചാരങ്ങളിൽ മാത്രം മുഴുകി കഴികയായിരുന്നു ആ മഹാൻ.

മററു് ഏതൊരാളും ഈ കഷ്ടതയിൽ നിന്നു രക്ഷനേടാൻ ആതൻസിൽ നിന്നു് ഓടിപ്പോയേനേ. ആതൻസിലെ തെരുവുകളിലും ചന്തയിലും അദ്ദേഹം അലഞ്ഞുതിരിയും. പലപ്പോഴും അവിടത്തെ പൊതുക്കളരിയിൽ ചെന്നുകൂടും. അദ്ദേഹത്തിൻെറ തൊഴിലും ആരംഭിക്കും. എന്തു തൊഴിൽ? സംഭാഷണം. ആരോടും സംസാരിക്കും. ഉയർന്നവനും താണവനും വലിയവനും എളിയവനും—ആരും അദ്ദേഹം പറയുന്നതു ശ്രദ്ധിക്കും. കുറിക്കു കൊണ്ടു തല കറങ്ങുന്ന ചോദ്യങ്ങൾ ആരോടും തട്ടിവിടും. അവർ മറുപടി പറകയോ മിണ്ടാതെ നില്ക്കയോ ചെയ്യട്ടെ. ഏതായാലും വേണ്ടതില്ല. ഏതെങ്കിലും വാദത്തിൽ ഏർപ്പെട്ടാൽ താൻ ഒന്നും അറിഞ്ഞുകൂടാത്ത മാന്യൻ

എന്നാണ് സോക്രതീസ് ഭാവിക്കുന്നതു്. ചെറിയചില ഉദാഹരണങ്ങൾ പറയും. ചില കൊച്ചു ചോദ്യങ്ങൾ ചോദിക്കും. എന്താണ് ഉദ്ദേശം? 'നല്ലതു്' എന്താണ് എന്നു് കേൾക്കുന്നവരെക്കൊണ്ടു പരിശോധിപ്പിക്കണം. നന്മ ആണ് അദ്ദേഹത്തിന്റെ പാഠവിഷയം. നന്മ ഇല്ലാത്ത ഒരു മനുഷ്യൻ മനുഷ്യനല്ലല്ലോ. നന്മ എന്താണ് എന്നു് ശരിയായി അറിഞ്ഞാൽ എല്ലാ മനുഷ്യരും നന്നാകും എന്നായിരുന്നു സോക്രതീസിന്റെ വിശ്വാസം. നന്മയെപ്പററിയുള്ള അറിവാണ് സദ്ഗുണങ്ങൾക്കു് എല്ലാം കാരണം. അറിവില്ലായ്മയാണ് തിന്മ.

യഥാർത്ഥത്തിൽ സോക്രതീസ് ഒരു ഋഷി ആയിരുന്നു. വിചാരത്തിൽ മുഴുകി ഇരുപത്തിനാലു മണിക്കൂർ നേരം ഒരു നില്പിൽ നിന്നിട്ടുണ്ടു് അദ്ദേഹം എന്നു പറയുന്നുണ്ടു്. പക്ഷേ അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നു. ആദ്യത്തെ ഭാര്യയിൽ രണ്ടു പുത്രന്മാരും രണ്ടാമത്തെ ഭാര്യയായ സാന്തിപ്പേയിൽ ഒരു പുത്രനും ഉണ്ടായിരുന്നു. രണ്ടാമത്തെ ഭാര്യ ചരിത്രപ്രസിദ്ധി സമ്പാദിച്ചിട്ടുമുണ്ടു്. എന്തിനു? ക്ഷിപ്രകോപത്തിനും കലഹപ്രകൃതിക്കും.

സോക്രതീസിന്റെ നിർഭയവും സ്വാതന്ത്ര്യവുമായ അഭിപ്രായങ്ങൾ കൊണ്ടു് അദ്ദേഹത്തിനു വളരെ ശത്രുക്കൾ ഉണ്ടായി. അദ്ദേഹത്തിന്റെ അടുത്തു കൂടുന്നാളുകളെ, വിശേഷിച്ചും യുവാക്കളെ, അദ്ദേഹം

ഉപദേശിച്ച് വഴി തെററിക്കുന്നു എന്ന് ഒരു ആക്ഷേപം ചിലർ പരത്തിത്തുടങ്ങി,

ക്രിസ്തുവിനു മുമ്പ് ൩൯൯-ാമാണ്ടു് സോക്രതീസിൻെറ ശത്രുക്കളുടെ സംഘടനയ്ക്കു ശക്തി കൂടി. അന്ന് അദ്ദേഹത്തിന് എഴുപതു വയസ്സു പ്രായം ഉണ്ടായിരുന്നു. ആ വന്ദ്യനായ വൃദ്ധൻെറ പേരിൽ കുററം ആരോപിച്ച് അന്യായം പതിഞ്ഞു. രണ്ടു കുററമാണു പ്രധാനമായി ആരോപിച്ചതു്. ഒന്ന്—നാട്ടിലെ ദൈവങ്ങളിൽ അവിശ്വാസവും അനാദരവും; രണ്ടു്—നാട്ടിലെ യുവജനങ്ങളെ ദുഷിപ്പിക്കുക. ഒരു പ്രമുഖനായ പ്രഭാഷകൻ സോക്രതീസിനു വേണ്ടി ന്യായവാദങ്ങൾ എഴുതിക്കൊടുത്തു. പക്ഷേ അതു് സോക്രതീസ് ഉപയോഗിച്ചില്ല. വാദിഭാഗത്തിൻെറ തെളിവുകളെ ഖണ്ഡിക്കാൻ സോക്രതീസ് ശ്രമിച്ചില്ല. സ്വന്തം ഉദ്ദേശവും ലക്ഷ്യവും എന്തെന്ന് അദ്ദേഹം ധീരമായി വ്യക്തമാക്കി. സഹപൗരന്മാരുടെ ജീവിതം ആനന്ദമയം ആക്കണമെന്നേ അദ്ദേഹം ആഗ്രഹിച്ചുള്ളു. അതു തൻെറ ധർമ്മമാണ്. ഈശ്വരൻെറ നിയോഗം അനുസരിച്ചുള്ള കൃത്യമാണ്. 'ഈശ്വരൻെറ അധികാരത്തെ നിങ്ങളുടെ അധികാരത്തെക്കാളും ഞാൻ ആദരിക്കുന്നു' എന്ന് അദ്ദേഹം ജഡ്ജിമാരോടു പ്രസ്താവിച്ചു. ജഡ്ജിമാർ വധശിക്ഷ വിധിച്ചു. 'ഹെംലക്' എന്ന് ഒരു വിഷദ്രാവകം കൊടുത്തു് കൊല്ലുക ആയിരുന്നു ആതൻസിലെ അക്കാലത്തെ വധ ശിക്ഷ. അന്ന് ആതൻസിൽ ഉത്സവകാലമായിരുന്നതുകൊണ്ടു് മൂന്ന് ആഴ്ച വധശിക്ഷ

മാററിവച്ചു. ആ കാലം എല്ലാം സോക്രതീസ് അക്ഷോഭ്യനായി തടവിൽ കഴിച്ചു. ഏതെങ്കിലും പ്രകാരത്തിൽ സോക്രതീസിനെ തടവിൽ നിന്നു രക്ഷപ്പെടുത്തി കൊണ്ടു പോകാൻ അദ്ദേഹത്തിൻെറ ശിഷ്യന്മാരും മിത്രങ്ങളും തയാറായി. പക്ഷേ അതിനൊന്നും സോക്രതീസ് വഴിപ്പെട്ടില്ല. ഒടുവിൽ വധ ദിവസം വന്നു ചേൻറു. സ്നേഹിതർ എല്ലാം തടവുമുറിയിൽ അദ്ദേഹത്തെ ചെന്നു കണ്ടു. അദ്ദേഹത്തെ ബന്ധിച്ചിരുന്ന ഇരുമ്പു ചങ്ങല അന്ന് അഴിച്ചു മാററിയിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ ആയ സാന്തിപ്പേയും കൊച്ചുമകനും അവസാനം ഒരു നോക്കു കാണുവാൻ എത്തിയിരുന്നു. വിങ്ങി വിങ്ങി കരഞ്ഞിരുന്ന സാന്തിപ്പേയെ അവിടെനിന്നു വീട്ടിലേക്കു കൊണ്ടു പോകാൻ അദ്ദേഹം ഏപ്പാടുചെയ്തു. ആ മഹാനായ ജയിൽപ്പുള്ളി കിടക്കയിൽ എണീററ് ഇരുന്നു. ഇരുമ്പു തളയുടെ പാടുവീണ കാലുകളെ തടവിക്കൊണ്ടു ശാന്തമായി സംസാരിച്ചു തുടങ്ങി. സുഖവും ദുഃഖവും തമ്മിലുള്ള ബന്ധത്തെപ്പററി, ജീവിതത്തെപ്പററി, മരണത്തെപ്പററി ശരീരം നശിച്ചാലും നശിക്കാത്ത ആത്മാവിനെപ്പററി. ഗംഭീരമായ സംഭാഷണവിഷയം. വൈകുന്നേരം കുളി കഴിഞ്ഞു് സന്ധ്യാനമയം മരണത്തിനു തയാറായി. വധത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഹാജരായി. തൻെറ കൃത്യത്തിനു വേണ്ടി സോക്രതീസിനോടു അയാൾ മാപ്പു ചോദിച്ചു. ആ സാധു ഉദ്യോഗസ്ഥൻ തിരിഞ്ഞു നിന്നു കരഞ്ഞുപോയി. സോക്രതീസ് പുഞ്ചിരി തൂകിക്കൊണ്ടു് വിഷപാത്രമെടുത്തു, കുറേ വിഷം ദേവാപ്പണ

മായി നിലത്തു് ഒഴിച്ചു. ബാക്കി എല്ലാം കുടിച്ചു തീർത്തു. ചുറ്റും നിന്ന മിത്രങ്ങൾ വാവിട്ടു കരഞ്ഞു. അവരെ സോക്രതീസു ശാസിച്ചു. ശാന്തമായി സർവ്വവും സഹിക്കണമെന്നു് ഉപദേശിച്ചു.

അങ്ങനെ ലോകത്തിലെ ചിന്തകന്മാരിൽ അത്യുത്തമനായ ഒരു മഹാത്മാവു മരണമടഞ്ഞു. ഒരു വാക്കു പോലും സോക്രതീസു് എഴുതിയിട്ടില്ല. ബുദ്ധിമാന്മാരായ അനേകം ശിഷ്യന്മാരെ അദ്ദേഹത്തിനു ലഭിച്ചു. പ്ളാതോ, സെനോഫോൺ മുതലായ മഹാന്മാരായ ശിഷ്യന്മാർ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നാണു് സോക്രതീസിന്റെ ആദർശങ്ങളും ഉപദേശങ്ങളും നാം അറിയുന്നതു്. ഉപദേശിച്ച ആദർശങ്ങൾ അനുസരിച്ചു് അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ ചിന്തകളും സിദ്ധാന്തങ്ങളും മനുഷ്യ ചരിത്രത്തിൽ ഒരു പുതിയ യുഗത്തെ സൂചിപ്പിക്കുന്നു. സത്യവും സൗന്ദര്യവും നന്മയും കൊണ്ടു് ജീവിതത്തെ ഉയർത്താൻ, സത്യത്തിലേക്കും സൗന്ദര്യത്തിലേക്കും നന്മയിലേക്കും മനുഷ്യനെ ഉയർത്താൻ, ആ മഹാ ഗുരുവിന്റെ ജീവിതം വഴി തെളിച്ചു.

ശുഭം.

MUNAVVIRUL ISLAM HIGH SCHOOL
Date.................
ERNAKULAM.
1296.

1296.

MUNAVVIRUL ISLAM HIGH SCHOOL
1296
Date 28-6-50
1296
ERNAKULAM.

ശ്രീ ചിത്രാ

# മലയാള പാഠാവലി

## ഒന്നാം പുസ്തകം

(ഒന്നാം ഫാറത്തിലേക്കു്)

ഗവണ്മെൻറിൽ നിന്നു നിയമിച്ച കമ്മിററി
തയാറാക്കിയതു്.

പകർപ്പവകാശം ഗവണ്മെൻറിനു്.

കേരളാ പ്രസ്സ്,
തിരുവനന്തപുരം.

൧൧൨൨.